ചെറുകാവ് ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്



സമഗ്രവികസനരേഖ

sume
d GIC
ned at
ion of

olicies


is a prime agency to facilitate foreign direct investment.

The common minimum programme also pledges to bring down the fiscal deficit to below four per cent of the gross domestic product

tion, a commitment to maintain industrial growth at 12 per cent per annum, strive for a GDP growth rate of over seven per cent a year and articulate the priorities and programmes for the Ninth Plan within the next six months.



CHERUKAVU PANCHAYATH






ചെറുകാവ് ഗ്രാമപഞ്ചായത്ത്

വികസനസെമിനാർ

1996 നവമ്പർ 30

സമഗ്രവികസനരേഖ



ഇന്ത്യയുടെ പൂർണ്ണത നമ്മുടെ ഗ്രാമങ്ങളാണ്. ഗ്രാമങ്ങളുടെ വികസനമാണ് ഇന്ത്യയുടെ വികസനം ഗ്രാമസ്വരാജ്യം സ്വാശ്രയഗ്രാമങ്ങളും. ഇതാണ് നമ്മുടെ മുഖ്യലക്ഷ്യം. ജനകീയാസൂത്രണത്തിലൂടെ നമ്മുടെ ഗ്രാമങ്ങൾ പുരോഗതിയിലേക്ക് .....

ഗാന്ധിജി

ഓരോ ഗ്രാമവും പൂർണ്ണാധികാരമുള്ള ഒരു റിപ്പബ്ലിക് അഥവാ പഞ്ചായത്ത് ആയിരിക്കും. ആകയാൽ ഓരോ ഗ്രാമവും സ്വയംവർദ്ധകവും സ്വന്തംകാര്യം നോക്കാൻ പ്രാപ്തിയുള്ളതും ആയിരിക്കണം.

ഗാന്ധിജി

പത്രാധിപസമിതി

സി.പി.കെ. മാസ്റ്റർ

കെ. മൊയ്തീൻകുട്ടി

മുഹമ്മദലി പത്തായക്കണ്ടി

ചെറിയക്കൻ ടി.എൻ.

അബ്ദുൾഗഫൂർ മൗലവി പി.പി.

ഹംസക്കോയ കെ.

ഉണ്ണി കെ.പി.

വിനയകുമാർ

വേലായുധൻ പന്തീരങ്കാവ്

രമണിടീച്ചർ പി.


കുഞ്ഞാലൻകുട്ടി പി.വി.

നാരായണൻ നമ്പീശൻ


MALAPPURAM DISTRICT_




പഞ്ചായത്ത് സമിതി



സി.പി.കെ. മാസ്റ്റർ
പ്രസിഡണ്ട്



പൂവ്വനൂർ അബ്ബാസ്
വൈ.പ്രസിണ്ട്



കൊല്ലോളിമൊയ്തീൻകുട്ടി
സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ


പഞ്ചായത്ത് സമിതി



പി.പി. അബ്ദുൾഗഫൂർ
മൗലവി



ജമീല ചേലാട്ട്



പി.കെ. മൂസ




ചാലാരി ചന്ദ്രിക




പാലാശ്ശേരി രമണിടീച്ചർ



പാറോളിൽ പ്രേമ




എൻ. അച്ചു



നസീം പുളിക്കൽ

മുൻപഞ്ചായത്ത് പ്രസിഡണ്ടുമാർ



ടി.കെ. ബാലകൃഷ്ണൻ നായർ

പി.പി. അബ്ദുൾഗഫൂർ മൗലവി



പി. ഹുസൈൻ ഹാജി

പി.കെ. മൂസ

പഞ്ചായത്തിന്റെ പേര്	–	**ചെറുകാവ്**
അതിരുകൾ		
പടിഞ്ഞാറ്	–	രാമനാട്ടുകര പഞ്ചായത്ത്
കിഴക്ക്	–	പുളിക്കൽ പഞ്ചായത്ത്
തെക്ക്	–	പള്ളിക്കൽ പഞ്ചായത്ത്-ചേലാമ്പ്ര
വടക്ക്	–	വാഴയൂർ, പുളിക്കൽ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	–	ചെറുകാവ്, വാഴയൂർ, പള്ളിക്കൽ
താലൂക്ക്	–	ഏറനാട്
ബ്ലോക്ക് പഞ്ചായത്ത്	–	കൊണ്ടോട്ടി
ജില്ലാ പഞ്ചായത്ത്	–	മലപ്പുറം
അസംബ്ലി മണ്ഡലം	–	കൊണ്ടോട്ടി
പാർലമെൻറ് മണ്ഡലം	–	മഞ്ചേരി
വിസ്തീർണ്ണം	–	16.87sq.kms
വാർഡുകൾ	–	പതിനൊന്ന്
ജനസംഖ്യ		
പുരുഷൻ	–	12670
സ്ത്രീ	–	12652
ആകെ	–	25322
ജനസാന്ദ്രത	–	1501
അക്ഷരജ്ഞാനികൾ	–	19204
പ്രസിഡണ്ട്	–	ശ്രീ. സി.പി.കെ. മാസ്റ്റർ
വൈ. പ്രസിഡണ്ട്	–	അബ്ബാസ് പൂവന്നൂര്
സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ	–	കെ. മൊയ്തീൻകുട്ടി

നവയുഗശംഖധ്വനി



63മ്പതാം പഞ്ചവൽസരപദ്ധതി
ജനകീയാസൂത്രണപരിപാടി.
പുതിയ വികസന രാഷ്ട്രീയനാളം
കതിരണിയിയ്ക്കും! കേളീ വിലാസം!
ഇതുവരെ നൽകിടാത്തധികാരം
ജനഹസ്തങ്ങളിലേകി സർക്കാർ
കേരളത്തിന്റെ ഭൂപടം നീർത്തി.
കേരളീയർ തൻ ചിത്രം വരക്കാൻ!
ഗ്രാമശാലിനീ! മുൻ കണ്ടസ്വപ്നം!
ഗ്രാമസഭകളിൽ സാക്ഷാൽക്കരിക്കാൻ
ജനകീയാസൂത്രണ പരിപാടി
കനിവിൽ ശ്രീകോവിൽ നടതുറക്കുന്നു!
പഞ്ചവൽസരപാഞ്ചജന്യത്തിൽ
ആരവാമൃത സഞ്ജീവനിയിൽ
കാടുകാടായൊരാശയം നീങ്ങി-
നാടുണരുന്നു! വീടുണരുന്നു!

സത്യകൃത്യ യഥാർത്ഥമാവേലി!
മിഥ്യയല്ലെന്ന വേദിയൊരുക്കി
തമ്പുരാന്റെ വരവിന്നിരമ്പൽ!
ഇമ്പമാർന്ന സ്വരചലനമായു്.
നവയുഗത്തിന്റെ നാന്ദികുറിച്ചു!
ത്രിരയടിച്ചു പരിശുദ്ധഭാവം.
രാഷ്ട്രശില്പികൾ ഭാവനകണ്ട
''ഗ്രാമരാജ് സാക്ഷാൽക്കരിച്ചീടാൻ
പടികളെത്ര ചവിട്ടിക്കയറി
നടവഴികളിൽ താളം ചവിട്ടി!
ഭരണഘടനയിൽ മാറ്റം വരുത്തി.
മാറ്റുരച്ചു നിറപ്പകിട്ടേകി.
പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ
ത്രിതലരൂപം കൊടുത്തു ബൃഹത്തായ്
പദ്ധതി മഹത്താക്കിച്ചമക്കും-
ശ്രദ്ധയിൽ ''ചെറുകാവുണ്ട്'' മുന്നിൽ
പുണ്യസായൂജ്യ ഗംഗയൊഴുക്കാൻ
കർമ്മ സാരഥീ! ഭാഗീരഥരായ്.
ശ്രേഷ്ഠ! യജ്ഞപങ്കാളികളാകൂ!
ക്ഷേമരാഷ്ട്രം പടുത്തുയർത്തീടാൻ.

സി.പി.കെ. മാസ്റ്റർ

വിഷയവിവരങ്ങൾ

A ആമുഖം 13

പൊതുവിവരണം 10

സാമൂഹ്യ സാംസ്കാരിക ചരിത്രം 15

ഭൂപ്രകൃതി വിഭവങ്ങൾ 19

B വികസന മേഖലകൾ

1. പ്രാഥമികം

കൃഷിയും ജലസേചനവും 22

മൃഗസംരക്ഷണം 34

2. ദ്വിതീയം

വ്യവസായം 39

ഊർജ്ജം 43

ഗതാഗതം 65

മാർക്കറ്റ് 67

പാർപ്പിടം 69

3. തൃതീയം

ആരോഗ്യം 74

കുടിവെള്ളം 79

വിദ്യാഭ്യാസം 82

സംസ്കാരം 95

പട്ടികജാതിക്ഷേമം 105

വനിതാക്ഷേമം 110

സാമൂഹ്യക്ഷേമം 113

സഹകരണം 121

വിഭവസമാഹരണം 129

C ഉപസംഹാരം 139

ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ഏറെക്കാലത്തെ സ്വപ്നമായിരുന്നു 'ഗ്രാമസ്വരാജ്' അഥവാ അധികാരം ജനങ്ങൾക്ക് എന്നത്. സ്വാതന്ത്ര്യാനന്തരം എട്ട് പദ്ധതികൾ പൂർത്തീകരിച്ചു 5 ദശകങ്ങൾ പിന്നിട്ടുവെങ്കിലും ഗാന്ധിയൻ സ്വപ്നം പൂവണിയാതെ നില്ക്കുകയായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ 73,74 വകുപ്പ് ഭേദഗതികളോടെ ഈ സ്വപ്നം യാഥാർത്ഥ്യമാവാൻ പശ്ചാത്തലം ഒരുങ്ങിയിരിക്കുകയാണ്. വികസിത രാജ്യങ്ങളെ അതിശയിപ്പിക്കുന്ന നേട്ടങ്ങൾ കൈവരിച്ച കേരളം പുതിയൊരു മോഡൽ ആവിഷ്കരിക്കുകയാണ്. ചരിത്രത്തിൽ സ്ഥാനം പിടിക്കുക എന്നതിലുപരി നിലവിലുള്ള ചരിത്രത്തിനു മാറ്റം കുറിക്കലുമാണ്. മുകളിൽനിന്നും താഴോട്ടുള്ള മാമൂൽ പദ്ധതിക്കു പകരം താഴെ തട്ടിൽനിന്നും മുകളിലോട്ട് ആസൂത്രണം ഗതിമാറുന്ന അവസ്ഥ സംജാതമാവുകയാണ്. സ്ഥായിയായ വികസനങ്ങൾ ലക്ഷ്യമാക്കിയുള്ള സമഗ്രവും ജനപങ്കാളിത്തപരവും വികേന്ദ്രീകൃതവുമായ ആസൂത്രണം.

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ വികസനപ്രതിസന്ധി നാം തിരിച്ചറിഞ്ഞിരിക്കുന്നു ഉദാരവൽക്കരണവും ആഗോള വൽക്കരണവും വ്യാവസായിക മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. പശ്ചാത്തല സൗകര്യങ്ങളും പ്രത്യേകിച്ച് വൈദ്യുതിയുടെ അപര്യാപ്തതയും കേരളത്തിലെ വ്യവസായങ്ങളെ പ്രതിസന്ധിയിലേക്കെത്തിച്ചിരിക്കുകയാണ്.

വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സേവന തുറകളിൽ അസൂയാർഹമായ നേട്ടം കൈവരിച്ചവരായിരുന്നു നമ്മൾ. പ്രാഥമിക-ദ്വിതീയ മേഖലകളിലെ സ്തംഭനം ഈ മേഖലയിലെ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്താൻ കഴിയാത്ത ഒരു പ്രതിസന്ധിയിലേക്കാണ് എത്തിച്ചുകൊണ്ടിരിക്കുന്നത്.

ഗ്രാമീണ മേഖലയുടെ ആശയും പ്രതീക്ഷയുമെല്ലാമായിരുന്ന കാർഷികമേഖല, ഒരിക്കലും കരകയറാത്തത്രയും വലിയ വികസന പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നു. വിവിധ തുറകളിൽ വന്നുപെട്ട രോഗലക്ഷണങ്ങൾ സശ്രദ്ധം മനസ്സിലാക്കി ഉല്പാദനപ്രക്രിയയിൽ ബോധപൂർവ്വമായ ഇടപെടൽ നടത്തിയാലേ ഇന്നത്തെ പ്രതിസന്ധിയെ നേരിടാനാകൂ. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി. വികസനപ്രവർത്തനങ്ങളുടെ കാഴ്ചക്കാരായി നിൽക്കുക മാത്രമാണ് സാധാരണക്കാർക്ക് ചെയ്യാനുണ്ടായിരുന്നത്. ഈ അവസ്ഥ മാറ്റി തങ്ങൾക്കു വേണ്ട വികസനകാര്യങ്ങൾ നിർദ്ദേശിക്കാനും അതിന്റെ നടത്തിപ്പിൽ പങ്കാളികളാകാനും ജനങ്ങൾക്ക് അവസരം നൽകുകയാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന തീരുമാനം.

ജനാധിപത്യ ഭരണക്രമത്തിന്റെ അടിത്തറയാണ് ഗ്രാമപഞ്ചായത്തുകൾ. അവയുടെ ആണിക്കല്ലായ ഗ്രാമസഭകൾ അവയുടെ അധികാരവ്യാപ്തിയും ശക്തിയും തിരിച്ചറിഞ്ഞാൽ ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ ആകെ മാറുമെന്നതിൽ സംശയത്തിന്നവകാശമില്ല.

ഈ ഒരു മാറ്റത്തിന്ന് തുടക്കം കുറിക്കുന്നതിന്നു വേണ്ടിയാണ് 1996 സപ്തംബർ 14,15,16 തിയ്യതികളിൽ അരീക്കോട്ടുവെച്ചുള്ള ഒന്നാംഘട്ട പരിശീലനത്തിൽ ഒമ്പത് പേർ പങ്കെടുത്തിരുന്നത്. സപ്തംബർ 19-ൽ വെണ്ണായൂർ സ്കൂളിൽ വെച്ച് 11 വാർഡുകളിൽ നിന്നായി 75-ഓളം പ്രാദേശിക പരിശീലകർക്ക് ഏകദിന ശില്പശാല സംഘടിപ്പിച്ചു. സെപ്തംബർ 27മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ 11 വാർഡുകളിലും മോശമല്ലാത്ത ജനപങ്കാളിത്തത്തോടെ വിശേഷാൽ ഗ്രാമസഭകൾ ചേരുകയും അതത് പ്രദേശത്ത് നിലനിൽക്കുന്ന വികസന പ്രതിസന്ധി സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചകൾ സംഘടിപ്പിച്ച ധാരാളം പ്രശ്നങ്ങളും നിർദ്ദേശങ്ങളും സാധ്യതകളും ഉയർന്നുവന്നു.

ഗ്രാമസഭ - വിശദവിവരം

ക്രമനമ്പർ	വാർഡ്	പുരുഷൻ	സ്ത്രീ	SC, ST	ആകെ
1	I	055	007	014	076
2	II	065	040	025	130
3	III	080	040	025	145
4	IV	090	065	035	190
5	V	105	044	048	197
6	VI	105	050	030	185
7	VII	070	090	046	206
8	VIII	130	040	034	204
9	IX	175	090	060	325
10	X	085	040	030	155
11	XI	125	040	050	215
ആകെ		1085	546	397	2028

ഒക്ടോബർ 16,17,18 തിയ്യതികളിലെ രണ്ടാംഘട്ട പരിശീലനത്തെ തുടർന്നു 23-ന് ദ്വിതീയ വിവര ശേഖരണ സെമിനാർ നടന്നു. പഠന പര്യടനം വാർഡുതോറുമുള്ള ട്രാൻസെക്ട്വാക്ക്- ഉദ്യോഗസ്ഥതല മീറ്റിങ്ങ്, പ്രായമുള്ളവരുടെ നാട്ടറിവ്, കേട്ടറിവ്, മുഖാമുഖം-മേൽ പരിപാടികളിലൂടെയുള്ള വിവരശേഖരണങ്ങൾ തുടർന്നു നടന്നു. അങ്ങിനെ ഗ്രാമസഭകളുടെയും, പഠനസംഘങ്ങളുടെയും ഒരുൽപന്നമാണ് ഈ റിപ്പോർട്ട്. ഈ റിപ്പോർട്ടു ആസ്പദമാക്കി നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി രൂപംകൊള്ളുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ചരിത്രപശ്ചാത്തലം

1964-ൽ ആണ് ചെറുകാവ് പഞ്ചായത്ത് രൂപീകൃതമായത് (തിരഞ്ഞെടുപ്പ് തിയ്യതി ഡിസംബർ രണ്ടാംവാരം) - 1964 ജനുവരി 1-ന് ഭരണമേറ്റു. ഏറനാട് താലൂക്കിൽപെട്ട ചെറുകാവ്, വാഴയൂർ, അഴിഞ്ഞിലം എന്നീ അംശങ്ങൾ ഉൾപ്പെട്ടതായിരുന്നു അവിഭക്ത ചെറുകാവ് പഞ്ചായത്ത്. 1977 ഡിസംബർ 5-ന് പഞ്ചായത്ത് വിഭജിച്ച് ചെറുകാവ്, വാഴയൂർ എന്നീ രണ്ട് പഞ്ചായത്തുകളായി രൂപം കൊണ്ടു.

ചെറുകാവ് അംശം, വാഴയൂർ അംശത്തിലെ പെരിങ്ങാവ്ദേശം പുതുക്കോട് ദേശത്തിലെ കുറച്ചുഭാഗവും ചേർന്നതാണ് ചെറുകാവ് പഞ്ചായത്ത്. ബ്രിട്ടീഷ് കാലത്ത് മലബാർ ഡിസ്ട്രിക്ടിൽപെട്ടതായിരുന്നു പ്രസ്തുതസ്ഥലങ്ങൾ.

ആദിദ്രാവിഡ വർഗ്ഗത്തിൽപെട്ടവരാണ് ഈ പ്രദേശങ്ങളിലെ ആദിമനിവാസികൾ എന്ന് പറയപ്പെടുന്നു. ചെറിയചെറിയ നാട്ടുരാജാക്കന്മാരുടെ ഭരണത്തിൽ കീഴിലായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു. രാജകീയ പ്രഭാവത്തിന്റെ നശിച്ച ഐശ്വര്യങ്ങളെ കുറിച്ച് ഉച്ചൈസ്ഥരം ഉത്ഘോഷിക്കുന്ന തെളിവുകളാണ് പറവൂരിന്റെ വടക്കുഭാഗത്തുള്ള വടക്കൻമലയിലെ ഭഗവതികോട്ട, നീലാണ്ടൻപാറ, തൊട്ടടുത്ത പുളിക്കൽ പഞ്ചായത്തിലെ പൂവ്വത്തിക്കോട്ട തുടങ്ങിയവ.

സസ്യലതാ നിർഭുജ വന്യജീവികളാൽ അനുഗ്രഹീതമായിരുന്നു ഈ പ്രദേശം. ഏകദേശം ഒരു നൂറ്റാണ്ടിനു മുമ്പുവരെ വീടുകളിൽ വളർത്തിയിരുന്ന കന്നുകാലികളെ നരിപിടിച്ചു കൊണ്ടുപോയ കഥകൾ പഴമക്കാരിൽ നിന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ചേവായൂരിലെ മുന്നിയൂർകുന്ന്, പെരിങ്ങാവിലെ കരുന്നായിമല, ഐക്കരപ്പടിക്കടുത്ത കല്ലറക്കുന്ന് എന്നിവിടങ്ങളിൽ ഇന്നും കാണാവുന്ന നരിമടകൾ ഈ പ്രസ്താവനയെ ശരിവെക്കുന്നതാണ്.

സർപ്പകാവുകളും, ഭഗവതി കാവുകളും ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. ജൈവ വൈവിധ്യം കാത്ത് സൂക്ഷിച്ചിരുന്ന കാവുകൾ നിറഞ്ഞ ഈ പ്രദേശത്തെ ചെറുകാവ് എന്ന പേരിൽ അറിയപ്പെടാൻ ഇടയായി എന്ന് ന്യായമായും അനുമാനിക്കാവുന്നതാണ്.

അരോഗദൃഢഗാത്രരും അയോധനകലയിൽ അതീവ പ്രാവീണ്യം നേടിയവരുമായിരുന്നു ഈ പ്രദേശത്തെ പൂർവ്വികന്മാർ എന്നതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ് ചിലേടങ്ങളിലെല്ലാം കാണുന്ന കളരികളുടെ അവശിഷ്ടങ്ങൾ - മാങ്കളാരികുന്ന് (മകൻ+കളരി+കുന്ന്) കളരിക്കണ്ടി, കളരിപറമ്പ് എന്നിങ്ങനെയുള്ള സ്ഥലനാമങ്ങൾ മേൽപ്രസ്താവനയെ ബലപ്പെടുത്തുന്നു. നാലാം വാർഡിൽപെട്ട വെണ്ണായൂരിൽ ഒരു കളരിയും അതിനോടനുബന്ധിച്ച് ഒരു ക്ഷേത്രവും ഇന്നും നില നിൽക്കുന്നുണ്ട്.

നാട്ടുരാജാക്കന്മാർക്കു ശേഷം ഈ പ്രദേശത്തിന്റെ ഭരണാധികാരി തിനയഞ്ചേരി ഇളയത് ആയിരുന്നു എന്ന് പറയപ്പെടുന്നു. തിനയഞ്ചേരി ഇളയതിന്റെ കോവിലകം നില നിന്നിരുന്ന സ്ഥലം തിനയഞ്ചേരി കോവിലകം പറമ്പ് എന്ന പേരിൽ തന്നെ 1905-ലെ സെറ്റിൽമെൻറ് സർവ്വെ റജിസ്റ്ററിൽ സർവ്വെനമ്പർ 3 സബ്ഡിവിഷൻ 2, 3 എന്ന് രേഖപ്പെടുത്തിയതായി കാണാം.

സാമൂതിരി രാജാവിന്റെ ഒരു സാമന്തനായിരുന്ന തിനയഞ്ചേരി ഇളയതിന്റെ അധികാര അവകാശങ്ങൾ കാലക്രമേണ സാമൂതിരി രാജാവിൽ ലയിക്കുകയാണുണ്ടായത്.

ഭരണസൗകര്യത്തിനുവേണ്ടി സാമൂതിരി രാജാവ് തന്റെ അധീനതയിലുള്ള ഭൂപ്രദേശത്തെ പല ചേരിക്കല്ലുകളായി വിഭജിച്ചിരുന്നു. അതിൽ കരിപ്പൂര് ചേരിക്കല്ലിൽ ഉൾപ്പെട്ടിരുന്ന പ്രദേശമാണ് ഇന്നത്തെ ചെറുകാവ് പഞ്ചായത്ത്. കാര്യസ്ഥന്മാർ മുഖേന പാട്ടം, മിച്ചവാരം, തുടങ്ങിയവ പിരിച്ചെടുക്കുന്നതിന്ന് പല പ്രാദേശിക കേന്ദ്രങ്ങളും (കളങ്ങൾ) അന്ന് സ്ഥാപിച്ചിരുന്നു. ചേവായൂർകളം (ചേരക്കളം) വെണ്ണായൂർകളം, മുട്ടയൂർകളം എന്നിവ ഇവയിൽ ചിലതാണ്. പ്രജാക്ഷേമത്തിന്റെ ഭാഗമെന്നോണം അന്ന് സ്ഥാപിച്ചിരുന്ന തണ്ണീർ പന്തലുകൾ ഐക്കരപ്പടി, പുളിക്കൽ പഞ്ചായത്തിലെ കൊട്ടപ്പുറം എന്നിവിടങ്ങളിൽ ഈ അടുത്ത കാലം വരെ പ്രവർത്തിച്ചിരുന്നു.

സാമൂതിരി രാജാവിന്റെ ഭാരണകാലത്താണ് ടിപ്പുസുൽത്താന്റെ പടയോട്ടം ഉണ്ടായത്.

സുൽത്താന്റെ പടയോട്ടം പാലക്കാട്ട്വരെ എത്തിയുള്ളൂ. ഫാറൂക്കാബാദിലും (ഫറോക്ക്) പാലക്കാടും സുൽത്താൻ കോട്ടകൾ സ്ഥാപിച്ചിരുന്നു. അന്ന് ടിപ്പുസുൽത്താൻ പടയോട്ടം നടത്തിയ ഊടുവഴിയാണ് നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോവുന്ന പാലക്കാട്ട് കോഴിക്കോട്ട് ലിങ്ക് റോഡ്. പെരിങ്ങാവിലെ കരിയാത്താൻകുന്ന് മുതൽ വാഴയൂരിലെ തമ്പുരാട്ടികുന്ന് വരെയുള്ള റോഡിന്റെ അടയാളം സുൽത്താന്റെ പടയോട്ടത്തിന് നമ്മുടെ പഞ്ചായത്ത് സാക്ഷ്യം വഹിക്കുന്ന മറ്റൊരു തെളിവാണ്. ടിപ്പുസുൽത്താൻ പടയോട്ടം നടത്താൻ ഉപയോഗിച്ച ഊടുവഴി ബ്രിട്ടീഷ് പട്ടാളം അവരുടെ സൗകര്യത്തിന്നുവേണ്ടി മെറ്റൽ ചെയ്തു ഗതാഗതയോഗ്യമാക്കി.

ടിപ്പുവിന്റെ മലബാർ ആക്രമണത്തിനു ശേഷം അധികം താമസിയാതെ ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ സുസ്ഥിരമായി. പ്രാദേശിക ഭരണം റവന്യൂ ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമായി. ഓരോ വില്ലേജിന്റെയും ഭരണാധികാരി അധികാരി എന്ന ഔദ്യോഗിക നാമത്തിലാണ് അറിയപ്പെട്ടിരുന്നത്. അധികാരി ഗ്രാമമുൻസിഫ് കൂടിയായിരുന്നു. ചെറുകാവ് അംഗത്തിൽ പ്രഗത്ഭന്മാരായ പല അധികാരിമാരും ഔദ്യോഗികപദവി അലങ്കരിച്ചിട്ടുണ്ട്. അതിൽ എടുത്തുപറയത്തക്കവരാണ് രാരപ്പുണ്ണി അധികാരി, ചെറുകാട്ട് അച്യുതകുറുപ്പ്, ചെറുകാട്ട് ഗോപാലകുറുപ്പ്. റവന്യൂ ഉദ്യോഗസ്ഥന്മാരിൽ നിന്ന് പ്രാദേശിക ഭരണാധികാരം ജനകീയ സമിതികളിൽ എത്തിനിൽക്കുന്ന ഇന്ന് വരെയുള്ള മാറ്റം താരതമ്യേന ധൃതഗതിയിലായിരുന്നു.

മലബാർ പ്രദേശത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയ സംഭവമാണ് 1921-ലെ മലബാർകലാപം. മലബാർ സമരചരിത്രത്തിൽ ചെറുകാവിന്റെ പങ്ക് പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഒരു യാഥാർത്ഥ്യം വർഗ്ഗീയസംഘട്ടനത്തിന്റെ പേരിൽ ഒരൊറ്റ ആളും മരണമടഞ്ഞിട്ടില്ല എന്നതാണ്. ബ്രിട്ടീഷ് പട്ടാളത്തിന്റെ നടപടിമൂലം നിരവധിപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇങ്ങിനെ ജീവഹാനി സംഭവിച്ചവരെ കൂട്ടത്തോടെ സംസ്കരിച്ച സ്ഥലങ്ങളാണ് പറവൂരിലെ കോട്ടാന്തരത്തും, പുത്തൂപ്പാടം, പെരിഞ്ചീരി നമസ്കാരപള്ളിക്കുസമീപമുള്ള പള്ളിയാളിപറമ്പും. ബ്രിട്ടീഷ് പട്ടാളക്കാരുടെ വെടിയുണ്ടകളിൽനിന്ന് കുറച്ചു നാട്ടുകാരെയെങ്കിലും രക്ഷിക്കാൻ കഴിഞ്ഞ ജനാബ് പാറമ്മൽ സൈതു എന്ന കോൽക്കാരനെ ഈ അവസരത്തിൽ സ്മരിക്കാതിരിക്കുന്നത് അക്ഷന്തവ്യമായ അപരാധമായിരിക്കും.

ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും അനൽപമായ പങ്കെങ്കിലും വഹിക്കാൻ കഴിഞ്ഞ ഈ കൊച്ചുകാവിൽ ജീവിക്കുന്ന ചില ഓർമ്മകൾ സൂചിപ്പിക്കട്ടെ. രാഷ്ട്രപിതാവ് ദൈവത്തിന്റെ മക്കൾ എന്ന് വിളിച്ച് ആദരിച്ച ഏതാണ്ട് ഇരുപതോളം കുടുംബങ്ങൾ വെള്ളപട്ടാളത്തിന്റെ താണ്ഡവത്തിൽ ഞെരിഞ്ഞമർന്ന് ചെറുകാവിന്റെ മണൽ തരികളെ ചെഞ്ചായം പൂശി. ബ്രിട്ടീഷുകാരന്റെ വെടിയുണ്ടക്കു മുന്നിൽ വിരിമാറു കാണിച്ച് പിടഞ്ഞുവീണ് വീരമൃത്യു വരിച്ച് ഒരേ കുഴിയിൽ കുറെയധികം ധീര ദേശാഭിമാനികൾ അന്ത്യവിശ്രമം കൊള്ളുന്ന കുറഞ്ഞ ശവകുടീരങ്ങളെങ്കിലും ഈ മണ്ണിനെ ധന്യമാക്കുന്നുണ്ട്. പിറന്നമണ്ണിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഒട്ടും മോശമല്ലാത്ത കാലഘട്ടം ജയിൽവാസവും വെള്ളക്കാരന്റെ താഡനപീഡനങ്ങളുമേറ്റ ബഹുവന്ദ്യരും പരേതരുമായ ശ്രീ. ഇ.കെ. കുമാരൻകുട്ടിനായർ, ഗോപിനായർ, ചെറാതൊടി അവറാൻകിട്ടി ഇവരെല്ലാം ഈ പഞ്ചായത്തിന്റെ അരുമകളായിരുന്നു. ഇവരുടെ സ്മരണക്കുമുമ്പിൽ നമുക്ക് പ്രണാമങ്ങളർപ്പിക്കാം. താമ്രപത്രം സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ച ശ്രീ. ഇ.കെ. കുമാരൻകുട്ടിനായരും ശ്രീമതി ചെറാതൊടി പാത്തുമ (ചെറാതൊടി അവറാൻകുട്ടി എന്നവരുടെ ഭാര്യ) ഇരുവരും ദേശീയതയുടെ അഭിമാന സന്തതികളാണ്. ഭൂദാനപ്രസ്ഥാനത്തിൽ വളരെ നീണ്ടകാലം സേവനം ചെയ്ത് ഈ പഞ്ചായത്തിൽ ഒരു ഗ്രാമത്തെ ദത്തെടുക്കുന്നതിന് മുന്നിൽ നിന്ന് പ്രവർത്തിച്ച പ്രിയപ്പെട്ട രാധേട്ടന്റെ സ്വാതന്ത്ര്യസമരത്തിലെ പങ്കും ശ്ലാഘനീയമാണ്. സ്വാതന്ത്രസമരത്തിന്റെയും ദേശീയതയുടെയും മുന്നണിപ്പോരാളികളായിരുന്ന വിനോഭാജിയുടെയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെയും പാദസ്പർശമേറ്റ കൊച്ചു കൊച്ചു കാവുകളുടെ ഈ പുണ്യഭൂമിയിൽ ജന്മം കൊണ്ടുതന്നെ നമ്മൾ ധന്യരായിരിക്കുന്നു.

ചെറുകാവ് പഞ്ചായത്തിന്റെ പ്രഥമ തിരഞ്ഞെടുപ്പ് 1963 ഡിസംബർ രണ്ടാം വാരത്തിൽ നടന്നു. വിവിധ പാർട്ടികൾ ഒറ്റക്കൊറ്റക്ക് മത്സരരംഗത്ത് വരികയും യഥാക്രമം മുസ്ലീംലീ

ഗ്-4 ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് -3 കമ്മ്യൂണിസ്റ്റ് പാർട്ടി -2 പ്രജാസോഷ്യലിസ്റ്റ് പാർട്ടി -1 എന്നിങ്ങനെ വിജയം കണ്ടെത്തുകയും ചെയ്തു.

1. പി.പി. അബ്ദുൾഗഫൂർ മൗലവി
പ്രസിഡണ്ട്
2. ടി.പി. വാസുവൈദ്യർ
വൈ. പ്രസിഡണ്ട്
3 എ.പി. കുട്ട്യാലി ഹാജി
4. നക്കോട്ടിൽ കോയസ്സൻകുട്ടി
5. പി.പി. അബ്ദുറഹീം
6. ചോലയിൽ നീലാണ്ടൻ
7. വലിയ പുറായിൽ
ബാലകൃഷ്ണപണിക്കർ
8. പുതിയ കളത്തിൽ അറമുഖൻ
9. കോണത്ത് ചെറിയ കോയതങ്ങൾ
10. അടുങ്ങംപുറത്ത് പി.വി. മൂസ്സഹാജി

1964 ജനുവരി ഒന്നിന് കൊണ്ടോട്ടി എൻ.ഇ.എസ് ബ്ലോക്ക് ഇൻസ്പെക്ടർ അവർകളുടെ സാന്നിദ്ധ്യത്തിൽ ഭരണസമിതി അധികാരമേറ്റു. ഈ ഭരണസമിതി 5.12.77വരെ തുടർന്നു. നക്കോട്ടിൽ കോയസ്സൻ കുട്ടി, എ.പി. കുട്ട്യാലിഹാജി ചെറിയകോയതങ്ങൾ എന്നിവർ ഈ കാലയളവിൽ മരണമടഞ്ഞു. പി.പി. അബ്ദുറഹീം രാജിവെച്ചു. രാജികാരണം നാലാം വാർഡിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ ചിന്നൻ നായർ തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തിൽ വിവിധോന്മുകവികസനത്തിന് നാന്ദികുറിച്ച ഈ കാലഘട്ടം വികസനത്തിന്റെ സുവർണ്ണകാലമായിരുന്നു.

1. കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റത്തിന്റെ ആരംഭമെന്നോണം കർഷകർക്ക് ജലസേചന സൗകര്യത്തിനായി കുറേയേറെ കുളങ്ങൾ ഏറ്റെടുത്തു നന്നാക്കുകയുണ്ടായി. ഉദാഹരണം പെരിയമ്പലം ഏറംപള്ളികുളം, കുണ്ടേരികുളം.

2. വ്യവസായരംഗം പുഷ്ടിപ്പെടുത്താൻ ശ്രമമാരംഭിച്ചു. ജില്ലക്കനുവദിച്ച 10 മിനിഇൻഡസ്ട്രികളിൽ ഒന്ന് ചെറുകാവിലായിരുന്നു.

3. കുടിവെള്ളക്ഷാമം പരിഹാരത്തിന് ആരംഭം കുറിച്ചു. മാങ്കാരികുന്നിൽ ടാങ്ക് സ്ഥാപിച്ചു ഐക്കരപ്പടിവരെ പൈപ്പ് വെള്ളമെത്തിച്ചു.

4. പാർപ്പിടപ്രശ്നം ഒരളവുവരെ പരിഹരിച്ചു. കാരാടിലും, മിനിഇൻഡസ്ട്രിയലിനടുത്തും 50 വീതം വീടുകൾ നിർമ്മിച്ചു.

5. പൊതുജനാരോഗ്യം - ഹോമിയോ ഡിസ്പെൻസറി തുടങ്ങി.

6. വാർത്താവിനിമയം - ബ്രാഞ്ച് പോസ്റ്റോഫീസ് സബ് പോസ്റ്റോഫീസ്സായി ഉയർത്തി.

7. സഹകരണരംഗത്ത് പഞ്ചായത്തിൽ അഴിഞ്ഞിലത്ത് സഹകരണ സൊസൈറ്റി തുടങ്ങി.

8. ഗതാഗതം - വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ഐക്കരപ്പടി ഒളവട്ടൂർ റോഡ്, ഫറോക്ക് കോളേജ് അഴിഞ്ഞിലം റോഡ്, പേങ്ങാട് ആലിങ്ങൽ റോഡ് പെരിയമ്പലം-പള്ളിക്കൽ റോഡ്, ദാനഗ്രാം-പെരിങ്ങാവ് റോഡ് എന്നിവ പൂർത്തീകരിക്കുകയും മറ്റു പല റോഡുകൾക്കും ഫുട്ട്പാത്തുകൾക്കും തുടക്കം കുറിക്കുകയും ചെയ്തു.

9. പഞ്ചായത്ത് ഓഫീസ്സിന് സ്ഥിരമായ കെട്ടിടമുണ്ടാക്കി.

10. വില്ലേജ് ഓഫീസ്സിന് ആവശ്യമായ കെട്ടിടമുണ്ടാക്കി.

11. വിദ്യാഭ്യാസം- പേങ്ങാട് ഒരു എൽ.പി. സ്കൂളും കക്കോവ് യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുകയും ചെയ്തു.

5.12.1977-ൽ ചെറുകാവ്, വാഴയൂർ എന്നീ രണ്ടു പേരുകളിലായി പഞ്ചായത്ത് വിഭജനം നടന്നു. p.p അബ്ദുൾ ഗഫൂർ മൗലവി പ്രസിഡണ്ടായും, അടുങ്ങുംപുറത്ത് p.v. മൂസ്സഹാജി, ചിന്നൻനായർ എന്നിവർ അംഗങ്ങളായും ചെറുകാവ് പഞ്ചായത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് ഭരണത്തിൽ വന്നു.

1979-ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ.ടി.കെ. ബാലകൃഷ്ണൻനായർ പ്രസിഡണ്ടായും പി.കെ. മൂസ്സ വൈ. പ്രസിഡണ്ടായും, പി.പി. അബ്ദുൾ ഗഫൂർ മൗലവി, നീരുട്ടിക്കൽ അബൂബക്കർ, കുണ്ടേരി ആലിക്കുട്ടി, കെ.പി. നയാടി, പി.സി. ശ്രീധരൻ നായർ, സരോജിനിടീച്ചർ എന്നിവർ അംഗങ്ങളായും പുതിയ ബോർഡ് ഭരണത്തിൽ വന്നു. മുൻ ബോർഡിന്റെ വികസന പ്രവർത്തനങ്ങൾ അവലംബമാക്കി വികസന പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ച ഈ ബോർഡ്-1983 നവംബർ 29-ന് പ്രസിഡണ്ടിനെതിരിൽ അവിശ്വാസ പ്രമേയം വന്നു നിശ്ചലാവസ്ഥയിലായി. 1983 ഡിസംബർ 17-ന് അവിശ്വാസം പാസ്സാവുകയും 1984 ജനുവരി 4-ന് പി.കെ. മൂസ്സ പ്രസിഡണ്ടും പി.സി. ശ്രീധരൻ

നായർ വൈ. പ്രസിഡണ്ടുമായി പുതിയ ഭരണ സമിതി അധികാരമേൽക്കുകയും ചെയ്തു.


മേൽ ബോർഡിന്റെ കാലാവധിക്കുശേഷം നടന്ന തിരഞ്ഞെടുപ്പിൽ പി.കെ. മൂസ്സ പ്രസിഡണ്ട്, ഒ. രാജീവൻ വൈസ് പ്രസിഡണ്ട്, പി. സഹീദ, കെ. ഹൈദ്രൂസ്, മുണ്ടന്നൂർ സഫിയ, കെ. രാമൻ, കെ. അപ്പുട്ടി, വി. സുബ്രഹ്മണ്യൻ, എൻ. കുട്ട്യാലി പി. ഹുസൈൻ ഹാജി എന്നിവർ അംഗങ്ങളായും ഭരണസമിതിയെ തിരഞ്ഞെടുക്കപ്പെട്ടു. മിനിസ്റ്റേഡിയം, പ്രൈമറി ഹെൽത്ത് സെൻറർ എന്നിവയും അല്പസ്വല്പം മറ്റു വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുമ്പോൾ പ്രസിഡണ്ട് പി.കെ. മൂസ്സ രാജിവെക്കുകയും പി. ഹുസൈൻ ഹാജിയെ പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും ചെയ്തു.

ഈ ഗ്രാമപഞ്ചായത്തിൽ ഔദ്യോഗികവൃത്തിയിലിരിക്കെ നമ്മോട് യാത്രപറഞ്ഞ് പരലോകം പുൽകിയ നാലുപേരെ ഇത്തരുണത്തിൽ സ്മരിക്കുന്നത് ഔചിത്യമാണെന്നിരിക്കെ-രാവുണ്ണിക്കുട്ടി-എക്സ്റ്റിക്യൂട്ടീവ് ഓഫീസർ, ശ്രീധരൻ-ബിൽ കലക്ടർ രാജമ്മ-ഹെഡ് ക്ലർക്ക്, വീരാൻകുട്ടി-ബിൽ കലക്ടർ - പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം.

രാഷ്ട്രപിതാവിന്റെ അഭിലാഷം ''ഗ്രാമസ്വരാജ്'' പൂവണിഞ്ഞു. ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികളോടെ ത്രിതലപഞ്ചായത്ത് സംവിധാനം നിലവിൽ വന്നു.

ദീർഘകാലം വിദ്യാഭ്യാസരംഗത്ത് സേവനം ചെയ്ത് കേന്ദ്രസംസ്ഥാന അവാർഡുകൾക്കർഹനായ ശ്രീ. സി.പി.കെ. മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ 1995 ഒക്ടോബർ 2-ന് പുതിയ ഭരണസമിതി അധികാരമേറ്റു. ജനാബ് പി. അബ്ബാസ് വൈസ് പ്രസിഡണ്ട്, ജനാബ് കെ. മൊയ് തീൻകുട്ടി സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ ജ: പി.പി. അബ്ദുൾഗഫൂർ മൗലവി, ജ: പി.കെ. മൂസ്സ (ഇരുവരും മുൻ പ്രസിഡൻറുമാരായിരുന്നു) എൻ. അച്ചു - ചന്ദ്രിക ചാലാരി, നസീം പുളിക്കൽ, ജമീല ചേലാട്ട്, പലാശ്ശേരി രമണി ടീച്ചർ, പാറോളി പ്രേമ എന്നിവർ അംഗങ്ങളുമായി ഈ ഭരണമസിതി ഏതാണ്ടൊരു കൊല്ലം പിന്നിട്ടു. ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരനും കർമ്മനിരതനുമായ ശ്രീമാൻ ചെറിയക്കൻ-ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നീതിയിലും നിയമത്തിലുമധിഷ്ഠിതമായ സമയാസമയങ്ങളിലുള്ള ഉപദേശവും നിർദ്ദേശവും സഹകരണവും ഭരണസമിതിക്കൊരു മുതൽകൂട്ടാണ്. ഗ്രാമപഞ്ചായത്തിന്റെ അഭ്യുന്നതിക്ക് വേണ്ടി ഭരണസമിതിയോടും സെക്രട്ടറിയോടും സഹകരിക്കുന്ന സഹജീവനക്കാരെയും ഇവിടെ സ്മരിക്കട്ടെ! മോശമല്ലാത്ത വ്യക്തിത്വങ്ങൾകൊണ്ട് അനുഗ്രഹിക്കപ്പെട്ടവരുടെയും, അനുഭവസമ്പത്തുകൾകൊണ്ട് സമ്പന്നത നേടിയവരെയുംകൊണ്ട് നിറഞ്ഞുനിൽക്കുന്ന ഈ പഞ്ചായത്ത് സമിതിയിൽ ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷകളുണ്ട്. തുടക്കമെന്നോണം 9-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിന്റെ പണിപ്പുരയിൽ ദത്തശ്രദ്ധരായിരിക്കുന്ന പഞ്ചായത്ത് സമിതി-പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ സാംസ്കാരിക വികസനരംഗങ്ങളിൽ കാതലായ മാറ്റം വരുത്താൻ പരമാവധി പരിശ്രമിക്കുമെന്ന പ്രത്യാശയോടെ! എല്ലാവിധ ജനകീയ സഹകരണങ്ങളും ഞങ്ങളുടെ പ്രവർത്തനങ്ങൾക്കുണ്ടാവുമെന്ന ശുഭപ്രതീക്ഷയോടെ!

ജയ്ഹിന്ദ്



ഭൂപ്രകൃതി ജലം ജനം



മലപ്പുറം ജില്ലയുടെ പേര് അന്വർത്ഥമാക്കുന്ന ഭൂരൂപം തന്നെയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. 16.87 ച. കി.മി. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ എവിടേയും ഉയർന്നുനില്ക്കുന്ന കുന്നിൻനിരകളും അവയ്ക്ക് ചുറ്റിലും പച്ചപിടിച്ച നെൽവയലുകളും നിറഞ്ഞുനില്ക്കുന്നത് കാണാം. വടക്കൻമല (നാടുകുന്ന്) കോട്ടക്കുന്ന്, കാഞ്ഞിരക്കുന്ന്, ചേപ്പിലിക്കുന്ന്, തെഞ്ചീരിക്കുന്ന്, കോഴിക്കാട്ക്കുന്ന്, കല്ലറകുന്ന്, മാംഗ്ളാരിക്കുന്ന്, കീരിക്കുന്ന്, ചേലക്കാട് കുന്ന്, മുന്നിയൂർ കുന്ന്, ചേനത്തല കല്ലായിത്തടം തുടങ്ങി ചെറുതും വലുതുമായ 20 ഓളം കുന്നിൻ നിരകളുണ്ട് പഞ്ചായത്തിൽ. ഇതിൽ സമുദ്രനിരപ്പിൽ നിന്നും 1000 അടിയിൽ അധികം പൊക്കമുള്ള വടക്കൻ മല വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്നു. ഉയരത്തിൽ രണ്ടാം സ്ഥാനം കാഞ്ഞിരകുന്നിനാണ്.

കൊടപ്പുറം, പെരിങ്ങാവ് ഭാഗത്തെ ജലസ്രോതസ്സുകളായ കരിനായിച്ചോല, ചെമ്പ്രച്ചോല,ചതുപ്പുനിലങ്ങൾ, ഭൂപ്രകൃതി, എന്നിവയുടെ പ്രത്യേകതകൾ വെച്ചു നോക്കുമ്പോൾ ചാലിയാറിലേക്ക് ഒരു കൈവഴി ഒഴുകിയതിന്റെ എല്ലാ ലക്ഷണങ്ങളും ഉണ്ട്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ 5 മേഖലകളായി തിരിയ്ക്കാം.

ഉയർന്ന കുന്നിൻ പ്രദേശം	(14%)
ഉയർന്ന സമതലം	(20%)
കുത്തനെയുള്ള ചരിഞ്ഞ പ്രദേശം	(15%)
ഇടത്തരം ചരിവ്	(20%)
സമതലപ്രദേശം	(30%)
ചതുപ്പുനിലം	(1%)

ഉയർന്ന കുന്നിൻ നിരകളിൽ കറുത്ത മണ്ണും, ചെമ്മണ്ണും, ചിലയിടങ്ങളിലായി ചെങ്കല്ല്, കരിങ്കല്ല് എന്നിവ ധാരാളം കാണാം- ഒരു കാലത്ത് നിബിഢവനങ്ങളായ ഇവ ഇന്ന് തീർത്തും മൊട്ടകുന്നുകളായിട്ടുണ്ട്. കുറ്റിക്കാടുകളും, കശുമാവിൻ തോട്ടങ്ങളുമാണിന്നിവിടെ.

ഉയർന്ന സമതലങ്ങളിൽ ലാറ്ററേറ്റ് അഥവാ ചെങ്കൽ മണ്ണാണ് കൂടുതൽ-ധാരാളം ചെങ്കൽ നിക്ഷേപമുള്ള ഇവിടങ്ങളിൽ കൂടുതൽ വളരുന്നത് കശുമാവാണ്. ഗുരുതരമായ മണ്ണൊലിപ്പിന് വിധേയമാകുന്ന ഇത്തരം പ്രദേശങ്ങളിൽ ഉപരിതലത്തിൽ ചെങ്കല്ല് തെളിഞ്ഞുകാണാം.

കുത്തനെയുള്ള ചരിഞ്ഞ പ്രദേശങ്ങളിൽ കുറ്റിക്കാടുകളും ചെറുവൃക്ഷങ്ങളും പുൽപടർപ്പുമാണുള്ളത്. അപൂർവ്വം ചിലയിടങ്ങളിൽ കോണ്ടൂർ ബണ്ടുകൾ നിർമ്മിച്ച് തെങ്ങ്, കശുമാവ് എന്നിവ നട്ടു പിടിപ്പിച്ചിട്ടുണ്ട്. മുഖ്യമണ്ണിനും കറുത്ത മണ്ണും ചെമ്മണ്ണും തന്നെയാണ്.

ഇടത്തരം ചരിഞ്ഞ പ്രദേശങ്ങൾ കുന്നിൻ നിരകളുടെ താഴ്വരകളാണ്. ചെമ്മണ്ണ്, ചരൽ മണ്ണ്,. എന്നിവ കാണുന്ന ഇത്തരം പ്രദേശങ്ങളിൽ തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ മിശ്രവിളകൾ കാണാം.

സമതലങ്ങൾ ഭൂരിഭാഗവും വയലും, തെങ്ങിൻ തോപ്പുകളുമാണ്, കവുങ്ങ്, വാഴ, മരച്ചീനി, ഇഞ്ചി, സുഗന്ധദ്രവ്യങ്ങൾ എന്നീ ഇടവിളകളും പച്ചക്കറികളും സമൃദ്ധമായി വിളയുന്ന ഇത്തരം പ്രദേശങ്ങളിൽ കളിമണ്ണ്, എക്കൽ നിറഞ്ഞ ചളിമണ്ണ് എന്നിവ കാണാം.

ചതുപ്പുനിലങ്ങളെന്ന് പറയാവുന്ന കൊടപ്പുറം വയൽ പെരിങ്ങാവിലെ ചില ഭാഗങ്ങൾ, വെണ്ണായൂരിലെ നൂഞ്ഞി എന്നിവയാണ്. ഇവിടെ നെൽകൃഷിയാണ് പ്രധാനവിള മണ്ണിന്റെ സ്വഭാവം

വളരെ മാറികൊണ്ടിരിക്കുന്ന ഇക്കാലത്ത് വാഴ, മരച്ചീനി എന്നിവ ഇടവിളയായി നടുന്നു.

ജലപ്രകൃതി

പഞ്ചായത്തിന്റെ ജലസേചനത്തെ നിയന്ത്രിക്കുന്ന പ്രധാനതോടുകളിൽ ഒന്ന് പുളിക്കൽ പഞ്ചായത്ത്, നെടിയിരുപ്പ് എന്നിവിടങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന പരപ്പ്തോടാണ് (പരപ്പൻതോട്) ഇത് കടലുണ്ടിപ്പുഴയുടെ ഭാഗമായ നീലിത്തോട്ടിൽ പതിക്കുന്നു. മറ്റൊന്ന് കൊടപ്പുറം കാരിപ്പുറം ഭാഗങ്ങളുമായി ബന്ധമുള്ള മുറിവായിക്കൽ എള്ളാത്ത്പടി തോടാണ്. ഇതിന്റെ പതനകേന്ദ്രം പൊന്നോമ്പാടത്ത് ചാലിയാർ പുഴയിലാണ്.

വാർഷികവർഷപാതം ശരാശരി 3013 മി.മി. മഴയാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റിന്റെ ഫലമായി ജൂൺ ജൂലായ് മാസങ്ങളിൽ 1943 മി.മീ. മറ്റുമാസങ്ങളിലായി 1070 മി.മി. മഴയും കിട്ടും. ജനുവരി ഫെബ്രുവരി മാസങ്ങളിൽ മഴ ഒട്ടും കിട്ടുന്നില്ല എന്നുതന്നെ പറയാം. സ്വകാര്യ പൊതു ഉടമസ്ഥതയിലുള്ള കിണറുകളും കുളങ്ങളും നീരുറവകൾ കൂടാതെ ഭൂഗർഭജലവും പഞ്ചായത്തിന്റെ സമ്പന്നമായ ജല സമ്പത്താണ്.

സമതലങ്ങൾ പൊതുവെ ധാരാളം ജലസമ്പത്തുള്ള പ്രദേശങ്ങളാകുമ്പോൾ ചരിഞ്ഞ പ്രദേശങ്ങളിൽ മിതമായും ഉയർന്ന സമതലങ്ങളിലും കുന്നിൻ നിരകളിലും മോശമായ ജലലഭ്യതയാണ് ഉള്ളത്. ഇതിന് അപവാദമായി നാടുകുന്നിലെ ഉയരമുള്ള ഭാഗത്ത് വർഷം മുഴുവനും ജലം ലഭിക്കുന്നുണ്ട്.

കാഞ്ഞിരക്കുന്നിന്റെ താഴ്വരയിൽ സമ്പന്നമായൊരു നീരുറവ് കാണുന്നുണ്ട്. അതുപോലെ പെരിങ്ങാവ്-കൊടപ്പുറം ഭാഗങ്ങളിലെ കരിനായിച്ചോല, ചെമ്പ്രച്ചോല, കണ്ണൻവെട്ടിക്കാവിനടുത്തുള്ള മലവെട്ടിച്ചാൽ ചാമപ്പറമ്പിന് തൊട്ടുതാഴെ ശ്രീ. മൊയ്തീൻകുട്ടിയുടെ (സ്റ്റാൻറിംങ്ങ് കമ്മറ്റി ചെയർമാൻ) പറമ്പിലുള്ള നീരുറവ എന്നിവ ധാരാളം പ്രദേശങ്ങളുടെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകാവുന്ന പ്രകൃതിദത്ത ജലശേഖരങ്ങളാണ്.

ജനസമ്പത്ത്

1991-ലെ സെൻസസ് രേഖകൾ പ്രകാരം പഞ്ചായത്തിൽ 12670 പുരുഷന്മാരും 12652 സ്ത്രീകളുമടക്കം 25322 പേർ അടങ്ങുന്ന വലിയ ജനതതിയുണ്ട്. ജില്ലയുടെ ആകെ വലിപ്പത്തിന്റെ ശതമാനം വരുന്ന ഇവിടെ ജനസംഖ്യയുടെ 0.008 മാനമാണ് താമസിക്കുന്നത്. 1000 പുരുഷന് 1053 സ്ത്രീ എന്നതാണ് ജില്ലയുടെ അനുപാതമെങ്കിൽ പഞ്ചായത്തിന്റേത് 1000-ന് 988 മാത്രമാണ്. കൊണ്ടോട്ടി ബ്ലോക്കിൽതന്നെ സ്ത്രീപുരുഷ അനുപാതം കുറവ് നമ്മുടെ പ്രത്യേകതയാണ്. പഞ്ചായത്തിലെ ജനസാന്ദ്രത ച.കി.മി.യ്ക്ക് 1501 ആണ്. ഇത് സംസ്ഥാന ശരാശരിയുടെ (747) ഇരട്ടിയിൽ അധികമാണ്. ആറ് വയസ്സിന് താഴെ 4347 പേരുള്ളതിൽ 2248 പേർ ആണും 2099 പേർ പെണ്ണും ആകുന്നു. ആകെ വീടുകളുടെ എണ്ണം പഞ്ചായത്ത് രേഖകൾ അനുസരിച്ച് 6664 ആണ്. അതിനാൽ വീടൊന്നിന് ശരാശരി 3.8 പേരാണ് ഇവിടെ താമസിക്കുന്നത് 1320 സ്ത്രീകളും 1357 പുരുഷന്മാരുമുൾപ്പെടെ 2677 ആണ് പട്ടിക ജാതിവിഭാഗങ്ങളുടെ ജനസംഖ്യ. നമ്മുടെ സാക്ഷരതാ നിരക്ക് 91.5 ആണ്.

ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. വ്യവസായത്തൊഴിലാളികളും, ഗവ. ജീവനക്കാരും ന്യൂനപക്ഷമാണ്.

ഒരു ടീച്ചർ ട്രെയിനിംങ്ങ്സ്കൂളും, അറബി കോളേജും 2 ഹൈസ്കൂളുകളും, 4 വീതം പ്രൈമറി, അപ്പർ പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങളും 16 അംഗനവാടി-ബാലവാടികളും അനേകം മതപഠനകേന്ദ്രങ്ങളും പഞ്ചായത്തിലുണ്ടെങ്കിലും വിദ്യാഭ്യാസഗുണനിലവാരത്തിൽ നാം ഇപ്പോഴും പിൻപന്തിയിലാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ സവർണ്ണ അവർണ്ണ വ്യത്യാസ, ജാതിപരമായ തൊടീൽ-തീണ്ടൽ എന്നിവ നിലനിന്നെങ്കിലും കാലപ്പഴക്കംകൊണ്ടും വിദ്യാഭ്യാസ ഉൽബുദ്ധതകൊണ്ടും ഇന്ന് കാര്യമായ ഉച്ചനീചത്വങ്ങൾ ഒന്നും നിലവിലില്ല. ജനസംഖ്യയുടെ 99.5 ശതമാനവും മതവിശ്വാസികളാണെങ്കിലും മതനിരപേക്ഷത പഞ്ചായത്തിന്റെ മുഖമുദ്രയാണ്.




വികസനമേഖലകൾ


പ്രാഥമികം

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം



കൃഷിയും ജലസേചനവും



വിശാലമായ വയലേലകളും കുന്നിൻ നിരകളും, ചെരിഞ്ഞ പ്രദേശങ്ങളും ഉൾകൊള്ളുന്ന പ്രകൃതി മനോഹരമായ ഗ്രാമമാണ് ചെറുകാവ് പഞ്ചായത്ത്. പ്രധാന കുന്നിൻ നിരകളായ കാഞ്ഞിക്കുന്ന്, നാടുകുന്ന് മൂന്നിയൂർകുന്ന്, ചേനത്തല, ചേപ്പിലകുന്ന്, വള്ളിക്കൊട്ടമല, കല്ലറ കുന്നു കരുന്നായി മല, കോഴിക്കോട് കുന്ന് ഇയ്യകുന്ന് എന്നിവയ്ക്കിടയിലായി പഞ്ചായത്തിന്റെ നെല്ലറകളായ പുത്തൂപ്പാടം. ചെറാപ്പാടം കിഴക്കേ പേങ്ങാട്-പടിഞ്ഞാറെ പേങ്ങാട്, പെരിങ്ങാവ്, നക്കോട്ടുമൂല, പറവൂർ, വെണ്ണായൂർ, ചേവായൂർ, സിയാം കണ്ടം എന്നിവ സ്ഥിതി ചെയ്യുന്നു. നെല്ല്, തെങ്ങ്, വാഴ, പൂള (കപ്പ) കവുങ്ങ്, കുരുമുളക്, ഇഞ്ചി പച്ചക്കറി എന്നിവയാണ് മുഖ്യ കൃഷിയിനങ്ങൾ. കാർഷിക ഗ്രാമമായതിനാൽ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ നാലായി തരം തിരിക്കാം. ഉയർന്ന കുന്നിൻ നിരകൾ, ചരിഞ്ഞ പ്രദേശങ്ങൾ, താഴ്വരകൾ, സമതലം (നെൽവയലുകൾ) എന്നിങ്ങനെ ഈ പഞ്ചായത്തിലെ പ്രധാന തോടുകളെല്ലാം ചാലിയാർ, കടലുണ്ടിപ്പുഴ എന്നിവയിൽ സന്ധിക്കുന്നു.

കൂടുതൽ പേരും ഒരു ഹെക്ടറിൽ കുറഞ്ഞ കൃഷി ഭൂമിയുള്ളവരാണ്. കൃഷിഭവൻ രേഖകൾ അനുസരിച്ച് ഭൂ ഉടമസ്ഥത സംബന്ധിച്ച് വിവരം പട്ടിക 1-ൽ നോക്കിയാൽ കാണാം.

കേരളത്തിലെ ആളോഹരി കൃഷിഭൂമി 0.07 ആകുമ്പോൾ ഇവിടെ 0.03 മാത്രമാണ്

എല്ലാ ഗ്രാമങ്ങളെയും പോലെ മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി നടത്തിയിരുന്നത് കൂടാതെ വൻതോടുകളിൽ നിന്നും കൈചിറകൾ നിർമ്മിച്ച് അതിൽ നിന്ന് തേവി കൂട്ടിയും, കുളങ്ങളിൽ നിന്ന് ഓവുകൾ നിർമ്മിച്ചുമാണ് ജലസേചനം നടത്തിയിരുന്നത്. അപൂർവ്വം ചിലർ മോട്ടാർ ഉപയോഗിച്ചും ജലസേചനം നടത്തുന്നു.

പഞ്ചായത്തിലെ ആകെ വിസ്തൃതിയുടെ 30% നെൽവയലുകളും 45% തെങ്ങിൻ തോപ്പുകളും 15% ഇടവിളകളും 5% തരിശുഭൂമിയും 5% കൃഷിക്ക് അനുയോജ്യമല്ലാത്ത പാറപ്രദേശങ്ങളും ആണ്. പഴയകാലത്തെ പ്രധാന നെൽവിത്തുകളായിരുന്നു തവളക്കണ്ണൻ, ആര്യൻ, ചുവന്നെട്ടൻ, കൂട്ടുമുണ്ട വടക്കൻ ചീര, കുട്ടിച്ചീര ചിറ്റേനി

പട്ടിക - (1) ഒകെവശഭൂമി - കുടുംബങ്ങളുടെ എണ്ണം

വിഭാഗം	നാമമാത്ര കർഷകൻ 1-ഹെക്ടറിന് താഴെ	ചെറുകിട കർഷകർ 1-2 ഹെക്കടർ	വൻകിട കർഷകർ 2-ഹെക്ടറിന് മുകളിൽ
1	2	3	4
മറ്റുള്ളവർ	2751	390	71
SC/ST	320	-	-
ആകെ	3071	390	71
		ആകെ 3532	

കഴുങ്ങും പൂക്കല. വയലുകളിൽ നിന്ന് അൽപ്പം ഉയർന്ന് നിൽക്കുന്ന സ്ഥലങ്ങളിൽ ചാമയും, നകരയും, മുത്താറിയും ധാരാളം കൃഷി വിളകളായാണ് കരുതിപ്പോന്നിരുന്നത്.

പട്ടാമ്പി നെൽഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതമായ 1970 കളിലാണ് ഗ്രാമീണ കാർഷിക വൃത്തിയിൽ അൽപ്പമെങ്കിലും വ്യതിയാനം വന്നു തുടങ്ങിയത്. തുടർന്ന് അത്യുത്പാദനശേഷിയുള്ള I.R8കൾ, കൾച്ചർ 28, ജ്യോതി, പവിഴം, തുടങ്ങിയ വിത്തിനങ്ങളും, അതുവരെ കർഷകന് അന്യമായിരുന്ന പല കീടനാശിനികളും (ടിക്-20പോലെ) നടാടെ രംഗത്ത് വരാൻ തുടങ്ങി. ചെറുകിട കർഷകരും, വൻകിട കർഷകരും സാവധാനം പമ്പുസെറ്റുകൾ ഉപയോഗിച്ച് കൃഷി ചെയ്യാൻ തുടങ്ങി. ഇതോടെ പച്ചക്കറി കൃഷി വ്യാപകമാകാനും ഇടവന്നു. മുമ്പ് പഞ്ഞമാസങ്ങളിൽ ഭക്ഷണത്തിനായി കാവുത്ത്, പൊതകിഴങ്ങ്, പനമ്പൊടി, താള്, തവര, വാഴക്കിഴങ്ങ്, ഉണ്ണിക്കാമ്പ് തുടങ്ങിയവ ഉപയോഗിച്ചിരുന്നു.

നാടൻ ജലസേചന രീതിയായി കർഷകർ ചെറിയ തോടുകളിലും മറ്റും മുള, തെങ്ങോല, വാഴ, ഇല എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ച് ആവശ്യമായ സമയത്ത് ജലം തിരിച്ചു വിടുമായിരുന്നു. പഴയ ജലസേചന ഉപകരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നവയാണ് ഏത്തം കയറ്റുകൊട്ട, പോള എന്നിവ. ഇവ ഉപയോഗിച്ചാണ് ജലസേചനം നടത്തിയിരുന്നത്.

പ്രാചീന കാലത്ത് ജൈവ കീടനാശിനികളും ചാഴിയെ നശിപ്പിക്കാൻ മുറം വീരൽ, വെണ്ണീർ പറപ്പിക്കൽ, തെങ്ങിൻ കുലച്ചിൽ ഉപയോഗിച്ച് വീശൽ എലിയെ നശിപ്പിക്കാൻ മുളം കുറ്റിക്കെണി, ഭക്ഷണപദാർത്ഥത്തിൽ വിഷം വെയ്ക്കൽ പുകയിടൽ എന്നീ പ്രാദേശിക രീതികളാണ് അവലംബിച്ചിരുന്നത്. കീടങ്ങളെ പിടിയ്ക്കുന്ന പക്ഷികളെ ഇരുത്താനായി നെൽ വയലുകളിൽ ഓലമടൽ നാട്ടൽ, മരക്കൊമ്പ് നാട്ടൽ തുടങ്ങിയ പ്രവർത്തനങ്ങളും ഉണ്ടായിരുന്നു.

അന്ന് ഭൂമിയിൽ കാണം, കുഴിക്കാണം, ചാർത്ത്, മേൽ ചാർത്ത്, കച്ചീട്ട് തീര്, കാണം ചാർത്ത്, പാട്ടം, വെറും പാട്ടം, മേൽപാട്ടം, വാക്കൻപാട്ടം തുടങ്ങിയ സമ്പ്രദായങ്ങളിലാണ് ജന്മിമാർ ഭൂമി കൈമാറിയിരുന്നത്. പണ്ടു കാലത്ത് കോവിലകക്കാരുടെ കൈകളിലായിരുന്നു ഭൂരിഭാഗം സ്ഥലങ്ങളും സാമൂതിരി കോവിലകം, നിലമ്പൂർ കോവിലകം, കിഴക്കേകോവിലകം-കോട്ടക്കൽ-കടലുണ്ടി കോവിലകം, സാമൂതിരി കോവിലകം തുടങ്ങിയവയായിരുന്നു പ്രധാനപ്പെട്ട കോവിലകങ്ങൾ. ഇവരുടെ കാര്യസ്ഥന്മാരാണ് കൃഷി നടത്തിച്ചിരുന്നത്. ഇവർ പാട്ടം കളങ്ങളിൽ ശേഖരിച്ച് കണിയായും കാഴ്ചയായും ധാന്യമായോ, പണമായോ തദ്ദേശങ്ങളിൽ സ്ഥാപിച്ച കോവിലകങ്ങളിൽ എത്തിച്ചു കൊടുക്കുകയായിരുന്നു പതിവ്. അന്നത്തെ പ്രധാന വിപണന കേന്ദ്രം കോഴിക്കോടായിരുന്നു. തലച്ചുമടായി സാധനങ്ങൾ എത്തിക്കുന്ന സമ്പ്രദായമാണ് ആദ്യം ഉണ്ടായതെങ്കിൽ തുടർന്ന് കാളവണ്ടികളിലും കൈവണ്ടികളിലുമാണ് സാധനങ്ങൾകൊണ്ടു പോയിരുന്നത്.

ഭൂപരിഷ്കരണനിയമം വന്നതോടെ നിലവിലുള്ള കുടിയാന്മാർ ഭൂഉടസ്ഥരായി. ഇതോടെ വയലുകൾ പോലും നികത്തി തെങ്ങു വയ്കുന്ന പ്രവണതയും സാവധാനം തലപൊക്കി. ഏതാണ്ട് 1960 കളിലാണ് നമ്മുടെ പഞ്ചായത്തിൽ ഈ പ്രവണത വർദ്ധിച്ച് വന്നത്. നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു കൃഷി സമ്പ്രദായമാണ് ഇത്.

കൃഷിയോടുള്ള വൈമുഖ്യം, ഗൾഫുനാടുകളുടെ ആകർഷണം - വർദ്ധിച്ച കൂലിച്ചെലവ് എന്നാൽ കാർഷിക രംഗത്തെ മാന്യതയ്ക്ക് സാവധാനം ഇടിവു തട്ടുകയും ആളുകൾ മറ്റു മേഖലകളിലേയ്ക്ക് ചേക്കാറാൻ തുടങ്ങുകയും ചെയ്തു. ഇതോടെ കൃഷി ഭൂമി തരിശിടുന്ന സമ്പ്രദായം വന്നു. കാർഷിക രംഗത്ത് കൂലി വർദ്ധനവ് അനുഭവപ്പെട്ടതോടെ സകുടുംബ അദ്ധ്വാനം ഇല്ലാതായി. നെൽ വയലുകൾ വലിയ തോതിൽ നാണ്യ വിളകൾക്കായി മാറ്റുന്നതിന് ആക്കം വർദ്ധിച്ചു. പഞ്ചായത്തിലെ ആകെയുണ്ടായിരുന്ന 445 ഹെക്ടർ വയലിൽ നിന്നും 250 ഹെക്ടർ വയലായി ഇപ്പോൾ ചുരുങ്ങിയിരിക്കുന്നു.

നെൽകൃഷി ലാഭകരമല്ലാതാവുകയും, വിദ്യാഭ്യാസരീതിയിലെ കൃഷി വിരുദ്ധമനോഭാവം വ്യാപകമാവുകയും ചെയ്തതോടെ കാർഷിക വൃത്തിയിൽ ഏർപ്പെടാൻ ജനങ്ങൾ വിമുഖത കാണിച്ചുതുടങ്ങി. കർഷകത്തൊഴിലാളികളെ ജോലിയ്ക്ക് കിട്ടാതായി. നെൽകൃഷി ലാഭകരമല്ലാതെയുമായി. തെങ്ങു കൃഷിക്കും, ഗാർഹിക ആവശ്യത്തിനും, ഭൂമി നികത്തൽ വ്യാപകമായി. പരമ്പരാഗത കൃഷി സമ്പ്രദായങ്ങൾ കർ

ഷകർ ഉപേക്ഷിച്ചതോടെ വെള്ളരി, വത്തക്ക, കക്കരിക്ക, മധുരകിഴങ്ങ് എന്നിവയുടെ ഉൽപ്പാദനം കുറഞ്ഞു. ഇടവിളകൾ ഓരോന്നായി അപ്രത്യക്ഷമാകാൻ തുടങ്ങി. ഇതോടെ ഉപഭോഗ സംസ്കാരം വർദ്ധിച്ചു വന്നു.

തെങ്ങുകൃഷിയാകുമ്പോൾ കാര്യമായ പരിചരണം ആവശ്യമില്ലായെന്നതുകൊണ്ടും, ജനസംഖ്യാരംഗത്തെ അമിതമായ വർദ്ധനവ്മൂലവും കൃഷിഭൂമി സാവധാനം കുറഞ്ഞുവന്നു. പഴയകാലത്തെ കർഷകരുടെ ഇഷ്ടവിനോദമായിരുന്നു കാളപൂട്ട്. ആദ്യകാലത്ത് പെരിയമ്പലം, വെണ്ണായൂർ, പെരിങ്ങാവ് എന്നിവിടങ്ങളിൽ ധാരാളം കാളപൂട്ട് കേന്ദ്രങ്ങളുണ്ടായിരുന്നു.

അശാസ്ത്രീയമായ റോഡു നിർമ്മാണവും പല സ്ഥലങ്ങളിലും കൃഷിയെ സാരമായി ബാധിച്ചു. ഇത് ഉല്പാദനത്തെ കുറയ്ക്കുകയും, ഭക്ഷ്യസാധന ലഭ്യത കുറയാൻ കാരണമാവുകയും ചെയ്തു.

ജലസേചനത്തിന് ഉപയോഗിച്ചിരുന്ന പഴയകാല കുളങ്ങളും തോടുകളും നാശോന്മുഖമായി കൊണ്ടിരിക്കുന്നു. മണ്ണ്നിറഞ്ഞ് കുളങ്ങളിലെയും തോടുകളിലെയും ജലലഭ്യത കുറഞ്ഞു തുടങ്ങി. തോടുകൾ അരികുകളിലെ മണ്ണ് നഷ്ടപ്പെട്ട് നാശോന്മുഖമാവുന്നു. ഒരു കാലത്ത് മണ്ണാലിപ്പ് തടഞ്ഞിരുന്ന കൈതകൾ സംരക്ഷിക്കാതെ പോയതാണ് ഇതിന് കാരം. കൈത കർഷകതൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ ഏർപ്പെടാവുന്ന കൈത്തൊഴിലിനുള്ള അസംസ്കൃതവിഭവം കൂടിയായിരുന്നു.

ഭൂതരങ്ങളും, ഭൂവിനിയോഗവും

കൃഷിഭവൻ രേഖ പ്രകാരം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണവും, ഭൂവിനിയോഗവും കാണിക്കുന്ന വിശദമായ പട്ടിക (2, 3) താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 2 - ഭൂതരം

	ഇനം	
1	നിലം	435 ഹെക്ടർ
2	പുരയിടം	1303 ഹെക്ടർ
3	കൃഷിക്ക് യോഗ്യമായ തരിശ്	16 ഹെക്ടർ
4	കൃഷിക്ക് യോഗ്യമല്ലാത്ത തരിശ്	18 ഹെക്ടർ
	ആകെ	1772 ഹെക്ടർ

പട്ടിക 3- ഭൂവിനിയോഗം

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത
നെല്ല്	445.ഹെ.	930 ടൺ	3500 കി.ഗ്രാം. / ഹെ.
പയർ	5.ഹെ	3 ടൺ	600 കി.ഗ്രാം / ഹെ.
എള്ള്	2.ഹെ	5 ടൺ	250 കി.ഗ്രാം / ഹെ.
പച്ചക്കറികൾ	5 ഹെ.	1 ടൺ	200 കി.ഗ്രാം / ഹെ.
തെങ്ങ്	880 ഹെ.	22.5 ലക്ഷം	4000 എണ്ണം / ഹെ.
വാഴ	25 ഹെ.	6.25 ലക്ഷം	10 കി.ഗ്രാം 1ഹെ. പ്ലാൻറ്
മരച്ചീനി	25 ഹെ.	65. ടൺ	21/2 ടൺ / ഹെ.
കുരുമുളക്	5 ഹെ.		15 ടൺ 1.5 കി.ഗ്രാം /പ്ലാൻറ്
പ്ലാവ്	14 ഹെ.	10 ടൺ	750 കി.ഗ്രാം/ഹെ.
കശുമാവ്	45 ഹെ.		10 ടൺ 250 കി.ഗ്രാം/ഹെ
മാവ്	11 ഹെ.	12 ടൺ	1000 കി.ഗ്രാം/ഹെ.
കവുങ്ങ്	60 ഹെ.	25 ടൺ	4200 എണ്ണം/ഹെ.
റബ്ബർ	15 ഹെ.	4 ടൺ	300 കി.ഗ്രാം/ഹെ
മറ്റുവിളകൾ	50 ഹെ.	12 ടൺ	250 കി.ഗ്രാം/ഹെ.

പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളിൽ ചുവന്ന വെട്ടുപാറ മണ്ണും, ചെരിവുകളിൽ ചരൽ കലർന്ന മണ്ണും വയലുകളിൽ പശിമ രാശിയുള്ള ചളിമണ്ണും, കാണുന്നു. നെല്ല്, വാഴ, പച്ചക്കറി, എന്നിവയ്ക്ക് യോജിച്ചതാണ് വയലുകളിലെ മണ്ണെങ്കിൽ, ഫലപുഷ്ടി അത്രമാത്രം ഇല്ലാത്ത ചരൽ മണ്ണിൽ തെങ്ങും, മിശ്രവിളകളും കാണുന്നു. കുന്നിൻ പ്രദേശങ്ങളിലെ മുഖ്യവിള കശുമാവാണ്. മണ്ണിന്റെ സാമ്പിളെടുത്തു കാലാകാലങ്ങളിൽ പരിശോധിക്കാത്തതുമൂലം മണ്ണിന്റെ അമ്ലസ്വഭാവത്തെക്കുറിച്ച് ആധികാരികമായി പറയുക പ്രയാസമാണെങ്കിലും, വർദ്ധിച്ചു വരുന്ന രാസവളപ്രയോഗംകൊണ്ട് ഫലപൂയിഷ്ഠതയ്ക്ക് ഉലച്ചിൽ തട്ടിയിട്ടുണ്ട് എന്നത് അനുഭവസിദ്ധമാണ്.

പരമ്പരാഗതമായി നെല്ലും, തെങ്ങും, കൃഷി ചെയ്യുന്ന നമ്മുടെ പഞ്ചായത്തിൽ പരീക്ഷണാർത്ഥം ചെറാപാടത്തും കൊടുപ്പുറത്തുമായി ഏതാണ്ട് 15 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ട്. ഇത് സാമ്പത്തികമായി വലിയ വിജയകമാണെന്ന് അവകാശപ്പെട്ടു കൂടാ - മറ്റു കൃഷികളെ അപേക്ഷിച്ച് കാര്യമായ പരിലാളന വേണ്ടാത്ത കൃഷികളാണ് കവുങ്ങ്, കശുമാവ് എന്നിവ. ഇതും ധാരാളം നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്യുന്നുണ്ട്. പട്ടുനൂൽപ്പുഴു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൾബറി കൃഷിയും ഇവിടെ ആരംഭിച്ചിരിക്കുന്നു.

1995-96 വർഷത്തിൽ ഏറ്റവും കൂടുതൽ നെല്ലുല്പാദക പഞ്ചായത്തിനുള്ള അംഗീകാരം കൊണ്ടോട്ടി ബ്ലോക്കിൽ ചെറുകാവ് പഞ്ചായത്തിന് ലഭിച്ചു എന്നത് ഈ സന്ദർഭത്തിൽ സന്തോഷകരമായ വാർത്തയാണ്.

പച്ചക്കറിയ്ക്ക് അമിതമായി വരുന്ന പരിചരണം കർഷകർക്ക് പ്രയാസായതിനാൽ ഇപ്പോൾ പുത്തൂപ്പാടംഭാഗത്ത് കൊടുവേലി കൃഷി പരീക്ഷണാർത്ഥം നടത്തിവരുന്നുണ്ട്.

നെൽകൃഷി

നെൽകൃഷി പൊതുവെ ആദായകരമല്ലെങ്കിലും ധാരാളം കർഷകർ ഇന്നും ഇതിന് പ്രാധാന്യം നൽകുന്നുണ്ട്. നാടൻ വിത്തിനങ്ങൾക്ക് ഉൽപ്പാദന ക്ഷമത കുറവായതിനാൽ സങ്കരയിനം വിത്തുകളായ പൊന്നി, രോഹിണി, ശബരി, ജ്യോതി, പവിഴം, ജയ, ത്രിവേണി എന്നിവയോടാണ് കർഷകർക്ക് ഏറെ പ്രിയം.

പണ്ടുമുതലെ കർഷകർ വിള പര്യയവും ഇടവിള കൃഷിയും അനുവർത്തിച്ചിരുന്നെങ്കിലും നെൽകൃഷിയിടങ്ങൾ തരിശിടുന്ന രീതിയാണ് ഇന്ന് കൂടുതൽ. ഇത് വിളഭൂമിയുടെ ഫലഭൂയിഷ്ഠതയെ പരോക്ഷമായി സഹായിക്കുന്നു.

പഞ്ചായത്തിലെ നെൽകൃഷി സംബന്ധിച്ച വിവരം പട്ടിക IV-ൽ കൊടുക്കുന്നു.

No.	വിള	വിസ്തീർണ്ണം	ഉൽപ്പാദനം	ഉൽപ്പാദനക്ഷമത
1	ഒന്നാംവിള	195 ഹെ.	390 ടൺ	2000 കി.ഗ്രാം/ഹെ.
2	രണ്ടാംവിള	230 ഹെ.	500 ടൺ	2500 കി.ഗ്രാം/ഹെ.
3	മൂന്നാംവിള	20 ഹെ.	40 ടൺ	2500 കി.ഗ്രാം/ഹെ.

തെങ്ങ്

നമ്മുടെ പഞ്ചായത്തിൽ 880 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയാണ്. ഇത് ആകെയുള്ള കൃഷിയിടത്തിന്റെ ഏകദേശം 50 ശതമാനം വരും. കേര കർഷകരെ സഹായിക്കുന്നതിനും, കൃഷി അഭിവദ്ധിപ്പെടുത്തുന്നതിനും ചെറുകാവ് പഞ്ചായത്ത് കേരവികസന സമിതി എന്ന പേരിൽ ഒരു സമിതി 94-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ശരാശരി ഒരു ഏക്കറിന് 80 മുതൽ 90 തെങ്ങുകളാണ് ഉള്ളതെങ്കിലും പല കർഷകരും ഉള്ള ഭൂമിയിൽ, ഇതിൽ കൂടുതൽ (100-120) തെങ്ങുകൾ കൃഷി ചെയ്യുന്നു. ഇതുമൂലം ഉത്പാദന ക്ഷമത കുറയുന്ന അവസ്ഥ നിലനിൽക്കുന്നു. ചെറുകാവ് പഞ്ചായത്തിലെ തെങ്ങു കൃഷിയുടെ ഏകദേശ രൂപം പട്ടിക V-ൽ നോക്കിയാൽ കാണാം.

പട്ടിക V തെങ്ങ്കൃഷി

	തെങ്ങുകളുടെ എണ്ണം			രോഗം ബാധിച്ചത്			
വാർഡ്	വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിങ്ങ്	ആകെ
1	80 ഹെ.	3800എ.	9000എ	12800	15	18	33
2	57ഹെ.	2000എ	7250	9250	12	-	12
3	102 ഹെ.	3100എ	13250	16350	22	14	36
4	97 ഹെ.	3500	12000	15500	17	-	17
5	100 ഹെ.	3350	12500	15850	21	18	39
6	89ഹെ.	31200	11200	14300	10	7	17
7	85ഹെ.	1800	11800	13600	-	-	- -
8.	63ഹെ.	1100	9000	10100	9	5	14
9	71ഹെ.	2050	9250	11300	13	7	20
10	75ഹെ.	2000	10000	12000	17	18	35
11	61ഹെ.	2450	7300	9750	-	-	-
ആകെ	8880ഹെ.	28250	112550	140800	136	87	223

കീടനാശിനികൾ

നെല്ല് പച്ചക്കറി, വാഴ, കുരുമുളക് തെങ്ങ് തുടങ്ങിയ വിളകൾക്കാണ് കാര്യമായ കീടനാശിനി പ്രയോഗം നടത്തുന്നത്. കുമ്പു ചീയൽ, മച്ചിങ്ങാ പൊഴിച്ചിൽ, തണ്ടു തുരപ്പൻ മുഞ്ഞ പുഴു ശല്യം, മഹാളി രോഗം, പോളപൊഴിച്ചിൽ, ദ്രുതവാട്ടം എന്നിവയാണ് പ്രധാനപ്പെട്ട രോഗങ്ങൾ. ശാസ്ത്രീയമായ രൂപത്തിലല്ല കീടനാശിനികൾ ഉപയോഗിക്കുന്നത് എന്നതിനാൽ പരിസ്ഥിതിയ്ക്ക് കാര്യമായ ദോഷം സംഭവിക്കുന്നുണ്ട്. ഇത് ഉപയോഗിക്കുന്നവരുടെ

പട്ടിക VI വളം കീടനാശിനി വിപണനം

വർഷം	സ്ഥാപനത്തിന്റെ പേര്	രാസവളം	കീടനാശിനി ദ്രാവകം	ഖരം
1993-94	അണിമംഗലത്ത്	25 ടൺ	30ലി.	70 കി.ഗ്രാം
1994-95	ഏജൻസീസ്,ഐക്കരപ്പടി	22 ടൺ	20 ലി.	50 കി.ഗ്രാം.
1995-96	പി.കെ. സ്റ്റോർസ്, പെരിങ്ങാവ്	17 ടൺ	6ലി.	25 കി.ഗ്രാം.

പട്ടിക VII കാർഷികോപകരണങ്ങൾ

വാർഡ്	ഉഴവുപകരണങ്ങൾ		മരുന്ന് തളി ഉപകരണങ്ങൾ		തെങ്ങ് കയറ്റം	പോർട്ടബിൾ പമ്പ്സെറ്റുകൾ
	ട്രാക്ടർ	നാടൻ കലപ്പ	റോക്-സ്പ്രെ.	നാപ്സ്റ്റാക്ക് സ്പ്രെ		
1	-	10	-	3	-	4
2	-	8	-	3	-	5
3	-	7	-	2	1	4
4	-	5	1	2	-	3
5	-	7	-	2	-	3
6	1	7	-	3	-	5
7	-	8	2	2	-	4
8	-	7	-	-	-	4
9	-	9	-	1	-	7
10	-	5	-	2	-	4
11	-	4	-	1	-	3
ആകെ	1	77	3	21	1	46

ആജ്ഞതയാണ് ഇതിനു മുഖ്യ കാരണം.

വളത്തിന്റെ ഉപയോഗം

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ രണ്ടു വളം ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് പെരിങ്ങാവിലും മറ്റെത് ഐക്കരപ്പടിയിലുമാണ്. തികച്ചും അശാസ്ത്രീയമായും മണ്ണ് പരിശോധന നടത്താതെയും രാസവളം പ്രയോഗിക്കുന്നതി നാൽ കൃഷിഭൂമിയുടെ ഗുണമേന്മ കുറയുകയും കാർഷിക ചെലവ് വർദ്ധിക്കുകയും ചെയ്യുന്നു. ജൈവവളങ്ങൾ വേണ്ടത്ര കിട്ടാനില്ലാത്ത അവ സ്ഥ നിലനിൽക്കുന്നതിനാൽ രാസവളങ്ങൾ മാത്രമാണ് കർഷകരുടെ ഏക അവലംബം രാ സവള പ്രയോഗവും, കീടനാശിനി ഉപയോഗവും പട്ടിക VI-ൽ നോക്കിയാൽ മനസ്സിലാക്കാം.

കാർഷിക ഉപകരണങ്ങൾ

പഴയ കാലത്ത് ഉഴുവു കാളകളെ ഉപയോ ഗിച്ചാണ് കൃഷി നിലം ഒരുക്കിയിരുന്നത്. അന്ന് ധാരാളം ഉഴുവു കാളകൾ നാട്ടിലുണ്ടായിരുന്നു. എന്നാൽ ഇന്ന് ഉഴുവു കാളകൾ വിരളമാണ്. ഇന്ന് കാർഷിക രംഗത്ത് യന്ത്രവൽക്കരണം ന ടന്നുകൊണ്ടിരിക്കുന്നു. ട്രാക്ടർ. ടില്ലർ എന്നി വ ഉപയോഗിച്ച് നിലം ഉഴുന്നു. കൃഷിഭവൻ മുഖേന നൽകിയ കാർഷികോപകരണങ്ങൾ, ട്രാക്ടർ, നാടൻ കലപ്പ, റോക്ക് സ്പ്രെയർ നാ പ്സാക്ക് തെങ്ങു കയറ്റ യന്ത്രം, പമ്പ്സെറ്റ് എന്നിവയാണ്. ഇതിന്റെ വിശദമായ വിവരം പട്ടിക VII-ൽ നോക്കിയാൽ കാണാം.

പട്ടിക VIII പാടശേഖര കമ്മറ്റികളും വിളക്രമങ്ങളും

നമ്പർ	പാടശേഖരത്തിന്റെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള	കൺവീനറുടെ പേര്	റജിസ്റ്റർ നമ്പർ
1	ചേവായൂർ പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	സുരേഷ്	695/92
2	സിയാംകണ്ടം പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	കുഞ്ഞുകൃഷ്ണൻ	114/92
3	വെണ്ണായൂർ പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	വിനയൻ മാസ്റ്റർ	506/91
4	പുത്തുപാടം പാടശേഖരം	നെല്ല്, മരച്ചീനി	നെല്ല്, മരച്ചീനി	-	പി.പി. ഉസ്സൻ	458/91
5	ചെറാപാടം പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	എ. സത്യനാഥൻ	924/91
6	പേങ്ങാട് പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	പി.കെ. ഗോപാല കൃഷ്ണൻനായർ	599/91
7	പുതുക്കോട് പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	ഏ.ടി. രാമൻനായർ	627/92
8	മുറിവായിക്കൽ പാടശേഖരം	-	പച്ചക്കറികൾ	നെല്ല്, വാഴ	എം.രാമൻമാസ്റ്റർ	557/91
9	കൊടപ്പുറം പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	നെല്ല്, വാഴ	പി.വി. മൂസ്സ	494/91
10	പെരിങ്ങാവ് പാടശേഖരം	നെല്ല്, വാഴ	നെല്ല് -	നെല്ല്, വാഴ	പി.വി. കുഞ്ഞാലൻകുട്ടി	631/91
11	പറവൂർ പാടശേഖരം	നെല്ല്, വാഴ	നെല്ല്, വാഴ	-	കെ. രവീന്ദ്രനാഥ്	453/91

പട്ടിക IX 'നടിൽ വസ്തു വിതരണം'

ഇനം	എണ്ണം 1993-94	1994-95	1995-96
തെങ്ങ്	WCT- 300എണ്ണം TXD-100എണ്ണം DXT- 25എണ്ണം	W.C.T 330 എണ്ണം TXD-90എണ്ണം DXT- 59എണ്ണം	W.C.T. 500എണ്ണം TXD-80 എണ്ണം DXT- 25 എണ്ണം
കശുമാവ്	660 എണ്ണം		1660 എണ്ണം
കുരുമുളക്	1500 എണ്ണം	കരിമുണ്ട 600 എണ്ണം	5000 എണ്ണം
കവുങ്ങ്	മംഗള-347	മംഗള 100	250
നെല്ല്	ജ്യോതി. 960 കിലോ	ജ്യോതി. 1000കിലോ	പവിഴം 550 കിലോ
പയർ	200കിലോ	160 കിലോ	116 കിലോ
പച്ചക്കറികൾ	798 പേക്കറ്റ്	805 പേക്കറ്റ്	1003 പേക്കറ്റ്
മഞ്ഞൾ	30 കിലോ	ഇല്ല	65 കിലോ

പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സെൽ കൃഷിക്കാരെ ബന്ധപ്പെടുത്തികൊണ്ട് 11 പാട ശേഖരസമിതികൾ നിലവിലുണ്ടെങ്കിലും പലതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പാടശേഖര സമിതികളുടെ പേരും, വിളക്രമവും, റജിസ്റ്റർ നമ്പറും പട്ടികയിൽ കാണാം. പട്ടിക VIII.

നടീൽ വസ്തുക്കൾ

ചെറുകാവ് പഞ്ചായത്ത് 1993-96 വരെയുള്ള കാലയളവിൽ കർഷകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയുണ്ടായി. ഇങ്ങനെ വിത രണം ചെയ്യപ്പെട്ടവയാണ് തെങ്ങ്, കശുമാവ്, കുരുമുളക്, കവുങ്ങ് എന്നീ തൈകളും നെൽ, പയർ, പച്ചക്കറി, മഞ്ഞൾ എന്നീ വിത്തിനങ്ങളും

വിശദമായി പട്ടിക IX നോക്കുക. (കൃഷി ഭവൻ രേഖ)

കാർഷികരംഗത്ത് തൊഴിലാളികളുടെ എണ്ണം വളരെയധികം കുറഞ്ഞു വരുന്നതായി കാണുന്നു. ഇതിന് പ്രധാന കാരണം കാർഷിക വൃത്തിയോടുള്ള താൽപ്പര്യകുറവ്, വിദ്യാഭ്യാസ വളർച്ച, വ്യവസായ വളർച്ച എന്നിവയാണ്. ആകെയുള്ള കർഷക കുടുംബങ്ങളിൽ പകു തി മാത്രമെ കാർഷികവൃത്തി മുഖ്യ തൊഴിലാ യി ചെയ്യുന്നുള്ളൂ. കാർഷിക വൃത്തിയിൽ പു രുഷന് 100 രൂപയും സ്ത്രീക്ക് 60 രൂപയുമാണ് കൂലി നിരക്ക്. ഇതിലും കൂടുതൽ ഉള്ള സ്ഥല ങ്ങളുമുണ്ട്. ഇത് ഏകീകരിച്ച കൂലി നിരക്കല്ല.

ജലസേചനം

മുഖ്യമായും മഴയെ ആശ്രയിച്ചാണ് കൃഷിക ൾ നടത്തുന്നത്. ജലസേചനത്തിനു വേണ്ട കുള ങ്ങളും തോടുകളും നമ്മുടെ പഞ്ചായത്തിൽ വേണ്ടത്രയില്ല. തോടുകൾ ജലസേചന സൗകര്യം

പട്ടിക X തോടുകൾ

നമ്പർ	ഒഴുകുന്ന വാർഡുകൾ	പേര്	ഒഴുകുന്ന സ്ഥലങ്ങൾ	ദൂരം കിമീ
1	XI-IX-VIII-VII	പുളിമല-എള്ളാത്ത്പടിതോട്	അമ്പലക്കണ്ടി-കൊടപ്പുറം-പെരിങ്ങാവ്	$3\frac{1}{2}$
2	I-II-III-IV-V	പുളിക്കൽ-ഐക്കരപ്പടി-പരപ്പതോട്	ചേവായൂർ-പെരിയമ്പലം, സിയാം കണ്ടം കുറിയേടം-ഐക്കരപ്പടി	6
3	X-XI-II-IV-V	ഒറുമുക്ക് കോലുവള്ളിതോട്	കുറ്റിയിൽപ്പടി, വെണ്ണാൻതൊടി, കുറിയേടം, പുത്തുപടം-ഐക്കരപ്പടി	4
4	IX-VII	മലയിട്ടിയാൽ-ചെങ്ങനശ്ശേരി തോട്	അടിവാരം, ചോലക്കോട്-വഴി പെരിങ്ങാവ്	$2\frac{1}{2}$
5	XI-VIII	കാരിപ്പുറം-പെരിങ്ങാവ്തോട്	കളരി-കുഞ്ഞാത്തൻമൂല കാരിപ്പുറം പെരിങ്ങാവ്	$1\frac{1}{2}$
6	XI,V	ചെറാപാടം-പുത്തൂപാടംതോട്	പുത്തുപാടം	1
7	IV-VI	ചേന്തിയരു-കൈതക്കുണ്ട്തോട്	കൈതക്കുണ്ട് വഴി പരപ്പിതോട്ടിൽ	$1\frac{3}{4}$
8	X-XI-IX-I-IV	പുൽക്കണ്ടി വളനിമൂല ഐക്കരപ്പടി തോട്	പുത്തുപാടം-ചെറക്കുണ്ട്-ഐടം ചെറക്കുണ്ട്-ഐക്കരപ്പടി പരപ്പ് തോട്ടിൽ ചേരുന്നു.	3
9	I	കല്ലുങ്ങൽ നൂഞ്ഞിതോട്	കുരിസനക്കൽ	3/4
10	VIII	കുഴിക്കോട്ടു മൂല-ചെമ്പ്രച്ചോല പടിതോട്	കൊടപ്പുറം	1/2
11	IX	വാക്കയിൽ തോട്	വക്കയിൽ-ഐക്കരപ്പടി	1/2

കുറഞ്ഞവയാണ്. ജനുവരി മാസത്തോടെ ഏക ദേശം തോടുകളിലും ജലം വറ്റുന്നു. തോടുക ളിൽ ചെക്ക് ഡാം (ക്രോസ്ബാർ) ഇല്ലാത്ത തിനാൽ ജലസേചനത്തിന് ഉപയോഗിക്കുവാൻ വിഷമമാണ്. എല്ലാ തോടുകൾക്കും കൈതോ ടുകൾ ഉണ്ട്. പഞ്ചായത്തിൽ പൊതുകുളങ്ങൾ താരതമ്യേന കുറവാണ്. പത്തോളം പൊതുകുള ങ്ങൾ ഉണ്ട്. ഇവയൊന്നും കാര്യമായി ജലസേച നത്തിനു ഉപയോഗിക്കുന്നില്ല. കുളങ്ങൾ, തോ ടുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഇന്ന് നിലവിലില്ല. കുളങ്ങൾ വേ നൽകാലങ്ങളിൽ വറ്റുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളുടെ വിവരവും, അവ ഒഴുകുന്ന സ്ഥലവും, ദൂരവും പട്ടിക X-ൽ നോക്കുക.

മണ്ണ്-ജല സംരക്ഷണം

കാർഷിക വൃത്തിയോട് വന്ന താൽപ്പര്യകു റവും, ഭൂമിയുടെ അളവ് കുറയലും, മണ്ണ് ജല സംരക്ഷണത്തെ ബാധിച്ചിട്ടുണ്ട്. മുൻകാലങ്ങ ളിൽ വരമ്പുകൾ ഇട്ടും അതിർത്തികളിൽ മര ങ്ങൾ വെച്ച് പിടിപ്പിച്ചും മണ്ണൊലിപ്പിനെ തടഞ്ഞി രുന്നു. എന്നാൽ ഇന്ന് മണ്ണൊലിപ്പ് കൂടുതലാ ണ്.

ബാങ്ക്: കാർഷിക വായ്പക്ക് കർഷകരെ സഹായിക്കുന്നതിന് പഞ്ചായത്തിന്റെ പരിധി യിൽ നാല് ബേങ്കുകൾ നിലവിലുണ്ട്. കർഷക ർക്ക് വേണ്ടി ലോൺ അനുവദിക്കുന്ന ബാ ങ്കുകളാണ് സൗത്ത് മലബാർ ഗ്രാമീണ ബേങ്ക് മഞ്ചേരി കോപ്പറേറ്റീവ് അർബൻ ബാങ്ക് (പെരി യമ്പലം) ചെറുകാവ് സർവ്വീസ് സഹകരണ ബേ ങ്ക് (കണ്ണം വെട്ടിക്കാവ്) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കാർഷികവികസന ശാഖ (ഐ ക്കരപ്പടി) എന്നിവ. കൃഷിക്ക് വേണ്ടി അനുവദി ക്കുന്ന വായ്പകൾ പലപ്പോഴും മറ്റു ആവശ്യ ങ്ങൾക്ക് വിനിയോഗിക്കുന്നു എന്നാണ് പൊ തുവെയുള്ള അഭിപ്രായം.

കൃഷിഭവൻ പഞ്ചായത്തിൽ 1973-മുതൽ ഒ രു കൃഷി ഓഫീസ് പെരിയമ്പലത്ത് പ്രവർത്തിച്ചി രുന്നു. 1987-ൽ സംസ്ഥാനത്തൊട്ടാകെ 'കൃഷി ഭവൻ' ഉടലെടുത്തതോടുകൂടി ഈ ഓഫീസ് ഇവിടെ നിന്നും മാറ്റപ്പെട്ടു. 1987-ൽ കർഷകർ വളരെ താൽപ്പര്യത്തോടെ സ്വാഗതം ചെയ്യപ്പെട്ട കൃഷിഭവന്റെ പ്രവർത്തനം ഇന്നും വാടക കെട്ടിടത്തിലാണ്. ആദ്യം പേങ്ങാട് ആയിരുന്ന സ്ഥാപനം ഇന്ന് ഐക്കരപ്പടിയിലാണ്. ഒരു കൃഷി ഓഫീസറടക്കം (3 കൃഷി അസിസ്റ്റന്റുമാരും ഒരു പാർട്ട് ടൈം സ്വീപ്പർ) അഞ്ച് പേരാണ് ഇവിടെയുള്ളത്.

പൊതുപ്രശ്നങ്ങൾ

ജലസേചനത്തിന് ഉപയോഗിക്കുന്ന തോ ടുകൾ ആഴവും വീതിയും കുറവാണ്. അതോടൊപ്പം ഭിത്തിയില്ലാത്തതുമാണ്.

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും, തോ ടുകളും, ഓവുപാലങ്ങളും ജല്ലാത്തതിനാൽ നീ ർക്കെട്ടു അനുഭവപ്പെടുന്നു. അതിനാൽ പ്രസ്തു ത സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ സാധി ക്കുന്നില്ല.

മണ്ണ് പരിശോധന നടക്കാത്തതിനാൽ അശാസ്ത്രീയ വളപ്രയോഗമാണ് നടക്കുന്നത്.

കർഷക തൊഴിലാളിയുടെ കൂലി നിരക്ക് കൂടു തലാണെങ്കിലും വേണ്ടത്ര സേവനം കിട്ടുന്നില്ല.

കർഷകതൊഴിലാളികളെ വേണ്ടത്ര ലഭ്യമല്ല.

പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കാനുള്ള വിഷമം അനുഭവപ്പെടുന്നു.

കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല. അതിനാൽ യഥാസമയം വിളയിറക്കാ നുള്ള വിഷമം നേരിടുന്നു.

കൃഷി ഭവന്റെ സേവനം കർഷകരുടെ പ്ര തീക്ഷക്കൊത്ത് ഉയരുന്നില്ല.

കൃഷിഭവൻ മുഖേന കർഷകർക്ക് നൽകുന്ന വിത്ത് നടീൽ വസ്തുക്കൾ എന്നിവ യഥാസമയം ലഭിക്കാത്തതിനാൽ അവ കർഷകർക്ക് പ്രയോ ജനപ്പെടുത്താൻ സാധിക്കുന്നില്ല.

നെൽകൃഷി ആദായകരവുമല്ല. സർക്കാറിൽ നിന്ന് വേണ്ടത്ര സബ്സിഡിയോ-ആനുകൂല്യമോ ലഭിക്കാത്തതിനാൽ കർഷകർ ഈ രംഗത്ത് നിന്നും പിൻവാങ്ങപ്പെടുന്നു.

കാർഷികോൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില കിട്ടുന്നില്ല.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മണ്ണൊലിപ്പ് നേരിടുന്നതിനാൽ, കർഷകൻ മണ്ണിൽ ചേർക്കുന്ന വളം പ്രയോജനമില്ലാതാ വുന്നു.

പ്രധാന വിളകളായ തെങ്ങ്, നെല്ല്, കവുങ്ങ്, മരച്ചീനി, കുരുമുളക് വാഴ, എന്നിവയ്ക്കുള്ള കുസുചീയൽ, മച്ചിങ്ങാ പൊഴിച്ചിൽ കൊമ്പൻ

ചെല്ലിയുടെ ശല്യം, മഹാളിരോഗം, പോള പൊഴിച്ചിൽ ഓല ചുരുട്ടി പുഴു, ചാഴി, കുഴൽപ്പുഴു, ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾ കാർഷിക രംഗത്ത് വൻഭീഷണിയായി തുടരുന്നു.

വാർഡുകളിലെ പ്രശ്നങ്ങൾ

പഞ്ചായത്തിൽ താഴെപറയുന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പ് കാണപ്പെടുന്നു. 1-ാംവാർഡിലെ കോളേജ് കുന്ന്, മേലേക്കാട്ട് കുന്ന്, മതിലുകളച്ചക്കണ്ടി മുന്നിയൂർകുന്ന്. 2-ാംവാർഡിലെ മേലേക്കാട്ടു, വലിയറക്കൽ. 3-ാം വാർഡിലെ കുവ്വയിൽ മൂല, തേങ്ങാട്ടുമൂല, തിരുമലതൊടി മൂല, 4-ാം വാർഡിലെ കോഴിക്കോട്ടു കുന്ന്, കാരാട് കുന്ന്, പള്ളിക്കര പുറായ് 5-ാംവാർഡിലെ കൈതക്കുണ്ട് ഭാഗം 6-ാംവാർഡിലെ ചേർങ്ങോട്ടിൽ 11-ാംമൈലിലെ കുന്നിൻ പ്രദേശം, 7-ാം വാർഡിലെ ദാനഗ്രാം. മണിയേടത്തു പുറായ് പള്ളിപ്പുറത്ത് പുറായ്. 8-ാം വാർഡിലെ കാവാട്ടു പുറായ്, പൊയ്ലിക്കര പുറായ്, അടങ്ങുംപുറത്ത്പുറായ്, കൊറ്റങ്ങോട്ടു പുറായ്, കൊഞ്ഞലത്ത്പുറായ് കാരിപ്പുറം കുഞ്ഞാത്തൂർമൂല. 9-ാംവാർഡിലെ ചോലക്കോട് കണ്ണം വെട്ടിക്കാവ് ഭാഗം, 10-ാം വാർഡിലെ ഞാറക്കാട്ട് പുറായ് ചക്കുംമ്പാറ, വെള്ളാറം പാറകുന്ന്, 11-ാം വാർഡിലെ ചെറാപ്പാടം

പറവൂർ മേഖലയിൽ ഭിത്തിയില്ലാത്തത് കർഷകർക്ക് വലിയ പ്രശ്നം സൃഷ്ടിക്കുന്നു.

പഞ്ചായത്തിലെ കൊടികുത്തിപറമ്പ് പാറമ്മൽ ഭാഗം, ചേവായൂർ വാക്കയിൽ, ചേലൂർ പടി, എളേളാളത്ത് പടി, ആലിൻ ചുവട് വെണ്ണായൂർ, ചിറക്കുണ്ട് ഭാഗം, പേങ്ങാട് മുറിവായിക്കൽ, കൊടപ്പുറം എന്നീ ഭാഗങ്ങളിൽ വെള്ളം കെട്ടി നിന്ന് കൃഷി നശിക്കുന്നു. പഞ്ചായത്തിലെ ചേവായൂർ, കുവ്വയിൽ മൂല, കുതിരക്കോട്ടു പടി, ചെറാപ്പാടം, കൊടപ്പുറം പേങ്ങാട്, പുതുക്കോട്-പറവൂർ എന്നീ ഭാഗങ്ങളിൽ ട്രാക്ടർ വയലിലേക്ക് ഇറക്കാൻ വിഷമം നേരിടുന്നു.

- കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ലഭിയ്ക്കായ്മ

- ഡിസംബർ അവസാനത്തോടെ തോടുകളിലും, കുളങ്ങളിലും വെള്ളം വറ്റുന്നതിനാൽ മൂന്നാം വിള ഇറക്കാനുള്ള വിഷമം.

- 9-ാം വാർഡിലെ ക്രഷർ ഉയർത്തുന്ന പൊടിശല്യം

- 8-ാം വാർഡിലെ മഠംഗലങ്ങാട്ടു-പാണ്ടൻ കാളി ഫുട്പാത്തുകളിൽ താവളമാക്കിയ എലികളുടെ ശല്യം.

- 7-ാം വാർഡിലെ പെരിങ്ങാവ് സ്ക്കൂൾ പുറായിൽ നിന്ന് റോഡിൽ കൂടി ഒഴുകി വരുന്ന വെള്ളം. താഴെ ഭാഗത്തെ കൃഷി നശിപ്പിക്കുന്നു.

-എട്ടാം വാർഡിലെ കൊറ്റൻങ്ങോട്ടു പുറായിൽ നിന്നും കൊഞ്ഞലത്ത് പുറായിൽ നിന്നും ഒഴുകി വരുന്ന വെള്ളം കൃഷി നശിക്കുന്നു.

-2-ാം വാർഡിലും, 7-ാംവാർഡിലും, 8-ാംവാർഡിലും, 3-ാംവാർഡിലും ഉൽപ്പന്നങ്ങൾ കൊണ്ടു വരുന്നതിന് ഫാം റോഡുകൾ ഇല്ലാത്തതിനാൽ കർഷർ ബുദ്ധിമുട്ടുന്നു.

പൊതുനിർദ്ദേശം

പേങ്ങാട് അങ്ങാടിയിൽ നിന്നും 11-ാം മൈലിലേക്ക് റോഡ് അരികിലൂടെ തോട് നിർമ്മിക്കുക. അതോടൊപ്പം റോഡിൽ കുറുകെ ചുരുങ്ങിയത് മൂന്ന് ഓവുപാലവും കൂടി സ്ഥാപിച്ചാൽ ആറാം വാർഡിലെ നീർക്കെട്ട് ഒഴിവാക്കുകയും, അതോടൊപ്പം കൃഷിയെയും, റോഡിനെയും വെള്ളത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യാം.

7,8,9,11 വാർഡുകളിലെ കർഷകർ കൃഷിക്ക് വേണ്ടി ആശ്രയിക്കുന്ന പുളിമല-എള്ളാത്ത്പടിതോട് (ദൂരം 31/2 കി.മീ.) ഇതിൽ വന്ന് ചേരുന്ന കുഴിക്കോട്ടുമൂല തോടും(1/2കി.മീ) മലവെട്ടിച്ചാൽ-ചെങ്ങണശ്ശേരി തോടും (21/2 കി.മീ) കാരിപ്പുറം തോടും (11/2കി.മീ.) ആഴവും, വീതിയും കൂട്ടി സൈഡ് കെട്ടിയാൽ, ഈ ഭാഗങ്ങളിലെ നെൽകൃഷി മൂന്ന് വിളയും എടുക്കുവാനും ജലദൗർല്ലഭ്യം പരിഹരിക്കുവാനും സാധിക്കും. സൈഡ്ഭിത്തി ഫൂട്ട്പാത്തായി ഉപയോഗിക്കുകയും ചെയ്യാം. ഈ തോടിന് കൊടപ്പുറം,കുന്നത്ത്പടി മൂത്തേടത്ത് പടി കിഴക്കേടത്ത് പടി, മുറിവായിക്കൽ, എടശ്ശേരിപടി എന്നീ സ്ഥലങ്ങളിൽ ക്രോസ് ബാർ സ്ഥാപിക്കുകയും വേണം.

10-11-9,2,4,5 വാർഡുകളിൽ ജലസേചനത്തിന് ഉപയോഗിക്കുന്ന പുത്തൂപാടം, ചെറക്കുണ്ട് വഴി ഒഴുകുന്ന പുൽക്കണ്ടി വാളനിമൂല ഐക്കരപ്പടി തോടും (3കി.മീ.) ഒറുമുക്ക് തുടങ്ങി കുറ്റിയിൽപ്പടി വഴി കോലുവള്ളി തോടും (4കി.മീ.) ആഴവും, വീതിയും കൂട്ടി സൈഡ് ഭിത്തി കെട്ടിയാൽ ഈ ഭാഗങ്ങളിലെ നീർക്കെട്ട് ഒഴിവാക്കാനും, ജലസേചന സൗകര്യം വർദ്ധിപ്പി

ക്കുവാനും സാധിക്കും.

ചെറാപ്പാടം-പുത്തൂപാടം തോടും (1 കി.മീ.) ചേനിയരു-കൈതക്കുണ്ട തോടും ആഴം കൂട്ടി സൈഡ് ഭിത്തി കെട്ടിയാൽ 11,5,6 എന്നീ വാർഡുകളിലെ കൃഷിക്കാർക്ക് ജലസേചനസൗകര്യം ലഭ്യാക്കാം.

പെരിങ്ങാവ് പ്രദേശത്തെ നീരുറവയായ കരിന്നായി ചോലയിൽ നിന്നും ഒഴുകി വരുന്ന വെള്ളം തോട് നിർമ്മിച്ച് (500 മീറ്റർ) പുളിമല-എള്ളാത്ത് പടി തോട്ടിൽ യോജിപ്പിച്ചാൽ കൊടപ്പുറം ഭാഗത്തെ നീർക്കെട്ട് ഒഴിവാക്കുകയും ഈ ഭാഗത്തെ കൃഷിക്കാർക്ക് മൂന്നുവിള എടുക്കുവാൻ സൗകര്യപ്രദമാവുകയും ചെയ്യും.

1,2,3,4,5 എന്നീ വാർഡുകളിലൂടെ ഒഴുകുന്ന (സിയാം കണ്ടം, കുറിയേടം വഴി) പുളിക്കൽ ഐക്കരപ്പടി തോട് ആഴവും വീതിയും കൂട്ടുക. പ്രസ്തുത തോട്ടിൽ വന്ന് ചേരുന്ന വാക്കയിൽ തോട് ആഴവും വീതിയും കൂട്ടി സൈഡ കെട്ടുകയും ചെയ്താൽ ഈ ഭാഗങ്ങളിലെ കർഷകർക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും നല്ല രീതിയിൽ കൃഷിയിറക്കുവാനും സാധിക്കും. ആലിൻ ചുവടു മുതൽ തിരുണ്ടിവരെയുള്ള വെണ്ണായൂർ കൈത്തോട് നീർ മറിപ്രദേശ വികസന പദ്ധതിയിൽ പഞ്ചായത്തിലെ ഉൾപ്പെടുത്തണം.

പഞ്ചായത്തിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

കംബോസ്റ്റ് വളം നിർമ്മിച്ചു കൊടുക്കുവാൻ പഞ്ചായത്ത് തലത്തിൽ കേന്ദ്രം സ്ഥാപിക്കുക.

പഞ്ചായത്തിൽ കർഷക നഴ്സറികളും, കൃഷിഭവന്റെ ഉപകേന്ദ്രവും, വളം ഡിപ്പോകളും അനുവദിക്കുക.

മാരകമായ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുക

ജൈവവള ഉൽപ്പാദന കേന്ദ്രം സ്ഥാപിക്കുക.

പഞ്ചായത്തിൽ ഓർക്കിഡ്, ആന്തൂരിയം കൃഷി വികസിപ്പിക്കാൻ സാമ്പത്തിക സഹായം നല്കണം.

കൃഷിഭവൻ ഉദ്യോഗസ്ഥർ വാർഡുകൾ സന്ദർശിച്ച് യഥാസമയം കർഷകർക്കുള്ള ആനുകൂല്യം എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

കാർഷികവിള സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

പാടശേഖര കമ്മറ്റികൾ മുഖേന കാര്യക്ഷമമായി വിത്തുകളും, നടീൽ വസ്തുക്കളും കീടനാശിനികളും കർഷകർക്ക് എത്തിക്കുക.

തരിശുഭൂമിയിൽ കശുമാവ് വെച്ചുപിടിപ്പിക്കുന്നതിനും വിത്തുകൾ സംഭരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുക.

വിള ഇൻഷൂറൻസ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെപ്പറ്റിയും കൃഷിക്കാർക്കുള്ള പദ്ധതികളെപറ്റിയും, കർഷകർക്ക് ബോധവൽക്കരണം നടത്തണം.

കാർഷിക മേഖലയിൽ ദീർഘകാല വായ്പ അനുവദിക്കുക

ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കണം

വിള നാശം സംഭവിക്കുന്ന കർഷകർക്ക് സാമ്പത്തിക സഹായം എത്രയും പെട്ടെന്ന് ലഭ്യാക്കണം.

കർഷകർക്ക് ആവശ്യമായ യന്ത്രോപകരണങ്ങളായ ട്രാക്റ്റർ ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തു യന്ത്രം, കീടനാശിനി ഉപകരണങ്ങൾ, തെങ്ങു കയറ്റ യന്ത്രം തുടങ്ങിയവ ഉപയോഗപ്രദമായ രീതിയിൽ ലഭ്യമാക്കണം.

ഗവൺമെൻറ് തലത്തിൽ കൃഷിഭവന് സ്വന്തമായി കെട്ടിടം ആവശ്യമാണ്. അതോടൊപ്പം നടീൽ വസ്തുക്കൾ സൂക്ഷിക്കുന്നതിന് പ്രത്യേക സ്ഥലം വേണം. സ്ത്രീകൾക്കും, പുരുഷന്മാർക്കും, സ്വയം തൊഴിൽ പ്രവർത്തനം വികസിപ്പിക്കുവാൻ മൾബറി കൃഷിയും, പട്ടുനൂൽ വളർത്തലം ആരംഭിക്കുക.

നടീൽ വസ്തുക്കൾ ആവശ്യമായ സമയത്ത് എത്തിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ ഒരു വാഹനം ആവശ്യമാണ്.

കർഷകർക്ക് ട്രാക്റ്റർ ഇല്ലാത്തതിനാൽ യഥാസമയം കൃഷിയിറക്കാൻ സാധിക്കുന്നില്ല. അതിനാൽ കൃഷിഭവന് ട്രാക്റ്റർ അനുവദിച്ചു തരുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

മൂന്നാം വാർജിലെ അമ്പലകുളം, ആറാം വാർഡിലെ ചേലം ചിറ, ചേർങ്ങോട്ടു മൂലയിൽ കുളം, എട്ടാം വാർഡിലെ കുടൽകുളം, വെള്ളക്കോട്ടുതാഴെ കുളം എന്നിവ ആഴവും, വീതിയും കൂട്ടി സൈഡു കെട്ടുക.

ഒന്നാം വാർഡിലെ കൊടക്കാട്ടുകുണ്ട്, പൊന്നാട്ടുപടി, എറമ്പള്ളിക്കുളം, അഞ്ചാം വാർഡിലെ ചൂരക്കായി, ഒൻപതാം വാർഡിലെ ചോ

ലക്കോട്, 11-ാംവാർഡിലെ ചെറക്കുണ്ട്. കല്ലറച്ചാലി ചെകുത്താൻ കുളം എന്നിവ സംരക്ഷിക്കാൻ വേണ്ട നടപടി വേണം.

പഞ്ചായത്തിലെ നീർക്കെട്ടു അനുഭവപ്പെടുന്ന സ്ഥലങ്ങളിലെ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി 1-ാംവാർഡിലെ പാറമ്മൽ ഭാഗത്തും, 10-ാം വാർഡിലെ കളത്തിൽ പടി, ലാഗയിൽപടി, കറുകശ്ശീരിപ്പടി, 4-ാംവാർഡിലെ വെണ്ണായൂർ ഭാഗത്തും റോഡിനു കുറുകെ ഓവുപാലങ്ങൾ സ്ഥാപിക്കണം.

നാലാം വാർഡിലെ ചേലൂർ പടിയിൽ ഇപ്പോഴത്തെ ഓവു മാറ്റി പുതിയ ഓവു പാലം നിർമ്മിച്ച് നീർക്കെട്ട് ഒഴിവാക്കാം.

4-ാംവാർഡിലെ ചാക്യാർ പടിയിൽ നിന്നും തുടങ്ങി ആലിൻ ചുവട്ടിലേക്കും, മൂന്നാം വാർഡിലേ കുവ്വയിൽ മൂലയിൽ നിന്നും വാക്കയിൽ തോട്ടിലേക്കും കൈതോടുകൾ നിർമ്മിച്ച് ഈ ഭാഗങ്ങളിലെ നീർക്കെട്ട് പ്രശ്നം പരിഹരിക്കാം.

എട്ടാം വാർഡിലെ മുറിവായിക്കൽ അങ്ങാടിയിലെ തോടു വീതി കൂട്ടി ഈ ഭാഗത്തെ വെള്ളക്കെട്ട് പരിഹരിക്കാം.

ഏഴാം വാർഡിലെ പുതുക്കോട് തോട് കനാൽ പദ്ധതിയിൽ ഉൾപ്പെടുത്തുക.

എള്ളാത്ത്പടി-പുളിമല തോടും കനാൽ പദ്ധതിയിൽ ഉൾപ്പെടുത്തുക.

ഏഴാം വാർഡിലെ പെരിങ്ങാവ് സ്കൂളിന് മുകളിൽ നിന്ന് വരുന്ന വെള്ളം റോഡിന് സൈഡിൽ കാവച്ചാലിലൂടെയും, നിലവിലുള്ള ഓവുപാലം തുറക്കുകയും ചെയ്താൽ കൃഷിയെ നാശത്തിൽനിന്നും രക്ഷിക്കാം.


എട്ടാംവാർഡിലെ കൊറ്റങ്ങോട്ടു പുറായിൽ നിന്ന് ഒഴുകി വരുന്ന മലവെള്ളം തോടു നിർമ്മിച്ചും, ഓവുപാലം തുറന്നും ഒഴുക്കിയാൽ റോഡിനെയും, കൃഷിയെ സംരക്ഷിക്കാൻ സാധിക്കും.

കൊഞ്ഞലത്ത് പുറായിൽ നിന്ന് ഒഴുകി വരുന്ന മഴവെള്ളം ഇവഴികളിൽ കെട്ടിനിന്ന് റോഡും കൃഷിയും, കുളവും നശിക്കുന്നുണ്ട്. ഇത് തടയാൻ സംവിധാനം വേണം.


കാർഷിക ഉൽപ്പന്നങ്ങൾ കൊണ്ടു വരുന്നതിന്വേണ്ടി 12-ാം വാർഡിലെ ചെറക്കുണ്ട് കോലുവള്ളി - 8-ാം വാർഡിലെ മംഗലങ്ങാട്ടുപടി, ചെങ്ങനശ്ശേരി എന്നിവിടങ്ങളിൽ ഫാം റോഡു നിർമ്മിക്കുക.

ഭൂമി തരം മാറ്റുമ്പോൾ കൃഷിഭവന്റേയും പഞ്ചായത്ത് സമിതിയുടെയും അനുമതി തേടണം.

പഞ്ചായത്തിലെ സിയാംകണ്ടത്തും, പേങ്ങാട്ടും സംഭരണശാലയും, പെരിയമ്പലത്തും, കണ്ണംവെട്ടിക്കാവിലും വളംഡിപ്പോയും ചെറാപ്പാടത്തും, പേങ്ങാടും കംബോസ്റ്റ് നിർമ്മാണ കേന്ദ്രവും, പുതുക്കോടും പറവൂരിലും കൃഷിഭവന്റെ ഉപകേന്ദ്രവും, പെരിങ്ങാവിലും പുത്തുപാടത്തും കാർഷിക നഴ്സറിയും സ്ഥാപിക്കുക. സ്ത്രീകൾക്കും പുരുഷന്മാർക്കും സ്വയംതൊഴിൽ പ്രവർത്തനം വികസിപ്പിക്കുമാറ് പട്ടുനൂൽപുഴു വളർത്തി മൾബറി കൃഷിചെയ്യുക.



മൃഗസംരക്ഷണം



ഭാരതീയർ നവീന ശിലായുഗംമുതൽ കന്നുകാലികളെ വളർത്തി വരുന്നു. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നമേഖലയാണ് മൃഗസംരക്ഷണ മേഖല. നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ വേണ്ടത്ര പുരോഗതിയില്ല. ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ ആട്, പശു, എരുമ എന്നിവയാണ്. പശുക്കളിൽ പകുതിയോളം സങ്കരയിനവും ബാക്കി നാടനുമാണ്. പ്രധാന വളർത്തു പക്ഷി കോഴിയാണ്. നാടൻ കോഴികളും സങ്കരയിനത്തിൽപെട്ട ലഗോൺ, ബ്രോയ്ലർ എന്നിവയും ഇതിൽപ്പെടുന്നു.

ഒന്നാംവാർഡിൽ ഒരു പാൽ സൊസൈറ്റി നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട്. ചെറുകാവ് പഞ്ചായത്തിലെ ക്ഷീര കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ അടുത്ത ചായക്കടകളിലും വീടുകളിലുമായി വിൽക്കുന്നു.

കർഷകർ പൊതുവെ കാലിത്തീറ്റ വില കൊടുത്ത് വാങ്ങുകയാണ്. കാലിത്തീറ്റയുടെ ഇപ്പോഴത്തെ വില കൂടുതലാണ്. മേച്ചിൽപ്പുറങ്ങളുടെ അഭാവം ഈ രംഗത്ത് പ്രകടമാണ്.

1996 മാർച്ച് 31-ന് നമ്മുടെ പഞ്ചായത്തിന് ഒരു മൃഗാശുപത്രി അനുവദിച്ചു കിട്ടിയെങ്കിലും വേണ്ട തരത്തിൽ പ്രവർത്തനക്ഷമമായിട്ടില്ലാത്തതിനാൽ ഡോക്ടറുടെ സേവനം മതിയായ രീതിയിൽ ക്ഷീരകർഷകർക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഈ രംഗത്ത് സിയാംകണ്ടത്തിലുള്ള സബ്ബ്-സെൻറർ കുറെ സഹായകമാണ്.

വളർത്തുമൃഗങ്ങൾ – സംഖ്യ

കാള (നാടൻ)		കാള (സങ്കരം)		പശു (നാടൻ)		പശു (സങ്കരം)		എരുമ		പോത്ത്	ആട്	പട്ടി
വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളവ	കറവ ഇല്ലാത്തത്	കറവ ഉള്ളവ	കറവ ഇല്ലാത്തത്	കറവ ഉള്ളവ	കറവ ഇല്ലാത്തത്			
14	220	28	92	360	185	320	189	30	12	58	3850	350

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം ഇനം	ആകെ	കൃത്രിമബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2ൽ അധികം തവണ ബിജസങ്കലനം വേണ്ടി വരുന്നവ
പശു	725	450	85
കിടാവ്	145	120	65

"പാവങ്ങളുടെ പശു" എന്നറിയപ്പെടുന്ന ആട് പാവപ്പെട്ട മിക്ക കുടുംബങ്ങളിലുമുണ്ട്. ബഹുഭൂരിപക്ഷവും നാടനാണ്. 'മലബാറി' വിഭാഗത്തിൽപെട്ടവ വളരെ കുറവാണ്. തൊഴിൽ രഹിതരായ വീട്ടമ്മമാരുടെ പ്രധാന വരുമാന മാർഗ്ഗമാണ് ആടുവളർത്തൽ. ആട്ടിറച്ചിയുടെ വില അതിന്റെ ഗുണമേന്മകൊണ്ടും ദൗർലഭ്യം കൊണ്ടും കൂടി വരികയാണ്. ഇത് ആട് വളർത്തുകാർക്ക് ആശ്വാസകരമാണ്.

എരുമ വളർത്തൽ ചെറുകാവ് പഞ്ചായത്തിൽ വളരെ കുറവാണ്.

വളർത്തുമൃഗങ്ങൾക്ക് പിടിപെടുന്ന രോഗങ്ങൾ ഈ രംഗത്തെ പ്രധാന ഭീഷണിയാണ്.

ചെറുകാവ് പഞ്ചായത്തിലെ 60% വടുകളിലും കോഴി വളർത്തൽ ഉണ്ട്. കൂടുതലും നാടൻ കോഴികളാണ്. വീടുകളിൽ വളർത്തുന്നവയുടെ എണ്ണം വളരെ കുറവാണ്. 3,5,7 വാർഡുകളിൽ ഇറച്ചിക്കോഴി വളർത്തൽ ഓരോ ചെറു യൂനിറ്റുകൾ ഉണ്ട്. നാടൻ കോഴിമുട്ടയും നാടൻ കോഴി ഇറച്ചിയ്ക്കും ദൗർലഭ്യം നേരിടുന്നു.

താറാവു വളർത്തൽ പഞ്ചായത്തിൽ ചുരുക്കം വീടുകളിലേയുള്ളൂ.

വളർത്തുമൃഗങ്ങളുടെ പ്രധാന രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	പന്നി	കോഴി	പൂച്ച	മറ്റുള്ളവ
1	ദഹന സംബന്ധമായവ	231	-	186	15	-	450	4	-
2	ശ്വാസകോശസംബന്ധമായവ	141	-	128	5	-	320	-	-
3	ഉപാപചയ സംബന്ധമായവ	50	-	26	-	-	2	-	-
4	ത്വക്ക് രോഗങ്ങൾ	320	-	92	92	-	46	36	-
5	അപര്യാപ്തതാ രോഗങ്ങൾ	411	-	138	8	-	4	-	-
6	പരാദ രോഗങ്ങൾ	350	-	217	126	-	650	28	-
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	251	-	67	18	- 4	-	-	
8	വന്ധ്യത	88	-	31	4	-	110	-	-
9	അകിടുവീക്കം	361	-	125	-	-	-	-	-
10	മുടന്തൻ പനി	168	-	-	-	-	-	-	-
11	പകർച്ച വ്യാധികൾ	98	-	8	2	-	520	27	-

വളർത്തുപക്ഷികളുടെ സംഖ്യ

ക്രമനമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ട ഇടാത്തത്	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	
	1150	3050	4750	22	63	176

ചെറുകാവ് പഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ തേനീച്ച വളർത്തലും മുയൽ വളർത്തലും ഇല്ല.

ഇവിടെ പന്നി വളർത്തൽ തീരെയില്ല.

പഞ്ചായത്തിൽ മത്സ്യം വളർത്തലില്ല.

നിർദ്ദേശങ്ങൾ-സാധ്യതകൾ

പഞ്ചായത്തിൽ ഒരു ക്ഷീര സഹകരസംഘം കൂടി സ്ഥാപിക്കണം. സംഘത്തിന്റെ ബ്രാഞ്ചുകൾ ആവശ്യമായ വാർഡുകളിൽ പ്രവർത്തിക്കണം സൊസൈറ്റി മുഖേന സ്വിസ് ബ്രൗൺ, ജേഴ്സി തുടങ്ങിയ അത്യുല്പാദനശേഷിയുള്ള നല്ലയിനം പശുക്കളെ ദീർഘകാല വായ്പാരീതിയിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്യണം. കാലിത്തീറ്റ മിതമായ വിലയ്ക്ക് സംഘം മുഖേന വിതരണം ചെയ്യണം. പാൽ വിപണന സൗകര്യം വർദ്ധിപ്പിക്കണം. പുൽവിത്തുകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്ത് പുൽകൃഷി പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിന് ഇപ്പോൾ അനുവദിച്ചു കിട്ടിയ മൃഗാശുപത്രി എത്രയും വേഗം നല്ലനിലയിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഏതു സമയത്തും ഡോക്ടറുടെ സേവനം ലഭ്യമാകത്തക്കരീതിയിൽ വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ആവശ്യത്തിന് സബ്സെന്ററുകൾ സ്ഥാപിക്കണം. ഡോക്ടറുടേയും ലൈവസ്റ്റോക്ക് അസിസ്റ്റന്റുമാരുടേയും സാന്നിദ്ധ്യത്തിൽ ക്ഷീരകർഷകർ ഒരുമിച്ചു കൂടി ഈ രംഗത്തെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും മാസത്തിൽ ഒരു തവണയെങ്കിലും ചർച്ചചെയ്യണം.

ക്ഷീരകർഷകർക്ക് മൃഗസംരക്ഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് അറിവു ലഭിക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസ്സുകളും സെമിനാറുകളും ആറുമാസം കൂടുമ്പോൾ നടത്തണം. കോട്ടക്കൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മൃഗസംരക്ഷണവകുപ്പിന്റെ മോബൈൽ യൂണിറ്റിന്റെ സൗജന്യ സിനിമാ പ്രദർശനങ്ങളും മറ്റും ഉപയോഗപ്പെടുത്തണം.

കന്നുകുട്ടി പരിപാലന പദ്ധതിയിൽ ചെറുകാവ് പഞ്ചായത്തിനെ ഉൾപ്പെടുത്തണം. ഇതിലൂടെ ക്ഷീരകർഷകർക്ക് നല്ല നേട്ടങ്ങൾ കൈവരിയ്ക്കാനാവും.

പഞ്ചായത്തിൽ എരുമ വളർത്തൽ പ്രോൽസാഹിപ്പിക്കണം. എരുമകളെ കറക്കാനുള്ള വിഷമം മൂലം പലരും ഇവയെ വളർത്താൻ തയ്യാറാകുന്നില്ല. അതിനാൽ വാർഡ് തലങ്ങളിൽ കറവ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് കുറച്ചുപേർക്കെങ്കിലും സ്വയംതൊഴിൽ നേടുന്നതിന് അവസരമാകും.

ബയോഗ്യാസ് പ്ളാൻറുകൾ സ്ഥാപിക്കാൻ ക്ഷീര കർഷകരെ സഹായിക്കണം.

നല്ല നിലയിൽ ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രണ്ട് ക്ഷീരകർഷകർക്ക് വർഷം തോറും പാരിതോഷികങ്ങൾ നൽകി ബഹുമാനിക്കണം. ക്യാഷ് അവാർഡ് തന്നെ നൽകാവുന്നതാണ്. ശരിയായ ക്ഷീരകർഷകനായി 15 വർഷം പൂർത്തിയാക്കുന്നവർക്ക് പെൻഷൻ നൽകണം.

പഞ്ചായത്തിലെ മൊത്തം കന്നുകാലികളെയും ഇൻഷ്വറൻസ് പദ്ധതിയിൽപെടുത്തണം.

കന്നുകാലികളുടെ മലമൂത്രവിസർജ്ജന വസ്തുക്കൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഉപയോഗിച്ചാൽ നല്ല വളമാണ്. ഇക്കാര്യത്തിൽ ക്ഷീര കർഷകർക്ക് വേണ്ടുന്ന പരിശീലനവും സഹായവും നൽകണം. ഇങ്ങനെ ഉണ്ടാക്കുന്ന വളം ആവശ്യം കഴിഞ്ഞ് വിൽക്കാനുള്ള സാദ്ധ്യത ഏറെയാണ്. ഇതിലൂടെ സാമാന്യം സാമ്പത്തികനേട്ടം ക്ഷീരകർഷകർക്ക് ഉണ്ടാക്കാം.

നമ്മുടെ പഞ്ചായത്തിൽ 'മലബാറി' ഇനം ആടുകളെ വളർത്താൻ പറ്റിയ സാഹചര്യങ്ങൾ ധാരാളമുണ്ട്. ഇക്കാര്യത്തിൽ വേണ്ടുന്ന സഹായ സഹകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കണം.

നമ്മുടെ പഞ്ചായത്തിലെ ഓരോ വാർഡിലും കോഴി വളർത്തൽ വിപുലമായ രീതിയിൽ നടപ്പാക്കണം. കോഴിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കണം.

ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴി വളർത്തലും ഒരു കുടിൽ വ്യവസായമായി മാറ്റാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഇതിന് താല്പര്യമുള്ളവരെ, വിശിഷ്യാ തൊഴിൽരഹിതരായ യുവജനങ്ങളെ പ്രോൽസാഹിപ്പിക്കണം.

മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഗുണമേന്മ കുറഞ്ഞ കോഴി, കോഴിമുട്ട എന്നിവയുടെ വരവ് നിയന്ത്രിക്കണം.

തേനീച്ച വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവ പ്രോൽസാഹിപ്പിക്കണം.

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലക്കുളങ്ങൾ


പരിമിതമാണെങ്കിലും താല്പര്യമുള്ളവർക്ക് അനുയോജ്യമായ മത്സ്യക്കുഞ്ഞുങ്ങളെ നൽകി സഹായിക്കണം.

പഞ്ചായത്തിൽ അലഞ്ഞു തിരിയുന്ന കന്നുകാലികളെ ക്യാറ്റിൽ പൗണ്ടിൽ പിടിച്ചുകെട്ടി പിഴ ചുമത്തണം.

നായ്ക്കളെ വളർത്തുന്നതിനുള്ള നിയമം കർശനമാക്കണം. പേപ്പട്ടി ശല്യത്തിൽ നിന്ന് നാട്ടുകാരെ രക്ഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ഡോക്ടറുടെ സർട്ടിഫിക്കറ്റ് മുഖേന രോഗമില്ലെന്ന് ഉറപ്പാക്കിയ മൃഗങ്ങളെ മാത്രമേ കശാപ്പുചെയ്യാവൂ എന്ന നിയമം കർശനമായി നടപ്പാക്കണം. ഇതു മൂലം മനുഷ്യരുടെ ആരോഗ്യം സംരക്ഷിക്കുന്നതോടൊപ്പം കന്നുകാലിരോഗം ഒരു സ്ഥലത്ത് നിന്ന് മറ്റൊരിടത്തേയ്ക്ക് വ്യാപിക്കാനുള്ള സാദ്ധ്യത കുറയ്ക്കാനും സഹായകമാണ്.

പരസ്പരസഹകരണം, സ്ത്രിരോൽസാഹം, ത്യാഗസന്നദ്ധത എന്നിവയിലൂന്നിക്കൊണ്ട് മാതൃകാപരമായ ഒരു മൃഗസംരക്ഷണ പദ്ധതിയിലൂടെ ചെറുകാവ് പഞ്ചായത്തിലെ ക്ഷീരകർഷകർ മുന്നേറിയാൽ അത് നമ്മുടെ മൊത്തത്തിലുള്ള പുരോഗതിക്ക് വഴിയൊരുക്കും.



വികസനമേഖലകൾ

ദ്വിതീയം

വ്യവസായം, ഊർജ്ജം, ഗതാഗതം

മാർക്കറ്റ്, പാർപ്പിടം

വ്യവസായം

വ്യവസായമേഖലയിൽ ചെറുകാവ് പഞ്ചായത്തിന് വളരെകാലത്തെ ചരിത്രമൊന്നും അവകാശപ്പെടാനില്ലെങ്കിലും 1930-കളിൽ നമ്മുടെ പഞ്ചായത്തിലും പുളിക്കലും കേന്ദ്രമായി നൂൽനൂൽപ്പ്, എണ്ണയാട്ട കേന്ദ്രങ്ങൾ, ഗഡ്സ് നിർമ്മാണം എന്നിവ മോശമല്ലാത്ത രീതിയിൽ നടന്നിരുന്നു.

1974-ൽ മലപ്പുറം ജില്ലക്ക് ലഭിച്ച പത്ത് മിനി ഇൻറസ്ട്രീയൽ എസ്റ്റേറ്റുകളിൽ ഒന്ന് അന്നത്തെ പഞ്ചായത്ത് ബോർഡ് പ്രസിഡണ്ട് പി.പി. അബ്ദുൽഗഫൂർ മൗലവിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ അശ്രാന്ത പരിശ്രമഫലമായി നമ്മുടെ പഞ്ചായത്തിന് ലഭിക്കുകയും അത് പെരിയമ്പലത്തിനടുത്തുള്ള ഇന്നത്തെ 'മിനി' എന്നറിയപ്പെടുന്ന പ്രദേശത്ത് സ്ഥാപിക്കുകയും ചെയ്തു. ഇതിൻെറ സ്ഥാപനത്തോടു കൂടിയാണ് ചെറുകാവിൽ ആധുനിക വ്യവസായത്തിന് നാന്ദി കുറിച്ചത്. ഇതോടെ കൂടുതൽ കൂടുതൽ വ്യവസാസംരംഭങ്ങൾ ഉയർന്നു വരാൻ തുടങ്ങി.

ഫറോക്ക് മേഖലയിൽ ഓട് വ്യവസായം തഴച്ചുവളർന്നതോടെ ആരോഗ്യമുള്ള തൊഴിലാളികൾ ജോലിക്കായി അങ്ങോട്ട് നീങ്ങിയതിൻെറ ഫലമായി ഐക്കരപ്പടി, പേങ്ങാട്, പെരിങ്ങാവ്, ചെറാപ്പാടം, പുളിക്കൽ എന്നിവിടങ്ങളിൽനിന്നും ധാരാളം പേർ ഓട് വ്യവസായ തൊഴിലാളികളായി മാറി.

പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളായിരുന്നു. ഇവർ ജോലി ലഭ്യതയ്ക്കനുസരിച്ച് ഫറോക്ക് മുതൽ പൂക്കോട്ടൂർ വരെയുള്ള സ്ഥലങ്ങളിൽ ജോലിക്കായി പോയിരുന്നു. ഒഴിവുകാലങ്ങളിൽ വീട്ടിലിരുന്ന് ഓലമെടയൽ, പച്ചത്തൊണ്ട് തല്ലി ചൂടി പിരിക്കൽ, പനയോലക്കുട നിർമ്മാണം, പായനെയ്ത്ത്, മുറം, കുട്ടനിർമ്മാണം എന്നീ ഉപതൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. കൊണ്ടോട്ടി കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ബീഡിവ്യവസായത്തിലേക്കും ഇവിടെ നിന്ന് ആളുകൾ പോയിരുന്നു.

രജിസ്റ്റർ ചെയ്തതും അല്ലാത്തവയും, ചെറുതും വലുതുമായ നൂറോളം വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചാത്തിലുണ്ട്. ഇവയിലെല്ലാം കൂടി രണ്ടായിരത്തിലധികം തൊഴിലാളികൾ ജോലി നോക്കുന്നു. കുറഞ്ഞശതമാനം തൊഴിലാളികൾ പഞ്ചായത്തിന് പുറത്തുള്ള വ്യവസായ ശാലകളിൽ ജോലിചെയ്യുന്നു. പഞ്ചായത്തിൽ പൊതുമേഖലയിലോ, സഹകരണമേഖലയിലോ വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. ജോയൻറ് സെക്ടറിൽ പ്രവർത്തിച്ചിരുന്ന ഐക്കരപ്പടിയിലെ K.T.C Tyres ലക്ഷ്യപ്രാപ്തി കൈവരിക്കും മുമ്പെ അടച്ചുപൂട്ടുകയും ചെയ്തു. ഇപ്പോൾ പുതിയ ഒരു സ്വകാര്യമാനേജ്മെൻറിനു കീഴിൽ ഉൽപ്പാദനം നടത്താനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

തെക്കേ ഇൻഡ്യയിലെ പ്രധാന ശീതള പാനീയനിർമ്മാണ കമ്പിനിയായ ശക്തിസോഫ്ട് ഡ്രിങ്ക്സ് ഐക്കരപ്പടിയിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തിനു അകത്തും പുറത്തും പ്രശസ്തിയാർജ്ജിച്ച ചെരുപ്പുകമ്പിനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

പ്രശസ്ത മിഠായി നിർമ്മാണശാലയായ സാംകോ കൺഫക്ഷണറി ഐക്കരപ്പടിയിൽ പ്രവർത്തിക്കുന്നു. പെരിയമ്പലത്തുള്ള ജ.പി.പി. മൂസ്സാഹാജി സ്ഥാപിച്ച ഈർച്ചമില്ലാണ് പഞ്ചായത്തിലെ ആദ്യവ്യവസായ സ്ഥാപനമായി കരുതപ്പെടുന്നത്. ഇവ കൂടാതെ പഞ്ചായത്തിൽ അഞ്ച് ഈർച്ചമില്ലുകൾ പ്രവർത്തിക്കുന്നു.

വലുതും ചെറുതുമായ 65 ഓളം കരിങ്കൽക്വാറികളും 15ഓളം ചെങ്കൽക്വാറികളും വൻകിട ക്രഷർ യൂനിറ്റുകളായ 7 എണ്ണവും പ്രവർത്തിക്കുന്നു. ഇവകൂടാതെ വലുതും ചെറുതുമായ വ്യവസായസ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം
1.	ഈർച്ചമില്ല്	6
2	ഇൻഡസ്ട്രീയൽസ്	6
3.	ചെരുപ്പ് കമ്പനി	6
4.	തീപ്പെട്ടി	2
5.	പ്ലൈവുഡ് നിർമ്മാണം	2
6.	ശീതളപാനീയം	1
7.	മിഠായി നിർമ്മാണം	5
8.	ക്രഷർ യൂനിറ്റ്	7
9.	പ്ലാസ്റ്റിക് കവർ	3
10.	ഫ്ലോർമിൽ	12
11.	എണ്ണയാട്ട്	6
12.	ഫർണ്ണീച്ചർ	3
13.	വർക്ക് ഷോപ്പുകൾ	9
14.	കരിങ്കൽ ക്വാറികൾ	65
15.	ചെങ്കൽ ക്വാറികൾ	15
16.	ഇഷ്ടിക	16
17.	പ്രിൻറിംങ്ങ് പ്രസ്സ്	2
18.	മിനിൻഡസ്ട്രീയലിൽ പ്രവർത്തിക്കുന്നവ	8
19.	സൂപ്പർവൈറ്റ് നിർമ്മാണം	1
20.	സിനിമാടാക്കീസ്	1
21.	അച്ചാർനിർമ്മാണം	3

വളരെ പ്രതീക്ഷയോടുകൂടി 1974-ൽ സ്ഥാപിതമായ മിനിഇൻഡസ്ട്രീയൽ എസ്റ്റേറ്റിൻെറ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. ജലദൗർലഭ്യം, വൈദ്യുതി വോൾട്ടേജ് ക്ഷാമം, എന്നിവ നേരിടുന്നു. ചുറ്റുമതിൽ ഇല്ലാത്തതുകൊണ്ട് വളരെ അധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്. രണ്ട് സ്ഥാപനങ്ങൾ പൂർണ്ണമായും അടഞ്ഞുകിടക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സംഘടിതപരമ്പരാഗത വ്യവസായങ്ങൾ ഇല്ല. അടുത്തകാലത്തായി പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ വർദ്ധിച്ചുവരുന്നു. പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ഇല്ല. ഇഷ്ടിക നിർമ്മാണം, തീപ്പെട്ടി, പ്ലൈവുഡ് എന്നീ വ്യവസായങ്ങൾ അസംസ്കൃതവസ്തുക്കളുടെ ലഭ്യത കുറഞ്ഞുവരുന്നതിനാൽ ഭീഷണി നേരിടുന്നു.

പരമ്പരാഗത വ്യവസായങ്ങൾ ഇന്ന് തകർച്ചയുടെ വക്കീലാണ്. പഴയകാലത്ത് മിക്ക വീടുകളിലും ചകരിപിരി, പായനെയ്ത്ത് മുള ഉപയോഗിച്ച് കുട്ട, പനമ്പ്, മുറം എന്നീ വ്യവസായങ്ങൾ അസംസ്കൃതസാധനങ്ങളുടെ കുറവ്, ആധുനിക തുറകളിൽ നിന്നുള്ള മത്സരം ഉൽപ്പാദന ചിലവ് വർദ്ധനവ് തുടങ്ങിയ കാരണങ്ങളിൽ പരമ്പരാഗത വ്യവസായങ്ങൾ തകർച്ചക്ക് കാരണമായി. ഈ രംഗത്തെ കൂലി കുറവ് തൊഴിലാളികളെ മറ്റ് മേഖലയിലേക്ക് മാറിപ്പോകാൻ ഇടയാക്കുന്നു.

വ്യവസായമേഖലകളിൽ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ച് നിർമ്മാണമേഖലയിൽ ധാരാളം സ്ത്രീ തൊഴിലാളികൾ ജോലിചെയ്യുന്നു. പഞ്ചായത്തിനകത്തുള്ള അസംസ്കൃസാധനങ്ങൾ ഉപയോഗിക്കുന്ന വ്യവസായസ്ഥാപനങ്ങൾ ഇല്ല. ഇവിടെ ഉൽപ്പാദിക്കുന്ന ഉൽപന്നങ്ങൾ മുഴുവനും കേരളത്തിനകത്തും പുറത്തും വിറ്റഴിക്കുന്നു.

വ്യവസായ സഹകരണസംഘങ്ങളോ, വനിതാവ്യവസായസഹകരണ സംഘങ്ങളോ പഞ്ചായത്തിലില്ല.

- വ്യവസായവികസനത്തിനു ആവശ്യമായ വൈദ്യുതി, ഗതാഗതം, അസംസ്കൃതവസ്തുക്കൾ എന്നിവ ലഭ്യമല്ല.
- നിലവിലുള്ള വ്യവസായങ്ങൾക്ക് വേണ്ടത്ര വൈദ്യുതി ലഭ്യമല്ല. (വോൾട്ടേജ് ക്ഷാമം)
- ധാരാളം വിപണന സാധ്യതകളുള്ള നിത്യോപയോഗവസ്തുക്കളുമായി ബന്ധപ്പെട്ട വ്യവസായം ഇല്ല.
- പരമ്പരാഗത വ്യവസായങ്ങൾ നിലവിലില്ല.
- ശക്തിസോഫ്ട് ഡ്രിങ്ക്സിൽനിന്നും അഴുക്കുജലം തോടുകളിലേക്ക് ഒഴുക്കുന്നതുമൂലം ജലമലിനീകരണം നടക്കുന്നു.
- സ്റ്റോൺ ക്രഷറിൻെറ പ്രവർത്തനംമൂലം വായു, ശബ്ദമലിനീകരണം നടക്കുന്നു.
- കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇല്ല.
- വ്യവസായ ലൈസൻസുകൾ ലഭിക്കാൻ കാലതാസമം നേരിടുന്നു.
- ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പകൾ ലഭിക്കാൻ കാലതാമസവും പ്രയാ

സവും അനുഭവപ്പെടുന്നു.

- സർക്കാർ സംവിധാനങ്ങളുടെ നിയന്ത്രണ മനോഭാവം വ്യവസായികൾക്കു വിഷമം സൃഷ്ടിക്കുന്നു.
- സാങ്കേതിക പരിജ്ഞാനകുറവുമൂലം വ്യവസായം തുടങ്ങുവാൻ ആരും മുന്നോട്ടുവരുന്നില്ല.
- അസംസ്കൃത സാധനങ്ങൾ വിദൂരസ്ഥലങ്ങളിൽനിന്ന് കൊണ്ടുവരുന്നതിനാൽ ഉൽപ്പാദനചിലവ് കൂടുന്നു.

വിവിധ മേഖലകളിലെ കൂലിനിരക്ക്

ക്രമ നമ്പർ	ഇനം	കൂലിനിരക്ക് പുരുഷൻ	കൂലിനിരക്ക് സ്ത്രീ
1.	ഈർച്ചമില്ല്	100	-
2.	ഇൻഡസ്ട്രീയൽസ്	80	-
3.	ചെരുപ്പ് നിർമ്മാണം	60	30
4.	തീപ്പെട്ടി	60	30
5.	പ്ലൈവുഡ്	70	25
6.	ശീതളപാനീയം	75	50
7.	മിഠായി	60	20
8.	ക്രഷർയൂനിറ്റ്	100	50
9.	പ്ലാസ്റ്റിക്ക് കവർ	60	20
10.	ഫ്ലോർമിൽ	50	-
11.	എണ്ണയാട്ട്	60	-
12.	ഫർണ്ണീച്ചർ	125	-
13.	വർക്ക്ഷോപ്പ്	80	-
14.	കരിങ്കൽ ക്വാറി	110	40
15.	ചെങ്കൽ ക്വാറി	125	50
16.	ഇഷ്ടിക നിർമ്മാണം	50	25
17.	അച്ചടി	60	25
18.	സിനിമാടാക്കീസ്	50	-
19.	അച്ചാർനിർമ്മാണം		30

1. പഞ്ചായത്തിലെ വ്യവസായസംരംഭകരെ കണ്ടെത്തി അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനുള്ള സംവിധാനം ഉണ്ടാക്കണം.
2. പഞ്ചായത്തിലെ വിഭവസാധ്യതകൾ കണ്ടെത്തി അവ ഉപയോഗിച്ചുള്ള പുതിയ വ്യവസായങ്ങൾ ആരംഭിക്കണം
3. ഉചിതമായ സ്ഥലം കണ്ടെത്തി വ്യവസായസംരക്ഷണ മേഖലയായി പ്രഖ്യാപിക്കുക. വ്യവസായ ഏസ്റ്റേറ്റുകൾ സ്ഥാപിച്ച് അവിടെ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, ഗതാഗതം എന്നിവ ലഭ്യമാക്കണം.
4. പുതിയ വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകത്തക്കവിധം നടപടിക്രമങ്ങൾ ലഘൂകരിക്കണം.
5. പുതിയ വ്യവസായങ്ങൾക്ക് 5 കൊല്ലംവരെ നികുതി ഇളവുകൾ നൽകണം.
6. വ്യവസായ ലൈസൻസു ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം.
7. സ്വയം തൊഴിൽ പദ്ധതിയിൽ ചെറുകിട വ്യവസായങ്ങൾക്കു വൈദ്യുതി വേഗത്തിൽലഭ്യമാക്കണം.
9. ഗൾഫ് മേഖലയിൽനിന്നു തിരിച്ചുവന്നവരെ കണ്ടെത്തി അവരെ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം.
10. വ്യവസായ സംരംഭക പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
11. കാർഷികോല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കണം

വിവിധ ഗ്രാമസഭകളിലായി 75ഓളംപേർ വ്യവസായ യൂനിറ്റുകൾ തുടങ്ങാൻ താൽപര്യം പ്രകടിപ്പിച്ചുവെങ്കിലും അവർക്കു സാങ്കേതിക ജ്ഞാനം ഇല്ലാത്തതിനാൽ ഇത്തരം സംരംഭകരെ വിളിച്ചുചേർത്തു മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതികജ്ഞാനവും നൽകാൻ പഞ്ചായത്ത്തല വ്യവസായ സമിതിക്കു കീഴിൽ സംവിധാമുണ്ടാക്കണം. കയർനിർമ്മാണം, ചകിരിച്ചോറ് ഉപയോഗിച്ച വള നിർമ്മാണം, നൂൽനൂൽപ്പ് കേന്ദ്രങ്ങൾ, സോപ്പ് നിർമ്മാണം, പ്ലാസ്റ്റിക്ക് പാക്കിങ്ങ് വസ്തുക്കൾ, റെഡിമെയ്ഡ്, വസ്ത്രനിർമ്മാണം, കൊപ്ര സംഭരണം, കൊപ്ര ഉപയോഗിച്ചു വെളിച്ചെണ്ണ ഉണ്ടാക്കൽ, നോട്ടുബുക്ക് നിർമ്മാണം, ബിസ്ക്കറ്റ് നിർമ്മാണം, നേന്ത്രക്കായ സംസ്ക്കരണ കേന്ദ്രം, നാളികേരസംസ്ക്കരണ കേന്ദ്രം, വ്യാവസായികാടിസ്ഥാനത്തിൽ പുഷ്പകൃഷി, കൂൺകൃഷി, ക്രബ്ബ് റബ്ബർ നിർമ്മാണം, പ്രിൻറിങ്ങ് പ്രസ്സ്, കറിപൗഡർ യൂണിറ്റ്, പപ്പടനിർമ്മാണ യൂണിറ്റ്, ഹോളോബ്രിക്സ് നിർമ്മാണം, അച്ചാർ


നിർമ്മാണം, പോളിത്തീൻ കവർ നിർമ്മാണം, എന്നീ വ്യവസായയൂണിറ്റുകൾ തുടങ്ങാൻ താൽപര്യമുള്ളവരുണ്ട്. ഇവർക്കു പഞ്ചായത്തിന്നു കീഴിൽ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെയും, ഖാദിബോർഡിന്റെറയും, സാമ്പത്തികസ്ഥാപനങ്ങളുടെയും, പ്രതിനിധികളെ ഉൾപ്പെടുത്തി വ്യവസായ സംരംഭക പരിശീലന ക്ലാസ്സുകൾ നടത്തണം.

വനിതകളെ വ്യവസായരംഗത്ത് കൊണ്ടുവരാനായി വനിതാവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചു ഇതിന്നു കീഴിൽ ഏറ്റെടുത്തു നടത്താവുന്ന വ്യവസായങ്ങൾ കണ്ടെത്തി ആരംഭിക്കണം.

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത തൊഴിലുകളായ പായനെയ്ത്ത്, കുട്ട, പനമ്പ്, മുറം, ചകിരിപിരി, നൂൽനൂൽപ്പ് എന്നിവ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം നിമിത്തം അന്യം നിന്നുപോവുകയാണ്. ഇതിന്നൊരു പരിഹാരമായി ഈ തൊഴിലാളികളെ സംഘടിപ്പിച്ചു സഹകരണസംഘം രൂപീകരിച്ചു അതിന്നുകീഴിൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം. പരമ്പരാഗത വ്യവസായരംഗം കാലാനുസൃതമായ മാറ്റം വരുത്താനുള്ള ശേഷിക്കുറവുമൂലവും ഉയർന്നു വരുന്ന ജീവിത ചിലവിന്നനുസരിച്ച് ലാഭകരമല്ലാതായതും ഈ രംഗത്തെ ശേഷിക്കുറവിന്ന് കാരണമാണ്.

തൊഴിൽരഹിതരായ നമ്മുടെ പഞ്ചായത്തിലെ യുവാക്കളെ തൊഴിൽരംഗത്തേക്ക് തിരിച്ചുവിടാതെ പഞ്ചായത്തിന്റെറ വികസനം പൂർണ്ണമാവില്ല. ഇതിനുള്ള ഒരുമാർഗ്ഗം നമ്മുടെ പഞ്ചായത്തിനെ വ്യവസായവൽക്കരിക്കുക എന്നതാണ് പഞ്ചായത്ത്, ഗവർമ്മെണ്ട്, വിവിധവകുപ്പുകൾ ഒത്തുചേർന്ന് സഹകരണമനോഭാവം വളർത്തി ചെറുകിട വ്യവസായങ്ങൾക്കു വേണ്ട പ്രോത്സാഹനം നൽകിയാൽ നമ്മുടെ തൊഴിലില്ലായ്മക്കു ഒരു പരിധിവരെ ആശ്വാസം കണ്ടെത്താനാകും. ഈ കാര്യങ്ങൾ വിശദമായി ചർച്ചക്ക് വിധേയമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് ആരംഭിച്ചാൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായരംഗത്ത് മതിയായ വളർച്ച ഉറപ്പുവരുത്താൻ കഴിയും. ഇതോടുകൂടി പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് സംവിധാനമുണ്ടാക്കുകയും വേണം.

ഊർജ്ജം



1968-ലാണ് ചെറുകാവിൽ ആദ്യമായി വൈദ്യുതി കടന്നുവന്നത്. 28 വർഷം പിന്നിട്ടിട്ടും ഒരു വാർഡ് പോലും പൂർണ്ണമായി വൈദ്യുതീകരിക്കാൻ നമുക്കായിട്ടില്ല. പഞ്ചായത്തിൽ ആകെ 3069 വൈദ്യുതി കണക്ഷനുകളുണ്ട്. പഞ്ചായത്തിൽ ഒരു വൈദ്യുതി സെക്ഷൻ ഓഫീസുപോലുമില്ല.

കോഴിക്കോട് ജില്ലയിലെ 220 K.V നല്ലളം സബ്സ്റ്റേഷനിൽ നിന്നാണ് ചെറുകാവിന് വൈദ്യുതി ലഭിക്കുന്നത്. കൊണ്ടോട്ടി, രാമനാട്ടുകര എന്നീ മേജർ സെക്ഷനുകളിൽ നിന്നുമാണ് വൈദ്യുതിവിതരണം ചെയ്യുന്നത്. കറൻറ് ചാർജ്ജ് അടക്കാൻ വേണ്ടി 3 മുതൽ 10 കിലോമീറ്റർ വരെ ദൂരം സഞ്ചരിച്ചാണ് 3069 ഉപഭോക്താക്കൾ പണമടക്കുന്നത്. ഇവരിൽ 2500 ഉപഭോക്താക്കൾ കൊണ്ടോട്ടിയിലും, 569 ഉപഭോക്താക്കൾ രാമനാട്ടുകര സെക്ഷനിലുമാണ് ബന്ധപ്പെടുന്നത്. മൊത്തം ഉപഭോക്താക്കൾ താഴെപറയുന്ന രീതിയിലാണ് വൈദ്യുതി ഉപയോഗിക്കുന്നത്.

	കൊണ്ടോട്ടി	രാമനാട്ടുകര
ഗാർഹികം	2300	461
വ്യാപാരം	120	50
വ്യവസായം	60	17
കാർഷികം	20	41
	2500	569

ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 21 ട്രാൻസ്ഫോർമറുകളാണ് 2 സെക്ഷനുകളിലായി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത്. ഇവയുടെ വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം വൈദ്യുതി ഉപഭോക്താക്കളിൽ 82 ശതമാനത്തോളം കണക്ഷൻ നൽകുന്ന കൊണ്ടോട്ടി സെക്ഷൻ ഓഫീസിൻെറ പരിധിയിൽ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നിലവിലുള്ളത് ഉപഭോക്താക്കൾക്ക് വളരെയേറെ അനുഗ്രഹമായ ഒരു നടപടിയാണ്. ഉദാ: ഓവർബില്ല് അടക്കേണ്ട ഗതികേട് ഒഴിവാകുന്നു. മുൻകൂട്ടി ബില്ല് ലഭിക്കുന്നത് കൊണ്ട് ചാർജ്ജ് അടക്കുന്നതിന് സൗകര്യം ഉണ്ടാവുന്നു. 90 ശതമാനം ഗാർഹിക ഉപഭോക്താക്കളായതിനാൽ പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കുള്ള ഫ്രീചാർജ്ജ് ആനുകൂല്യം ഈ പഞ്ചായത്തിൽ വളരെയേറെ ഉപകാരപ്രദമാണ്.

കൊണ്ടോട്ടി	എണ്ണം	രാമനാട്ടുകര	എണ്ണം
ബൾബ് (40 W)	74	ബൾബ് (40 W)	18
ട്യൂബ് (40W)	5	-	-
സോഡിയംവേപ്പർ (100 W)	4	-	-
ആകെ	83	ആകെ	18
ചാർജ്ജ്	3257	ചാർജ്ജ്	234

കൊണ്ടോട്ടി, രാമനാട്ടുകര സെക്ഷൻ ഓഫീസുകളിലെ സ്ട്രീറ്റ്ലൈറ്റ് റജിസ്റ്റർ അനുസരിച്ച് പഞ്ചായത്തില 40 വാൾട്ടിൻെറ 74 ബൾബും, 5 ട്യൂബും, 4 സോഡിയം വേപ്പർലാമ്പും (100 വാൾട്ട്) - കൊണ്ടോട്ടി സെക്ഷനിലും - 40 വാൾട്ടിൻെറ 18 ബൾബ് രാമനാട്ടുകര സെക്ഷനിലും ഉണ്ട്. ഇവക്കായി പ്രതിമാസം കൊണ്ടോട്ടിയിൽ 3257 രൂപയും, രാമനാട്ടുകരയിൽ 234 രൂപയും പഞ്ചായത്ത് ചാർജ്ജ് അടക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിലെ ഉപഭോക്താക്കൾ 2 വൈദ്യുതി സെക്ഷൻ ഓഫീസുകളുമായി ബന്ധപ്പെടുന്നത് മൂലം ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു.
3. വൈദ്യുതിചാർജ്ജ് അടക്കാൻ വളരെ വിഷമംനേരിടുന്നു.

പട്ടിക I

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകൾ

നമ്പർ	പേര്	കപ്പാസിറ്റി	സെക്ഷൻ ഓഫീസ്
1.	ചേവായൂർ	63 KVA	കൊണ്ടോട്ടി
2.	പെരിയമ്പലം - II	160 KVA	" "
3.	പ്രസ്റ്റീജ്	100 KVA	" "
4.	മിനി എസ്റ്റേറ്റ്	250 KVA	" "
5.	മിനി എസ്റ്റേറ്റ്	100 KVA	" "
6.	പെരിയമ്പലം - I	160 KVA	" "
7.	സിയ്യാംകണ്ടം - I	100 KVA	" "
8.	സിയ്യാംകണ്ടം - II	100 KVA	" "
9.	കുറിയേടം - I	63 KVA	" "
10.	കുറിയേടം - II	100 KVA	" "
11.	K.W.A. ഐക്കരപ്പടി	100 KVA	" "
12.	ഐക്കരപ്പടി	100 KVA	" "
13.	K.V. കാവ്	63 KVA	" "
14.	പുത്തൂപ്പാടം	100 KVA	" "
15.	പെരിങ്ങാവ്	100 KVA	" "
16.	രാമനാട്ടുകരഹൈസ്കൂൾ	100 KVA	രാമനാട്ടുകര
17.	മുജ്കോ റബ്ബർ 11ാം മൈൽ	160 KVA	" "
18.	പേങ്ങാട്	100 KVA	" "
19.	ചെറുകാവ് - I	160 KVA	" "
20.	ചെറുകാവ് - II	160 KVA	" "
21.	വെണ്ണായൂർ	100 KVA	" "

4. വൈദ്യുതി പ്രസരണനഷ്ടം ധാരാളമുണ്ട്.
5. ഇലക്ട്രിക്ക് പോസ്റ്റുകൾ കാലപ്പഴക്കംമൂലം ഭീഷണിയായി നിലനിൽക്കുന്നു.
6. ഇലക്ട്രിക്ക് ലൈനുകൾ പലതും താഴ്ന്നുകിടക്കുന്നത് വയലുകളിൽ ട്രാക്ടർ ഇറങ്ങുന്നതിന്പോലും പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.
7. റോഡുകൾ വീതികൂട്ടിയതിന്റെ ഫലമായി പല ഇലക്ട്രിക്ക് പോസ്റ്റുകളും ഇപ്പോൾ റോഡിന്റെ മധ്യത്തിലാണ്. ഇത് പല പ്രയാസങ്ങൾക്കും ഇടയാകുന്നു.
8. പഞ്ചായത്തിലെ ഒരൊറ്റ ഹരിജൻകോളനിപോലും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല. തീരെ വൈദ്യുതി എത്താത്ത കോളനികളാണ് ഭൂരിഭാഗവും.
9. വോൾട്ടേജ് ക്ഷാമം പല സ്ഥലങ്ങളിലും ഇപ്പോഴും രൂക്ഷമായി തുടരുന്നു.

10. തീരെ വൈദ്യുതി എത്താത്ത പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്.
11. നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകളിൽ ഭൂരിഭാഗവും കത്തുന്നില്ല.
12. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ ശേഷി കുറഞ്ഞവ ആയതിനാൽ കൂടുതൽ കണക്ഷനുകൾ നൽകുമ്പോൾ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നു.
13. സ്വകാര്യ സ്റ്റെപ്പ് - അപ്പ് ഉപയോഗം വോൾട്ടേജ് ക്ഷാമം സൃഷ്ടിക്കുന്നുണ്ട്.
14. ഇലക്ട്രിസിറ്റി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
15. വൈദ്യുതിക്ക് അപേക്ഷനൽകി കണക്ഷൻ കിട്ടുന്നതിന് കാലതാമസം നേരിടുന്നു.
16. ലൈൻമാൻമാരുടെ കാര്യക്ഷമമില്ലായ്മമൂലം പഞ്ചായത്തിലെ വിവിധഭാഗങ്ങളിലെ വീട്ടുകാരും വ്യാപാരികളും പ്രയാസങ്ങൾ അനുഭവിക്കുന്നു.
17. പരാതിബുക്ക് മേലുദ്യോഗസ്ഥൻന്മാർ പരിശോധിക്കുന്നില്ല.

പരിഹാര – നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വളരെ പെട്ടെന്ന് വൈദ്യുതി എത്തിക്കാൻ നടപടികൾ സ്വീകരിക്കുക.
2. വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.
3. നിലവിലുള്ള തെരുവ്വിളക്കുകൾ പൂർണ്ണമായും കത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
4. ഹരിജൻ കോളനികളിൽ പൂർണ്ണമായും വൈദ്യുതി എത്തിക്കുക.
5. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു സബ്ബ് എഞ്ചിനീയർ ഓഫീസ് സ്ഥാപിച്ച് ഉപഭോക്താക്കളുടെ പ്രയാസങ്ങൾ ലഘൂകരിക്കുക.
6. ഇലക്ട്രിസിറ്റി ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
7. കാലപ്പഴക്കം ചെന്ന ഇലക്ട്രിക്ക് പോസ്റ്റുകളും, അപകടസാധ്യതയുള്ള ലൈനുകളും മാറ്റി സ്ഥാപിക്കുക.
8. പഞ്ചായത്ത് വൈദ്യുതി ലൈൻ മാപ്പ് നിർമ്മിച്ച് ശാസ്ത്രീയമായരീതിയിൽ മാറ്റങ്ങൾ വരുത്തുക.
9. ഓരോ ട്രാൻസ്ഫോർമറിൽ നിന്നും നൽകാവുന്ന വൈദ്യുതി കണക്ഷന് പരിധി നിശ്ചയിക്കുക.
10. വൈദ്യുതി പ്രസരണനഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
11. റോഡുകളുടെ മധ്യത്തിലുള്ള പോസ്റ്റുകൾ സൈഡിലേക്ക് മാറ്റുക.
12. ഫ്ലൂറസെൻറ് ലാമ്പുകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കുക.
13. പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിലും പുതുതായി സ്ട്രീറ്റ് ലൈറ്റുകളും, സോഡിയംവേപ്പർ ലാമ്പുകളും കൂടുതലായി സ്ഥാപിക്കാൻ ആവശ്യം ഉയർന്നിട്ടുണ്ട്. സ്ട്രീറ്റ്ലൈറ്റുകളുടെ നിലവിലുള്ള അന്തരവും, പ്രാധാന്യവും കണക്കിലെടുത്ത് വാർഡ്തല മുൻഗണന നിശ്ചയിച്ച് അടിയന്തിരപ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുക
14. വൈദ്യുതിക്ക് വേണ്ടി അപേക്ഷനൽകി വളരെകാലം കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിന്, അപേക്ഷ നൽകിയ ഉടൻ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.
15. കാർഷികാവശ്യങ്ങൾക്കുള്ള അപേക്ഷയിൽ ഉടനെ വൈദ്യുതികണക്ഷൻ നൽകുക.
16. പരാതി ബുക്ക് മേലുദ്യോഗസ്ഥൻമാർ കൃത്യമായി പരിശോധിക്കുകയും പരാതിക്ക് ഉടനെ പരിഹാരം ഉണ്ടാക്കുകയും വേണം.
17. കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾക്ക് പണം അടക്കുന്നതിൽ നിന്ന് പഞ്ചായത്തിനെ ഒഴിവാക്കുക.
18. വൈദ്യുതീകരണം പൂർണമാക്കുന്നതിന്ന് പ്രാദേശികമായി സംഭരിക്കാവുന്ന മനുഷ്യദ്ധ്വാനം, പണം എന്നിവ സംബന്ധിച്ച് ചർച്ചയും ഏകദേശധാരണയും വാർഡുതലത്തിൽ ഉടനെ രൂപപ്പെടുത്തുക.
19. സോളാർ പാനൽവിളക്കുകൾ സാർവത്രികമാക്കാൻ നടപടികൾ സ്വീകരിക്കുക.
20. പഞ്ചായത്തിലാകെ നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗാർഹിക,

വാർഡ്, പുതിയ ലൈനുകൾ, വലിയ്ക്കേണ്ട സ്ഥാനം, ദൂരം, ലൈനിന്റെ സ്വഭാവം, ട്രാൻസ്ഫോർമറുകൾ, നിലവിലുള്ളതിൽ ശേഷികൂട്ടൽ

നമ്പർ	വാർഡ്	സ്ഥലം	ദൂരം	പുതിയ ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ	ട്രാൻസ് ഫോർമർ ശേഷികൂട്ടൽ
1	1	പൈങ്ങരപ്പുറായ്		1 Phase		
		കൊടക്കാട് ഭാഗം		1 Phase		
		ചാലാക്കൽ പുറായ്				
		ഹരിജൻകോളനി		1 Phase		
		പുതുശ്ശേരി ഭാഗം		1 Phase		
		കല്ലിങ്ങൽ			വേണം	
		മിനി എസ്റ്റേറ്റ്				കൂട്ടണം
		പുളിക്കൽ -				
		മുന്നിയൂർകുന്ന്		3 Phase		
	2	പുത്തുപ്പാടം -				
		വലിയറക്കൽ	1/2	3 Phase		
		പുത്തൂപ്പാടം				കൂട്ടണം
	3	കോഴിശ്ശേരി പുറായ്		1 Phase		
		മുളിയോളി				
		ഹരിജൻകോളനി		1 Phase		
		അമ്പാളിൽ പുറായ്		1 Phase		
		കുറ്റിപ്പറമ്പ്		1 Phase		
		ലക്ഷം വീട് കോളനി		1 Phase		
		മേച്ചരിപുരായ്		1 Phase		
		സിയാംകണ്ടം മുതൽ				
		കുവ്വയിൽ മൂല	1600	3 Phase		
		മിനി എസ്റ്റേറ്റ്				കൂട്ടണം
		കുവ്വയിൽ മൂല			വേണം	
	4	ഓട്ടുപ്പാറ	$1\frac{1}{2}$	3 Phase		
		കാരാട്ട് കുന്ന്		1 Phase		
	5	കൈതക്കുണ്ട് - പൂച്ചാൽ	$1\frac{1}{2}$	3 Phase		
		കല്ലറക്കുന്ന് - ഇല്ലത്ത്പടി	$\frac{1}{2}$	3 Phase		
		ഇല്ലത്ത്പടി - ചെറാപ്പാടം				
		മുതൽ പൂച്ചാൽ				
		പറയിൽവരെ	400	1 Phase		
		പൂച്ചാലിൽ			വേണം	

നമ്പർ	വാർഡ്	സ്ഥലം	ദൂരം	പുതിയ ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ	ട്രാൻസ് ഫോർമർ ശേഷികൂട്ടൽ
		ഐക്കരപ്പടി				കൂട്ടണം
	7	ദാനഗ്രാം മധുരങ്ങോട്ട് റോഡ്		1 Phase		
		കല്ലിടുമ്പിൽപുരായ്		1 Phase		
		പള്ളിപ്പുറത്ത് പുറായ് -				
		ഹരിജൻ കോളനി		1 Phase		
		ചേറൂങ്ങോട്ട്മൂല		1 Phase		
		മാണിയോടത്ത്				
		ഹരിജൻകോളനി		1 Phase		
	8	പെരിങ്ങാവ് മുതൽ				
		വടുവങ്ങരവരെ		3 Phase		
		കൊടപ്പുറം		1 Phase		
		കുഴിക്കോട്ടുമൂല				
		ഹരിജൻകോളനി		1 Phase		
		കാഞ്ഞിരക്കുന്ന്		1 Phase		
		മൂണ്ടക്കൽ പുറായ്		1 Phase		
		കരിയാത്തൻകുന്ന്		1 Phase		
		കൊറ്റങ്ങോട്ട് പടി			വേണം	
		പെരിങ്ങാവ്				കൂട്ടണം
	9	കണ്ണംവെട്ടിക്കാവ് മുതൽ				
		ചോലക്കോട്വരെ	$^3/_4$	3 Phase		
		കണ്ണംവെട്ടിക്കാവ് -				
		പെരീഞ്ഞിരിവരെ	$^3/_4$	3 Phase		
		അമ്പലക്കണ്ടി മുതൽ				
		കൊടപ്പുറം വരെ	1km	1 Phase		
		കണ്ണംവെട്ടിക്കാവ് അങ്ങാടി			വേണം	
		കണ്ണംവെട്ടിക്കാവ് നെച്ചി				കൂട്ടണം
	10	കീരിക്കുന്ന്				
		ഹരിജൻകോളനി		1 Phase		
		പാറപ്പുറത്ത് മുതൽ				
		പറവൂർ താഴെ ഭാഗം വരെ	$^1/_2$	3 Phase		
		കൊല്ലത്ത് തടായി				
		ഹരിജൻകോളനി		1 Phase		
		ചെനപ്പറമ്പ്		1 Phase		
		ചക്കുപ്പാറ		1 Phase		

നമ്പർ	വാർഡ്	സ്ഥലം	ദൂരം	പുതിയ ലൈനിന്റെ സ്വഭാവം	പുതിയ ട്രാൻസ് ഫോർമർ	ട്രാൻസ് ഫോർമർ ശേഷികൂട്ടൽ
		ഞാറക്കാട്ട് പുറായ്		1 Phase		
		കാപ്പിൽ ഭാഗം		1 Phase		
		നായ്കോട്ടക്കൽ		1 Phase		
		പറവൂർ താഴെ ഭാഗം			വേണം	
	11	അടിയാരിൽ പുറായ്		1 Phase		

വ്യാപാര ഉപയോഗത്തിനും, തെരുവ് വിളക്കുകൾക്കും സോളാർലാമ്പുകളെ ആധാരമാക്കിയുള്ള പഞ്ചായത്ത് തലസംവിധാനം നടപ്പിലാക്കുക.


ഗ്രാമസഭകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുതിയ ട്രാൻസ്ഫോർമറുകളും, പുതിയ ലൈനുകളും, നിലവിലുള്ളവയുടെ ശേഷികൂട്ടൽ, വൈദ്യുതീകരിക്കാവുന്ന കോളനികൾ എന്നിവ സംബന്ധിച്ച വിശദമായ പട്ടിക മുകളിൽ കൊടുത്തിരിക്കുന്നു.

പാചകം

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും പാചകത്തിന് വിറക്തന്നെയാണ് ഉപയോഗിക്കുന്നത്, ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി, എന്നിവ ഉപയോഗിക്കുന്നവരുടെ മൊത്തം എണ്ണം ആകെയുള്ളതിന്റെ രണ്ട് ശതമാനം മാത്രമാണ്. പരിഷത്ത് അടുപ്പുകളെ സംബന്ധിച്ച അവബോധം ജനങ്ങൾക്ക് കുറവാണ്. രൂക്ഷമായ വോൾട്ടേജ് ക്ഷാമമുള്ളിടത്തും, ഒട്ടും വൈദ്യുതീകരിക്കാത്ത സ്ഥലങ്ങളിലും സൗരോർജ്ജ അടുപ്പുകൾ ഉപയോഗിക്കാവുന്നതാണ്. ഇതിനെ സംബന്ധിച്ച് ജനങ്ങളിൽ പ്രചരണം നടത്താൻ പഞ്ചായത്ത് മുൻകൈയെടുക്കണം. വൈദ്യുതി ഉപയോഗം, അപകടസാധ്യത, പരാതികൾ എന്നിവ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ വൈദ്യുതിബോർഡ് ജീവനക്കാരുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

പാചകാവശ്യത്തിന് മണ്ണെണ്ണപെർമിറ്റുകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ലഘൂകരിക്കുക, കൊണ്ടോട്ടി, ചെറുവണ്ണൂർ എന്നീ സ്ഥലങ്ങളിലെ ഗ്യാസ് ഏജൻസികളുടെ വിതരണപരിധിയിൽ ചെറുകാവ് പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. ഇത്കൊണ്ട് ചെറുകാവ് പഞ്ചായത്തിൽ ഗ്യാസ് കണക്ഷൻ ലഭിക്കുന്നില്ല. മേൽസ്ഥലങ്ങളിലെ ഗ്യാസ് ഏജൻസികളുടെ വിതരണപരിധിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്താൻ സത്വരനടപടി സ്വീകരിക്കുക.





ഗതാഗതം

റോഡുഗതാഗതം മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഉൾനാടൻ ജലഗതാഗതമോ റെയിൽവെയോ ഇല്ല. ഈ നാടിന്റെ ജീവനാഡികളാണ് ഇവിടുത്തെ റോഡുകൾ. 1963-ൽ ചെറുകാവ് പഞ്ചായത്ത് രൂപീകൃതമാവുമ്പോഴുള്ള റോഡുകളുടെ ചിത്രം ആരേയും അമ്പരപ്പിക്കുന്നതായിരുന്നു. അന്ന് കോഴിക്കോട് - പാലക്കാട് സ്റ്റേറ്റ് ഹൈവേ മാത്രമായിരുന്നു പഞ്ചായത്തിലൂടെ കടന്നുപോകുന്നറോഡ്. 1960-ൽ NES കുണ്ടോട്ടി ബ്ലോക്കിന്റെ കീഴിലുള്ള വികസന സമിതിയുടെ ശ്രമഫലമായി പഞ്ചായത്തിലെ ആദ്യത്തെ റോഡായ ഐക്കരപ്പടി - ഒളവട്ടൂർ റോഡിനു തുടക്കമായി. വികസനസമിതിയിലും നിർമ്മാണപ്രവർത്തനത്തിലും, ജ. പി.പി. അബ്ദുൽഗഫൂർ മൗലവി, പി.ഡി. വീരാൻകുട്ടി, പി. അപ്പുമാസ്റ്റർ, കെ. വാസു, പി.വി. അഹമ്മദ്കോയ, നിരുട്ടിക്കൽ അബൂബക്കർ, പരേതരായ ഏ.പി. കുട്ട്യാലിഹാജി, പി.പി. മൂസ്സഹാജി, ഹുസൈൻഹാജി അഴിഞ്ഞിലം, സി. ഭാസ്കരക്കുറുപ്പ്, പി. കുഞ്ഞാലിഹാജി, കെട്ടാരത്തിൽ അപ്പുട്ടി, കെട്ടാരത്തിൽ മാവുണ്ണി തുടങ്ങിയവർ ഉണ്ടായിരുന്നു. 1965-ൽ വില്ലേജ് റോഡ് മെയിൻറൻസ് ഗ്രാൻറ് ഉപയോഗിച്ചാണ് റോഡ് അഭിവൃദ്ധിപ്പെടുത്തിയത്. തുടർന്ന് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുകയും പണിപൂർത്തിയാക്കുകയും ചെയ്തു.

വൈദ്യരങ്ങാടി - ദാനഗ്രാം - പെരിങ്ങാവ് റോഡ്, പ്രഥമ ക്രാഷ് പ്രോഗ്രാം അനുസരിച്ച് പേങ്ങാട് - ആലുങ്ങൽ റോഡ്, പെരിയമ്പലം - പള്ളിക്കൽ റോഡ് തുടങ്ങി അനേകം ടാർ ചെയ്തതും അല്ലാത്തവയുമായ റോഡുകൾ ഉണ്ടായി. വികസനമെന്നാൽ റോഡാണെന്ന സങ്കൽപ്പം നമ്മുടെ പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതിവിവരം പട്ടിക (1)-ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ ധാരാളം റോഡുകൾ ഉണ്ടെങ്കിലും ഭൂരിഭാഗം റോഡുകളും മെറ്റൽ ചെയ്യാത്ത മൺറോഡുകളാണ് (പട്ടികകാണുക) ഇവക്ക് പാർശ്വഭിത്തികളും ഓടകളും ഓവുപാലങ്ങളും കൾവർട്ടുകളും ഇല്ലാത്തതിനാൽ അടിയന്തിര പ്രാധാന്യം നൽകി റോഡുകൾ സഞ്ചാരയോഗ്യമാക്കണം.

ടാർചെയ്ത് റോഡുകളുടെയും പി.ഡബ്ല്യു.ഡി. റോഡുകളുടെയും പ്രശ്നങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ

1. പാലക്കാട്-കോഴിക്കോട് ലിങ്ക് റോഡ്

ഈ റോഡിൽ സൈഡ് കെട്ടി മണ്ണ് ഫിൽചെയ്യേണ്ട ധാരാളം സ്ഥലങ്ങൾ ഇനിയും അവശേഷിക്കുന്നു.

സിയ്യാം കണ്ടം മുതൽ പെരിയമ്പലം വരെയുള്ള ഭാഗത്ത് റോഡിൽനിന്ന് ഇറങ്ങിനടക്കാനുള്ള സൗകര്യം ഓട്ടുംതന്നെ ഇല്ല. സിയ്യാം കണ്ടം, കുറിയേടം എന്നീസ്ഥലങ്ങളിൽ അഴുക്കുചാൽ വീതിയും ആഴവും ഇല്ലാത്തത്കൊണ്ട് റോഡിൽ വെള്ളം കെട്ടിനിൽക്കുന്നു ഇത്മൂലം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബസ്കാത്തുനിൽക്കുന്നവർക്കും ബുദ്ധിമുട്ട് ഉണ്ടാവുന്നു.

ഈ റോഡിൽ ഐക്കരപ്പടിയിലെ മൂന്ന് പ്രധാനപ്പെട്ട ഓവുപാലങ്ങൾ അടഞ്ഞുകിടക്കുന്നു. ഇത് മൂലം റോഡിൽ വെള്ളക്കെട്ട് ഉണ്ടാവുന്നു. ഈ റോഡിൽ വാഹനാപകടങ്ങൾ സ്ഥിരമായി ഉണ്ടാവുന്നു.

2. കണ്ണംവെട്ടിക്കാവ്-പുത്തൂപ്പാടം-ഐക്കരപ്പടി-കാക്കഞ്ചേരി റോഡ് (P.W.D)

ചെറുകാവ്, പള്ളിക്കൽ, ചേലേമ്പ്ര എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഈ റോഡ് പഞ്ചായത്തിലെ ആദ്യത്തെ എട്ട്മീറ്റർ റോഡാണ്. ഇത് ചെറുകാവിലെ 9, 11, 5, 2, 4 എന്നീ വാർഡുകളിൽകൂടി കടന്നുപോവുന്നു. ചെമ്മൺ

റോഡ് ആയതിനാൽ വേനൽകാലത്തും മഴക്കാലത്തും ഒരുപോലെ സുഗമമായ ഗതാഗതത്തിന് തടസ്സം നില്ക്കുന്ന അവസ്ഥ ഇന്നുണ്ട്.

3. ഐക്കരപ്പടി– ഒളവട്ടൂർറോഡ് (P.W.D)

ഈ റോഡിന് ശരിയായ ഓടകൾ, പാർശ്വ ഭിത്തികൾ എന്നിവ ഇല്ലാത്ത അവസ്ഥയിലാണ്. ടാറിംങ്ങ് തന്നെ ഏതാണ്ട് നശിച്ച് കഴിഞ്ഞിരിക്കുന്നു. വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

4. പേങ്ങാട് – ആലുങ്ങൽറോഡ് (P.W.D)

ഈ റോഡിൽ ഓടയില്ലാത്തത്കൊണ്ട് പല സ്ഥലങ്ങളിലും വെള്ളക്കെട്ട് ഉണ്ടാവുന്നു. ടാറിംങ്ങ് നശിച്ചിരിക്കുന്നു.

5. മുറിവയ്ക്കൽ – വള്ളിക്കാട് റോഡ് (P.W.D)

ഈ റോഡിൽ ഓടയില്ലാത്തത്കൊണ്ട് പല സ്ഥലങ്ങളിലും വെള്ളക്കെട്ട് ഉണ്ടാവുന്നു. ടാർചെയ്തിട്ടില്ല.

6. പെരിയമ്പലം – പള്ളിക്കൽറോഡ്

ഈ റോഡിൽ ഓവുചാലുകൾ ഇല്ല. ടാറിംങ്ങ് നശിച്ചുകൊണ്ടിരിക്കുന്നു.

നിലവിലുള്ള മെറ്റൽറോഡുകളുടെയും മൺറോഡുകളുടെയും പ്രശ്നങ്ങൾ

1. നാമമാത്രമായ (3. k M) മെറ്റൽറോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കാൽനടയാത്രക്കുപോലും വിഷമം സൃഷ്ടിക്കുന്നു.
2. മൺറോഡുകൾ ഓടകളും പാർശ്വഭിത്തികളും പാലങ്ങളും ഇല്ലാത്തത് കൊണ്ട് യാത്രക്കും വർഷകാലത്ത് കൃഷിക്കാർക്കും, വീടുകൾക്കും ഭീഷണിയുണ്ട്.

നിലവിലുള്ള മെറ്റൽറോഡുകൾ - പട്ടിക 2

നിലവിലുള്ള മൺറോഡുകൾ - പട്ടിക 3

ബസ്സ് വെയിറ്റിംഗ്ഷെഡ് സംബന്ധമായ പ്രശ്നങ്ങൾ

നിലവിലുള്ള ഏക ബസ്വെയിറ്റിംഗ്ഷെഡ് ഐക്കരപ്പടിയിലുള്ളതാണ്. അത് പൊളിഞ്ഞു വീഴാറായിരിക്കുന്നു. (പട്ടിക 5) പ്രധാനകേന്ദ്രങ്ങളായ പുളിക്കൽ പടിഞ്ഞാറ്ഭാഗം, പെരിയമ്പലം, സിയ്യാംകണ്ടം, കുറിയേടം, ഐക്കരപ്പടി, കൈതക്കുണ്ട, പതിനൊന്നാം മൈയിൽ, കെ. വി. കാവ്, നെച്ചിയിൽ, ഇല്ലത്തുപടി, പേങ്ങാട് കോയാസ്, പെരിങ്ങാവ്, കൊടപ്പുറം, ചാമപറമ്പ്, മിനിഎസ്റ്റേറ്റ് എന്നീ സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ്ഷെഡ് ഇല്ലാത്തതിനാൽ യാത്രക്കാർ ബുദ്ധിമുട്ടുന്നു.

കൈതക്കുണ്ടയിൽ ലിമിറ്റഡ് സ്റ്റോപ്പ് ഇല്ലാത്തതിനാൽ ആ പ്രദേശങ്ങളിലെ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നു.

റോഡുകൾ ഉയർത്തുന്ന പരിസ്ഥിതിപ്രശ്നങ്ങൾ

75% റോഡുകളും മൺറോഡുകൾ ആയത്കൊണ്ടും മിക്കറോഡുകളും തോട് നികത്തി റോഡ് നിർമ്മിച്ചത്കൊണ്ടും മഴപെയ്യുമ്പോൾ വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും വെള്ളക്കെട്ട് ഉണ്ടാവുകയും ചെയ്യുന്നു. ഓടകളും പാർശ്വഭിത്തികളും ഇല്ലാത്തത്കൊണ്ട് മണ്ണ് ഒഴുകി റോഡ് നശിക്കുകയും കൃഷിസ്ഥലം നശിച്ച് കൃഷിക്കാർക്ക് ദോഷം സംഭവിക്കുകയും ചെയ്യുന്നു.

സാധ്യതകൾ ഗ്രാമറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

1. പാലക്കാട് - കോഴിക്കോട് ലിങ്ക് റോഡിൽ പാർശ്വഭിത്തികൾ കെട്ടി പ്രധാനകേന്ദ്രങ്ങളിൽ ഫുട്പാത്ത് നിർമ്മിക്കുന്നത്കൊണ്ട് ഒരു പരിധിവരെ അപകടം നിയന്ത്രിക്കാം.
2. പാലക്കാട് - കോഴിക്കോട് ലിങ്ക്റോഡ് വിമാനത്താവളംറോഡ് ആയതിനാൽ റോഡിന്റെ വീതികൂട്ടി ഡിവൈഡർ ഇട്ട് വേർതിരിക്കുകയും ആളുകൾക്ക് റോഡ് മുറിച്ചുകടക്കാൻ സീബ്രാലൈൻ ഉണ്ടാക്കുകയും വേണം.
3. പ്രധാന റോഡുകൾക്ക് ഓടകളും പാർസ്വഭിത്തികളും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങളും നിർമ്മിക്കുക അടഞ്ഞ് കിടക്കുന്ന ഓവ് പാലങ്ങൾ തുറക്കുക

4. പ്രധാനസ്ഥലങ്ങളിൽ ബസ്സ്വൈറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക (പട്ടിക 5)
5. കണ്ണംവെട്ടിക്കാവ് - ഐക്കരപ്പടി - കാക്കഞ്ചേരിറോഡ്, മുറിവയ്ക്കൽ - വള്ളിക്കാട് എന്നീ P.W.D. റോഡുകൾ കുറിയോടം - ഓട്ടുപാററോഡും ഉടനെ മെറ്റലിങ്ങും ടാറിംങ്ങും ചെയ്ത് ഗതാഗതയോഗ്യമാക്കുക.
6. ടാർറോഡുകൾ റീടാർ ചെയ്യുക ആവശ്യമായ ഓടകളും ഭിത്തികളും പാലങ്ങളും നിർമ്മിക്കുക.
7. മെറ്റൽ റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക (പട്ടിക 3)
8. മൺറോഡുകൾ മെറ്റൽചെയ്ത് ടാർചെയ്യുക (പട്ടിക 4)
9. പ്രധാന റോഡുകളിൽ ഗതാഗതത്തിന് തടസ്സം നിലക്കുന്ന ഇലക്ട്രിക്പോസ്റ്റ് ടെലിഫോൺ പോസ്റ്റ് എന്നിവ റോഡ് സൈഡിലേക്ക് മാറ്റുക
10. ഐക്കരപ്പടി - ഒളവട്ടൂർ, പേങ്ങാട് - ആലുങ്ങൽ പെരിയമ്പലം - പള്ളിക്കൽ എന്നീ സ്ഥലങ്ങളിലേക്ക് കൂടുതൽ ബസ്സ്, മിനിബസ്സ് എന്നിവയും K.S.R.T.C ബസ്സും അനുവദിക്കുക.
11. കൈതക്കുണ്ട ബസ്സ് സ്റ്റോപ്പ് ലിമിറ്റഡ് / ഫാസ്റ്റ് പാസഞ്ചർ സ്റ്റോപ്പാക്കി മാറ്റുക. സിയാംകണ്ടം K.S.R.T.C ലിമിറ്റഡ് സ്റ്റോപ്പാക്കുക.
12. പാലക്കാട് - കോഴിക്കോട് ലിങ്ക് റോഡിൽ എയർപോർട്ട് - ജംഗ്ഷൻ മുതൽ - രാമനാട്ടുകര വരെയുള്ള റോഡിന്റെ ഇരുവശവും ഫുട്പാത്ത് നിർമ്മിച്ച് സൈഡ് പ്രൊട്ടക്ഷൻ വേലി (അയോൺ പൈപ്പ് ഉപയോഗിച്ചുള്ള വേലി) നിർമ്മിക്കുന്ന ജോലി സ്പോൺസർഷിപ്പ് മുഖേന ഏൽപിച്ച് നടപ്പിലാക്കിയാൽ സർക്കാറിന് സാമ്പത്തിക ബാദ്ധ്യതയില്ലാതെ റോഡപകടങ്ങൾ ഒഴിവാക്കുന്നതിനും V.I.P സുരക്ഷിതത്വത്തിനും ഉപകരിക്കും.

പുതിയ മൺറോഡുകൾ

പഞ്ചായത്തിൽ ഇനിയും ആവശ്യമായ പുതിയ റോഡുകളെ കുറിച്ച് ധാരാളം ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഇവയിൽ പലതും ഇടവഴികൾ റോഡുകളാക്കേണ്ടതും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കേണ്ടതുമാണ്. ഇവകൂടാതെ പട്ടികജാതി കോളനികളുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർദ്ദേശങ്ങളും ഉണ്ട്. ഇവ നിർമ്മിച്ച് ഗതാഗതസൗകര്യങ്ങൾ കൂട്ടണം (പട്ടിക 6)

പുതിയ ഫുട്പാത്തുകളും പാലങ്ങളും

റിപ്പയർ ആവശ്യമായ ഫുട്പാത്തുകളും, പാലങ്ങളും, പുതിയ പാലങ്ങളുടെയും ഫുട്പാത്തുകളുടെയും ലിസ്റ്റ് പട്ടിക 7-ൽ കൊടുത്തിരിക്കുന്നു. ഇവ നിർമ്മിച്ച് ഗതാഗതസൗകര്യമുള്ളതാക്കണം.

പട്ടികകൾ അടുത്തപേജുകളിൽ

പട്ടിക – (1) നിലവിലുള്ളറോഡുകൾ

നമ്പർ	പേര് ഉടമസ്ഥത	വാർഡ്	വീതി(M)	ദൂരം(K.M)	ടാർ ചെയ്തത്/ ചെയ്യാത്തത്	മെറ്റൽ ചെയ്തത്	ടാർ ചെയ്യേണ്ടത്	ഓടുള്ളത്	ഓടവേണ്ടത്	കലുങ്കുള്ളത്	കലുങ്ക് വേണ്ടത്	അറ്റകുറ്റപ്പണി നടത്തേണ്ടത്	പാർശ്വസംരക്ഷണ ഭിത്തിവേണ്ടത്.
1.	പാലക്കാട് - കോഴിക്കോട് ട്രങ്കറോഡ് P.W.D	1,2,3,4, 5,6,11	12	5	TAR	-		✓	✓	✓	-	✓	✓
2.	ഐക്കരപ്പടി - ഒളവട്ടൂർ റോഡ് - P.W.D	5,11, 9,10	8	$4\frac{1}{2}$	TAR		-	-	✓	-	-	✓	✓
3.	പേങ്ങാട് - ആലുങ്ങൽറോഡ്. P.W.D	6,7,8	8	3	TAR			-	-		-	-	
4.	കണ്ണം വെട്ടിക്കാവ് - ഐക്കരപ്പടി- കാക്കഞ്ചേരി P.W.D	9,11, 2,5,4	8	3.580	ഇല്ല		✓ 3.580		✓	✓	2	✓	✓
5.	മുറിവയ്ക്കൽ വളളിക്കാട് റോഡ് P.W.D	8,9	8	3	ഇല്ല				✓	✓		✓	✓
6.	പെരിയമ്പലം - പളളിക്കൽറോഡ് - പഞ്ചായത്ത്	3,1	6	2	TAR			-	✓	✓		✓	✓
7.	പെരിയമ്പലം - പറവൂർ- K.V.കാവ്. പഞ്ചായത്ത്	1,10, 11,9	6	$1\frac{1}{2}$	.800		-	✓	✓	✓	1	✓	✓
8.	പെരിയമ്പലം - പറവൂർ - ചമ്പട്ടപ്പാറ . പഞ്ചായത്ത്	10	6	$1\frac{1}{2}$	ഇല്ല	ഇല്ല	✓		✓	✓	1	✓	✓
9.	പുളിക്കൽ - കൊടിക്കുത്തിപ്പറമ്പ് - പഞ്ചായത്ത്	1	8	2km	ഇല്ല	ഇല്ല	✓		✓	✓		✓	✓
10.	സിയ്യാംകണ്ടം അറപ്പോൽപ്പടി - കുയ്യയിൽമൂല. പഞ്ചായത്ത്	2,3	$4\frac{1}{2}$	$1\frac{1}{2}$	ഇല്ല	ഇല്ല	✓		✓	✓	1	✓	✓
11.	സിയ്യാംകണ്ടം - കോഴിക്കാട്കുന്ന് ഹരിജൻ കോളനി- പുത്തുപ്പാടം പഞ്ചായത്ത്	2	4	$1\frac{1}{2}$	ഇല്ല	ഇല്ല	✓		✓		1	✓	✓
12.	സിയ്യാംകണ്ടം - പറവൂർ പഞ്ചായത്ത്	2	4	$\frac{3}{4}$	ഇല്ല	ഇല്ല	✓		✓			✓	✓

പട്ടിക – (1) നിലവിലുള്ളറോഡുകൾ

നമ്പർ	പേര് ഉടമസ്ഥത	വാർഡ്	വീതി(M)	ദൂരം(K.M)	ടാർ ചെയ്തത്/ചെയ്യാത്തത്	മെറ്റൽ ചെയ്തത്	ടാർ ചെയ്യേണ്ടത്	ഓടയുള്ളത്	ഓടവേണ്ടത്	കലുങ്കുള്ളത്	കലുങ്ക് വേണ്ടത്	അറ്റകുറ്റപണി നടത്തേണ്ടത്	പാർശ്വസംരക്ഷണ ഭിത്തിവേണ്ടത്.
13.	കുറിയോടം – ഒട്ടുപ്പാറ – പള്ളിക്കൽ. പഞ്ചായത്ത്	4	6	1 1/2	ഇല്ല	✓	✓		✓	✓		✓	✓
14.	നെച്ചിയിൽ -കണ്ണംവെട്ടി ഹരിജൻ കോളനി റോഡ് പഞ്ചായത്ത്	11,9	6	$1\frac{1}{2}$	ഇല്ല		✓		✓	✓		✓	✓
15.	കണ്ണംവെട്ടിക്കാവ് – ചക്കുപ്പാറ റോഡ്. പഞ്ചായത്ത്	9,10	6	3/4	ഇല്ല		✓		✓	✓		✓	✓
16.	കൈതക്കുണ്ട് – പൂച്ചാൽ റോഡ്	5	5	$1\frac{1}{2}$	.400		✓		✓	✓		✓	✓
17.	കൈതക്കുണ്ട് – പടിഞ്ഞാറ്റിപൈ	5	8	.300	TAR				✓		✓		
18.	പാറേൽപീടിക – പൂച്ചാൽ – മുളകുണ്ടറോഡ്	5,6	6	1	ഇല്ല	ഇല്ല	✓		✓			✓	✓
19.	ചേലക്കാട്. തിരുമലക്ഷേത്രം റോഡ്	3	4	1/2	ഇല്ല	ഇല്ല	✓					✓	✓
20.	പെരിയമ്പലം – അറബിക്കോളേജ് റോഡ് പഞ്ചായത്ത്	1	4	.400	TAR							✓	
21.	ചേവയൂർ – മിനിറോഡ്. പഞ്ചായത്ത്	1	4	3/4			✓					✓	✓
22.	അമ്പലക്കണ്ടി – ഹെൽത്ത് സെൻറർ റോഡ് പഞ്ചായത്ത്	9	4	1	ഇല്ല	-	✓		✓			✓	✓
23.	കാരിയേടത്ത് പുറായ് റോഡ് പഞ്ചായത്ത്	1	4	1/2	ഇല്ല		✓					✓	✓
24.	കല്ലിങ്ങൽ – അങ്ങാടിപ്പറമ്പ് റോഡ് പഞ്ചായത്ത്	1	4	1/2	ഇല്ല		✓					✓	✓
25.	ചേവായൂർ – പുതിയത്ത് മക്കക്കാട് റോഡ്	1	4	1/2	ഇല്ല		✓					✓	✓

പട്ടിക – (1) നിലവിലുള്ളറോഡുകൾ

നമ്പർ	പേര് ഉടമസ്ഥത	വാർഡ്	വീതി(M)	ദൂരം(K.M)	ടാർ ചെയ്തത്/ചെയ്യാത്തത്	മെറ്റൽ ഇളകിയത്	ടാർ ചെയ്യേണ്ടത്	ഓടകളില്ലാത്തത്	ഓടവേണ്ടാത്തത്	കലുങ്കില്ലാത്തത്	കലുങ്കുവേണ്ടത്	വഴിവിളക്കുള്ളത്	വഴിവിളക്കുവേണ്ടാത്തത്
26.	പറവൂർ - കൊല്ലത്ത് - തടായിപറവൂർ ഹരിജൻകോളനി റോഡ്	10	8	1	ഇല്ല		✓					✓	
27.	ആന്തിയൂർകുന്ന് പറവൂർ G.L.P സ്ക്കൂൾ റോഡ്.	10	4	.600	ഇല്ല		✓					✓	
28.	അറബിക് കോളേജ് - പറവൂർ റോഡ്. പഞ്ചായത്ത്	1,10	4	.600	ഇല്ല		✓					✓	
29.	പെരിയമ്പലം കുണ്ടേരി ആലുങ്ങൽ റോഡ്	10,11	4	1	ഇല്ല	–	✓				1	✓	✓
30.	പെരിങ്ങവ് കാരിപ്പുറം - കളരി റോഡ്.	8,11	4	$1\frac{1}{2}$	ഇല്ല	–	✓					✓	✓
31.	R.H.S - ദാനഗ്രാം- പെരിങ്ങാവ് റോഡ്	7	8	3		1/4m	✓					✓	
32.	പെരിങ്ങാവ് സ്ക്കൂൾ - ഏള്ളാത്ത് പുറായ് റോഡ്	7	6	$1\frac{1}{2}$	ഇല്ല		✓				1	✓	
33.	R.H.S - പുതുക്കോട് റോഡ്	7		1/2	ഇല്ല		✓						
34.	R.H.S പ്ളാക്കാട്ട് തായം റോഡ്	7	6	3/4	ഇല്ല	–	✓					✓	
35.	മാണിയോടത്ത് പുറായ് - ഹരിജൻകോളനി റോഡ്	7	6	1	ഇല്ല		✓					✓	
36.	തടായിൽ - ചോയിതാഴം റോഡ്	7	6	1/2	ഇല്ല		✓						
37.	നമ്പൂത്തലത്ത് തടായിൽ റോഡ്	7	6	1/2	ഇല്ല		✓						
38.	കുറ്റിയിൽ കോലാർ കുന്ന് റോഡ്	7		1	ഇല്ല								
39.	R.H.S പെറ്റയിൽ താഴം റോഡ്	7	6	.600	ഇല്ല		✓						
40	മണിയിൽപുറായ് - പുതുക്കോട് റോഡ്	7	6	3/4	ഇല്ല		✓						
41.	പുതുക്കോട് - പോസ്റ്റാപ്പീസ് കോയാസ് റോഡ്	7	6	.600	ഇല്ല		✓						

പട്ടിക – (1) നിലവിലുള്ളറോഡുകൾ

നമ്പർ	പേര് ഉടമസ്ഥത	വാർഡ്	വീതി(M)	ദൂരം(K.M)	ടാർ ചെയ്തത്/ ചെയ്യാത്തത്	മെറ്റൽ ചെയ്തത്	ടാർ ചെയ്യേണ്ടത്	ഓടുള്ളത്	ഓടവേണ്ടത്	കലുങ്കുള്ളത്	കലുങ്ക് വേണ്ടത്	അറ്റകുറ്റപണി നടത്തേണ്ടത്	പാർശ്വസംരക്ഷണ ഭിത്തിവേണ്ടത്.
42.	മാളിൽ തായം - കുന്നത്ത്പടി റോഡ്	7	6	1/2	ഇല്ല	ഇല്ല	✓						
43.	ട്രെയിനിംഗ് സ്ക്കൂൾ - മാളിൽതായം റോഡ്	7	4	1/2	ഇല്ല	ഇല്ല	✓						
44.	കുഴിക്കോട് മൂല - ഹരിജൻ കോളനി റോഡ്	8	6	1	ഇല്ല	ഇല്ല	✓						
45.	കപ്പുറത്ത് പുറായ് കോണത്ത്പടി റോഡ്	8	6	1/2	ഇല്ല	ഇല്ല	✓						
46.	പെരിങ്ങാവ് - കോട്ടുപ്പാടം റോഡ്	8	6	.300	ഇല്ല	ഇല്ല	✓						
47.	പേങ്ങാട് - ഉരുളൻ പറമ്പ് റോഡ്	6	4	3/4	ഇല്ല	ഇല്ല	✓						
48.	പോങ്ങാട് - പുതുക്കോട് റോഡ്	6	4	1/2	ഇല്ല	ഇല്ല	✓						
49.	ചോലക്കാട് കുന്ന് - ചേവായൂർ റോഡ്	1	4	1/2	ഇല്ല	ഇല്ല	✓						
50.	പെരിയമ്പലം - ഹൈസ്ക്കൂൾ റോഡ്	1	4	1/2	ഇല്ല	ഇല്ല	✓						

പട്ടിക – (2) പഞ്ചായത്തിലെ ടാർറോഡുകൾ

നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	ദൂരം K.M	വീതി മീറ്റർ	ബസ് / മറ്റ് യാത്രാസൗകര്യം
1.	പാലക്കാട് - കോഴിക്കോട് റോഡ്	P.W.D	5	12	ഉണ്ട്
2.	ഐക്കരപ്പടി-ഒളവട്ടൂർ റോഡ്	P.W.D	4 1/2	8	ഉണ്ട്
3.	പേങ്ങാട്-ആലുങ്ങൽ റോഡ്	P.W.D.	3	8	ഉണ്ട്
4.	പെരിയമ്പലം-പള്ളിക്കൽ റോഡ്		2	6	ഉണ്ട്
5.	പെരിയമ്പലം-അറബിക്കോളേജ്റോഡ്	പഞ്ചായത്ത്	1/2	6	ഇല്ല
6.	പെരിയമ്പലം-പറവൂർ റോഡ്	പഞ്ചായത്ത്	0.800	6	ഇല്ല
7.	കൈതക്കുണ്ട-പടിഞ്ഞാറ്റിപൈ റോഡ്	പഞ്ചായത്ത്	0.300	8	ഇല്ല

പട്ടിക – (3) ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ടാർ ചെയ്യേണ്ടത്	വീതി
1.	4	കുറിയേടം-ഓട്ടുപ്പാറ പള്ളിക്കൽ റോഡ്	600	5
2.	5	കൈതക്കുണ്ട-പൂച്ചാൽ റോഡ്	.600	5
3.	10	പെരിയമ്പലം-പറവൂർ. കെ.വി.കാവ്	500	
4.	7	R.H.S ദാനഗ്രാം പെരിങ്ങാവ് റോഡ്	.500	6

പട്ടിക – (4) മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

നമ്പർ	റോഡിന്റെ പേര് - ഉടമസ്ഥത	വാർഡ്	ദൂരം (km)	വീതി (m)
1.	കണ്ണംവെട്ടിക്കാവ്-ഐക്കരപ്പടി-കാക്കഞ്ചേരിറോഡ് P.W.D	9,11,2,5,4	3.580	8
2.	മുറിവയ്ക്കൽ-വള്ളിക്കാട് റോഡ് P.W.D	8,9	3.00	8
3.	പെരിയമ്പലം-പറവൂർ-കെ.വി.കാവ് റോഡ് പഞ്ചായത്ത്	1,10,11,9	1	6
4.	പെരിയമ്പലം-പറവൂർ ചമ്പട്ടപ്പാറ-പഞ്ചായത്ത്	10	1 1/2	6
5.	പുളിക്കൽ-കൊടിക്കുത്തിപ്പറമ്പ് റോഡ്	1	1 1/2	8
6.	സിയ്യാംകണ്ടം-അറപ്പോൽപ്പടി-കുവ്വയിൽമൂല	2,3	1 1/2	8
7.	സിയ്യാംകണ്ടം-കോഴിക്കോട് കുന്ന്-പുത്തുപ്പാടം	2	1 1/2	4 1/2
8.	സിയ്യാംകണ്ടം-പറവൂർറോഡ്	2	3/4	4
9.	നെച്ചിയിൽ-കണ്ണംവെട്ടി ഹരിജൻകോളനി റോഡ്	11,9	1 1/2	6
10.	കണ്ണംവെട്ടിക്കാവ്-ചക്കുപ്പാറ റോഡ്	9,10,	3/4	6
11.	കൈതക്കുണ്ട്-പൂച്ചാൽറോഡ്	5	1 1/4	5
12.	പാറയിൽപീടിക-പൂച്ചാൽ-മുളക്കുണ്ട്റോഡ്	5,6	1	6
13.	ചാമപ്പറമ്പ്-തിരുമലക്ഷേത്രം റോഡ്	3	1/2	4
14.	ചേവായൂർ-മിനിറോഡ്	1	1 1/2	4
15.	ചേവായൂർ - കല്ലിങ്ങൽ റോഡ്			
16.	അമ്പലക്കണ്ടി - ഹെൽത്ത് സെൻറർ റോഡ്	9	1	4
17.	കാരിയേടത്ത് പുറായ് റോഡ്	1	1/2	4
18.	കല്ലിങ്ങൽ - അങ്ങാടിപ്പറമ്പ് റോഡ്	1	1/2	4
19.	ചേവായൂർ - പുതിയമക്കക്കാട്ട് റോഡ്	1		4
20.	പറവൂർ കെല്ലത്ത്തടായി - പറവൂർഹരിജൻ കോളനി റോഡ്	10	1	8
21.	ആന്തിയൂർ കുന്ന് - പറവൂർ G.L.P സ്കൂൾ റോഡ്	10	.600	4
22.	അറബിക്ക്കോളേജ് - പറവൂർ റോഡ്	1.10	.600	4
23.	പെരിയമ്പലം -കുണ്ടേരിഅലുങ്ങൾ റോഡ്.	10,11	1	4
24.	R.H.S ദാനഗ്രാം-പെരിങ്ങാവ് റോഡ്	7	3	8
25.	പെരിങ്ങാവ് സ്ക്കൂൾ - ഏള്ളാത്ത്പുറായ് റോഡ്	1	11/2	6

നമ്പർ	റോഡിന്റെ പേര് - ഉടമസ്ഥത	വാർഡ്	ദൂരം (km)	വീതി (m)
26.	R.H.S - പുതുക്കോട് റോഡ്	7	1/2	6
27.	P.H.S- പ്ലാക്കാട്ട് തായം റോഡ്	7	3/4	6
28.	മാണിയോടത്ത്പുറായ് - ഹരിജൻ കോളനിറോഡ്	7	1	6
29.	തടായിൽ - ചോയിത്താഴം റോഡ്	7	1/2	6
30.	നമ്പൂത്തലത്ത് - തടായിൽ റോഡ്	7	1/2	6
31.	കുറ്റിയിൽ - കോലാർ കുന്ന് റോഡ്	7	1	
32.	R.H.S-പെറ്റയിൽ തായം റോഡ്	7	.600	6
33.	മണിയിൽപുരായ് - പുതുക്കോട് റോഡ്	7	3/4	6
34.	പുതുക്കോട് - ഫോസ്റ്റാഫീസ് - കോയാസ് റോഡ്	7	.600	6
35.	മാളിൽ തായം - കുന്നത്ത് തായം റോഡ്	7	1/2	6
36.	ട്രെയിനംഗ് സ്ക്കൂൾ- മാളിൽതായം റോഡ്	7	1/2	4
37.	പെരിങ്ങാവ്-കാരിപ്പുറം - കളരിറോഡ്	8,11	1 1/2	4
38.	കുഴിക്കാട്ടുമൂല - ഹരിജൻകോളനി റോഡ്	8	1	6
39.	കപ്പുറത്ത്പുറായ് - കോണത്ത്പ്പടി റോഡ്	8	1/2	6
40.	പെരിങ്ങാവ് - കോട്ടൂപ്പാടം റോഡ്	8.	.300	6
41.	പേങ്ങാട് - ഉരുളൻപറമ്പ് - റോഡ്	6	3/4	4
42.	പേങ്ങാട് - പുതുക്കോട് റോഡ്	6	1/2	4
43.	പെരിയമ്പലം - ഹൈസ്ക്കൂൾ റോഡ്	1	1/2	4
44.	ചോലക്കാട് കുന്ന് - ചേവായൂർ റോഡ്	1	1/2	4

പട്ടിക - (5) ബസ് സ്റ്റോപ്പുകളെക്കുറിച്ചുള്ള വിവരം

നമ്പർ	ബസ്സ്റ്റോപ്പിന്റെ പേര്	സ്വഭാവം	കെട്ടിട അവസ്ഥ	സ്ഥിരം കെട്ടിടം ആവശ്യമുള്ളവ	റിമാർക്സ്
1.	പുളിക്കൽ പടിഞ്ഞാറ് ഭാഗം	L.S	ഇല്ല.	✓	
2.	പെരിയമ്പലം	L.S	ഇല്ല.	✓	
3.	കുറിയോടം	L.S	ഇല്ല	✓	
4.	ഐക്കരപ്പടി	L.S	ഉണ്ട്		റിപ്പേർ ആവശ്യമാണ്
5.	ഐക്കരപ്പടി കിഴക്ക് ഭാഗം	L.S	ഇല്ല	✓	
6.	കൈതകുണ്ട	O.S	ഇല്ല	✓	
7.	11 മൈൽ	L.S	ഇല്ല	✓	
8.	പേങ്ങാട്	O.S	ഇല്ല	✓	
9.	കോയാസ്	O.S	ഇല്ല	✓	
10.	പെരിങ്ങാവ്	O.S	ഇല്ല	✓	

നമ്പർ	ബസ്സ്റ്റോപ്പിന്റെ പേര്	സ്വഭാവം	കെട്ടിട അവസ്ഥ	സ്ഥിരം കെട്ടിടം ആവശ്യമുള്ളവ	റിമാർക്സ്
11.	കല്ലറക്കുന്ന്	O.S	ഇല്ല	✓	
12.	ഇല്ലത്ത് പടി	O.S	ഇല്ല	✓	
13.	നെച്ചിയിൽ	O.S	ഇല്ല	✓	
14.	കണ്ണം വെട്ടിക്കാവ്	O.S	ഇല്ല	✓	
15.	അമ്പലക്കണ്ടി	O.S	ഇല്ല	✓	
16.	ചാമപ്പറമ്പ്	O.S	ഇല്ല	✓	
17.	മിനിഎസ്റ്റേറ്റ്	O.S	ഇല്ല	✓	
18.	നിയ്യാം കണ്ടം	L.S	ഇല്ല	✓	

പട്ടിക – (6) പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	റോഡ്
1	ചേവായൂർ റോഡ്-ചോലക്കാട്കുന്ന് റോഡുമായി ബന്ധിപ്പിക്കുക	1	0.100	✓
2	ചാമപ്പറമ്പ്-തരിശ് ഇടവഴി റോഡാക്കുക	1	0.400	✓
3	കല്ലിങ്ങൽ നിന്ന് മിനിഭാഗത്തേക്ക് റോഡ്	1		
4	പൊന്നാട്ട് ഇടവഴി ഹെൽത്ത് സെൻറർ റോഡുമായി ബന്ധിപ്പിച്ച് റോഡാക്കുക	1	0.250	✓
5	കാരിയേടത്ത് പുറായ് റോഡ്-പുളിക്കൽ - കൊടിക്കുത്തിപ്പറമ്പ് റോഡുമായി ബന്ധിപ്പിക്കുക	1	.300	✓
6	സിയാംകണ്ടം-കോഴിക്കാട്ട്കുന്ന്- പുത്തുപ്പാടം റോഡ് 4-ാം ഘട്ടം	2	0.100	✓
7	സിയാംകണ്ടം - കോഴിക്കോട്കുന്നു് - പറവൂർ റോഡ് - 3-ാം ഘട്ടം	2	0.400	✓
8	കളത്തിങ്ങൽ പടി - അലിൻ ചോട് റോഡ്	4	250മി.	
9	കുറിയോടം - കോഴിക്കാട്കുന്ന് റോഡ്	2	0.500	✓
10	കോഴിക്കാട്ട്കുന്ന് - പുതിയപറമ്പത്ത് - കോലുവള്ളിറോഡ്	2	0.600	✓
11	തൊട്ടിയം പാറ - കോഴിക്കോട് കുന്ന്	2	1/2	✓
12	പുത്തുപ്പാടം - നാലാം കണ്ടം റോഡ്	2	.400	✓
13	പുത്തുപ്പാടം-ഹരിജൻ കോളനി കോഴിക്കോട് കുന്ന്	2	3/4	✓

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	റോഡ്
14	തിരുമല-തേങ്ങോട്ടുമൂലറോഡ് - സിയ്യാംകണ്ടം അറപ്പോൽപ്പടി റോഡുമായിബന്ധിക്കുന്ന റോഡ്	3	1/2	✓
15	കൊട്ടുങ്ങൽ -കരങ്ങാട്ട് അരു തേങ്ങാട്ടു മൂല-കപ്പേടത്ത്അരുറോഡ് സിയ്യാം കണ്ടം - കുവ്വയിൽ മൂലറോഡുമായിബന്ധിക്കുന്ന റോഡ്	3	2	✓
16	കപ്പേടത്ത് ഇടവഴി റോഡാക്കി ചാമപ്പറമ്പിലേക്ക് മുട്ടിക്കുക	3	1/2	✓
17	സിയ്യാംകണ്ടം-അറപ്പോൽപ്പടി റോഡിൽനിന്ന് മുളിയോളി ഹരിജൻകോളനി റോഡ്	3	1 1/2	✓
18	കല്ലറക്കുന്ന് - ഹരിജൻകോളനി-പുത്തുപ്പാടം റോഡ്	5	.700	✓
19	കൊളക്കാട്ട് പുറായ്- കല്ലറക്കുന്ന് ഇടവഴി റോഡാക്കുക	5	.500	✓
20	പൂച്ചാൽ - ഇല്ലത്ത്പ്പടി റോഡ്	5	.600	✓
21	കല്ലറക്കുന്ന്-ഹരിജൻ കോളനി (ചെറിയേങ്ങര) പൂച്ചാൽറോഡ്	5	3/4	✓
22	ഐക്കരപ്പടി - ചക്കന്മാട്ട്കുന്ന് റോഡ് K.T.C കമ്പനിക്ക് സമീപം.	5	.300	✓
23	ഇല്ലത്ത്പ്പടി-പുത്തൂപാടംസ്ക്കൂൾ-പുത്തുപ്പാടം റോഡ്	5	1/2	✓
24	പേങ്ങാട്-പുതുക്കോട് റോഡ്	6	.150	✓
25	പേങ്ങാട് നരിക്കോട്ട് പള്ളിയാളി ഹൈസ്ക്കൂൾ റോഡ്	6	1/2	✓
26	പേങ്ങാട് - കോലിടവഴി റോഡ്	6	1/2	✓
27	രാമനാട്ടുകര ഹൈസ്ക്കൂളിൽ 'നിന്ന് പാറമേൽ വരെ റോഡ്	7	3/4	✓
28	കൊളക്കാട് പെരിങ്ങാവ് ദാനഗ്രാം തോടിന് സമീപം ടാക്ടർ റോഡ് -	7	3/4	✓
29	കാരിപ്പുറം - കുഞ്ഞാത്തൻ മൂലറോഡ്	8	1/4	✓
30	കപ്പുറത്ത് - കോണത്ത് റോഡ് 2-ാം ഘട്ടം	8	1/4	
31	കുഴിക്കാട്ട് മൂല ഹരിജൻ കോളനി റോഡ് 2-ാം ഘട്ടം	8	1/2	✓
32	പെരിങ്ങാവ് - കുഴിക്കാട്ടുമൂല റോഡ്	8	.500	✓
33	കാരിപ്പുറം -ചെങ്ങനാശ്ശേരി ഇടവഴി	8	1/2	✓
34	കണ്ണം വെട്ടിക്കാവ് - ഹരിജൻ കോളനി റോഡ്	9	1/2	✓
35	ചോലക്കോട് നിന്ന് പെരിങ്ങാവ് റോഡ്	9	1 1/2	✓
36	ചോലക്കോട് - കൊടപ്പുറം റോഡ്	9	3/4	✓

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	റോഡ്
37	കളരിയിൽ - കുനിക്കാട്ട് വഴി - കണ്ണംവെട്ടിക്കാവിലേക്ക് റോഡ്	9	1	✓
38	കളരിയിൽ - കാരിപ്പുറം-പെരിങ്ങാവ് റോഡ് - അവസാനഘട്ടം	9	1/2	✓
39	ആന്തിയൂർ കുന്ന് - കീരിക്കുന്ന് ഹരിജൻ കോളനി റോഡ്	10	1	✓
40	പറവൂർ - ചക്കച്ചൻ തൊടിറോഡ്	10	1/2	✓
41	ചെനപ്പറമ്പ് നവോദയ ഹരിജൻകോളനി റോഡ്	10	1	✓
42	കണ്ണം വെട്ടിക്കാവ് കൊല്ലത്ത് തടായി ഹരിജൻ കോളനി റോഡ്	10	1/2	✓
43	പറവൂർ ഓട്ടുപ്പാറ - ചെനമ്പറമ്പ് റോഡ്	10	1/4	✓
44	അമ്പലക്കണ്ടി-കൊല്ലത്ത് തടായി പറവൂർ ഹരിജൻ കോളനി റോഡ്	10	3/4	✓
45	G.L.P സ്കൂൾറോഡ് - പറവൂർ റോഡുമായി ബന്ധിപ്പിക്കുന്ന ഘട്ടം	10	.200	✓
46	പെരിയമ്പലം - കുണ്ടോരി അലുങ്ങൽ കോലുവള്ളി - പുത്തുപ്പാടം - ഇല്ലത്ത് പടി പാറേൽ പീടിക പൂച്ചാൽ റോഡ്	11	2 1/2	✓
47	സിയ്യാംകണ്ടം പറവൂർറോഡ് വള്ളിയിൽപടി - കോലുവള്ളിവരെ	11	1	✓
48	പൂച്ചാൽ - ചെറാപാടം കോളനി കാരിപ്പുറം റോഡ്	11	1 1/2	
49	പറവൂർ റോഡിൽ നിന്ന് കണാട്ടീരിവഴി കണ്ണംവെട്ടിക്കാവ് പുത്തുപ്പാടം റോഡിലേക്ക്	11	3/4	✓
50	തൊട്ടിയൻ പാറ - ഓട്ടുപ്പാറ റോഡ്	4	1	✓
51	കുവ്വയിൽമൂല-ചാമപ്പറമ്പ് റോഡ്	3	1/2	✓
52	അറപ്പോൽപടി - അംഗനവാടി ഹരിജൻകോളനി റോഡ്	3	1/2	✓
53	ലക്ഷം വീട് കോളനി - താഴെ അറപ്പോൽപ്പടി റോഡ്	3	1/2	✓
54	പെരിയമ്പലം - ദേവസ്വംപറമ്പ്- പമ്പ്ഹൗസ് ഇടവഴി റോഡാക്കുക	1	1/2	✓

(പട്ടിക – 7) പുതുതായി നിർമ്മിക്കേണ്ട ഫുട്പാത്ത്, പാലം, അറ്റകുറ്റപ്പണി ആവശ്യമായ ഫുട്പാത്ത്/ഇടവഴി

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	ഫുട്പാത്ത്		പാലം
				പുതിയത്	അറ്റകുറ്റപ്പണി	
1	മേലുവീട്ടിൽ വീട് ഇടവഴി					
	കൊടിക്കുത്തിപറമ്പ് റോഡുമായി ബന്ധിപ്പിക്കുക	1		✓		
2	ഏടക്കാട്ട് പുറായ് ഇടവഴി	1		✓		
3	കാരിയേടത്ത് പുറായ് ഇടവഴി					
	കൊടുക്കുത്തി റോഡുമായി ബന്ധിപ്പിക്കുക	1		✓		
4	കരുവക്കുളത്ത് - മൂന്നിയൂർ കുന്ന് ഇടവഴി	1		✓		
5	പെരിയമ്പലം ദേവസ്വം പറമ്പ് ഇടവഴി	1		✓		
6	ചേരക്കളം - ചുണ്ടമ്പലത്ത് ഇടവഴി	1		✓		
7	പഴേരി - ഏടക്കാട് ഇടവഴി	1		✓		
8	പുളിക്കൽ കൊടിക്കുത്തിറോഡ്-					
	കൊടക്കാട് ഭാഗത്തേക്ക് ഫുഡ്പാത്ത്	1			✓	
9	പൂത്തുപ്പാടം -വലിയറക്കൽ -					
	കോഴിക്കാട്കുന്ന് ഇടവഴി	2		✓		
10	മലേക്കാട്ട് ഇടവഴി	2		✓		
11	മലേക്കാട് - കോളനി ഇടവഴി	2		✓		
12	പുത്തുപ്പാടം - പുതിയപറമ്പത്ത് ഇടവഴി	2		✓		
13	കുറുപ്പിൻ കണ്ടി - നലാംകണ്ടം കുതിരക്കോട് ഇടവഴി	2		✓		
14	സിയാം കണ്ടം - കുണ്ടേരി ആലുങ്ങൽ ഇടവഴി	2		✓		
15	സിയാംകണ്ടം - തൈവച്ചകണ്ടി ഇടവഴി	2		✓		
16	സിയാംകണ്ടം - താഴത്തെകണ്ടി ഇടവഴി	2		✓		
17	സിയാംകണ്ടം - താഴെത്തൊടി ഇടവഴി	2		✓		
18	സിയാംകണ്ടം - കൽപ്പശ്ശേരി ഇടവഴി	2		✓		
19	കുറിയോടം- മലേക്കാട്ട് ഇടവഴി	2		✓		
20	കുറിയോടം - എടമ്പാട്ട് കോളനി ഇടവഴി	2		✓		
21	തൊട്ടിയാംപാറ-മുണ്ടന്നൂർ ഇടവഴി	2		✓		
22	തൊട്ടിയാംപാറ - വടക്കേപൊറ്റ ഇടവഴി	2		✓		
23	തൊട്ടിയാംപാറ-മേപ്പറമ്പ് ഇടവഴി	2		✓		
24	കോഴിശ്ശേരി -അമ്പാളിഇടവഴി അംഗനവാടിവരെ	3		✓		
25	അണിമംഗലം - കുറ്റിപ്പറമ്പ് ഇടവഴി	3		✓		
26	കുട്ടശ്ശേരി - തേങ്ങാട്ടുമൂല - ആശാരിപ്പടിവരെ	3		✓		
27	മേച്ചീരി ഇടവഴി ചാമപ്പറമ്പ് പള്ളിവരെ	3		✓		

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	ഫുട്പാത്ത്		ഓടപാലം
				മണ്ണിട്ടുയർത്തിയത്	കോൺക്രീറ്റ് ചെയ്തത്	
28	കുവ്വയിൽ മൂല കുണ്ടലംപാട്ട്-ചാമപ്പറമ്പ്	3			✓	
29	അമ്പാളിൽ പുറായ് - കുവ്വയിൽ മൂല മുതൽ ഓട്ടുപ്പാറ വരെ	3			✓	
30	മുണ്ടയിൽ മെയിൻ റോഡ് മുതൽ ഇരഞ്ഞിയിൽ വീട് വരെ	3			✓	
31	ചെറുകാവ് A.U.P സ്കൂൾ കുഴൽക്കിണർവഴി - അമ്പലത്തൊടി വരെ	3			✓	
32	വാറു വീട്ടിൽ ഇടവഴി - മിനി റോഡുവരെ	3		✓		
33	ചക്കോടി ഇടവഴി-ചാമപ്പറമ്പ് വരെ	3		✓		
34	കുറിയോടം - പുവ്വക്കാട്ട് ശിവക്ഷേത്രം പുത്തുപ്പാടം റോഡ് വരെ.	4		✓		
35	എളോളത്തിൽ (കോലോപ്പടി) മുതൽ നമസ്കാരപള്ളിവരെ	4			✓	
36	നൂഞ്ഞി-മാനോളി-ഓട്ടപ്പാറ വരെ ഇടവഴി	4		✓		
37	ചാക്യാർപ്പടി - ആലും ചുവട് ഫുട്പാത്ത്	4			✓	
38	വെണ്ണായൂർ റോഡ് മുതൽ കളത്തിങ്ങൽപ്പടി ഇടവഴി ഓട്ടുപാറ റോഡുവരെ	4			✓	
39	കുറ്റിത്തൊടി അരു മുതൽ കളത്തിങ്ങൽ അരുവരെ	4			-	
40	സിയംകണ്ടം കോട്ടാട്ടിൽ ഇടവഴി ഓട്ടുപ്പാറ വരെ	4		✓		
41	പൊറ്റമ്മൽ-വെണ്ണായൂർ അംഗനവാടി ഇടവഴി	4		✓		
42	വെണ്ണായൂർ - മണക്കാട്ടുപ്പുറം	4		✓		
43	പൂച്ചാലിൽ നിന്ന് മൂലയിലേക്ക്	5			✓	
44	കൈതക്കുണ്ട് -പൂച്ചാൽ റോഡിൽ നിന്ന് മയിലങ്ങോട്ട് പറമ്പിലേക്ക്	5			✓	
45	പൂച്ചാൽ റോഡിൽ നിന്ന് ചെറിയേങ്ങര കുളത്തിലേക്ക് ഫുട്പാത്ത്	5			✓	
46	പൂച്ചാലിൽ നിന്ന് കല്ലറച്ചാലിലേക്ക്	5			✓	
47	പൂച്ചാൽ- നിലമ്പനങ്ങാട്ട് ഫുട്വാത്ത്	5			✓	
48	ഐക്കരപ്പടി- ദേവസ്വം പറമ്പ്- കല്ലറക്കുന്ന് ഹരിജൻ കോളനി ഫുട് പാത്ത്	5			✓	
49	ഐക്കരപ്പടി - മതിലങ്ങാട്ട് ഹരിജൻ കോളനി ഫുട്പാത്ത്	5			✓	
50	കല്ലറക്കുന്ന്-പള്ളിക്കരപുറായ് - പുത്തപ്പാടം ഇടവഴി ഫുട്പാത്താക്കുക	5			✓	

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	ഫുട്പാത്ത്		ഓവുചാൽ
				ടൈൽ പാകിയത്	കോൺക്രീറ്റ്	
51	ഐക്കരപ്പടി - പുത്തുപ്പാടംസ്കൂൾ - ഇല്ലത്ത്പടി വഴി ഫുട് പാത്താക്കുക	5			✓	
52	പള്ളിയാളിൽ ഇടവഴി പൂച്ചാൽ റോഡുമായി ബന്ധിപ്പിക്കുക	5		✓		
53	പൂച്ചാൽ - പാറയിൽ പീടിക ഇടവഴി				✓	
54	കല്ലറക്കുന്ന് - പുന്നക്കാട് - പുത്തുപ്പാടം P.H.C ഫുട്പാത്ത്	5			✓	
55	ഐക്കരപ്പടി - ബദ്രിയ്യാമദ്രസ്സ കല്ലറക്കുന്ന് ഇടവഴി ഫുട്പാത്താക്കുക				✓	
56	പൂച്ചാൽ റോഡിൽ നിന്ന് ചാലാക്കിൽ വഴി കല്ലറക്കുന്ന് അംഗനവാടി വരെ	5			✓	
57	ഐക്കരപ്പടി ബസ് സ്റ്റോപ്പ് - പരപ്പോട്വരെ ഫുട്പാത്ത്	5			✓	
58	പാറപ്പുറത്ത് -പേങ്ങാട് ഫുട്പാത്ത്	6			✓	
59	പേങ്ങാട് -തത്തങ്ങോട്ട് തോടിന്റെ സൈഡ്കെട്ടി ഫുട്പാത്താക്കുക	6			✓	
60	പെരിങ്ങാവ് കുനിക്കാടു് തോട്ടിൽ നിന്ന് കൊളക്കാട്ട് താഴുത്തുകൂടി പെരിങ്ങാവ് ഏളളാത്ത്പടി റോഡിലേക്ക്	7			✓	
61	പെരിങ്ങാവ് സ്രാബ്യകുളങ്ങര റോഡിൽ നിന്ന് പോസ്റ്റാഫീസ് വരെ	7			✓	
62	പെരിങ്ങാവ്റോഡ് - കാവുങ്കരഇടവഴി- പുതുക്കോട് റോഡ്.	7			✓	
63	പെരിങ്ങാവ് റോഡിൽനിന്ന് നീറേങ്ങൽ ഇടവഴി - പുതുക്കോട് റോഡ് വരെ	7			✓	
64	ഇടശ്ശേരി ഇടവഴി - ദാനഗ്രാം കോളനിവരെ	7			✓	
65	കോയാസ്-മുതൽ ചേറൂങ്ങോട്ട് - മുളങ്കുണ്ടവരെ	7			✓	
66	പെരിങ്ങാവ് റോഡിൽനിന്ന് വിശാല ഫ്ലോർമില്ലിന്റെ പടിഞ്ഞാറുഭാഗത്തുകൂടി	7			✓	
67	പെരിങ്ങാവ് - പുതുക്കോട് റോഡിൽനിന്ന് കുന്നത്ത് പുറായ് ദാനഗ്രാം വരെ	7			✓	
68	പുതുക്കോട് L.Pസ്കൂൾ മുതൽ തെക്കേപ്പള്ളിയാളിവരെ	7			✓	
69	നിലാട്ട് താഴം ഫുട്പാത്ത്	7			✓	

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	ഫുട്പാത്ത്		പൂർത്തിയായത്
				നിലവിലുള്ളത്	ആവശ്യം	
70	പെരിങ്ങാവ് സ്കൂളിന്റെ മുൻവശത്തുകൂടെ പോകുന്ന ഇടവഴി	7		✓		
71	മണ്ണാറക്കൽ പന്നിക്കോട്ട് ഇടവഴി R.H.S പോസ്റ്റ്മുതൽ ഇടവഴി പുതുക്കോട് റോഡിലേക്കുള്ള രണ്ട്ക്രോസ് ഇടവഴി	7		✓		
72	R.H.S മുതൽ പടിഞ്ഞാറെപ്പാറ ഇടവഴി	7		✓		
73	കോട്ടോട്ടിൽ തച്ചു കുന്നത്ത് ഇടവഴി പുതുക്കോട് റോഡ് വരെ	7		✓		
74	പുഴുത്തിനിപ്പുറം ഫുട്പാത്ത്	8		✓		
75	കാവാട്ടു ഫുട്പാത്ത്	8		✓		
76	കിഴക്കേടത്ത് പടി	8			✓	
77	ചേലോട്ടിരി ഫുട്പാത്ത്	8			✓	
78	ചെമ്പ്രച്ചോല ഹരിജൻകോളനി ഫുട്പാത്ത്	8			✓	
79	കളത്തിൽ പടി ഫുട്പാത്ത്	8			✓	
80	അരിക്കുംമ്പുറം വടുവങ്ങരപ്പടി ഫുട്പാത്ത്	8			✓	
81	കുഴിക്കോട്ടിൽ ഹരിജൻ കോളനി	8			✓	
82	പൊയ്ലിക്കര പടി - ചേലാട്ട്പ്പാറ	8			✓	
83	കരിയാത്തൻ കുന്ന് സബ്ബ് സെൻറിന് മുകളിലേക്ക്	8			✓	
84	താമരത്ത് - കിഴക്കേടത്ത്	8			✓	
85	മൂത്തേടത്ത് - സ്രാമ്പിയക്കൽ ഭാഗം	8			✓	
86	കൊളക്കാട്ടിൽ ഭാഗം	8			✓	
87	കൊടപ്പുറം - അരിക്കുംമ്പുറം	8			✓	
88	കൊടപ്പുറം-പുളിമലഭാഗം	8			✓	
89	വെള്ളക്കോട്ടുപടി	8			✓	
90	കാരിപ്പുറം-മുണ്ടക്കൽ പുറായ്	8			✓	
91	കാരിപ്പുറം - വാരിയംതൊടി	8			✓	
92	കാവാട്ടു - കാഞ്ഞിരക്കുന്ന്	8			✓	
93	പെരിങ്ങാവ് കള്ള്ഷാപ്പ്-കാരിപ്പുറംറോഡ്	8			✓	
94	കുനിക്കാട്ട് മേലേക്കാട്ടു ഇടവഴി	8			✓	
95	ചങ്ങനശ്ശേരി - കൊടപ്പുറം	8			✓	
96	കാരിപ്പുറം - വെള്ളിക്കോളിൽ പടി	8			✓	
97	താമരത്ത് ക്ഷേത്രത്തിനടുത്ത്	8				✓
98	ചൊയ്ലിക്കര ഭാഗത്ത്	8				✓
99	ഏടശ്ശേരി ഭാഗത്ത്	7				✓

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	ഫുട്പാത്ത്		ഓടോ യുള്ളത്
				ഇരുവശവും	ഒരുവശം	
100	കൊളക്കാട്ടിൽ ഭാഗത്ത്	7				✓
101	കുന്നത്ത്പടി ഭാഗം	8				✓
102	വെണ്ണച്ചാലിൽ ഭാഗം	8				✓
103	മുടക്കൈപടി ഭാഗം	8				✓
104	കണ്ണംവെട്ടിക്കാവ് - ഹരിജൻ കോളനി	9	1/4	✓		.
105	പെരിഞ്ചീരിപള്ളി- വടക്കേചാലിൽ പുൽക്കണ്ടി വരെ	9	.400	✓		.
106	മലവെട്ടിച്ചാൽ - അടിവാരം റോഡ് വരെ	9	.300	✓		
107	കൊടപ്പുറം-കരിമ്പനകുഴി	9	1/2	✓		
108	അടിവാരം - കണ്ണംവെട്ടിക്കാവ് ഹരിജൻ കോളനി	9	1/2		✓	
109	പെരിഞ്ചീരിതടം - വടക്കേചാലിൽ വരെ	9	1/4		✓	
110	അമ്പലക്കണ്ടി-കല്ലായിതടം - ചോലക്കോട് പള്ളി	9	1/2	✓		
111	കണ്ണംവെട്ടിക്കാവ് - പറമ്പിൽ വരെ	9	1/4	✓		
112	ചോലക്കോട് - കുളക്കുത്ത് ഭാഗം ഇടവഴി	9	1/4	✓		
113	ചോലക്കോട്- അമ്പനാടത്ത് ഭാഗം ഇടവഴി	9	1/2	✓		
114	ചോലക്കോട് - കുളങ്ങരത്തൊടി ഇടവഴി	9	.400	✓		
115	കീരിക്കുന്ന് ഇടവഴി	10		✓		
116	മണിയിൽ ഇടവഴി	10		✓		
117	ചക്കുപ്പാറ മായപ്പ ഇടവഴി	10		✓		
118	വടക്കെ ഞാറക്കാട്ട് ഇടവഴി	10		✓		
119	തെന്നഞ്ചീരിപ്പടി - ചക്കുപ്പാറ ഇടവഴി	10		✓		
120	കാപ്പിൽ മുത്താച്ചിക്കുന്ന് ഇടവഴി	10		✓		
121	ഉള്ളിശ്ശേരിപ്പടി ഇടവഴി	10		✓		
122	വടക്കേങ്ങര ഓറമൂക്ക് ഇടവഴി	10		✓		
123	മോലെപ്പള്ളിയാളി ഇടവഴി	10		✓		
124	കണ്ണാടത്ത് പടി - അറബിക്കോളേജ് ഇടവഴി	10		✓		
125	കുറ്റിയിൽ പടി G.L.P സ്കൂൾ ഫുട്പാത്ത്	10			✓	
126	ഉണിച്ചോങ്ങൽ ഇടവഴി	10		✓		✓
127	കൊല്ലത്ത് തടായി ഏട്ടത്താണിക്കുഴി ഇടവഴി	10		✓		
128	ചെറാപാടം ഏസ്റ്റേറ്റ് - കാരിപ്പുറം(കളരി)	11			✓	
129	കാരിപുറം - ചെറാപാടം എസ്റ്റേറ്റ്ഇടവഴി	11			✓	
130	ചെറാപാടം - ചെറാപാടം എസ്റ്റേറ്റ്	11			✓	
131	പുത്തുപ്പാടം വാൾണിമൂല - ആനക്കോട്	11			✓	
132	പുത്തുപ്പാടം റേഷൻഷാപ്പ് - ഏടക്കാടു് പെറ്റ വരെ	11			✓	
133	ഇല്ലത്ത് പടി മുതൽ അടിയാരിൽ പുറായ് വരെ	11			✓	

നമ്പർ	നിർദ്ദേശിക്കുന്ന പേര്	വാർഡ്	ദൂരം (K.M)	ഫുട്പാത്ത്		പാലം
				സ്ലാബ് ഇട്ടത്	പുതിയത്	
134	കാരിപ്പുറം താന്നിക്കോട്ട് പുറായ് വരെ	11			✓	
135	ഇല്ലത്ത് പടി-പുത്തുപ്പാടം സ്കൂൾ വരെ	11			✓	
136	കുണ്ടേരിമുതൽ പറവൂർ - കണ്ണംവെട്ടിക്കാവ് റോഡ് ജംക്ഷൻ	11			✓	
137	അക്കര ചേലാട്ട് - പത്തായക്കുന്ന് ഇടവഴി	11			✓	
138	ചെറാപാടം - നടവരമ്പ് ഫുട്പാത്താക്കുക	11			✓	
139	കാരിപ്പുറം- ചെറാപാടം ഇടവഴി	11		✓		
140	കുണ്ടേരിമുതൽ വള്ളിയിൽ വരെ	11		✓		
141	സിയാംകണ്ടം - ആശാരിപടിയിൽ (പാലക്കാട് - കോഴിക്കോട് ലിങ്ക് റോഡിൽ ഫുട്പാത്ത്)	11			✓	
142	ചിറക്കുണ്ട് പടിഞ്ഞാറയിൽ-ചെറാകൊട്ട ഫുട്പാത്ത്	11			✓	
143	പുത്തുപ്പാടം പണ്ടാറകണ്ടം - ഏടക്കാട്ട് പ്പെറ്റ മേത്തൽ ഇടവഴി	11			✓	
144	പൂത്തുപ്പാടം-ഇളഞ്ചിരിപ്പടി ഫുട്പാത്ത്	11		✓		
145	പുത്തുപ്പാടം ഏടക്കാട്ട് അരു മുതൽ കുതിരക്കോട്പടി വരെ ഫുട്പാത്ത്	11			✓	
146	പെരിയമ്പലം-തച്ചമ്പലം ഇടവഴി	1				
147	മണ്ണാറക്കൽപ്പടി ഫുട്പാത്ത്	1				
148	മുണ്ടിയൻകണ്ടി - ചെനപ്പറമ്പ്	10		✓		
149	കുണ്ടേരി-പത്തായക്കുന്ന്	11				
150	പേങ്ങാട് - തത്തംങ്ങോട് ഫുട്പാത്ത്	6				
151	പെരിങ്ങാവ്-ഹെൽത്ത്സെൻറർ വരെ ഫുട്പാത്ത്	8			✓	

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങളായ തേങ്ങ, അടയ്ക്ക, കുരുമുളക് എന്നിവ തലച്ചുമടായി കോഴിക്കോട്ടെ വലിയങ്ങാടിയിലും, പാണ്ടികശ്ശാലകളിലും എത്തിക്കുന്ന രീതി ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നിലനിന്നിരുന്നു. എന്നാൽ കോഴിക്കോട് പാലക്കാട് റോഡിന്റെ ആവിർഭാവത്തോടെ 'മൂരിവണ്ടി' (കാളവണ്ടി) മുഖ്യഗതാഗത ഉപാധിയായി. അപ്പോഴെല്ലാം ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ പ്രാദേശിക മാർക്കറ്റുകളെയാണ് ആളുകൾ ആശ്രയിച്ചിരുന്നത്. ആദ്യകാലത്ത് ആളുകൾ ഏറ്റവും കൂടുതലായി ബന്ധപ്പെട്ടത് പുളിക്കലങ്ങാടിയെയും രാമനാട്ടുകരയെയും ആയിരുന്നു. പഞ്ചായത്തിന്റെ ഹൃദയഭാഗമായ ഐക്കരപ്പടി സാവധാനം ഉയർന്നുവന്നതോടെ ഇത് ജനങ്ങളുടെ മുഖ്യവ്യവഹാരകേന്ദ്രമായി മാറി. റോഡ് ഗതാഗതം പുരോഗതി പ്രാപിച്ചതോടെ ഇന്ന് പെരിയമ്പലം, സിയാംകണ്ടം, കണ്ണംവെട്ടിക്കാവ്, പേങ്ങാട്, പെരിങ്ങാവ്, പുതുക്കോട്, 11-ാം മൈൽ എന്നിവ ഒരുവിധം മികച്ച അങ്ങാടികളായി പഞ്ചായത്തിൽ ഉയർന്നുവരാൻ തുടങ്ങി. പഞ്ചായത്തിലെ നെല്ലും കശുവണ്ടിയും പ്രാദേശികമായി വിറ്റഴിക്കുകയായിരുന്നു. നമ്മുടെ മറ്റൊരു മുഖ്യകാർഷികവിളയാണ് നേന്ത്രക്കായ. ഇത് പാലക്കാട്ടേയ്ക്കായിരുന്നു വിൽപ്പനക്കായ് അയച്ചിരുന്നത്. വീടുവീടാന്തരം കയറി ഇറങ്ങി പാത്രങ്ങളും (അലൂമിനിയം, ഓട്ടുപാത്രങ്ങൾ) മറ്റും വില്പന നടത്തുന്ന രീതിയും ഒട്ടൊക്കെ ഇന്നും നിലനില്ക്കുന്നുണ്ട്. കാർഷിക ഉല്പന്നമായ മരച്ചീനി (പൂള) മൊത്തത്തിൽ വില്പന നടത്തി വെള്ളിക്കോൽ തുടങ്ങിയ പഴയ അളവുകോലുകൾ ഉപയോഗിച്ച് പൊതുമാർക്കറ്റായ ഐക്കരപ്പടിയിൽ എത്തിച്ച് വില്ക്കുകയായിരുന്നു പതിവ്. എന്നാൽ ഇന്ന് പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ഇവ ദൂരെയുള്ള മാർക്കറ്റുകളിൽ വിറ്റഴിച്ച് വിദൂരസ്ഥലങ്ങളിൽനിന്നും ഇതേവസ്തുക്കൾ തന്നെ ഇറക്കുമതി ചെയ്യുന്ന പതിവ് നിലവിലുണ്ട്. ഇതുമൂലം യഥാർത്ഥ കർഷകനേക്കൾ കൂടുതൽ ഗുണം ലഭിക്കുന്നത് ഇടത്തട്ടുകാരനാണ്.

പഞ്ചായത്തിലെ ലൈസൻസുള്ള മൊത്തം കടകളുടെ എണ്ണം 232 ആണ്. പലചരക്കു സാധനങ്ങളും ഭക്ഷ്യധാന്യങ്ങൾക്കുമായി ഭൂരിഭാഗം ജനങ്ങളും പഞ്ചായത്തിലെ കടകളെയും പൊതുവിതരണകേന്ദ്രങ്ങളെയും മാവേലിസ്റ്റോറിനേയും ആശ്രയിക്കുമ്പോൾ തന്നെ വളരെ കുറഞ്ഞ ഒരു വിഭാഗം ആളുകൾ പുളിക്കൽ, രാമനാട്ടുകര, കോഴിക്കോട് തുടങ്ങിയ മാർക്കറ്റുകളെ ആശ്രയിക്കുന്നു. ഇടത്തരക്കാരും സമ്പന്നവിഭാഗങ്ങളും ഇഷ്ടപ്പെട്ട ഗൃഹോപകരണങ്ങളും തുണിത്തരങ്ങളും വാങ്ങാൻ കൂടുതലും കോഴിക്കോട്, രാമനാട്ടുകര, കൊണ്ടോട്ടി ഭാഗങ്ങളെ ആശ്രയിക്കുന്നു. അന്തർസംസ്ഥാന മാർക്കറ്റുകളിൽ പോലും പ്രിയങ്കരങ്ങളാണ് ഐക്കരപ്പടിയിലെ ശക്തി സോഫ്ട് ഡ്രിങ്ക് സിന്റെ ഉല്പന്നങ്ങളും പഞ്ചായത്തിലെ വിവിധ കമ്പനികൾ നിർമ്മിക്കുന്ന ചെരിപ്പുകളും. പഞ്ചായത്തിൽ സ്വകാര്യ പൊതുമാർക്കറ്റുകളൊന്നും സംഘടിതമായി നിലവിലില്ല. മത്സ്യത്തിനും മാംസത്തിനും നല്ല മാർക്കറ്റ് ഇവിടെ ലഭിക്കുന്നുണ്ടെങ്കിലും ഇവ വില്ക്കപ്പെടുന്നത് ആരോഗ്യകരമായ ചുറ്റുപാടിലല്ല. അതുകൊണ്ട് തന്നെ മത്സ്യമാംസമാർക്കറ്റുകൾക്ക് ധാരാളം സാധ്യതകൾ ഉണ്ട്.

നിലവിലുള്ള മാവേലി സ്റ്റോർ പഞ്ചായത്തിന്റെ ഒരറ്റത്ത് പ്രവർത്തിക്കുന്നതിനാൽ ഭൂരിഭാഗം ജനങ്ങൾക്കും ബന്ധപ്പെടാൻ പ്രയാസമുണ്ട്. പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റിയോ, മാവേലി സ്റ്റോറോ വളംവില്പന ഡിപ്പോയോ ഇപ്പോൾ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നില്ല. ഇവ സ്ഥാപിച്ചാൽ സാധനവിലകൾ കുതിച്ചുയരുന്നത് പിടിച്ചു നിർത്താൻ ഒരു പരിധിവരെ സഹായിക്കും. നമ്മുടെ പ്രധാന വിഭവങ്ങളായ നേന്ത്രക്കായ, നാളികേരം എന്നിവ സംസ്കരിക്കുന്നതിന് ഇപ്പോൾ സംവിധാന

ങ്ങളൊന്നും പഞ്ചായത്തിൽ നിലവിലില്ല. വ്യവസായ സംരംഭകർ മുന്നോട്ടുവന്നാൽ ഇത്തരം കേന്ദ്രങ്ങൾ പഞ്ചായത്തിൽ തുടങ്ങാവുന്നതേ ഉള്ളു. CBNP അയൽക്കൂട്ടം-യുവജനസന്നദ്ധ സംഘടകളെ പ്രയോജനപ്പെടുത്തി പഞ്ചായത്തിലെ ഉല്പന്നങ്ങളെ ഇവിടെതന്നെ വിപണനം നടത്താവുന്നതേ ഉള്ളു. കാരണം നമ്മുടെ പഞ്ചായത്ത് വളരെ നല്ല ഉപഭോഗ സംസ്കാരത്തിന് ഉടമകളാണ്.

ഗ്രാമസഭകളിലെ പ്രധാന നിർദ്ദേശങ്ങൾ, സാധ്യതകൾ തുടങ്ങിയവ വാർഡ് തിരിച്ച് താഴെ ചേർക്കുന്നു. ഇതിൽനിന്ന് അടിയന്തിരപ്രാധാന്യമുള്ള സ്ഥലങ്ങളിൽ മുൻഗണനാ അടിസ്ഥാനത്തിൽ ആഴ്ചച്ചന്ത, പൊതുമാർക്കറ്റ്, മത്

വാർഡ്	പ്രധാന കാർഷിക ഉല്പന്നങ്ങൾ	പ്രശ്നങ്ങൾ	പരിഹാര നിർദ്ദേശങ്ങൾ
1	നാളികേരം	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല	മാർക്കറ്റ് വേണം.
2	നാളികേരം, നെല്ല്	പൊതുമാർക്കറ്റോ ആഴ്ചചന്തയോ ഇല്ല	പഞ്ചായത്തിൽ ആഴ്ചച്ചന്തയും പുത്തുപ്പാടം കേന്ദ്രമാക്കി പൊതുമാർക്കറ്റും വേണം. കുറിയേടം സിയാകണ്ടം എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റും വേണം.
3.	നാളികേരം, നെല്ല്, നേന്ത്രവാഴ,	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	സിയാംകണ്ടം കേന്ദ്രമാക്കി ആഴ്ചച്ചന്ത വേണം. പഞ്ചായത്തിൽ മത്സ്യ-മാംസം പൊതുകേന്ദ്രം വേണം.
4.	നാളികേരം, നെല്ല്,	പൊതുമാർക്കറ്റോ, ആഴ്ചച്ചന്തയോ ഇല്ല.	ഐക്കരപ്പടി കേന്ദ്രീകരിച്ച് പൊതുമാർക്കറ്റ് വേണം.
5.	നാളികേരം, നെല്ല്, നേന്ത്രവാഴ	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	ഐക്കരപ്പടി കേന്ദ്രമാക്കി ആഴ്ചച്ചന്ത സംഘടിപ്പിക്കണം. ഐക്കരപ്പടി, കൈതക്കുണ്ട് എന്നിവിടങ്ങളിൽ മത്സ്യമാംസമാർക്കറ്റുകളും സ്ഥാപിക്കണം
6	നാളികേരം, നെല്ല്.	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	ആഴ്ചച്ചന്ത പൊതുമാർക്കറ്റ്, മത്സ്യമാർക്കറ്റ് വേണം.
7	നാളികേരം.	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	പൊതുമാർക്കറ്റ് ആഴ്ചച്ചന്ത എന്നിവ വേണം.
8	നാളികേരം, നേന്ത്രവാഴ, നെല്ല്,	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	പെരിങ്ങാവിൽ ആഴ്ചച്ചന്തയും പൊതുമാർക്കറ്റും മത്സ്യമാംസ മാർക്കറ്റും വേണം.
9	നാളികേരം, നെല്ല്, നേന്ത്രക്കായ,മരച്ചീനി.	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	പഞ്ചായത്തിൽ ആഴ്ചച്ചന്തയും കണ്ണംവെട്ടിക്കാവ് കേന്ദ്രമാക്കി പൊതുമാർക്കറ്റും മത്സ്യ മാർക്കറ്റും സ്ഥാപിക്കണം.
10	നാളികേരം.	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	പഞ്ചായത്തിൽ ആഴ്ചച്ചന്തയും വാർഡ് കേന്ദ്രമാക്കി പൊതുമാർക്കറ്റും വേണം.
11	നാളികേരം, നെല്ല്, നേന്ത്രക്കായ, മരച്ചീനി.	പൊതുമാർക്കറ്റോ ആഴ്ചച്ചന്തയോ ഇല്ല.	പൊതുച്ചന്ത വാർഡിൽ ഇല്ലത്ത്പടിയിൽ സ്ഥാപിക്കണം. (സ്ഥലം സൗജന്യമായി കിട്ടാനുണ്ട്) കാർഷികോല്പന്ന ചന്ത വേണം മത്സ്യമാർക്കറ്റ് വേണം.

പാർപ്പിടം

വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന ചെറുകാവ് ഗ്രാമപഞ്ചായത്ത് ചെറുകാവ്, വഴയൂർ, പള്ളിക്കൽ വില്ലേജുകളിലായാണ് സ്ഥിതിചെയ്യുന്നത്.

ഭവനനിർമ്മാണരംഗത്ത് ആധുനിക പ്രവണതകൾ മടിച്ചുമടിച്ചാണെങ്കിലും ഈ മേഖലയിലേക്കും സാവധാനം കടന്നുകൊണ്ടിരിക്കുകയാണ്. കേരളശൈലിയിൽ കല്ലും മരവും ഓടും ഉപയോഗിച്ചുള്ള ഭവനമാതൃകയാണ് ഭൂരിഭാഗവും സ്വീകരിക്കുന്നത്. എന്നാൽ ഗൾഫ് പണത്തിന്റെ സ്വാധീനംമൂലം ഈ പഞ്ചായത്തിലും കോൺക്രീറ്റ് മാതൃകയിലുള്ള വീടുകൾ ധാരാളം ഉയർന്നുകൊണ്ടിരിക്കുയാണ്.

കാർഷികവൃത്തിയിലും കെട്ടിടനിർമ്മാണതൊഴിലുകളിലും ഏർപ്പെടുന്ന സാധാരണക്കാരായ ഭൂരിഭാഗവും പഴയ ഓലക്കുടിലുകളുടെ സ്ഥാനത്ത് ഓടിട്ട വീടുകളിലേക്ക് താമസം മാറ്റിക്കഴിഞ്ഞു.

പഴയകാലപ്രതാപം കാണിക്കുന്ന അപൂർവ്വം ചില പഴയ തറവാടുകളും ഇന്നും നിലവിലുണ്ട്.

പഞ്ചായത്ത് റജിസ്റ്ററുകളിലെ വിവരങ്ങളനുസരിച്ച് ആകെ വീടുകൾ 6664 ആണ്. ഇതിൽ ഭേദപ്പെട്ടവ 5890ഉം 774 ഇടത്തരം വീടുകളുമാണ്. വിശദവിവരങ്ങൾ പട്ടിക -1.

പട്ടിക -1

ക്രമ നമ്പർ	വാർഡ്	ഓല	ഓട്	കോൺക്രീറ്റ്	ഇരുനില	കുടിൽ	ആകെ
1	I	070	530	197	096	04	897
2	II	047	396	116	06	04	569
3	III	042	275	041	02	03	363
4	IV	055	301	012	04	07	379
5	V	135	537	119	036	05	832
6	VI	155	522	027	012	09	725
7	VII	080	377	079	029	05	570
8	VIII	034	429	112	012	03	590
9	IX	050	430	017	013	02	512
10	X	013	436	145	064	-	658
11	XI	047	396	116	06	04	569
ആകെ		0728	4629	0981	0280	046	6664

15 വർഷം മുമ്പ്വരെ ഒരു വീടിന്റെ ശരാശരി ചിലവ് 50,000 രൂപയായിരുന്നുവെങ്കിൽ ഇന്ന് ഏതാണ്ട് 1,50,000 രൂപവരെയായിട്ടുണ്ട്. സമൂഹത്തിൽ സ്വന്തം പദവി ഉയർത്തിക്കാണിക്കാനായി ആർഭാടമായി വീട് പണിയുന്നവരും കുറവല്ല.

പഴയ കാലങ്ങളിൽ റോഡിൽനിന്നകന്ന് ശാന്തമായ അന്തരീക്ഷത്തിൽ വീട്വെച്ച് കഴിയാനാണ് ജനങ്ങൾ ആഗ്രഹിച്ചതെങ്കിൽ ഇന്ന് റോഡുകൾക്ക് സമീപം വയൽനികത്തിപോലും വീടുവെക്കാനാണ് താല്പര്യം കാണിക്കുന്നത്. ഇത് ഭക്ഷ്യവിളഭൂമിയുടെ വിസ്തീർണ്ണം കുറയാൻ ഇടയാക്കിയിട്ടുണ്ട്. ഈ പ്രവണത തുടർന്നാൽ സമീപഭാവിയിൽ കൃഷിഭൂമി തീരെ ഇല്ലാതാകും.

ഭവനനിർമ്മാണരംഗത്തെ തൊഴിലാളികളുടെ വേതന വർദ്ധനവ് (പുരുഷൻ 125/ സ്ത്രീ 90/) കെട്ടിടനിർമ്മാണവസ്തുക്കളുടെ ഭാരിച്ച വില എന്നിവ മൂലം സ്വന്തമായി വീടു നിർമ്മിക്കാൻ പലരും ഭവനനിർമ്മാണ സഹകരണസംഘങ്ങളെയോ ബാങ്കുകളെയോ സമീപിക്കുകയാണ് ചെയ്യുന്നത്. ഇവയുടെ വ്യവസ്ഥകൾ അപേക്ഷകനെ വളരെ കഷ്ടപ്പെടുത്തുന്നവയാണ്. ഉദാഹരണമായി പലിശ സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥ എന്നിവ.

രൂക്ഷമായ ഭവനരാഹിത്യം അനുഭവപ്പെടുന്ന പ്രദേശമാണ് ചെറുകാവ് പഞ്ചായത്ത്. ഭവനരഹിതരായ കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. അതിനാൽ ഇവർക്ക് പ്രയോജനകരമാകുന്ന തരത്തിൽ വായ്പാവ്യവസ്ഥകൾ ലഘൂകരിക്കണം.

സംസ്ഥാന ഭവനനിർമ്മാണബോർഡിന്റെ പ്രവർത്തനം മൂലം പഞ്ചായത്തിൽ വേണ്ടത്ര വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ലഭിക്കുന്നത് നാമമാത്രമായ ദുർബല വിഭാഗങ്ങൾക്കു മാത്രമാണ്. ഇതിന് ഈടാക്കുന്ന പലിശ ലഘൂകരിക്കുകയും നിബന്ധനകൾ ഉദാരമാക്കുകയും വേണം.

ഇടത്തരം വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വീട് റിപ്പയർ ചെയ്യലും പുതിയ വീട് നിർമ്മിക്കലും ഇന്ന് വലിയ ഒരു പ്രശ്നമായ നിലനിൽക്കുകയാണ്. അതിനാൽ ഇത്തരം വിഭാഗങ്ങൾക്കും അടിയന്തരമായ സാമ്പത്തികസഹായത്തിന് ഉപാധി ഉണ്ടാകണം.

വിവിധ പദ്ധതികൾവഴി പഞ്ചായത്തിൽ നിർമ്മിച്ചു വീടുകളുടെ വിവരം പട്ടികയായി കൊടുക്കുന്നു.

വർഷം	പദ്ധതിയുടെ പേര്			ആകെ
	IAY	MWS	JRY	
1991-92	-	-	3	3
1992-93	-	-	3	3
1993-94	-	-	3	3
1994-95	6	2	5	13
1995-96	29	12	-	41
	35	14	14	63

ചെറുകാവ് പഞ്ചായത്തിന് ഭവനനിർമ്മാണ വായ്പ ലഭിക്കുന്ന സഹകരണസൊസൈറ്റികളിൽ ഒന്ന് കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ഹൗസിങ് സൊസൈറ്റിയാണ്. അത് ഇതുവരെ 39 പേർക്കായി 1217600 രൂപ ചിലവഴിച്ചതായി കാണാം.

കാരാട് ആസ്ഥാനമായി ഒരു സഹകരണ ഹൗസിങ് സൊസൈറ്റി ആരംഭിച്ചിരുന്നെങ്കിലും ഇതിന്റെ പ്രവർത്തനം വേണ്ടപോലെ പഞ്ചായത്തിന് ലഭിക്കുന്നില്ല. മറ്റ് സഹായം ലഭിക്കുന്ന സ്ഥാപനങ്ങളായി കാണാവുന്നത് ക്യാൻഫിൽ ഹോസും, LIC പോലുള്ള സ്ഥാപനങ്ങളുമാണ്. ഇവയെല്ലാം അമിതമായ ലാഭം മാത്രം മുന്നിൽ കാണുന്നതിനാൽ സാധാരണ ഉദ്യോഗസ്ഥർക്കുപോലും അപ്രാപ്യമാണ്.

കെട്ടിടനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ വേതനത്തിൽ വന്നിച്ച വർദ്ധനവാണ് അടുത്തകാലത്തുണ്ടായത്. വിദഗ്ധനായ പുരുഷതൊഴിലാളിക്ക് 125 രൂപ മുതൽ 150 രൂപ വരെ നൽകേണ്ടിവരുമ്പോൾ അവിദഗ്ധനായ പുരുഷന് 100-110 രൂപയും സ്ത്രീക്ക് 80-90 രൂപയും നൽകേണ്ടിവരുന്നു. ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീ തൊഴിലാളികളുടെ കൂലി പുരുഷനേക്കാൾ കുറവാണ്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ സിമൻറ് കമ്പി, മരം, കരിങ്കല്ല്, ചെങ്കല്ല്, പൂഴി എന്നിവയുടെ വിലയിലും ഗതാഗതചിലവിലും അഭൂതപൂർവവുമായ വിലക്കയറ്റമാണ് അനുഭവപ്പെടുന്നത്. പൂഴി, സിമൻറ്, കമ്പി എന്നിവക്ക് അടിക്കടി വിലക്കയറ്റം അനുഭവപ്പെടുന്നു.

ഗ്രാമങ്ങളിലെ ഭവനനിർമ്മാണപ്രവർത്തനങ്ങളെ ഒരളവോളം സഹായിക്കാൻ ഉതകുന്ന പദ്ധതിയാണ് ബ്ലോക്ക് നേതൃത്വം നൽകുന്ന RLEGP,

NREP, IAY, JRY, MWS എന്നിവ. ഇതിനും പുറമെ രാജീവ് ദശലക്ഷം പദ്ധതി എന്ന ഒന്നും ഇപ്പോൾ നിലവിലുണ്ട്. ഇവ ഒന്നും രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കാൻ ഉതകുന്നില്ലെന്നത് ദുഃഖ സത്യം മാത്രമാണ്. 1977-78ൽ പഞ്ചായത്ത് വിഭജനം നടക്കുന്നതിന്മുമ്പ് ലക്ഷം വീടുകൾ 50 എണ്ണം ലഭിച്ചിരുന്നു. പിന്നീട് 4 സെൻറ് കോളനി വീടുകളായി 10 എണ്ണവും ലഭിക്കുകയുണ്ടായി. പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാരും വീടില്ലാത്തവരുടെ കൂട്ടത്തിലാണ്. മറ്റ് ദുർബലവിഭാഗങ്ങളിൽ വീട് ആവശ്യമുള്ളവരുടെ എണ്ണവും ആശാവഹമല്ല. പഞ്ചായത്തിലാകെ വീടുവേണ്ടവരുടെ എണ്ണം 750 ഓളം വരും.

പഞ്ചായത്തിലെ ഭവനവായ്പാ അപേക്ഷകരുടെ എണ്ണം വളരെ കൂടുതലും ഭവനവായ്പ വളരെ കുറവുമായതിനാൽ അടിയന്തിരമായും വീടു നിർമ്മിച്ച് നൽകേണ്ടവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനാപ്രവർത്തകരുടെയും സംയുക്താഭിമുഖ്യത്തിൽ സാധനങ്ങളും-മറ്റുവിഭവങ്ങളും മനുഷ്യാദ്ധ്വാനവും കോർത്തിണക്കി പ്രവർത്തി പഥത്തിലെത്തിച്ചാലെ ഈ വക പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാനാകൂ.

ഗ്രാമസഭാചർച്ചകളിൽനിന്നു ഉയർന്നുവന്ന ചില പ്രധാന പ്രശ്നങ്ങൾകൂടി ഇവിടെ ചേർക്കുന്നു.

വിമുക്തഭടന്മാരെ പുനഃരധിവസിപ്പിക്കാനും ഇവർക്ക് വീട് നിർമ്മിക്കാൻ സാമ്പത്തികസഹായം അനുവദിക്കാനും ഇപ്പോൾ സംവിധാനമില്ല. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതികൾ നിലവിലില്ല.

വീടുകളുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ചുകിട്ടാനുള്ള കാലതാമസം നേരിടുന്നു. പഞ്ചായത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന ഭവനനിർമ്മാണ വായ്പാസഹകരണസംഘം നിലവിലില്ല. 1, 2, 6, 7, 8, 9, 10, 11 വാർഡുകളിലെ കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് യഥാസമയം കെട്ടിടം പണിയാനുള്ള സാമ്പത്തികസഹായം ലഭിക്കുന്നില്ല.

ഭവനനിർമ്മാണ വായ്പാപലിശ കൂടുതലാണ്.

രാജീവ് ദശലക്ഷം പദ്ധതി പ്രകാരം വീടുനിർമ്മിക്കാൻ അപേക്ഷ നൽകിയവർക്ക് സാമ്പത്തികസഹായം ലഭിക്കാൻ കാലതാമസം നേരിടുന്നു.

വീടു നിർമ്മിക്കുമ്പോൾ ഉടമസ്ഥൻ കെട്ടിട നിർമ്മാണ ക്ഷേമനിധിയിലേക്ക് അടക്കേണ്ട തുക ഇടത്തരം വരുമാനക്കാരെ ബുദ്ധിമുട്ടിപ്പിക്കുന്നതാണ്.

കെട്ടിടനിർമ്മാണതൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ട്.

കെട്ടിടനിർമ്മാണവസ്തുക്കൾ, കടത്തുകൂലി എന്നിവ വർദ്ധിച്ചുവരുന്നു.

നിർമ്മാണതൊഴിലാളിരംഗത്ത് വർദ്ധിച്ച കൂലി നിലവിലുണ്ട്. വേതനകാര്യത്തിൽ ഏകീകരണമില്ല.

വൃദ്ധസദനവും അതിനോടനുബന്ധിച്ച് വായനശാലയും സ്ഥാപിക്കേണ്ടതുണ്ട്.

വീട് കെട്ടിമേയാനുള്ള സാമ്പത്തികസഹായം യഥാസമയം ലഭിക്കുന്നില്ല,

ഓലവീടുകൾക്ക് നമ്പറിട്ട് കിട്ടാൻ കാലതാമസം വരുന്നതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

ഭവനനിർമ്മാണ വായ്പകൾ ലഭിക്കുവാൻ വളരെ പ്രയാസങ്ങൾ നേരിടുന്നു. നിബന്ധനകൾ യുക്തിസഹമല്ല.

വീടുകളുടെ അറ്റകുറ്റപണി തീർക്കാൻ ഉതകുന്ന വായ്പാസൗകര്യങ്ങൾ നിലവിലില്ല.

പൊതുഭവനനിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കാൻ പ്രയാസമുണ്ട്.

10, 11 വാർഡുകളിലെ ചില സ്ഥലങ്ങളിലെ വീടുകളിൽനിന്നും അധികം ദൂരത്തിലല്ലാതെ സ്ഥിതിചെയ്യുന്ന കരിങ്കൽക്വാറികൾ ജീവനും വസ്തുവകകൾക്കും ഭീഷണിയായി മാറുന്നുണ്ട്.

ഭവനനിർമ്മാണ വായ്പാസംബന്ധിച്ച തെളിവെടുപ്പ് സമയത്ത് അന്വേഷണ ഉദ്യോഗസ്ഥൻ കാണിക്കുന്ന അനാസ്ഥമൂലം ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നു.

ഗ്രാമസേവകരുടെ സേവനം സാധാരണക്കാർക്ക് ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

- പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിക്കണം.
- കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലനിലവാരം പിടിച്ചുനിർത്താൻ സർക്കാർ ഏജൻസികൾ ഇടപെടണം.
- സർക്കാർ വായ്പകൾ ലഭിക്കാനുള്ള സാങ്കേതികവും സാമ്പത്തികവുമായ പ്രയാസ

ങ്ങൾ ലഘൂകരിക്കുക.

- വായ്പാ അപേക്ഷകൾ സ്വീകരിക്കാനും അംഗീകരിക്കാനും ഉള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം.

  രജിസ്ട്രാർ ഓഫീസുകളിലെ ഫീസുകൾ കുറക്കണം.

- ഭവനനിർമ്മാണവായ്പ ശുപാർശചെയ്യാനുള്ള അധികാരം പഞ്ചായത്ത് സമിതിക്ക് നൽകണം.


- ചിലവുകുറഞ്ഞ വീടുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം.

  പ്രദേശത്ത് ലഭ്യമായ നിർമ്മാണ വസ്തുക്കൾ ഉപയോഗപ്പെടുത്താൻ ബോധവൽക്കരണം നടത്തണം.

- വിവിധ ഏജൻസികൾ ഇപ്പോൾ നൽകുന്ന ഭവനനിർമ്മാണ വായ്പാ കാലോചിതമായി പരിഷ്കരിക്കണം.

- JRY, MWS, IAY തുടങ്ങിയവയുടെ വായ്പാ സംഖ്യ 15,800 രൂപയിൽനിന്നും 50,000 രൂപയായി ഉയർത്തണം. മിക്ക ഭവനരഹിതർക്കും സ്വന്തമായി ഭൂമിയില്ല. സർക്കാർ പുറമ്പോക്കോ കൃത്രിമരേഖ ചമച്ചുണ്ടാക്കി മിച്ച ഭൂമിയല്ലാതാക്കി മാറ്റിയ സ്ഥലങ്ങളും കണ്ടെത്തിയാൽ ധാരാളംപേർക്ക് ഭൂമി ലഭ്യമാക്കാനാകും.

- ഭൂമി ലഭിക്കാൻ പ്രയാസമുള്ളിടങ്ങളിൽ ഫ്ലാറ്റ് സമ്പ്രദായത്തേയും കുറിച്ച് ആലോചിക്കാവുന്നതാണ്. സ്വദേശിയും വിദേശിയുമായ അനേകം ഏജൻസികളുടെ ശ്രദ്ധയിൽ പാർപ്പിട പ്രശ്നം ഉയർത്തി തെല്ലൊക്കെ പരിഹാരം നേടാൻ ബോധപൂർവ്വമായ ശ്രമംവേണം. കൂടാതെ ഗ്രാമതലത്തിൽ ലഭ്യമാകുന്ന യുവജന-സന്നദ്ധസംഘടനകളുടെ സേവന തല്പരത പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് സമിതി തയ്യാറാവുകയും ഒരു കർമ്മപരിപാടി ആവിഷ്കരിക്കുന്നതും ഈ രംഗത്ത് നേട്ടങ്ങൾ കൊയ്യാൻ സഹായിക്കും.



വികസനമേഖലകൾ

തൃതീയം

പൊതുജനാരോഗ്യം, കുടിവെള്ളം,
വിദ്യാഭ്യാസം, സംസ്കാരം,
പട്ടികജാതിവർഗ്ഗക്ഷേമം, വനിതാക്ഷേമം,
സാമൂഹ്യക്ഷേമം, സഹകരണം,
വിഭവസമാഹരണം

ആരോഗ്യം

"ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് നില നിൽക്കുകയുള്ളൂ" എന്നത് അർത്ഥവത്തായ വാമൊഴിയാണ്. ആരോഗ്യമുള്ള ജനത ഏതൊരു പഞ്ചായത്തിന്റേയും വലിയ സമ്പത്തുതന്നെയാണ്. പോഷകസമൃദ്ധമായ ഭക്ഷണം, ശുദ്ധമായ ജലം, പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ ഇതിന് അത്യന്താപേക്ഷിതമാണ്.

ശുചിത്വം ഉറപ്പിക്കാനും രോഗപ്രതിരോധചികിത്സ കാര്യ-ക്ഷമമാക്കിയും മാത്രമേ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കൂ. നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ സംരക്ഷണത്തിനുള്ള ഉപാധികൾ താഴെ പറയുന്നവയാണ്.

30-3-1972-ൽ സ്ഥാപിച്ച പെരിയമ്പലത്തെ ഹോമിയോ ഡിസ്പൻസറി തെല്ലൊക്കെ ആരോഗ്യസംരക്ഷണത്തെ സഹായിക്കുന്നുണ്ട്. അതുപോലെ ഗവൺമെൻറ് മേഖലയിലുള്ള മറ്റൊരു പ്രധാന സ്ഥാപനം പെരിങ്ങാവിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെൻററാണ്. 24.1-1992-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇത് ധാരാളം പേർക്ക് ആശ്വാസകേന്ദ്രമാകുന്നുണ്ട്. ഇവ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക ഒന്നിൽ കാണുക.

ഇവയ്ക്കു പുറമെ പെരിയമ്പലത്ത് സ്വകാര്യ മേഖലയിൽ 20 കിടക്കകളോടുകൂടിയ ഒരാശുപത്രിയും, 4 അലോപതി ക്ലിനിക്കുകളും, 3 ഹോമിയോക്ലിനിക്കുകളും, 7 ആയുർവ്വേദ ക്ലിനിക്കുകളും, 4 സബ്ബ് സെൻററുകളും നിലവിലുണ്ട്.

ഇവയ്ക്കെല്ലാം പുറമെ പഞ്ചായത്തിലെ ജനങ്ങൾ വിദഗ്ദചികിത്സയ്ക്കായി കോഴിക്കോട്, പുളിക്കൽ, കൊണ്ടോട്ടി, ഫറോക്ക് മേഖലകളിലെ സ്വകാര്യ/ഗവൺമെൻറ് ആശുപത്രികളേയും സമീപിക്കുന്നു.

സ്ഥാപനത്തിന്റെ പേര്/ സ്വഭാവം	വാർഡ്	ബന്ധപ്പെടുന്ന രോഗികളുടെ വിവരം				ജീവനക്കാർ	പ്രശ്നങ്ങൾ
		92-93	93-94	94-95	95-96		
P.H.C (അലോപതി)	8	3107	6363	14500	18813	8	1. വൈദ്യുതിയില്ല. 2. കുടിവെള്ളമില്ല. 3. സ്ഥിരം കെട്ടിടമില്ല 4. ആവശ്യത്തിനുള്ള സ്ഥലസൗകര്യമില്ല. 5. ഫർണിച്ചറില്ല. 6. സ്റ്റോറില്ല. 7. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല 8. ലാബോറട്ടറി സൗകര്യമില്ല 9. സ്റ്റേഷനറി, ഫോറങ്ങൾ എന്നിവയുടെ കുറവ്
ഹോമിയോ ഡിസ്പെൻസറി (ഹോമിയോ)	1	27581	22333	17816	14451		1. ആവശ്യത്തിനു സ്റ്റാഫില്ല, 2. ഫർണിച്ചറില്ല. 3. സ്വന്തമായി കെട്ടിടമില്ല 4. ലബോറട്ടറി സൗകര്യമില്ല 5. ജലലഭ്യതയില്ല, 6. ഒ.പി.ടിക്കറ്റില്ല 7. ക്വാട്ടേഴ്സില്ല. 8. സ്റ്റേഷനറി സാധനങ്ങളുടെ കുറവ് 9. മരുന്നു സൂക്ഷിക്കാൻ വേണ്ട ഷെൽഫുകളില്ല.

പഞ്ചായത്തിലെ ആരോഗ്യവുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.
(അവലംബം: ജനസംഖ്യാ റിപ്പോർട്ട്)

ജനസംഖ്യ			ജനനമരണനിരക്ക്			
പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	വർഷം	ജനനം	മരണം	ചാപ്പിള്ള
12670	12652	4347	1993-94	301	75	Nil
			1994-95	268	75	Nil
			1995-96	246	69	Nil

1 വയസ്സിനുതാഴെയുള്ള കുട്ടികളുടെ എണ്ണം 378

അമ്മമാരുടെ എണ്ണം:

ഒരു കുട്ടിയുള്ളവർ	625
2 കുട്ടികളുള്ളവർ	670
2-ൽ കൂടുതൽ	1289
ഗർഭിണികൾ ആകെ	144
മുലയൂട്ടുന്ന അമ്മമാർ	378

കുടുംബാസൂത്രണം സ്വീകരിച്ചവർ (തൽക്കാലിക മാർഗ്ഗങ്ങൾ ഉൾപ്പെടെ)

ഒരു കുട്ടിയുള്ള അമ്മമാർ	242
2 കുട്ടികളുള്ള അമ്മമാർ	493
2-ൽ കൂടുതലുള്ള അമ്മമാർ	1027

പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി

കുടിൽ	46
ഓല	728
ഓട്	4629
കോൺഗ്രീറ്റ്	981
ഇരുനില കെട്ടിടം	280
ആകെ	6664

(ഇതിൽ കക്കൂസുകളുള്ള വീടുകളുടെ എണ്ണം 2312 ആണ്)

പകർച്ചവ്യാധികൾ

വർഷം	ജല ജന്യം	വായു ജന്യം	പ്രാണി ജന്യം	മറ്റുള്ളവ
1993-94	10107	663	3	4587
1994-95	2140	1100	6	11260
1905-96	1900	2400	8	14513

പഞ്ചായത്തിലെ വിവിധ പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരിൽ സ്ത്രീകളുടെ പ്രായം കാണിക്കുന്ന പട്ടിക.

വയസ്സ്	ദമ്പതികളുടെ എണ്ണം
15 മുതൽ 19	108
20 മുതൽ 24	649
25 മുതൽ 29	679
30 മുതൽ 34	775
35 മുതൽ 39	451
40 മുതൽ 44	269
ആകെ	2931

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. പഞ്ചായത്തിലുള്ള നിലവിലുള്ള ഗവ: ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം നിലവിലില്ല. P.H.C യിലെ ഡോക്ടറുടെ സേവനം ആഴ്ചയിലെ പൊതു അവധി ദിവസങ്ങൾ ഒഴികെ എല്ലാ

ദിവസങ്ങളിലും ലഭ്യമാക്കണം.

അവയ്ക്ക് സ്വന്തമായി കെട്ടിടമോ, ആവശ്യത്തിനുള്ള മരുന്നോ, മറ്റു അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത അവസ്ഥ ഇന്നുണ്ട്. ഇതിന് ശാശ്വത പരിഹാരം കണ്ടാലേ ആരോഗ്യരംഗം പുരോഗമിക്കയുള്ളൂ. ആയതിനാൽ ഈ സൗകര്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

2. പഞ്ചായത്തിൽ 10 കിടക്കകളോടുകൂടിയ ഒരു ഗവ: ആയുർവ്വേദ ആശുപത്രി വേണം. ഇതിന് സ്ഥലം വിട്ടുതരാൻ ഗ്രാമസഭകൾ തയ്യാറാണ്.
3. പഞ്ചായത്തിലെ സ്ക്കൂൾ കുട്ടികളിൽ നല്ലൊരു ശതമാനം ദന്തരോഗമുള്ളവരായി സക്കൂൾ ഹെൽത്ത് പ്രോഗ്രാം റിപ്പോർട്ടിൽ കാണുന്നു. അതിനാൽ ഗവ: ദന്തരോഗാശുപത്രി സ്ഥാപിക്കണം.
4. പഞ്ചായത്തിലെ ഒരു ഭാഗത്തും മത്സ്യ-മാംസമാർക്കറ്റ് ഇപ്പോൾ നിലവിലില്ല. ഇവയുടെ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും പരിസരമാലിനീകരണത്തിനും സാംക്രമിക രോഗങ്ങൾ പടരുന്നതിനും കാരണമാകുന്നു. അതിനാൽ പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ മത്സ്യ-മാംസ മാർക്കറ്റുകളും മാലിന്യങ്ങളും അവശിഷ്ടങ്ങളും നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ അടിയന്തരമായി സ്ഥാപിക്കേണ്ടതാണ്.
5. 2,3,5,1 എന്നീ വാർഡുകൾക്ക് ഉപയോഗപ്പെടുന്ന പുത്തൂപ്പാടം സബ്സെന്റർ ബിൽഡിംഗ് അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങൾ സ്വന്തായി ഉണ്ടായിട്ടും അനുമതി ലഭിക്കാതെ കിടക്കുകയാണ്. ഇതിന് വളരെ പെട്ടെന്ന് അനുമതി നൽകി ആവശ്യായ സ്റ്റാഫിനെ നിയമിക്കുക.
6. സഹകര മേഖലയിൽ ഐക്കരപ്പടി കേന്ദ്രമായി കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരാശുപത്രി സ്ഥാപിക്കുക.
7. പഞ്ചായത്തിൽ വളരെ കൂടുതൽ വീടുകളും കക്കൂസ് ഇല്ലാത്തവയാണ്. അതിനാൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥിതി വിവരക്കണക്ക് ശേഖരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ പേർക്കും കക്കൂസ് നിർമ്മിച്ച് നൽകുക.
8. ആരോഗ്യപ്രവർത്തകരുടെ സേവനം ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും ആരോഗ്യ ക്ലാസുകളും സെമിനാറുകളും നടത്തി ജനങ്ങളെ ബോധവൽക്കരിക്കുക.
9. പഞ്ചായത്തിനെ കൊതുകു വിമുക്ത മേഖലയാക്കുക.
10. എലി നശീകരണ പ്രവർത്തനങ്ങൾ നടത്തുക.
11. ഓരോ വർഷവും വാർഡ് ഒന്നിന് ശരാശരി 5 എന്ന തോതിൽ ക്യാൻസർമൂലം രോഗികൾ മരിക്കുന്നു. അതിനാൽ ഇത് ഗൗരവത്തോടെ പരിഗണിക്കുകയും ഒരു ബൃഹത്തായ ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ച് ബോധവൽക്കരണവും ചികിത്സാ സൗകര്യവും ഉണ്ടാക്കണം.
12. പേപ്പട്ടി ശല്യം പഞ്ചായത്തിൽ വളരെയധികം അനുഭവപ്പെടുന്നു. ഇതുമൂലം മരണങ്ങൾ സംഭവിക്കുന്നു. ഇതിൽ ശാശ്വത പരിഹാരം വളരെ പെട്ടെന്ന് കണ്ടെത്തണം.
13. പഞ്ചായത്തിൽ പൊതു ശ്മശാനങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥിപിക്കുക.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശദമായി പട്ടികയിൽകൊടുത്തിരിക്കുന്നു.

ഇവയുടെ പ്രാധാന്യമനുസരിച്ച് വരുന്ന 5 വർഷത്തേക്ക് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചാൽ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാം.

പട്ടിക അടുത്തപേജിൽ

ഗ്രാമസഭകളിൽനിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പട്ടിക 2

വാർഡ്	പൊതു സ്ഥാപനം	സ്വകാര്യ സ്ഥാപനം	പ്രധാന രോഗങ്ങൾ	വിലയിരുത്തൽ	നിർദ്ദേശങ്ങൾ
1	സബ്സെന്റർ ഒന്ന് ഹോമിയോ ഡിസ്പെൻസറി ഒന്ന്	ഒരു അലോപതി ആസ്പത്രിയുണ്ട്	കാൻസർ. ക്ഷയം. ഹൃദയസ്തംഭനം, അഞ്ചാംപനി	സബ് സെന്ററിൽ ഡോക്ടർ ഇല്ല. സ്വകാര്യാസ്പത്രിയിൽ മാലിന്യങ്ങൾ	സബ്സെന്റർ ഡോക്ടർ വേണം. ആയുർവ്വേദ ആശുപത്രി വേണം. ആസ്പത്രി മാലിന്യങ്ങൾ നിക്ഷേപിക്കാൻ സൗകര്യം
2	ഇല്ല	ഇല്ല	"	PH.C സേവനം ലഭ്യമല്ല. പുത്തൂപ്പാടം സബ്സെന്ററിന് അനുവാദം കിട്ടിയിട്ടില്ല. ആരോഗ്യക്ലാസ് ഇല്ല. കൊതുക് ശല്യം ഉണ്ട്. ദന്തരോഗികൾ ഉണ്ട്	സബ്സ് സെന്റർ വേണം. കിടത്തി ചികിത്സിക്കാൻ ആയുർവ്വേദ ആസ്പത്രി വേണം. PH.C വേണം. പുത്തൂപ്പാടം സബ്സെന്റർ അനുവാദം നൽകണം. പ്രതിരോധ ചികിത്സ വേണം. കൊതുക് നിവാരണം വേണം. ഹെൽത്ത് വിസിറ്റിംഗ് വേണം. ദന്തരോഗ ആസ്പത്രി വേണം.
3	ഇല്ല	ഇല്ല	"		സബ്സ് സെന്റർ വേണം
4	ഇല്ല	ഇല്ല	"	പുത്തൂപ്പാടം സബ്സെന്ററിന് അനുവാദം കിട്ടിയിട്ടില്ല. ആരോഗ്യസെമിനാർ ഇല്ല.	പുത്തൂപ്പാടം സബ്സെന്ററിന് അനുവാദം വേണം. ആരോഗ്യസെമിനാർ നടത്തണം. ആയുർവ്വേദ ആസ്പത്രി വേണം.
5	ഇല്ല	ആലോപ്പതി ക്ലിനിക്-2. ഹോമിയോ ക്ലിനിക്-2, ആയുർവ്വേദ ക്ലിനിക്-5	"	സബ്സ് സെന്റർ ഇല്ല. ആരോഗ്യക്ലാസ് ഇല്ല	പൂച്ചാലിൽ ഹെൽത്ത് സെന്റർ വേണം ഹോമിയോ/ആയുർവേദ ആസ്പത്രി വേണം. ആരോഗ്യക്ലാസ് വേണം
6	സബ്സ്സെന്റർ ഉണ്ട്	അലോപ്പതി	"	ഡോക്ടർ ഇല്ല. വിസിറ്റേഴ്സ് എല്ലായിടത്തും എത്താറില്ല. ക്ലാസ്സ് ഇല്ല	ഡോക്ടർവേണം. വിസിറ്റേഴ്സ് എല്ലായിടത്തും എത്തണം. ആയുർവേദ/ഹോമിയോ ആസ്പത്രി വേണം. ആരോഗ്യക്ലാസ് വേണം

വാർഡ്	പൊതു സ്ഥാപനം	സ്വകാര്യ സ്ഥാപനം	പ്രധാന രോഗങ്ങൾ	വിലയിരുത്തൽ	നിർദ്ദേശങ്ങൾ
7			"	സബ്സെൻറർ ഇല്ല. ആരോഗ്യക്ലാസ് ഇല്ല	സബ് സെൻറർ വേണം ആരോഗ്യക്ലാസ് വേണം
8	P.H.C ഉണ്ട്. സബ്സെൻറർ ഉണ്ട്		"	സ്വന്തം സ്ഥലം ഉണ്ട്. ബിൽഡിംഗ് ഇല്ല. അടിസ്ഥാനസൗകര്യം ഇല്ല. (വെള്ളം, കറൻറ്, ആരോഗ്യക്ലാസ് ഇല്ല. മരുന്നുകൾ പൂർണ്ണമായി ഇല്ല. ഹെൽത്ത് വിസിറ്റിംഗ് ഇല്ല	സ്വന്തം ബിൽഡിംഗ് വേണം അടിസ്ഥാനസൗകര്യം വേണം. കിടത്തിചികിത്സിക്കാൻ ബെഡ് വേണം. മരുന്നുകൂടുതൽ വേണം. ആരോഗ്യക്ലാസ് വേണം ഹെൽത്ത് വിസിറ്റിംഗ് വേണം
9	സബ്സെൻറർ ഉണ്ട്	ഇല്ല	"	ഡോക്ടർ ഇല്ല. ആരോഗ്യക്ലാസ് ഇല്ല. കൊതുക് ശല്യം ഉണ്ട്.	കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആസ്പത്രി വേണം. ആരോഗ്യ ക്ലാസ് വേണം ആയൂർവ്വേദ, ഹോമിയോ ആസ്പത്രികൾ വേണം. ആരോഗ്യ ക്ലാസ് വേണം. വിസിറ്റിംഗ് വേണം.
10	ഇല്ല	ഇല്ല	"	P.H.C ഇല്ല. ആരോഗ്യക്ലാസ് ഇല്ല	P.H.C ആസ്പത്രി വേണം. ആരോഗ്യ ക്ലാസ് സ്ഥിരമായി നടത്തണം. പ്രതിരോധ ചികിത്സാ കുത്തിവെപ്പ് എന്നിവ ഊർജ്ജിതമാക്കണം.
11	ഇല്ല	ഇല്ല	"	ആരോഗ്യസ്ഥാപനം ഇല്ല. കൊതുകശല്യം ഉണ്ട്. P.H.C ഇല്ല. സബ്സെൻറർ ഇല്ല.	ആളുകളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആസ്പത്രി വേണം. പകർച്ച വ്യാധി തടയണം. ആരോഗ്യ ക്ലാസ് വേണം P.H.C സബ്സെൻറർ വേണം.

കുടിവെള്ളം

ജലലഭ്യതയിൽ കേരളം സമ്പന്നമാണ്. പക്ഷെ ഭൂരിഭാഗം ജലവും നദികളിലേക്ക് ഒഴുകി പോവുകയാണ്. പഞ്ചായത്തിലെ ശരാശരി വർഷപാതം ജില്ലാ ശരാശരിയേക്കാൾ ഉയർന്നതാണെങ്കിലും രൂക്ഷമായ് കുടിവെള്ളക്ഷാമം നേരിടുന്നു എന്നത് വിരോധാഭാസമാണ്. ആരോഗ്യ ക്ഷേമത്തിൽ സ്വാധീനം ചെലുത്തുന്ന പരമ പ്രധാനഘടകം ശുദ്ധമായ കുടിവെള്ളം തന്നെയാണ്. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടാൻ കുടിവെള്ള പ്രശ്നത്തിന് ശാശ്വതപരിഹാരം കാണണം. ശുദ്ധ ജലത്തിനായുള്ള പഞ്ചായത്തിലെ ഏതാണ്ട് 60% ജനങ്ങളും സ്വന്തം കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ മറ്റുള്ള ജനങ്ങൾ അയൽ വാസികളുടെ കിണറുകളേയും പഞ്ചായത്തിലെ 25 വാട്ടർ ടാപ്പുകളേയും ആശ്രയിക്കുന്നു.

ഉയർന്ന കുന്നിൻ പുറങ്ങളിൽ താമസിക്കുന്നവർക്കാണ് രൂക്ഷമായ കുടിവെള്ള ക്ഷാമം ഇപ്പോഴുള്ളത് പഞ്ചായത്തിന്റേയും ബ്ലോക്കിന്റെയും ആഭിമുഖ്യത്തിൽ നിർമ്മിച്ച നാമമാത്രമായ കിണറുകളും കുഴൽ കിണറുകളും വേണ്ടരൂപത്തിൽ പരിരക്ഷിക്കപ്പെടുന്നില്ല. പലതും വേണ്ടത്ര ജലലഭ്യതയുള്ളതല്ല. ഉള്ളവ തന്നെ പ്രവർത്തന രഹിതമായവയുമുണ്ട്. അത് മൂലം പല വീട്ടുകാരും 600-700 മീറ്റർ വരെ സഞ്ചരിച്ചാണ് ജലം ശേഖരിക്കുന്നത്. ക്ഷാമ കാലങ്ങളിൽ വാഹനം ഉപയോഗിച്ചാണ് കുടിവെള്ളം എത്തിക്കുന്നത്.

ഡാനിഡ പദ്ധതിയുടെ പരിധിയിൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുമെങ്കിലും കൂടുതൽ സ്ഥലങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. മറ്റുള്ള കിണറുകളിലെ ജലനിരപ്പ് താഴാൻ തന്നെ ഇത്തരം കിണറുകൾ കാരണമാകുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അടിയന്തരപ്രാധാന്യത്തോടെ ചെയ്യാവുന്നതാണ്. പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും വിശദമായി വാർഡ് തിരിച്ച് പട്ടിക 1-ൽ നൽകുന്നു.

ഇതിൽ കുടിവെള്ളപ്രശ്നം രൂക്ഷമായ ഹരിജൻ കോളനികളുടെ അവസ്ഥ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

കുടിവെള്ള പ്രശ്നങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള കുഴൽ കിണറുകൾ പലതും ഉപയോഗ ശൂന്യമാണ്.

ഡാനിഡ പദ്ധതിപ്രകാരം കുഴിച്ച കിണറുകൾ പ്രയോജനപ്പെടുത്തുമ്പോൾ അയൽപക്ക കിണറുകളിൽവെള്ളം കുറയുന്നു.

നിലവിലുള്ള പല പഞ്ചായത്ത്/ബ്ലോക്ക് കിണറുകളും ശരിയായി പരിരക്ഷിക്കപ്പെടുന്നില്ല.

പല കുഴൽ കിണറുകൾക്കും ഇരുമ്പ് പൈപ്പുകളാണുള്ളത്. ഇത് മൂലം ജലത്തിന്റെ സ്വാദ് വ്യത്യാസപ്പെടുന്നു.

ഡാനിഡ പദ്ധതി പ്രകാരം ഇപ്പോൾ നൽകിയ പൈപ്പ് കണക്ഷനുകൾ പ്രശ്ന പരിഹാരത്തിന് ഉതകുന്നില്ല.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളും അവക്കൊരോന്നിനും നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങളും ഗ്രാമസഭാറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പട്ടികയിൽ കൊടുക്കുന്നു.

നിർദ്ദേശങ്ങൾ അടുത്ത അഞ്ചു വർഷത്തോടെ നടപ്പിലാക്കുകയാണെങ്കിൽ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുമെന്ന് പ്രത്യാശിക്കാം.

പഞ്ചായത്തിൽനിന്നും വിദൂരമല്ലാതെ സ്ഥിതിചെയ്യുന്ന ചാലിയാറിലെ ശുദ്ധജലം പ്രയോജനപ്പെടുത്താൻ വിപുലമായ പദ്ധതി ആവിഷ്ക്കരിച്ചാൽ വാഴക്കാട്, പുളിക്കൽ, ചെറുകാവ് ചേലേമ്പ്രാ പഞ്ചായത്തുകളിലെ കുടിവെള്ളത്തിനും, ജലസേചന പ്രശ്നങ്ങൾക്കും ശാശ്വതപരിഹാരമാകും.

പട്ടിക

കുടിവെള്ളം പ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1	ചോലക്കാട് കുന്ന് മിനി എസ്റ്റേറ്റ് ചേവായൂർ ഹരിജൻകോളനി കണ്ടി. ചെറുത്ത് കുന്ന് ദേവസ്വം വേമ്പ് പുറായ് ഹരിജൻ കോളനി	ചേവായൂരിൽ കിണർ കുഴിച്ച് ചേലക്കാട് കുന്നിൽ ടാങ്ക് സ്ഥാപിച്ച് മിനി വാട്ടർസ്കീം ഈ സ്ഥലങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.
2	മലേക്കാട്ട് പുറായം വലിയറക്കൽ പുതിയറമ്പത്ത് കോഴിക്കോട് കുന്ന് കുറിയേടം	കോഴിക്കാട് കുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുക. ഈ പ്രദേശങ്ങളിൽ പുതിയ കിണർ, കുഴൽ കിണർ സ്ഥാപിക്കുക. ഡാനിഡയുടെ കീഴിൽ കൂടുതൽ പൊതു ടാപ്പ് നൽകുക. ആവശ്യക്കാർക്ക് ഹൗസ് കണക്ഷൻ നൽകുക.
3	അറപ്പോൽപ്പടി അമ്പാളിൽ പുറായ് കുറ്റിപ്പാമ്പ് മുളിയോളിൽ കോളനി റബർത്തോട്ടം മേച്ചേരി പുറായ് ചാമപ്പറമ്പ് വെട്ടത്ത് പുറാമിൻ	ഈ പ്രദേശങ്ങളിൽ കിണർ,കുഴൽ കിണർ സ്ഥാപിക്കുക. ഡാനിഡയുടെ കീഴിൽ കൂടുതൽ പൊതുടാപ്പ് സ്ഥാപിക്കുക. ചാമപ്പറമ്പിലെ പൊതു കിണറിലേക്ക് പൊതുവഴി സ്ഥാപിക്കുക. അമ്പലപ്പാറ കുളം പഞ്ചായത്ത് ഏറ്റെടുക്കുക..
4	മലേക്കാട് പുറായ് ഓട്ടുപ്പാറ കാരട്ടു പുറായ് നീലാട്ടു കുഴി എളോളത്തിൽ പുറായ്	ഈ പ്രദേശങ്ങൾ/ ഡാനിഡ പദ്ധതിയിൽ ഉൾപ്പെടുത്തുക. മിനി വാട്ടർ സ്ക്രീ തുടങ്ങുക കിണർ, കുഴൽ കിണർ സ്ഥാപിക്കുക. നിലവിലുള്ള കുഴൽ കിണർ ഉപയോഗ്യമാക്കുക. വാട്ടർ അതോറിറ്റി സ്കീമിൽ ഉൾപ്പെടുത്തുക. (ആവശ്യമുള്ള സ്ഥലം കിട്ടും)
5	കല്ലറക്കുന്ന് ഹരിജൻ കോളനി വെളുത്തേടത്ത് പറമ്പ് പൂക്കാട്ട് പറമ്പ് കൊളക്കാട്ട് പുറായ് ചാലക്കിൽ പുരായ് മതിരങ്ങോട്ട് പൂത്തുപ്പാടം-പുത്രൂട്ടിൽ പുന്നക്കാട് ഭാഗം	കല്ലറകുന്നിൽ മിനി വാട്ടർ സ്കീം വേണം. ഡാനിഡ പൊതുടാപ്പ് വേണം. കിണർ, കുഴൽ കിണർ വേണം. എന്നിവ ആവശ്യമുള്ള സ്ഥലങ്ങളിൽ നീർമ്മിക്കുക.
6	നീലങ്ങോത്ത് പുറായ് കോലിടവഴി കാഞ്ഞിക്കുന്ന് പനോളിൽ ഭാഗം ഈശ്വരത്തൊടി പാറപ്പുറത്ത് ഇരുകിഴങ്ങവളപ്പ് ഉരുളൻപറമ്പ് വമ്പയിൽ പറമ്പ് വള്ളിക്കതൈപറമ്പ് തത്തങ്ങോട്ട് പുറായ് ഹൈസ്കൂൾ ഭാഗം പുളിയമ്പലത്ത് പുറായ്	നിലവിലുള്ള K.W.A. പൈപ്പ് ലൈൻ നീട്ടുക ആവശ്യമായ പ്രദേശങ്ങളിലേക്ക് കിണർ കുഴിക്കുക. മിനി വാട്ടർ സ്ക്രീ സ്ഥാപിക്കുക
7	മാണിയേടത്ത് പുറായ്, ദാനഗ്രാം, പന്നിക്കോട്ട് പുറായ്, പറമ്പിൽ പറയൻ വീട്ടിൽ പുറായ്, ചിങ്ങം പറമ്പത്ത് തടായിൽ, തച്ചോയിത്തൊടി മണിയിൽ പുറായ്, നെന്മണിയംപറമ്പത്ത് പുറായ്, കുമാരമംഗലത്ത് പുറായ്, മധുരങ്ങോട്ട് പുറായ്.	ഈ പ്രദേശങ്ങളെ ഡാനിഡ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുക നിലവിലുള്ള K.W.A പൈപ്പ് ലൈൻ നീട്ടുക. നിലവിലുള്ള പഞ്ചായത്ത് കിണർ ഉപയോഗ്യമാക്കു.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
8	കാഞ്ഞിരകുന്ന് മുണ്ടക്കൽ പുറായ് ഹരിജൻ കോളനി, പൊയ്ലിക്കര മുറി കുന്നുമ്മൽ വീട്ടിക്കൽ പുറായ്, വെള്ളക്കോട്ടു പുറായ്, മൂത്തേടത്ത് പുറായ്, അടുങ്ങും പുറത്ത് പുറായ്, പട്ടായത്തിൽ പുറായ്, നെച്ചികുന്നുമ്മൽ ഭാരപ്പൻതൊടി,	ആവശ്യമായ പ്രദേശങ്ങളിൽ പൊതുകിണർ സ്ഥാപിക്കുക. ഡാനിഡ പൈപ്പ് ലൈൻ പെരിങ്ങാവ് കൊടപ്പുറം കാരിപ്പുറം വരെ നീട്ടുക. പെരിങ്ങാവ് സബ്സ് സെൻറിലെ പൊതു കിണറിൽ നിന്ന് പരിസവാസികൾക്ക് കുടിവെള്ളം ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. കരുന്നായി ചോലയിലും, കുഴിക്കോട്ടു മൂലയിലും പാഴായിപ്പോകുന്ന വെള്ളം ടാങ്ക് കെട്ടി പരിസരപ്രദേശങ്ങളിലെ വീടുകൾക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചുകൊടുക്കുക.
9	പറമ്പിൽ ഉപ്പുവള്ളി, കല്ലായ്ത്തടം, വടക്കേച്ചാലിൽ, പറച്ചാത്തുമ്മൽ, അമ്പലക്കണ്ടി.	ആവശ്യമുള്ള പ്രദേശങ്ങളിൽ കിണർ, കുഴൽ കിണർ സ്ഥാപിക്കുക. മിനി വാട്ടർ സ്ക്രീം പ്രകാരം ടാങ്ക് നിർമ്മിക്കുക. ഡാനിഡയുടെ കീഴിൽ പൊതുടാപ്പ് സ്ഥാപിക്കുക. നിലവിലുള്ള കിണർ ആഴം കൂട്ടുക.
10	കൊല്ലത്ത് തടായികോളനി, കീരിക്കുന്ന് കോളനി, മുണ്ടയാൻ കണ്ടി എട്ടത്താണി കുഴി ചാലിയം തൊടി, ഏറാടൻ തൊടി, ചക്കുപ്പാറ, ചെനപ്പറമ്പ്, നായ്കോട്ടക്കൽ കാപ്പിൽ, ഞാറക്കൽപുറായ്, കണ്ണാടത്ത് പുറായ് കോളനി	കിണർ-കുഴൽ കിണർ മിനി വാട്ടർ സ്കീം വേണം വയലിൽ മിനി വാട്ടർ സ്കീമിന് സൗകര്യമുണ്ട്. 2 സെൻറ് സ്ഥലം വിട്ടുകിട്ടും.
11	വാളപ്പുറത്ത് പുറായ് വള്ളിയിൽ ഭാഗം കാരിപ്പുറം താന്തിക്കാട്ട് കാവുങ്കര പുറായ് കൊട്ടാരപ്പടി(അമ്പലക്കണ്ടി)	മിനിവാട്ടർ സ്കീം വേണം. ഡാനിഡ പൊതുടാപ്പ് വേണം കിണർ, കുഴൽണർ സ്ഥാപിക്കണം

വിദ്യാഭ്യാസം

വളരെയേറെ അർത്ഥവ്യാപ്തിയുള്ള ഒരു വിഷയമാണ് വിദ്യാഭ്യാസം. ഒന്നോ രണ്ടോ വാക്യങ്ങളിൽ ഇതിന്റെ അർത്ഥം ഒതുക്കി നിർത്താനാവില്ല. ഒരു വ്യക്തിയുടെ സർവ്വോതോൻമുഖമായ വളർച്ചയെ കാണിക്കുന്ന ഒരു സാമൂഹിക സാംസ്ക്കാരിക പ്രവർത്തനമായി ഇതിനെ കണക്കാക്കാം. മനുഷ്യജീവിതത്തിന്റെ എല്ലാതരത്തിലുമുള്ള പുരോഗതിയുടെയും അടിത്തറയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം എന്ന ഈ പ്രക്രിയ എന്നും പരിണാമ വിധേയമായി കൊണ്ടിരിക്കുന്നു.

സാമൂഹിക ജീവിതം താരതമ്യേന അസ്പഷ്ടമായിരുന്ന പ്രാചീന കാലത്ത് സ്കൂളുകൾ ഉണ്ടായിരുന്നില്ല. സമൂഹത്തിൽ ജീവിക്കുന്നതിനും വ്യക്തികളുമായി ബന്ധപ്പെടുന്നതിനും ആവശ്യമായ പരിശീലനങ്ങൾ വീടുകളിൽ നിന്നു തന്നെ കുട്ടികൾക്കു ലഭിച്ചിരുന്നു. തൊഴിലുകളും മറ്റും ഗൃഹങ്ങളെ കേന്ദ്രമാക്കി നിലനിന്നു പോന്നകാലം വരെ വീടും, ദേവാലയവും അതാതുപ്രദേശത്തെ സാമൂഹ്യ.ഘടകവും സ്കൂളിന്റെ സേവനങ്ങൾ നടത്തി. ജോലിയും ജീവിതമാതൃകകളും മാതാപിതാക്കന്മാരിൽനിന്നും അയൽപക്കക്കാരിൽനിന്നും കുട്ടികൾ പഠിച്ചു വന്നു. സമൂഹം വിപുലവും സങ്കീർണ്ണവുമായി. അതിനാൽ ഇപ്പറഞ്ഞ അനൗപചാരിക ഏജൻസികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ അവസരം കിട്ടാതെ വന്നു. അങ്ങനെ വിദ്യാഭ്യാസത്തിന് ഔപചാരികമായ ഒരു സ്ഥാപനത്തിന്റെ ആവശ്യം വന്നുകൂടി അതാണ് വിദ്യാലയം അഥവാ സ്കൂൾ. അവിടെ കുട്ടികൾക്കു ബോധനം നൽകാൻ പ്രത്യേകവ്യക്തികളെ ചുമതലപ്പെടുത്തി. അവരാണ് അധ്യാപകർ.

നമ്മുടെ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുകയാണെങ്കിൽ മിക്ക വിദ്യാലയങ്ങളും സ്വാതന്ത്ര്യലബ്ധിക്കുമുന്നെ ആരംഭിച്ചവയാണ്. 1921-ലെ മലബാർ കലാപത്തിലും സ്വാതന്ത്ര്യസമരത്തിലും പങ്കെടുത്ത നിരവധി അധ്യാപകരും, വിദ്യാർത്ഥികളുമായിരുന്ന വീരാത്മാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

1920കളിൽ പെരിങ്ങാവിൽ കാരിപ്പുറത്തു ഒരു നിലത്തെഴുത്ത് പള്ളികൂടം നടന്നിരുന്നതായി അറിയാൻ കഴിഞ്ഞു. നിലത്തിരുത്ത് മണലിൽ കൈകൊണ്ട് എഴുതുവാനാണ് അഭ്യസിപ്പിച്ചിരുന്നത് ഇവിടെ രാമായണം കേട്ട് ചൊല്ലാനും വായിക്കാനും ശീലിപ്പിച്ചിരുന്നു.

1925-ൽ വാക്കയിൽ പറമ്പിൽ ഉടലെടുത്ത വെണ്ണായൂർ എ.യു.പി.ബി സ്ക്കൂളാണ് ഒരു ഔപചാരിക വിദ്യാലയം. വെണ്ണായൂർ നടുത്തൊടിയിൽ കൊളമണ്ണത്തൊടി അയ്യപ്പനെഴുത്തച്ഛൻ ഒരു എഴുത്തുപള്ളികൂടത്തിലൂടെ കുട്ടികളെ അഭ്യസിപ്പിച്ചിരുന്നു. അന്ന് പനയോലയും മണലുമായിരുന്നു പഠനോപകരണങ്ങൾ. ഇത് 1925-ൽ വാക്കയിൽ പറമ്പ് എന്ന സ്ഥലത്തേക്കു മാറ്റി സ്കൂളായി ആരംഭിച്ചു. അയ്യപ്പൻ എഴുത്തച്ഛൻ, എൻ.കെ. ഗോപാലൻനായർ ടി.രാമൻവൈദ്യർ എന്നിവരായിരുന്നു ആദ്യകാല അധ്യാപകർ. 1950-ൽ ഹെഡ്മാസ്റ്ററായിരുന്ന സി. ചാച്ചുട്ടി മാസ്റ്റർ ഈ വിദ്യാലയത്തെ യു.പി. സ്കൂളായി ഉയർത്തി. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് അംഗീകരിച്ച വിദ്യാലയമായിരുന്നു.

മുസ്ലീംങ്ങൾക്കിടയിലുള്ള വിദ്യാഭ്യാസം വളരെ പണ്ടുമുതലേ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നതായി ചരിത്രപരിശോധനയിലൂടെ കാണാം. പുളിക്കൽ എ.എം.എം. ഹൈസ്കൂൾ, പുത്തുപ്പാടം എ.എം.എൽ.പി. സ്കൂൾ എന്നിവ ഇതിനു ഉദാഹരണങ്ങളാണ്. ഇതിന്റെയെല്ലാം ഉത്ഭവം മദ്രസ്സകളോടു ചേർന്നായിരുന്നു.

നിരവധി ദർസ് മദ്രസ്സകളുടെയും പള്ളികളു

ടെയും സ്ഥാപകനും സൂഫിവര്യനുമായിരുന്ന അൽഹാജ് മർഹും കുറ്റിത്തൊടി കുഞ്ഞമുട്ടി മുസ്ലിയാർ തങ്ങൾ 1926-ൽ പുത്തുപ്പാടം പള്ളി പരിസരത്ത് റഹ്മാനിയ മദ്രസ്സ സ്ഥാപിച്ചു. ഇതിനോടുനുബന്ധിച്ച് അദ്ദേഹത്തിന്റെ പുത്രൻ മർഹും കുറ്റിത്തൊടി മുഹമ്മദ് മുസ്ലിയാർ 1 മുതൽ 4 വരെ ക്ലാസ്സോടുകൂടി 1927-ൽ മദ്രസ്സയിൽ വെച്ചു. ഒരു സ്കൂൾ നടത്തിതുടങ്ങി ഇതാണ് 1939-ൽ അംഗീകാരം ലഭിച്ച പുത്തുപ്പാടം എ.എം.എൽ.പി. സ്കൂൾ. ഇവിടത്തെ ആദ്യകാല അധ്യാപകർ എ. മ്മദ് മുസ്ലിയാർ എൽ. കേളപ്പമേനോൻ, ടി. രാമൻവൈദ്യർ, പി. ഉണ്ണികൃഷ്ണമേനോൻ, എൻ. ഗോവിന്ദൻ നായർ, വി. മരക്കാർ മാസ്റ്റർ, സി. ഹസ്സൻകുട്ടി, എ.സി. ശങ്കുണ്ണിനായർ, സി. ചാച്ചുട്ടി മാസ്റ്റർ, സി. കുഞ്ഞറമുട്ടി മൗലവി, പി. ആലിക്കുട്ടി മാസ്റ്റർ, എൻ കുഞ്ഞാപ്പുമാസ്റ്റർ, ടി. ഉണ്ണീരിക്കുട്ടി വൈദ്യർ, എ.സി. രാഘവൻ നായർ, എൻ. പോക്കർ എന്നിവരായിരുന്നു. ഇപ്പോഴത്തെ മാനേജറായി പ്രവർത്തിക്കുന്ന കുറ്റിത്തൊടി അബ്ദുൾ അസീസ് മാസ്റ്റർ ഇവിടെ ദീർഘകാലം ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചിട്ടുണ്ട്.

ഖിലാഫത്തു പ്രസ്ഥാനവുമായി വളരെയധികം ബന്ധമുള്ള വിദ്യാലയമാണ് പുളിക്കലിൽ സ്ഥാപിതമായ എ.എം.എൽ.പി. സ്കൂൾ. ഇതു പിന്നീട് 1962-ൽ പുളിക്കൽ എ.എം.എം. ഹൈസ്ക്കൂളായി മാറി. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി നടത്തിയിരുന്ന മതവിദ്യാഭ്യാസത്തിനായുള്ള മദ്രസ്സയിൽനിന്നായിരുന്നു 1914-ൽ പുളിക്കലിൽ ഒരു പ്രൈമറി വിദ്യാലയം ആദ്യമായി തുടങ്ങിയത്. ഇതിന്റെ നടത്തിപ്പ് കവാക്കിബുന്നയ്യിറ എന്ന സംഘടനയാണ്. ഈ വിദ്യാലയത്തിന്റെ പര് അൽമദ്രസ്സത്തുൽ മുനവറ എന്നാണ്. ഈ വിദ്യാലയം ഖിലാഫത്ത് പ്രസ്ഥാനകാലത്ത് ബ്രിട്ടീഷ് ഗവൺമെൻറിൽനിന്നും ലഭിച്ചിരുന്ന ഗ്രാൻറ് ബഹിഷ്കരിച്ചിരുന്നു. അന്ന് ഇതിന്റെ മാനേജറായി പ്രവർത്തിച്ചിരുന്നത് പി. പി. ഉണ്ണിമൊയ്തീൻകുട്ടിയായിരുന്നു. കൂടാതെ 1921-ലെ മലബാർ ലഹളയിൽ ഇന്നത്തെ ഹൈസ്ക്കൂൾ നിൽക്കുന്ന സ്ഥലമായ മാംഗളാരി കുന്നിൽ ഗുർഖാപട്ടാളം ക്യാമ്പ്ചെയ്ത് ലഹളയെ നേരിട്ടിരുന്നു. കേരളത്തിലെ തന്നെ ഓറിയൻറൽ അറബിക് വിഭാഗവും ജനറൽ വിഭാഗവും പഠിപ്പിക്കുന്ന ഏകവിദ്യാലയമാണ് പുളിക്കൽ എ.എം. എം. ഹൈസ്ക്കൂൾ. ധാരാളം രാഷ്ട്രീയ നേതാക്കളും മതപണ്ഡിതരും ഇവിടെ പഠനം നടത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികളായ കെ.സി. കോമുക്കുട്ടി മൗലവി പി.പി. മുഹമ്മദ് മൗലവി എന്നിവർ ഈ വിദ്യാലയത്തിൽ പഠിച്ചവരാണ്. ഇതിൽ പി.വി. മുഹമ്മദ് മൗലവി അറബി ഭാഷാ കവി കൂടിയായിരുന്നു.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിൽ 1931-ൽ സ്ഥാപിതായതാണ് പുതുക്കോട് ഗവ.എൽ.പി. സ്കൂൾ. ഇത് ആദ്യം കുമരമംഗലത്ത് എന്ന സ്ഥലത്തായിരുന്നു പ്രവർത്തിച്ചിരുന്നത്. 1951-ൽ ഇപ്പോഴത്തെ കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി.

പെരിങ്ങാവ് അങ്ങാടിക്കടുത്ത് പരക്കാട്ടപറമ്പിൽ 1931-ൽ ഒരു ഓലഷാഡ്ഡിൽ പ്രവർത്തനമാരംഭിച്ച വിദ്യാലയമാണ് പെരിങ്ങാവ് ഏ.യു.പി. സ്കൂൾ. ഈ വിദ്യാലയത്തിന് സ്വാതന്ത്ര്യ സമരചരിത്രത്തിൽ അനിഷേധ്യമായ സ്ഥാനമാണുള്ളത്. ഇതിന്റെ സ്ഥാപക മാനേജരും, സ്ഥാപകാദ്ധ്യാപകനും പരേതനായ ശ്രീ. ഇ.കെ. മാധവൻനായരായിരുന്നു. സ്വാതന്ത്ര്യസമരസേനാനി പരേതനായ ശ്രീ. ഇ.കെ. കുമാരൻകുട്ടിനായർ ഈ വിദ്യാലയത്തിൽ അന്നത്തെ സഹാധ്യാപകനായിരുന്നു. ഇദ്ദേഹം ഇവിടെ അധ്യാപകനായിരിക്കെയാണ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസം വരിച്ചത്. 1939-ലെ മലബാർ അധ്യാപകസമരത്തിൽ ഈ വിദ്യാലയത്തിലെ അഞ്ചിൽ നാലുപേരും പങ്കെടുത്തിരുന്നു. മാനേജ്മെൻറ് സമ്പ്രദായത്തിനെതിരെയും സാമ്രാജ്യത്വത്തനെതിരെയും ആയിരുന്നു സമരം. ഇതിൽ പങ്കെടുത്ത അധ്യാപകരെയെല്ലാം ജോലിയിൽ നിന്ന് അന്നത്തെ മദിരാശി വിദ്യാഭ്യാസ ഡയരക്ടർ പിരിച്ചുവിടാൻ ഉത്തരവായതിനെ തുടർന്ന് മാനേജർ പിരിച്ചുവിട്ടു. സമരം ഒത്തുതീർപ്പായശേഷം ഇ.കെ. കുമാരൻകുട്ടിനായരും ഇ.കെ. പരമേശ്വരൻനായരും ശിക്ഷാനടപടികൾ പിൻവലിച്ചതിനെതുടർന്ന് വീണ്ടും ജോലിയിൽ പ്രവേശിച്ചു. ശ്രീ. കുമാരൻകുട്ടിനായർ പിന്നീട് അധ്യാപകജോലി ഉപേക്ഷിച്ചു. 1951-ൽ ഇത് യു.പി.യായി ഉയർത്തപ്പെട്ടപ്പോൾ പ്രധാന അധ്യാപകനായി ഇ.കെ. പരമേശ്വരൻനായർ ചാർജ്ജെടുത്തു. മലബാർ അധ്യാപകസമരം പിന്നീട് സർക്കാർ സ്വതന്ത്ര്യസമരമായി പ്രഖ്യാപിച്ച കാര്യം പ്രസ്താവ്യമാണ്. 1955-60 കാലഘട്ടത്തിൽ അടിസ്ഥാനവിദ്യാഭ്യാസം നിലവിലുണ്ടായിരുന്ന കാലത്ത് വിദ്യാലയങ്ങളിൽ ശുചീക

രണം, സമൂഹപ്രാർത്ഥന, അസംബ്ലി, പത്രപാരായണം, പതാകാവന്ദനം, വിശേഷദിവസങ്ങളുടെ ആഘോഷം കൃഷി, നൂൽനൂൽപ്പ്, അനുബന്ധപഠനം, വിദ്യാലയ സ്വയംഭരണം, കുട്ടികളുടെ പാർലമെൻറ്, മന്ത്രിസഭ ഉത്തരവാദിത്വ വിഭജനം തുടങ്ങിയവയെല്ലാം അധ്യായനത്തിൻറെ ഭാഗമായിരുന്നു. ഇതിൻറെ ഭാഗമായി നല്ല ഗുണനിലവാരം പുലർത്താനും സ്വഭാവരൂപീകരണം, പൗരത്വപരിശീലനം മതസഹിഷ്ണുത, ജോലിയോടുള്ള ആഭിമുഖ്യം തുടങ്ങിയവയും വളർത്തിയെടുക്കാൻ കഴിഞ്ഞിരുന്നു.

വലിയോറ ബോർഡ് എലിമെൻറി സ്കൂൾ സർക്കാർ നീക്കം ചെയ്തപ്പോൾ പരേതനായ പേരടികുഞ്ഞൻനായരുടെ ശ്രമഫലമായി ഇന്നത്തെ സ്കൂളിനു സമീപം കൊളപ്പൊറ്റ പറമ്പിൽ 1932-ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിൽ ആരംഭിച്ച വിദ്യാലയമാണ് പറവൂർ. ജി. എൽ.പി. സ്കൂൾ അന്നത്തെ ഹെഡ്മാസ്റ്റർ പി. ശങ്കരൻനായരായിരുന്നു. അന്നു മുതൽ ഇന്നുവരെ ഈ വിദ്യാലയം ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. അതിനു ശേഷം കൊളക്കാട് വേലായുധൻമാസ്റ്ററായിരുന്നു പ്രധാനാധ്യാപകൻ. നമ്മുടെ പഞ്ചായത്തിൻറെ പ്രസിദ്ധങ്ങും 1993-ലെ സംസ്ഥാന അധ്യാപക അവാർഡും 1994-ലെ ദേശീയ അധ്യാപക അവാർഡും ലഭിച്ച ശ്രീ. സി.പി.കെ. മാസ്റ്റർ 4-6-1985 മുതൽ 30-4-1994 വരെ ഇവിടെ പ്രഥമാധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1934ൽ സ്ഥാപിതമായതാണ് സിയാംകണ്ടം എ.എൽ.പി.സ്കൂൾ

1934-ൽ കണ്ണം വെട്ടിക്കാവിൽ മതപഠനത്തിനായി ഒരു മദ്രസ്സയും എഴുത്തുപള്ളിക്കൂടവും സ്ഥാപിച്ച ജനാബ്. എ.പി. കുട്ട്യാലിസാഹിബ് ആയിരുന്നു ഇപ്പോഴത്തെ കണ്ണംവെട്ടിക്കാവ് എ.എം.യു.പി. സ്കൂളിൻറെ സ്ഥാപകൻ. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിൽ 1944-ലിലാണ് ഈ വിദ്യാലയത്തിനു അംഗീകാരം ലഭിച്ചത്. ഇത് ബേസിക് സ്കൂളായിരുന്നു. പ്രഥമ പ്രധാനാധ്യാപകൻ പി. മുഹമ്മദ്മാസ്റ്ററായിരുന്നു. 1982-ൽ ഇത് യു.പി. യായി ഉയർത്തി.

ഒരു സൊസൈറ്റിയുടെ കീഴിൽ 1950 ജൂൺ 28-ന് പ്രവർത്തനം ആരംഭിച്ച ഒരു മിഡിൽ സ്കൂളായിരുന്നു ഇന്നത്തെ രാമനാട്ടുകര ഹൈസ്കൂൾ. 1952 ജൂലായിലാണ് ഹൈസ്കൂൾ ഇപ്പോൾ നിൽക്കുന്ന സ്ഥലത്തേക്ക് വന്നത്. ഇതിനായി സ്ഥലം സംഭാവന ചെയ്തത് ശ്രീ. ഇ. മാധവപണിക്കർ എന്നവരായിരുന്നു. അക്കാലത്തെ പ്രധാനാധ്യാപകൻ ശ്രീ. ടി.കെ. നമ്പ്യാരായിരുന്നു. രാമനാട്ടുകര ഹൈസ്കൂൾ സംഘം എന്നപേരിൽ ഒരു രജിസ്ട്രേഡ് സൊസൈറ്റിയുടെ കീഴിലായിരുന്നു മാനേജ്മെൻറ് പ്രവർത്തിച്ചിരുന്നത്. 1954 വരെ നമ്മുടെ പഞ്ചായത്തിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. അന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി ഫറോക്ക്, കോഴിക്കോട്, മഞ്ചേരി എന്നിവിടങ്ങളിൽ പോകണമായിരുന്നു. എന്നാൽ ഈ വിദ്യാലയം 1954-ൽ ഹൈസ്കൂളായി ഉയർത്തിയതോടുകൂടി ഹൈസ്ക്കൂൾ വിദ്യാഭ്യാസസൗകര്യം ജനങ്ങൾക്ക് ലഭ്യമായി. രാമനാട്ടുകരയിലെയും ചെറുകാവിലെയും പേരോമ്പയിലേയും പല സാമൂഹ്യപ്രവർത്തകരും ഈ സ്ഥാപനത്തിൻറെ വളർച്ചക്കായി വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. 1963 മുതൽ വളരെ നീണ്ടകാലം രാമനാട്ടുകര പഞ്ചായത്തു പ്രസിഡണ്ടും അറിയപ്പെടുന്ന സാമൂഹ്യരാഷ്ട്രീയ പ്രവർത്തകനുമായിരുന്ന ശ്രീ. എം.കെ. വേലപ്പമേനോൻ ഈ സ്ഥാപനത്തിൽ 1954 മുതൽ 1974 മാർച്ചുവരെ അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ സ്കൂളിൻറെ പുരോഗതിക്കായി കഠിന പ്രയത്നം ചെയ്ത ഇദ്ദേഹത്തെ ഈവസരത്തിൽ സ്മരിക്കേണ്ടത് അത്യാവശ്യമാണ്. 1952-ൽ ശ്രീ. ചന്തുക്കുട്ടിമാസ്റ്ററുടെ കൂടെ പ്രശസ്ത കവികളായ കുഞ്ഞുണ്ണിമാസ്റ്റർ, ശ്രീധരനുണ്ണി തുടങ്ങിയവർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആദരണീയരായ എ.കെ. ജി, എ.വി. കുട്ടിമാളു അമ്മ, സി.എച്ച്. മുഹമ്മദ് കോയ എന്നിവർ ഈ വിദ്യാലയം സന്ദർശിച്ചിട്ടുണ്ട്.

1976-ൽ എൽ.പി. യായി ആരംഭിച്ച വിദ്യാലയമാണ് ബി.ടി.എം. എ.എം.യു പി. സ്കൂൾ പേങ്ങാട്. ഇത് 1982-ൽ യു.പി.യായി ഉയർത്തി.

1947 ജൂണിൽ കേരള ജംയുത്തുൽ ഉലമയുടെ കീഴിൽ സ്ഥാപിച്ചതാണ് മദീനത്തുൽ ഉലും അറബികോളേജ്. ഇതിൻറെ സ്ഥാപകൻ ജനാബ് എം.സി.സി. അബ്ദുറഹിമാൻ മൗലവിയായിരുന്നു. വാഴക്കാട് ദാറുൽ ഉലും അറബികോളേജിൽനിന്നായിരുന്നു ഇതിൻറെ തുടക്കം. ഇവിടെ അറബി ഭാഷാപഠനത്തിനുവേണ്ടിയുള്ള വിവിധ കോഴ്സുകൾ നടക്കുന്നു. നമ്മുടെ പഞ്ചായത്തിൻറെ ആദ്യപ്രസിഡൻറായ ജനാബ് പി. പി. അബ്ദുൾ ഗഫൂർ മൗലവി 1984 മുതൽ 1990 വരെ ഈ കോളേജിൻറെ പ്രിൻസിപ്പളായി സേ

വനമനുഷ്ഠിച്ചിട്ടുണ്ട്.

കുണ്ടോട്ടി ബ്ലോക്കിലെ ഏക അധ്യാപക പരിശീലന സ്ഥാപനമായ സേവാമന്ദിർ ടി.ടി.ഐ. 1952-ൽ രാമനാട്ടുകരയിൽ പ്രവർത്തനമാരംഭിച്ചതാണ്. അടിസ്ഥാന വിദ്യാഭ്യാസമായിരുന്നു അന്ന് ഗവൺമെൻറിൻെറ അംഗീകൃത വിദ്യാഭ്യാസനയം. അന്ന് ട്രെയിനിങ്ങ് സ്കൂളുകളെ കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ വിദ്യാലയങ്ങളെയും ബേസിക് സ്കൂളുകളാക്കി മാറ്റാനുള്ള ഒരു ക്രമാനുസൃതമായ പരിപാടി ബേസിക്ക് എഡ്യൂക്കേഷൻ കോംപാക്റ്റ് ഏരിയ (Basic Education compact Area) എന്ന പേരിൽ ഗവൺമെൻറ് നടപ്പാക്കിയിരുന്നു. അക്കാലത്ത് ട്രെയിനിങ്ങ് സ്കൂളിനു ചുറ്റുമുള്ള ഇന്നത്തെ കൊണ്ടോട്ടി തിരൂരങ്ങാടി, കോഴിക്കോട് ബ്ലോക്കുകളിലായി കിടക്കുന്ന 100 ഓളം പ്രൈമറി സ്കൂളുകളെ ബേസിക് സ്കൂളുകളായി മാറ്റുകയും അവിടത്തെ അധ്യാപകർക്കെല്ലാം 3 മുതൽ 5 മാസ കാലത്തെ റീ ട്രെയിനിങ്ങ് കോഴ്സുകൾ ട്രെയിനിങ്ങ് സ്കൂളിൽവെച്ചു നടത്തുകയും ചെയ്തിരുന്നു. ആ കാലത്ത് ട്രെയിനിങ്ങ് സ്കൂളുകൾ അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് സമൂഹജീവിതം നയിച്ചിരുന്ന റെസിഡൻഷ്യൽ സ്കൂളുകളായിരുന്നു. 1957-ൽ ആരംഭിച്ച ഇപ്പോഴത്തെ രാമനാട്ടുകര സേവാമന്ദിരം ഹൈസ്കൂൾ ദാനഗ്രാമത്തിലായിരുന്നു സ്ഥാപിച്ചിരുന്നത്. 1964-ൽ രാമനാട്ടുകരയിലെ ട്രെയിനിങ്ങ് സ്കൂളും നവോദയ ദാനഗ്രാമത്തിലെ സേവാമന്ദിരം ഹൈസ്കൂളും തമ്മിൽ ഒരു സ്ഥലമാറ്റം നടന്നതിൻെറ ഫലമായിട്ടാണ് നവോദയ ദാനഗ്രാമത്തിൽ ട്രെയിനിങ്ങ് സ്കൂൾ വരാനിടയായത്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ചെറുകാവ് പഞ്ചായത്ത് പണ്ടുമുതലേ വളരെ മുൻപന്തിയിലായിരുന്നു. ഇതിനു ഉദാഹരണങ്ങളാണ് 1954-ൽ സ്ഥാപിച്ച ഐക്കരപ്പടി സ്വതന്ത്രവായനശാല ഗ്രന്ഥാലയം, 1958-ൽ സ്ഥാപിച്ച നവോദയ വായനശാല ദാനഗ്രാം, പുളിക്കൽ ആസാദ് വായനശാല മുതലായവ. ഇവ ഗവൺമെൻറ് വക സാക്ഷരതാ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പുതന്നെ വയോജന വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചിരുന്നു.

കുണ്ടോട്ടി ബ്ലോക്കിൽ ഒരു പക്ഷേ മലപ്പുറം ജില്ലയിൽ തന്നെ ആദ്യത്തെ അംഗീകാരമുള്ള പ്രീ പ്രൈമറി വിദ്യാലയം രാമനാട്ടുകര ബേസിക്ക് എഡ്യൂക്കേഷൻ സൊസൈറ്റി 1958-ൽ നവോദയ ദാനഗ്രാമത്തിൽ ആരംഭിച്ച സേവാമന്ദിരം ശിശുവിഹാരം ആണ്. ഇത് കൊണ്ടോട്ടി AEOവിൻെറ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവന്നതായിരുന്നു. കൂടാതെ സർക്കാരിൽനിന്നും ഗ്രാൻറും ലഭിച്ചിരുന്നു.

സേവാമന്ദിരം ടി.ടി.ഐ, നവോദയ ദാനഗ്രാം, വായനശാല, ശിശു വിഹാരം എന്നിവ സ്ഥാപിക്കുന്നതിൽ സേവാമന്ദിരം ഹൈസ്ക്കൂൾ പ്രധാന അധ്യാപകനായിരുന്ന സാമൂഹിക സാംസ്കാരികരംഗങ്ങളിൽ സജീവ പ്രവർത്തകനുമായ ശ്രീ. കെ. രാധാകൃഷ്ണമേനോൻെറ സേവനം പ്രത്യേകം പ്രസ്താവ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ പ്രശസ്ത അധ്യാപകരായ ശ്രീ. ഇ.കെ. പരമേശ്വരൻ നായർ, ടി. ഗോവിന്ദൻനായർ, സി.പി. കെ. മാസ്റ്റർ എന്നിവർക്ക് സംസ്ഥാന ദേശീയ അധ്യാപക അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ടി. ഗോവിന്ദൻനായർ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

അധ്യാപക സേവനത്തിനിടക്കു അന്തരിച്ച ടി. ഉണ്ണീരിക്കുട്ടിമാസ്റ്റർ, മറിയാമ ടീച്ചർ, പി. മൊയ്തീൻ മാസ്റ്റർ, വർഗ്ഗീസ് മാസ്റ്റർ എന്നിവരെ ഈ അവസരത്തിൽ സ്മരിച്ചുകൊള്ളുന്നു.

പഞ്ചായത്തിൽ 8 പ്രൈമറി വിദ്യാലയങ്ങളും 2 ഹൈസ്കൂളുകളും ഒരു ടി.ടി.ഐയും ഒരു അറബിക് കോളേജും പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി, ഹൈസ്കൂൾ വിദ്യാലയങ്ങളിലായി 7764 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കൂടാതെ 400 ഓളം വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളിലെ കളരിക്കൽ യു.പി.എസ്. സേവാമന്ദിരം എച്ച്.എസ്. കൊട്ടപ്പുറം, എച്ച്.എസ്. തടത്തിൽ പറമ്പ ഗവ. എച്ച്.എസ്. പൂത്തൂർ പളളിക്കൽ എച്ച്.എസ്, ചേലേമ്പ്ര എൻ.എൻ. എം.എച്ച്.എസ്, കക്കോവ് എച്ച്.എസ്. എന്നീ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. 150 ഓളം കുട്ടികൾ പഞ്ചായത്തിനുപുറത്തുള്ള ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് വിദ്യാലയങ്ങളിലായി പഠനം നടത്തുന്നുണ്ട്.

പ്രൈമറി വിദ്യാലയങ്ങളിൽ ആകെ 5487 പേരും ഹൈസ്കൂളുകളിൽ 2177 പേരും പഠനം നടത്തുന്നു. പ്രസ്തുത വിദ്യാലയങ്ങളിലായി മൊത്തം 250 അദ്ധ്യാപകരുണ്ട്. പഞ്ചായത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക I

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വാർഡ്	മാനേജ് മെന്റ്	വിദ്യാർത്ഥികളുടെ എണ്ണം		
				ആൺ	പെൺ	ആകെ
1	ജി.എൽ.പി.എസ്.പറവൂർ	X	ഗവൺമെൻറ്	80	67	147
2	ജി.എൽ.പി.എസ്. പുതുക്കോട്	VII	,,	153	126	279
3	എ.എൽ.പി.എസ്. സിയാക്കണ്ടം	II	എയിഡഡ്	186	135	321
4	എ.എം.എൽ.പി.എസ്. പുത്തുപ്പാടം	XI	,,	130	125	255
5	എ.എം.യു.പി.എസ്. കണ്ണംവെട്ടിക്കാവ് L.P,	IX	,,	186	134	320
	U.P			163	141	304
6	എ.യു.പി.ബി.എസ്. വെണ്ണായൂർ L.P	V	,,	197	158	355
	U.P.			199	172	371
7	ബി.ടി.എം.എ.എം.യു.വി.എസ് പേങ്ങാട് L.P	VI	,,	189	216	405
	U.P			216	216	432
8	എ.യു.പി.എസ്.പെരിങ്ങാവ് L.P	VIII	,,	214	192	406
	U.P			199	162	361
9	ആർ.എച്ച്.എസ്. വൈദ്യരങ്ങാടി U.P	VII	,,	116	115	231
	H.S.			346	365	711
10	എ.എം.എം.എച്ച്.എസ്. പുളിക്കൽ U.P	I	,,	679	621	1300
	H.S.			679	769	1448
	TOTAL			3932	3714	7646

പഞ്ചായത്തിൽ 7664 വിദ്യാർത്ഥികളിൽ 638 പേർ പട്ടിക ജാതിയിൽപ്പെട്ടവരാണ്. ഇതിൽ പുത്തൂപ്പാടം എ.എം.എൽ.പി. സ്കൂളിൽ ഒരു വിദ്യാർത്ഥിപോലും പട്ടികജാതിയാൽപ്പെട്ടവരായി ഇല്ല. പട്ടികജാതി, പട്ടികവർഗ്ഗം (SC/ST) വിദ്യാർത്ഥികളുടെ എണ്ണം പട്ടികയായി താഴെ കൊടുക്കുന്നു എൽ.പി. വിഭാഗത്തിൽ 218 പേരും യു.പി. വിഭാഗത്തിൽ 282 പേരും ഹൈസ്കൂൾ വിഭാഗത്തിൽ 139 പേരും പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളാണ്.

പട്ടികജാതി വിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരം

പട്ടിക II

ക്രമനമ്പർ	സ്കൂളിന്റെ പേര്	ആൺ	പെൺ	ആകെ
1	ജി.എൽ.പി.എസ്. പറവൂർ	10	6	16
2	ജി.എൽ.പി.എസ്. പുതുക്കോട്	17	10	36
3	എ.എൽ.പി.എസ്. സിയാംകണ്ടം	5	3	8
4	എ.എം.എൽ.പി.എസ്. പുത്തൂപ്പാടം	-	-	-
5	എ.എം.യു.പി.എസ്. കണ്ണംവെട്ടിക്കാവ്	14	15	29
6	എ.യു.പി.എസ് വെണ്ണായൂർ	65	62	127
7.	ബി.ടി.എം. എ.എം.യു.പി.എസ്. പേങ്ങാട്	28	17	45
8	എ.യു.പി.എസ്.പെരിങ്ങാവ്	62	48	110
9	ആർ.എച്ച്.എസ്. വാദ്യരങ്ങാടി	57	44	95
10	എ.എം.എം.എച്ച്.എസ് പുളിക്കൽ	83	90	173
	ആകെ	341	295	639

അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ വിവരം

പട്ടിക - III

ക്രമ നമ്പർ	സ്കൂളിന്റെ പേര്	അദ്ധ്യാപകർ			അദ്ധ്യാപക പരിശീലന യോഗ്യത			അദ്ധ്യാപകേതരജീവനക്കാർ
		ആൺ	പെൺ	ആകെ	B.ed	TTC	മറ്റുള്ളവ	
1	ജി. എൽ.പി.എസ്.പറവൂർ	1	4	5	-	4	1	1
2	ജി.എൽ.പി.എസ്. പുതുക്കാട്	3	5	8	1	6	1	1
3	എ.എൽ.പി.എസ്. സിയാംകണ്ടം	5	5	10	1	7	2	-
4	എ.എം.എൽ.പി.എസ്.പുത്തുപ്പാടം	6	4	10	1	7	2	-
5	എ.എം.യു.പി.എസ്.കണ്ണംവെട്ടിക്കാവ്	8	15	23	5	11	7	1
6	എ.യുപി.ബി.എസ്. വെണ്ണയൂർ	9	16	25	7	11	7	1
7	ബി.ടി.എം.എ.എം.യു.പി.എസ്.പേങ്ങാട്	16	14	30	8	15	7	1
8	എ.യു.പി.എസ് പെരിങ്ങാവ്	11	14	25	9	10	6	1
9	ആർ.എച്ച്.എസ്. വൈദ്യരങ്ങാടി	15	9	24	10	4	10	4
10	എ.എം.എം.എച്ച്.എസ്. പുളിക്കൽ	40	50	90	55	9	26	7
ആകെ		114	136	250	97	84	69	17

വിദ്യാലയ സർവ്വേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിൽ അദ്ധ്യാപകരിൽ കൂടുതൽ സ്ത്രീകളാണ് എന്നാണ്-250-ൽ 136 പേർ. ഇവർ മൊത്തം അദ്ധ്യാപകരുടെ 4.4ശതമാനം വരും. പാഠ്യപദ്ധതിയുടെ മാറ്റത്തിനനുസരിച്ച് അദ്ധ്യാപകരിൽ നല്ലൊരു വിഭാഗത്തിന് ഇന്ന് സർവ്വീസ് കോഴ്സ് ലഭിക്കുന്നില്ല.

എണ്ണം വർദ്ധിച്ചുവരുന്നതായും കാണുന്നു. ഹൈസ്ക്കൂൾ പ്രവേശനത്തിനുള്ള പ്രയാസം കാരണം രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ ഹൈസ്ക്കൂളുകളൊടനുബന്ധിച്ച യു.പി. വിഭാഗത്തിൽ ചേർക്കുന്നതുകൊണ്ടാണിത്. ജനനനിരക്കിലെ കുറവും, ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമവും പ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികളു

പട്ടിക - III

ഗവൺമെൻറ് സ്കൂളുകളിലെ വിദ്യാർത്ഥി-അദ്ധ്യാപകവിവരം

മൊത്തം അദ്ധ്യാപകർ	ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെഎണ്ണം	മൊത്തം വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം
250	13	7646	426

ആകെയുള്ള സ്കൂളുകളിൽ രണ്ടെണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. ആകെ അദ്ധ്യാപകരിൽ 52 ശതമാനവും വിദ്യാർത്ഥികളിൽ 5.6 ശതമാനവും ഇവിടെയാണ്.

കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ കാണിക്കുന്നത് എൽ.പി. യു.പി. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതായാണ്. എന്നാൽ ഹൈസ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമാണ്.

വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് 1995-96 വിദ്യാഭ്യാസ വർഷത്തെ കണക്കുകൾ പ്രകാരം വളരെ കുറവാണ്.

വിദ്യാർത്ഥികളുടെ പഠനനിലവാരം തൃപ്തികരമല്ല. 15 മുതൽ 20 ശതമാനം വരെ വിദ്യാർത്ഥികൾ വേണ്ടത്ര അക്ഷരജ്ഞാനമില്ലാത്തവരാണ്.

പട്ടിക V

95-96 വർഷത്തിൽ പണം നിർത്തിയവർ

പട്ടികജാതി/പട്ടികവർഗ്ഗം			മറ്റുള്ളവർ			മൊത്തം കുട്ടികൾ
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	-	1	41	14	55	56

പഞ്ചായത്തിലെ ഹൈസ്കൂളുകളുടെ എസ്.എസ്.എൽ.സി. വിജയ ശതമാനം തൃപ്തികരമല്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ എസ്.എസ്.എൽ.സി. വിജയശതമാനം ഇതൊടൊപ്പം ചേർക്കുന്നു.

പട്ടിക-VI
S.S.L.C വിജയശതമാനം

സ്കൂൾ	വർഷം	പരീക്ഷക്കിരുന്നവർ			വിജയിച്ചവർ			വിജയ ശതമാനം	ഡിസ്റ്റിങ്ഷൻ	ഫസ്റ്റ് ക്ലാസ്സ്	സെക്കൻറ് ക്ലാസ്സ്
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ				
ആർ.എച്ച്.എസ് വൈദ്യരങ്ങാടി	1993-94	76	103	179	46	48	94	52.5	52	9	24
	1994-95	75	114	189	20	34	54	28.5	4	13	10
	1995-96	97	70	167	24	30	54	32	4	11	8
	1993-94	138	174	312	59	57	116	37	1	29	18
എ.എം.എം.എച്ച്.എസ് പുളിക്കൽ	1994-95	157	192	349	50	44	94	27	11	32	24
	1995-96	162	198	360	63	52	115	32	4	32	23

വിവിധ സാമ്പത്തികാനുകൂല്യം ലഭിക്കുന്നവരെക്കുറിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക VII
സാമ്പത്തികാനുകൂല്യം ലഭിക്കുന്നവർ

നമ്പർ	സ്കൂളിന്റെ പേർ	മെറിറ്റ് സ്കോളർഷിപ്പ്പേർ	ലംസം ഗ്രാൻറ്	മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെമക്കൾക്കുള്ള ആനുകൂല്യം
1	G.L.P.S പറവൂർ	-	16	-	-	-
2	G.L.P.S പുതുക്കോട്	-	36	-	-	-
3	A.L.P.S സിയാംകണ്ടം	-	8	-	1	-
4	A.M.L.P.S പുത്തുപ്പാടം	-	-	-	-	-
5	A.M.U.P.S കണ്ണംവെട്ടിക്കാവ്	1	29	97	5	-
6	A.U.P.S വെണ്ണായൂർ	11	127	86	5	-
7	B.T.M.A.M.U.P.S. പേങ്ങാട്	-	45	127	3	2
8	A.U.P.S പെരിങ്ങാവ്	-	110	75	10	-
9	R.H.S. വൈദ്യരങ്ങാടി	9	95	104	2	-
10	A.M.M.H.S പുളിക്കൽ	12	173	785	8	-
	ആകെ	33	639	1274	34	2

മലപ്പുറം ജില്ലയിലെയും നമ്മുടെ പഞ്ചായത്തിലെതന്നെയും പ്രധാന അദ്ധ്യാപക പരിശീലന കേന്ദ്രമാണ് സേവാമന്ദിരം പോസ്റ്റ് ബേസിക് ട്രെയിനിങ്ങ് സ്കൂൾ. 1952-ലാണ് ഇത് സ്ഥാപിച്ചത്. സേവാമന്ദിരം ബേസിക് എഡുക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള എയ്ഡഡ് സ്ഥാപനമാണിത്. ഓരോ കൊല്ലവും 40 അദ്ധ്യാപക പരിശീലന വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നു. ഇതിൽ 20% ഒഴിവുകൾ മാനേജ്മെൻറ് നികത്തുന്നു. ഇവിടെ രണ്ട് പുരുഷന്മാരും മൂന്ന് സ്ത്രീകളും അദ്ധ്യാപകരായുണ്ട്. എന്നാൽ 1995-96, 1996-1997 വർഷങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ പ്രവേശനം നടന്നിട്ടില്ല. പ്രശ്നത്തിന് എത്രയും വേഗം പരിഹാരം ഉണ്ടാക്കണമെന്ന് അദ്ധ്യാപകർ ആവശ്യപ്പെടുന്നു.

കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേഷനുള്ള പഞ്ചായത്തിലെ ഏക കോളേജാണ് മദീനത്തുൽ ഉലൂം അറബിക് കോളേജ് ഇത് 1946ൽ സ്ഥാപിതമായതാണ്. ഇവിടെ നിന്ന് അദ്ധ്യയനം പൂർത്തിയാക്കുന്നവർക്ക് ജോലി സാധ്യതയുണ്ട്. രണ്ട് വർഷത്തെ അഫ്സലുൽ ഉലമ പ്രലിമിനറി, 3 വർഷത്തെ അഫ്സലുൽ ഉലമ ഫൈനൽ, 2 വർഷത്തെ പോസ്റ്റ് അഫ്സലുൽ ഉലമ എന്നീ കോഴ്സുകൾക്കാണ് ഇവിടെ പ്രവേശനം നൽകുന്നത്. 13 അദ്ധ്യാപകരും 2 അദ്ധ്യാപകേതര ജീവനക്കാരും ഇവിടെ ജോലി നോക്കുന്നുണ്ട്. 276 വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഇപ്പോൾ വിവിധ കോഴ്സുകളിലായി പഠനം നടത്തുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യസസ്ഥാപനങ്ങളോ പഞ്ചായത്തിൽ ഇല്ല. കമ്പ്യൂട്ടർ പഠനത്തിന് വലിയ സാധ്യതകളുള്ള ഇക്കാലത്ത് ഒരു കമ്പ്യൂട്ടർ പരിശീലന സ്ഥാപനം പോലും ഇവിടെ ഇല്ല. പഞ്ചായത്തിൽ രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. 60-ഓളം പേർ ഇതിൽ പരിശീലനം നേടുന്നു. ഇവരിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. ഈ സ്ഥാപനങ്ങളിലൊന്നും ഷോർട്ട് ഹാൻഡ് പരിശീലനം നടക്കുന്നില്ല.

പരപ്പനങ്ങാടി കേന്ദ്രമായി പ്രവർത്തിക്കുന്ന 'ശേഷി'യുടെ ആഭിമുഖ്യത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായുള്ള ഒരു വിദ്യാലയം ഐക്കരപ്പടിയിൽ പ്രവർത്തിക്കുന്നു. ഇവിടെ 21 കുട്ടികൾ അദ്ധ്യയനം നടത്തുന്നു.

പഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നല്കുന്ന നാല് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലൊന്ന് പാരലൽ കോളേജായും പ്രവർത്തിക്കുന്നു. സ്ത്രീകൾക്ക് തുന്നൽ പരിശീലനം നല്കുന്ന മൂന്ന് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള 16 അംഗൻവാടികളും, 2 ക്രഷെയും, 2 സ്വകാര്യ നഴ്സറി സ്കൂളുകളും പ്രീ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് സഹായിക്കുന്നു. കുട്ടികൾക്ക് ഇതിന്റെ സേവനം ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രീപ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ മാത്രമേയുള്ളൂ എന്ന കാര്യം എടുത്തുപറയതക്കതാണ്.

മുസ്ലീംങ്ങളുടെ മതപഠനത്തിനായുള്ള 25 ഓളം മദ്രസ്സുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ രാവിലെയും വൈകുന്നേരവും രാത്രിയുമായി അദ്ധ്യയനം നടക്കുന്നു.

നിലവിലുള്ള ഹൈസ്ക്കൂളുകൾ പഞ്ചായത്തിന്റെ രണ്ടറ്റത്ത് സ്ഥിതി ചെയ്യുന്നതിനാൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്തിലെ കുട്ടികൾക്ക് വളരെയധികം പ്രയാസങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുതിയൊരു ഹൈസ്ക്കൂൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്.

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ഗ്രാമസഭകളിൽ വേണ്ടവിധം ചർച്ച ചെയ്യപ്പെട്ടതായി ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നു. പഠന നിലവാരം, വിദ്യാലയസൗകര്യങ്ങൾ, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവ ഗ്രാമസഭകളിൽ വിലയിരുത്തുകയുണ്ടായി. പഠന നിലവാരതകർച്ച, പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാതിരിക്കൽ, പി.ടി.എ-മാതൃസംഗമം, ഉച്ചഭക്ഷണ പരിപാടി, പുതിയ വിദ്യാലയങ്ങൾ ആരംഭിക്കൽ, നിലവിലുള്ള പ്രമോഷൻരീതി, അധ്യാപക-വിദ്യാർത്ഥി അനുപാതം കുറക്കേണ്ടതിന്റെ ആവശ്യകത, അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സ് നടത്തൽ, പാഠ്യേതര പ്രവർത്തനങ്ങൾ, സ്കൂൾ അന്തരീക്ഷം ആകർഷകമാക്കൽ എന്നിവയെക്കുറിച്ചെല്ലാം ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ടു.

ഒരു വിദ്യാലയത്തെ വിലയിരുത്തുമ്പോൾ അക്കാദമിക് സൗകര്യങ്ങളും ഭൗതികസാഹച

ര്യങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. കുട്ടികൾക്ക് വിദ്യാഭ്യാസത്തോട് താല്പര്യം ജനിപ്പിക്കാൻ തക്കസൗകര്യങ്ങൾ വിദ്യാലയത്തിൽ ലഭ്യമാക്കണം. മതിയായ ഫർണിച്ചറുകൾ, നല്ല ബ്ലാക്ക് ബോർഡുകൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, പഠനോപകരണങ്ങൾ, ലൈബ്രറി, ലബോറട്ടറി എന്നിവ വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത താഴെ കൊടുക്കുന്നു.

പട്ടിക VIII
അക്കാദമിക് സൗകര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	കമ്പ്യൂട്ടർ	മാത്സ് ലാബ്
1	ജി.എൽ.പി.എസ്, പറവൂർ	ഉണ്ട്	ഇല്ല	വേണ്ടത്രഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
2	ജി.എൽ.പി.എസ്, പുതുക്കോട്	ഉണ്ട്	ഉണ്ട്	വേണ്ടത്രഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
3	എ.എൽ.പി.എസ്, സിയാംകണ്ടം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
4	എ.എം.യു.പി.എസ്, കണ്ണംവെട്ടിക്കാവ്	ഉണ്ട്	ഇല്ല	വേണ്ടത്രഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5	എ.എം.എൽ.പി.എസ്, പുത്തുപ്പാടം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
6	എ.യു.പി.ബി.എസ്, വെണ്ണായൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
7	ബി.ടി.എം.എ.എം.യു.പി.എസ്, പേങ്ങാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	സജീവമല്ല
8	എ.യു.പി.എസ്, പെരിങ്ങാവ്	ഉണ്ട്	ഉണ്ട്	വേണ്ടത്രഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	ആർ.എച്ച്.എസ്, വൈദ്യരങ്ങാടി	ഉണ്ട്	ഉണ്ട്	വേണ്ടത്രഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	സജീവമല്ല
10	എ.എം.എം.എച്ച്.എസ്, പുളിക്കൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്. ജി.എൽ.പി.എ സ്. പറവൂരിന് സ്വന്തമായി കെട്ടിടമോ കളിസ് ഥലോ ഇല്ല. പ്രീ.കെ.ഇ. ആർ കെട്ടിടത്തിൽ പ്ര വർത്തിക്കുന്ന വിദ്യാലയങ്ങൾ പഞ്ചായത്തി ലുണ്ട്. മതിയായ കളിസ്ഥലം ഹൈസ്ക്കൂളുകൾ ഒഴികെ ഒരു വിദ്യാലയത്തിനുമില്ല. പല സ്കൂ ളുകളിലും ഇടചുമർ നിർമ്മിച്ച് ക്ലാസ്മുറികൾ വേർതിരിച്ചിട്ടില്ല. മൂത്രപ്പുരയില്ലാത്ത ഒന്നും, കക്കൂ സ് ഇല്ലാത്ത നാലും, വൈദ്യുതി ഇല്ലാത്ത ഏഴും, പാചകമുറി ഇല്ലാത്ത നാലും, സ്റ്റാഫ്റൂം ഇല്ലാത്ത മൂന്നും വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്.

പട്ടിക IX
വിദ്യാലയങ്ങളുടെ ഭൗതികസംവിധാനം

നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	സ്റ്റാഫ് റൂം	പാചകപ്പുര	ഓഫീസ്	കിണർ	മൂത്രപ്പുര	കക്കൂസ്
1	G.L.P.S. പറവൂർ	13സെ.	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
2	G.L.P.S പുതുക്കോട്	85സെ.	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
3	A.L.P.S സിയാംകണ്ടം	28സെ.	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
4	A.M.L.P.S പുത്തുപ്പാടം	27സെ.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
5	A.M.U.P.S കണ്ണംവെട്ടിക്കാവ്	170സെ.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
6	A.U.P.S വെണ്ണായൂർ	43സെ.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
7	B.T.M.A.M.U.P.S വേങ്ങാട്	154സെ.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
8	A.U.P.S. പെരിങ്ങാവ്	100സെ.	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
9	R.H.S വൈദ്യരങ്ങാടി	500സെ.	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
10	A.M.M.H.S പുളിക്കൽ	510സെ.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

യഥാസമയത്ത് പാഠപുസ്തകം ലഭിക്കാതിരിക്കൽ, അശാസ്ത്രീയ സിലബസ്, മേൽനോട്ടത്തിന്റെ അഭാവം, നിലവിലുള്ള പ്രമോഷൻ സമ്പ്രദായം അധ്യാപകരെ മറ്റു ജോലിക്ക് നിയമിക്കൽ, കെട്ടിട ങ്ങളുടെ കുറവ്, പഠനോപകരണങ്ങളില്ലായ്മ, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, നിലവിലുള്ള പാഠപുസ്തകങ്ങളുടെ അശാസ്ത്രീയത, അനാകർഷകമായ വിദ്യാലയാന്തരീക്ഷം, രക്ഷിതാക്കളുടെ അറി വില്ലായ്മ, പരീക്ഷകളുടെ നിലവാരം എന്നിവ വിദ്യാഭ്യാസ ഗുണനിലവാര തകർച്ചക്ക് കാരമാകുന്നതായി ഗ്രാമസഭ റിപ്പോർട്ടുകൾ കാണിക്കുന്നു. എന്നാൽ വിദ്യാർത്ഥിസമരം മൂലം ഒരു അധ്യയന ദിനംപോലും നഷ്ടമായിട്ടില്ല എന്നത് പ്രസ്താവ്യമാണ്.

പ്രോത്സാഹനത്തിലൂടെ കുട്ടികളുടെ നാനാ വിധ കഴിവുകൾ ഉയർത്തികൊണ്ടുവരണം. ഇതിനായി പി.ടി.എ, മാതൃസംഗം, വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവയുടെ അവാർഡുകൾ ഏർപ്പെടുത്തണം. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇവ നാമമാത്രായേ ഉള്ളൂ.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങൾ താഴെ പ്രസ്താവിക്കുന്നു.

1. പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണം
2. മൂന്ന്,നാല് വാർഡുകളിലെ കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കണം.
3. കൊടപ്പുറം ഭാഗത്ത് ഒരു എൽ.പി. സ്കൂൾ വേണം
4. ജി.എൽ.പി. എസ് പറവൂരിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.
5. സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.
6. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും, വൊക്കേഷണൽ ഹയർ സെക്ക്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങണം.
7. ഏഴാം വാർഡിലെ പുതുക്കോട് ജി.എൽ.പി. സ്കൂൾ പത്താംവാർഡിലെ പറവൂർ ജി.എൽ.പി. സ്ക്കൂൾ എന്നിവ അപ്പ്ഗ്രേഡ് ചെയ്യണം.
8. ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം.
9. ഉച്ചഭക്ഷണ പരിപാടിക്ക് പഞ്ചായത്ത് സാമ്പത്തികസഹായം നൽകണം.
10. അശാസ്ത്രീയമായ പ്രമോഷൻ സമ്പ്രദായം നിർത്തലാക്കണം.
11. അധ്യാപകരെ മറ്റു ജോലികൾ ഏല്പിക്കാതിരിക്കുക.
12. നിലവിലുള്ള അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണം.
13. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
14. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാസമയം നിർവ്വഹിക്കണം.
15. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് വസ്ത്രം, പഠനോപകരങ്ങൾ തുടങ്ങിയവ സൗജന്യമായി നൽകണം.
16. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കാനായി സ്കോളർഷിപ്പുകൾ ഏർപ്പെടത്തണം.
17. പി.ടി.എ. മാതൃസംഗമം എന്നിവ സജീവമാക്കണം.
18. ജനവിദ്യാകേന്ദ്രങ്ങൾ മുഖേന തുടർവിദ്യാഭ്യാസപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഇത്തരം കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.
19. ഹൈസ്ക്കൂൾ പ്രവേശനത്തിന് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകണം.
20. സഹകരണ കോളേജ് ആരംഭിക്കണം.
21. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് തുടങ്ങണം.
22. കേന്ദ്രാവിഷ്കൃത റസിഡൻഷ്യൽ സ്കൂൾ പഞ്ചായത്തിൽ സ്ഥാപിക്കാൻ മുൻ കൈ എടുക്കണം.
23. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് ഇൻസർവീസ് കോഴ്സുകൾ നടത്തണം.
24. സ്കൂളുകളിൽ കൃത്യസമയത്ത് തന്നെ പാഠപുസ്തകങ്ങൾ എത്തിക്കാൻ സംവിധാനം ഉണ്ടാക്കണം.
25. എസ്.എസ്.എൽ.സി. പഠനനിലവാരം ഉയർത്താൻ സൗജന്യ ട്യൂഷൻ കേന്ദ്രങ്ങൾ പഞ്ചായത്തിനു കീഴിൽ ആരംഭിക്കണം. ഇവയ്ക്കുവേണ്ട സാമ്പത്തികസഹായം നല്കുകയും വേണം.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രാധാന്യം നല്കി ആരംഭിക്കണം. പഞ്ചായത്തിൽ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുപുസ്തകങ്ങൾ, കുട എന്നിവ ഇവിടെതന്നെ നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. സേവാമന്ദിർ അധ്യാപക പരിശീലനകേന്ദ്രത്തിന്റെ സഹായത്തോടെ പഞ്ചായത്തി

ലെ അധ്യാപകർക്ക് ഇർവർവീവ് കോഴ്സ് ന ടത്താവുന്നതാണ്. DPEP, DIET എന്നിവയുടെ സ ഹകരണത്തോടെ നൂതന അധ്യാപനരീതികൾ പരിശീലിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിദഗ്ദരെ ഉൽപ്പെടുത്തി പ ഠനോപകരണശില്പശാലകൾ നടത്താവുന്നതാണ്.


വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി പഞ്ചായത്തിനു നടപ്പിലാക്കാവുന്ന കൂടുതൽ കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുവാൻ സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കാവുന്നതാണ്.
2. സ്ക്കൂൾ കോംപ്ലക്സുകളുടെ നേതൃത്വം പഞ്ചായത്തിലെ ഏറ്റവും മെച്ചപ്പെട്ട അക്കാദമിക് നിലവാരവും പൊതുസൗകര്യങ്ങളുമുള്ള സ്ക്കൂൾതന്നെ ആയിരിക്കണം.
3. നേതൃത്വസ്കൂളുകളിലെ സൗകര്യങ്ങൾ ഉപയോഗിച്ച് അംഗസ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താം.
4. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചായത്തിലെ അക്കാദമിക് കമ്മറ്റിക്ക് രൂപം നൽകണം.
5. പിയർ ഗ്രൂപ്പുകൾ ഉണ്ടാക്കി പഠനപരിപാടികൾ രസകരമാക്കാം.
6. ക്ലാസ് പി.ടി.എ.കൾ രൂപീകരിച്ച് രക്ഷാകർത്താക്കളുമായി നിരന്തരം ബന്ധം സ്ഥാപിക്കാം.
7. ഓരോ രംഗത്തും മിടുക്കരായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകാം.
8. സ്കൂൾ അന്തരീക്ഷം ആകർഷകമാക്കാവുന്ന സാഹിത്യസമാജം, ചരിത്ര പ്രാധാന്യമുള്ള ദിനങ്ങൾ ആഘോഷിക്കൽ, മത ആഘോഷങ്ങൾ കൊണ്ടാടൽ പഠനോപകരണ ശില്പശാല, പഞ്ചായത്ത് തല കലാകായികശാസ്ത്രമേളകൾ പഞ്ചായത്തുതലത്തിൽ ചോദ്യപേപ്പർ തയ്യാറാക്കൽ, മതസൗഹാർദ്ദം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ എന്നിവ നടത്താവുന്നതാണ്.

മെച്ചപ്പെട്ട വിദ്യാലയാന്തരീക്ഷം, അധ്യാപക-വിദ്യാർത്ഥി-രക്ഷിതാക്കളുടെ കൂട്ടായ്മ, പൊതുജനസഹകരണം എന്നിവയിലൂടെ നിലവിലുള്ള വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് ശാശ്വത പരിഹാരം കാണാവുന്നതാണ്.



സംസ്കാരം



ചരിത്രാതീത കാലത്തോളം പഴക്കമുള്ളതും ഉന്നതവുമായ സാംസ്കാരിക പാരമ്പര്യം അവകാശപ്പെടാവുന്ന മലബാറിലെ ഒരു കൊച്ചു ഗ്രാമമാണ് ചെറുകാവ്. വൈദേശികളായ ബ്രിട്ടീഷ്കാർക്ക് മുമ്പ് നെടിയിരുപ്പ് സ്വരൂപത്തിന്റെ ഭാഗമായിരുന്നു ചെറുകാവ്. ചെറുതും വലുതുമായ അനേകം കാവുകൾ (സർപ്പകാവുകളും, തെയ്യം തുടങ്ങിയ കലകളും അരങ്ങേറിയ സ്ഥലം) നിറഞ്ഞു നിന്ന ഈ പ്രദേശം മൈസൂർ സുൽത്താനായ ടിപ്പുവിന്റെ പടയോട്ടത്തിനും സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1921-ലെ മലബാർ സമരകാലത്ത് ബ്രിട്ടീഷുകാരന്റെ പീരങ്കിപ്പടയും, ടാങ്കുകളും ഫറോക്ക് വഴി പൂക്കോട്ടൂരിലേക്ക് കടന്ന്പോയത് നമ്മുടെ ഗ്രാമീണ പാതയിലൂടെയാണ്. ബ്രിട്ടഷുകാരന്റെ സാമ്രാജ്യത്ത്വ മേൽക്കോയ്മയ്ക്കും, ഫ്യൂഡൽ ഭൂപ്രഭു ഭരണത്തിന്റെ നേട്ടകോട്ടങ്ങൾക്കും സാക്ഷ്യം വഹിക്കാൻ കഴിഞ്ഞതിന്റെ നൂറു നൂറു കഥകൾ ഇന്നും മരിക്കാത്ത ഓർമകളായി നമ്മുടെ കാരണവന്മാർ സൂക്ഷിച്ചു പോരുന്നു. കാലപ്രവാഹങ്ങൾക്കൊന്നും കാര്യമായി മാറ്റം വരുത്താനാകാത്ത സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യം ഇന്നും ഈ പ്രദേശത്തിനുണ്ട്.

സമ്പന്നരും അവർണ്ണരുമായ ഒരു പിടി ഭൂപ്രഭുക്കളും തമ്പ്രാക്കളും അവരുടെ പിണിയാളുകളും ഭരണചക്രം തിരിച്ചപ്പോഴും സാംസ്കാരിക പൈതൃകത്തിന് കാര്യമായ ഊനം സംഭവിക്കുകയല്ല ഉണ്ടായത്. മറിച്ച് തടിച്ച് കൊഴുക്കുകയായിരുന്നു. ബ്രിട്ടീഷുകാരുടെ കിരാത വേട്ടയ്ക്കെതിരെ ധൈര്യവും രാജ്യസ്നേഹവും മാത്രം കൈമുതലായുള്ള ഒരു പറ്റം ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിലും ജീവിച്ചിരുന്നു എന്നത് അഭിമാനത്തോടെ മാത്രമെ ഓർക്കാനാകൂ.

സ്വന്തം സുഖദുഃഖങ്ങളെ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് വലിച്ചെറിഞ്ഞ് ത്യാഗം സഹിച്ച ഒട്ടനവധി പേർ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു. ഇവരിൽ മുന്നണിപ്പോരാളികളായിരുന്നു ഇ.കെ. കുമാരൻകുട്ടി നായർ കറുത്തേടത്ത് കുഞ്ഞിരാമപണിക്കർ, എള്ളാത്ത് ഗോപാലൻക്കുട്ടിപണിക്കർ, വെള്ളക്കോട്ട് ഹൈദർ എന്നിവർ. ഇവരിൽ ശ്രീ വെള്ളക്കോട്ടു ഹൈദർ ഒഴികെ മറ്റു മൂന്നുംപേരും മൺമറഞ്ഞുപോയി. ചെറുകാവിലെ നല്ലൊരു പറ്റം യുവാക്കളെ ദേശാഭിമാനികളും, സ്വാതന്ത്ര്യാഭിവാഞ്ച ഉള്ളവരാക്കാനും ഇവർക്ക് കഴിഞ്ഞു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചപ്പോഴും വർഗ്ഗീയ സംഘട്ടനങ്ങൾ ഒന്നുംതന്നെ നടക്കാതിരുന്ന ഒരു ഗ്രാമമായിരുന്നു നമ്മുടേത്. എന്നാൽ ചില ഊഹാപോഹങ്ങളുടെയും, കിംവദന്തികളുടെയും സംശയങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായ ഒഴിഞ്ഞ് പോക്ക് ഈ ഗ്രാമത്തേയും ബാധിച്ചിരുന്നു എന്നുള്ളത് കാലം വിധിയെഴുതിയ സത്യം മാത്രമാണ്. ഖിലാഫത്ത് പ്രസ്ഥാനം അടിച്ചമർത്താൻ നിയോഗിക്കപ്പെട്ട ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയുണ്ടകളേറ്റ് ജീവൻ അപഹരിക്കപ്പെട്ട 21 (പറവൂർ) കുടുംബങ്ങൾ നമ്മുടെ 10-ാം വാർഡിൽ ഇന്നും ഉണ്ട്. എന്നാൽ ഈ സമയത്തെല്ലാം ഹിന്ദുവായാലും, മുസൽമാനായാലും, ആദം, ഹവ്വ ദമ്പതികളുടെ പുത്രന്മാരാണെന്ന ചിന്തയോടെ ഹിന്ദു സഹോദരന്മാരെ സ്വന്തം തണലിൽ സംരക്ഷിച്ച എത്രയോ കുടുംബങ്ങളുടെ കഥകൾ ഇന്നും സൂരിക്കപ്പെടുന്നു.

പുരാതന കാലം പിന്നിട്ട് മധ്യകാല ചരിത്രത്തിലൂടെ സഞ്ചരിച്ച് ആധുനിക കാലഘട്ടത്തിൽ എത്തി നിൽക്കുന്ന നാം പിന്നിട്ട പാതകൾ പരി

ശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും- നമ്മുടെ ഏതൊരു സംസ്കൃതിയും പ്രചരിക്കാനിടയായതു വിദ്യാഭ്യാസ പ്രവർത്തനം ഒന്നു മൂലം മാത്രമായിരുന്നു. എഴുത്താണിയുടെയും, താളിയോലകളുടെയും കാലം, സാവധാനം നിലത്തെഴുത്ത്, ആശാൻ മാരുടെ പള്ളിക്കുടങ്ങൾ ഉയർന്നു വരുന്നതിലേക്ക് എത്തിച്ചു. പള്ളികളെയും, മദ്രസുകളെയും കേന്ദ്രീകരിച്ചു കൊണ്ടുള്ള പള്ളി കൂടങ്ങൾ വളരെ പണ്ടു തന്നെ നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. വിദൂര സ്ഥലങ്ങളിൽ നിന്ന് പോലും ആശാന്മാരെ (അദ്ധ്യാപകരെ)വിളിച്ചുകൊണ്ട് വന്നു വിദ്യ അഭ്യസിപ്പിക്കുവാൻ നാടുവാഴികളും, മറ്റും ശ്രമിച്ചിരുന്നു എന്ന് അധികം പുറകോട്ടു നോക്കാതെ തന്നെ നമുക്ക് കാണാം ഈ ശ്രമങ്ങളുടെ ഉയർന്ന രൂപമായാണ് രണ്ടു് ഹൈസ്കൂളുകളും, കൊണ്ടോട്ടി ബ്ലോക്കിലെ തന്നെ ഏക സ്ഥാപനമായ ദാനഗ്രാമിലെ ടീച്ചർ ട്രെയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പെരിയമ്പലത്തെ മദീനത്തുൽ ഉലും അറബികോളേജും.

ഗ്രാമങ്ങലിലെ അന്ധകാരത്തിലും കൈവിളക്കായി പ്രകാശം പരത്തിയ മറ്റൊരു പ്രധാന സ്ഥാപനം ഗ്രാമീണ വായനശാലകളാണൊല്ലോ. ചെറുകാവിൽ ആദ്യത്തെ ഗ്രാമീണ വായനശാല 1953-ൽ ഐക്കരപ്പടിയിൽ സ്ഥാപിച്ചു പിന്നീട് പെരിങ്ങാവ്, പുതുക്കോട്, ദാനഗ്രാം, പുളിക്കൽ എന്നിവിടങ്ങളിൽ വായനശാലകൾ ഉയർന്നു വന്നു. പഞ്ചായത്തിലെ കലാ സാംസ്കാരിക രംഗത്ത് പഴക്കമുള്ള നവ പഥം, വേദി വെണ്ണായൂർയൂത്ത് സെൻറർ എന്നിവയും സന്നദ്ധസംഘടനാ രംഗത്ത് 1967-ൽ പെരിങ്ങാവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പി.എം. ആർ.സി.യും ഓർമിക്കപ്പെടേണ്ടതാണ്.

ഹിന്ദുമുസ്ലീം മത വിഭാഗങ്ങൾ ഏകോദര സഹോദരന്മാരെപ്പോലെ കഴിഞ്ഞിരുന്ന ചരിത്രമേ നമ്മുടെ ഗ്രാമത്തിനു് പറയുവാനുള്ളു. ഇരു വിഭാഗങ്ങളുടെയും ആഘോഷങ്ങൾ പരസ്പരം സഹായിച്ചും. സഹകരിച്ചും നടത്തിപ്പോന്നു. മുസ്ലീം വിഭാഗങ്ങളുടെ നേർച്ചകളിൽ ഹിന്ദു സഹോദരന്മാർ സജീവമായി പങ്കെടുക്കുമായിരുന്നു. അതുപോലെ ഹിന്ദു സഹോദരന്മാരുടെ താലപ്പൊലികളും ക്ഷേത്രാഘോഷങ്ങളിലും പരസ്പരം സ്നേഹബഹുമാനങ്ങൾ നിലനിർത്തി തന്നെ സഹകരിച്ചു പഞ്ചായത്ത് കേന്ദ്രീകരിച്ച് നേർച്ചകൾ നടക്കാറില്ലെങ്കിലും, പ്രസിദ്ധമായ കൊണ്ടോടി നേർച്ചയിൽ ഹിന്ദുക്കളുടെ സജീവ പങ്കാളിത്തം ഇന്നും ഉണ്ട്. അതുപോലെ ഗ്രാമത്തിൻെറതായ ഉത്സവ കേന്ദ്രങ്ങളാണ്, മാളിൽ മൂത്തേടത്ത്, കുന്നത്ത് വെണ്ണാത്തൊടി, അണിമംഗലം, ചുരക്കാവിൽ, വിലാസിനികാവ്, പെരുമ്പറയൻ കാവ് എന്നിവ.

ഗ്രാമീണ കലാകാരന്മാരെ സംഘടിപ്പിച്ചു കൊണ്ടും പ്രോത്സാഹനം നൽകി കൊണ്ടും ഒട്ടനവധി ഗ്രാമീണ കലാകായിക സമിതികൾ ഇവിടെ ഉയർന്നു വന്നിരുന്നെങ്കിലും പലരും വാടികരിഞ്ഞ് നശിച്ചു പോയി ഇന്നും പ്രതികൂലാവസ്ഥയെ അതിജീവിച്ച് നിൽക്കുന്ന ഏതാനും കലാകായിക സമിതികൾ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ടു്. നിരവധി പരിസര കോഴ്സുകൾ നടത്തി കുട്ടികളിൽ അവബോധം വളർത്താൻ ഉപകരിക്കുന്ന ഫോറസ്ട്രി ക്ലബ്ബ് രാമനാട്ടുകര ഹൈസ്ക്കൂളിലും, പുളിക്കൽ ഹൈസ്ക്കൂളിലും പ്രവർത്തിക്കുന്നു. WWF-ൻെറ നേച്ചറൽ ക്ലബ്ബ് ആദ്യത്തെതു് മലപ്പുറം ജില്ലയിൽ രാമനാട്ടുകര ഹൈസ്ക്കൂളിലാണ് ഉടലെടുത്തതു്. കൂടാതെ ഡിസ്കാ ജപ്പാൻ ലൗഗ്രീൻ എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ കലാകായിക സമിതികൾ താഴെ കൊടുക്കുന്നു.

പേര്	*സ്ഥലം*	*വാർഡ്*
യുവരശ്മി	ചേവായൂർ	ഒന്ന്
യുവഭാവന	ചേവായൂർ	ഒന്ന്
വെസ്റ്റേൺ	പെരിയമ്പലം	ഒന്ന്
യാസ്കോ	സിയാംകണ്ടം	രണ്ട്
ഗ്രാമ	സിയാംകണ്ടം	രണ്ട്
കാസ്ക്	കുറിയേടം	നാല്

പേര്	സ്ഥലം	വാർഡ്
വെണ്ണായൂർ യൂത്ത് സെൻറർ	ഐക്കരപ്പടി.	അഞ്ച്
സരിഗ	- ഐക്കരപ്പടി	അഞ്ച്
വേദി	- ഐക്കരപ്പടി	അഞ്ച്
നവപഥം	- പേങ്ങാട്	ആറ്
ശ്രുതി	- പേങ്ങാട്	ആറ്
അൽഡോ	- പെരിങ്ങാവ്	എട്ട്
ദോസ്തി	- കണ്ണംവെട്ടിക്കാവ്	ഒമ്പത്
തരംഗം	- കണ്ണംവെട്ടിക്കാവ്	ഒമ്പത്
വിശ്വപ്രതിഭ	- പാറമ്മൽ	ഒമ്പത്
ഹീറേ	- പറവൂർ	പത്ത്
ഉദയം	- പറവൂർ	പത്ത്
തപസ്യ	- ചെറാപ്പാടം	പതിനൊന്ന്
സാൻഡോസ്	- പുത്തുപ്പാടം	പതിനൊന്ന്

പഞ്ചായത്തിലെ പ്രധാനപ്പെട്ട സന്നദ്ധസംഘടനകൾ താഴെ പറയുന്നവയാണ്.

പേര്	സ്ഥലം	വാർഡ്
1. സാർക്ക്	സിയാംകണ്ടം	രണ്ട്
2. പുത്തുപാടം മുസ്ലീം റിലീഫ് കമ്മറ്റി (P.M.R.C)	പുത്തൂപ്പാടം	രണ്ടു്
3. ഐക്കരപ്പടി മുസ്ലീം റിലീഫ് കമ്മറ്റി (P.M.R.C)	ഐക്കരപ്പടി.	അഞ്ചു്
4.ഐക്കരപ്പടി മുസ്ലീം കൾച്ചറൽ സെൻറർ (A.M.C.C)	ഐക്കരപ്പടി.	അഞ്ചു്
5. പെരിങ്ങാവ് മുസ്ലീം റിലീഫ് കമ്മറ്റി (P.M.R.C)	പെരിങ്ങാവ്	എട്ട്

പഞ്ചായത്തിലെ വായശാനകളുടെ വിവരം പട്ടികയിൽ കൊടുക്കുന്നു.

വാർഡ്	പേര്	കെട്ടിടം	റജി. വർഷം	അംഗങ്ങൾ	പുസ്തകം	പഞ്ചായത്ത് T.V റേഡിയോ അനുവദിച്ചതു്.
5.	പെതുജനവായനശാല. ഐക്കരപ്പടി	സ്വന്തം	1954	40	4000	ഇല്ല.
8.	വിദ്യാപോഷിണി വായനശാല പെരിങ്ങാവ്	വാടക	1960	40	2501	റേഡിയോ
7.	നവോദയവായനശാല ദാനഗ്രാം	സ്വന്തം	1958	70	3000	T.V
7.	ബാലസമാജം ഗ്രന്ഥാലയം. ദാനഗ്രാം	സ്വന്തം	1971	57	3882	ഇല്ല.
11.	അക്ഷരവായനശാല. ചെറാപ്പാടം	വാടക	1992	45	250	ഇല്ല
8.	ഖുത്തുബ്ഖാന പെരിങ്ങാവ്	പെരിങ്ങാവ് പള്ളി	1985	90	350	ഇല്ല
6.	എ.കെ.എം. വായനശാല. പേങ്ങാട്	-	-	-	-	ഇല്ല
9.	അൽമിസ്ബാഹ്. കണ്ണംവെട്ടിക്കാവ്	-	-	30	200	ഇല്ല.

കണ്ണം വെട്ടിക്കാവിലും, പെരിങ്ങാവിലും, ഐക്കരപ്പടിയിലും ഉണ്ടായിരുന്ന വായനശാലകളിൽ പഞ്ചായത്ത് നൽകിയിരുന്ന റേഡിയോകൾ ഇന്ന് പ്രവർത്തനരഹിതമാണെന്ന് അറിയുന്നു.

പഞ്ചായത്തിലെ വായനശാലകളുടെയും, ക്ലബ്ബുകളുടെയും, സന്നദ്ധ സംഘടനകളുടെയും പ്രവർത്തനം അവലോകനം ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യമാവും.

1. സ്വന്തമായി കെട്ടിടം ഇല്ല.
2. പഞ്ചായത്ത് തല പ്രോത്സാഹനത്തിന്റെ അഭാവം
3. പൊതുപ്രവർത്തനങ്ങളിൽ സജീവമല്ല.
4. കൃത്യമായി വാർഷികം നടത്താറില്ല.
5. സാമ്പത്തിക പ്രശ്നം അനുഭവിക്കുന്നു.
6. സ്വന്തമായി കളി സ്ഥലമില്ല.
7. റജിസ്റ്റർ ചെയ്തു പ്രവർത്തിക്കാൻ താൽപ്പര്യം കുറവ്.
8. സംഗീത ഉപകരണങ്ങൾ ഇല്ല.
9. വനിതകൾ മുൻപന്തിയിലേക്ക് വരുന്നില്ല.
10. വാർത്താമാധ്യമങ്ങൾ പ്രവർത്തിക്കുന്നില്ല.
11. പുസ്തകങ്ങൾ വിതരണം ചെയ്യപ്പെടുന്നില്ല.
12. പത്രങ്ങൾ വരുത്തുന്നില്ല.

മൊത്തത്തിൽ പഞ്ചായത്തിനു് ഒരു കായിക നയവും. കലാകായിക സാക്ഷരതയും കുറവാണ്. വനിതകൾക്ക് ഇത്തരം സംരഭങ്ങളിൽ അവസരം ലഭിക്കുവാൻ ഇന്നത്തെ അവസ്ഥ അപര്യാപ്തമാണ്.

പഴയ കാല, രൂപങ്ങളായ തിറ, കാളക്കളി, കുതിരക്കളിയാട്ടം, പുറട്ട് നാടകം, പൂതകളി, കുറവനും, കുറത്തിയും എന്നിവ അന്യം നിന്ന് പോവുകയാണ്. ഇവ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും ബോധപൂർവ്വമായ ശ്രമം വേണം, പഴയ കുടുംബങ്ങളിൽ തുമ്പി തുള്ളൽ, കുമ്മിയടി, തിരുവാതിര, കൈകൊട്ടിക്കളി ഊഞ്ഞാലാട്ടം എന്നീ കലകൾ നിലനിന്നിരുന്നു. എന്നാൽ കൂട്ടുകുടുംബ വ്യവസ്ഥിതി മാറിയതോടെ പുതിയ സമൂഹത്തിനു് ഇത്തരം കലകൾ നാട്ടറിവ് മാത്രമായി ചുരുങ്ങി. അതുപോലെ പഴയ സംസ്ക്കാരത്തിന്റെ ഭഗമായി ഓണപ്പാട്ട്, വിൽപ്പാട്ട്, ഓണപ്പൂക്കളം ഇവയും ഗംഭീരമായി നടന്നിരുന്നു. ശ്രിപോതിക്കളി, പരിചമുട്ട്, കോൽക്കളി, അറവാനമുട്ട്, ദഫ്മുട്ട് ഇവയും വളരെ പ്രചാരത്തിലുണ്ടായിരുന്നു. കാർഷിക വിളവെടുപ്പിനു ശേഷം കർഷകരുടെ ഗൃഹങ്ങളിൽ നിലനിന്ന സന്തോഷത്തിന്റെറയും സമ്പന്നതയുടെയും ആഘോഷങ്ങളായിരുന്നു ഇവ.

ഗ്രാമീണ സ്ത്രീകൾ വിശിഷ്യാ സമൂഹത്തിലെ അടിസ്ഥാന വിഭാഗമായ പട്ടികജാതി-സ്ത്രീകൾ ഞാറ്റു പാടങ്ങളിൽ നിന്നു പുരാണ ഇതിഹാസ നായകരേയും, ആരോമലുണ്ണി തച്ചോളി ഒതേയനൻ, ഉണ്ണിയാർച്ച എന്നിവരുടെ വീര അവതാനങ്ങൾ ഈണത്തിൽ നീട്ടിപ്പാടിയിരുന്നത് ഇന്നു് വെറും ഓർമ്മകളിൽ മാത്രം നില നിൽക്കുന്നു.

കർഷകരുടെ മുഖ്യ വിനോദാപാധികളിൽ ഒന്നായിരുന്നു കാളപ്പൂട്ട്. സമ്പന്ന കർഷകർ അവരുടെ അന്തസ്സിന്റെറയും അഭിമാനത്തിന്റെറയും ഭാഗമായി ഇതിനെ കാണുകയും ധാരാളം പണം മുടക്കി കാളകളെയും എരുതുകളേയും വാങ്ങി തന്റെറ പ്രൗഢി നിലനിർത്തുകയും ചെയ്തിരുന്നു. പഞ്ചായത്തിലെ പുളിക്കൽ പെരിങ്ങാവ്, ഐക്കരപ്പടി, വെണ്ണായൂർ എന്നിവിടങ്ങളിൽ കാളപ്പൂട്ട് സ്ഥലങ്ങൾ ഉണ്ടായിരുന്നു. ഇതിൽ വെണ്ണായൂരിൽ ഇന്നും കാളപ്പൂട്ട് മൽസരം നിലനിൽക്കുന്നു. മുണ്ടൻ കൊയ്ത്തിനു് ശേഷം ഗ്രാണീണ ഗൃഹങ്ങളിൽ പതിവു സന്ദർശത്തിന് എത്തുന്ന പുള്ളുവൻ പാട്ടുകാരും നാഗൂർ പാട്ടുകാരും ഇന്നു്. അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു.

പുരാതന കാലത്ത് ഏതാണ്ട് എല്ലാ വിഭാഗങ്ങൾക്കിടയിലും ശൈശവ വിവാഹങ്ങൾ നിലനിന്നിരുന്നു. വിവാഹതലേന്ന് മൈലാഞ്ചി കല്ല്യാണം പല മുസ്ലീം കുടുംബങ്ങളിലും പതിവായിരുന്നു. പുതിയ പെണ്ണിന്റെറ സുഹൃത്തുക്കൾ കൂടിയിരുന്നു കൈയ്യിലും, കാലിലും മൈലാഞ്ചി അണിയിക്കുകയും ഇബമാർന്ന മാപ്പിളപ്പാട്ടുകളുടെ അകമ്പടിയോടെ ഒപ്പന നടത്തുകയും ചെയ്യുന്നത് പതിവ് ദൃശ്യം മാത്രമാണ്. പണ്ടു കാലത്ത് പാതിരാ കല്ല്യാണമാണ് നിലനിന്നിരുന്നതു്. ഇന്നു ഇതു് എവിടെയും കാണുന്നില്ല.

· വിവാഹത്തിനു മുമ്പും പിമ്പും ധാരാളം ചടങ്ങുകൾ വിവിധ സമൂഹങ്ങളിൽ നിലവിലുണ്ടു്. മൊത്തത്തിൽ പരിശോധിക്കുമ്പോൾ ഓരോ വിഭാഗത്തിന് തന്നെ ഐക്യരൂപമുള്ള ചടങ്ങുകൾ കണ്ടെത്തുക പ്രയാസം - കല്ല്യാണത്തോടനുബന്ധിച്ച് കുറിക്കല്ല്യാണം എന്ന ഏർപ്പാട് ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടു്.

ചെറുകാവ് എന്നറിയപ്പെടുന്ന പഞ്ചായത്തിലെ അറിയപ്പെടുന്ന കാവുകളായ, മൈലക്കോട്ടുകാവ്, ചൂരക്കാവ് കൊളക്കാട്ടിൽ കാവ്, മൈലങ്ങോട്ടു കാവ്, പാലശ്ശേരി കാവ്, കരിങ്കാളി കാവ്, നാരായണിയിൽ കാവ്, അമ്പലത്തൊടികാവ് എന്നിവ പ്രശസ്തമാണ്. കുന്നത്ത് മൂത്തേടത്ത്, മാളിൽ, വെണ്ണാത്തൊടി, അണിമംഗലം. ചൂരക്കാവിൽ, പെരുമ്പറയൻ കാവ്, എന്നിവ അറിയപ്പെടുന്ന ഉത്സവ കേന്ദ്രങ്ങളാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളാണ്. സുബ്രഹ്മണ്യ ക്ഷേത്രം ചെവുയൂർ, അരളിപ്പുറം വിഷ്ണു ക്ഷേത്രം പേങ്ങാട്, ലക്ഷ്മിനാരായണ ക്ഷേത്രം പെരിങ്ങാവ്, പുത്തുതെഞ്ചീരി ക്ഷേത്രം ഇല്ലത്ത്, ശിവക്ഷേത്രം പൂവ്വക്കാട്ട്, ശ്രീവൈകുണ്ഡ മഹാവിഷ്ണു ക്ഷേത്രം സിയാംകണ്ടം, ലക്ഷ്മി നരസിംഹക്ഷേത്രം പറവൂർ സുബ്രഹ്മണ്യ ക്ഷേത്രം വെണ്ണായൂർ, തിരുമല ദേവി ക്ഷേത്രം ചേലക്കാട് കുന്നു് എന്നിവ. ഇതിൽ പുരാതനമായ പുത്തുതെഞ്ചീരി ക്ഷേത്രത്തിന് ചരിത്ര പ്രധാന്യമുണ്ടു്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട മുസ്ലീം പള്ളികളായ ഐക്കരപ്പടി ബദർപള്ളി, പുത്തുപാടം ജൂമാ മസ്ജിദ്, ഐക്കരപ്പടിസലഫി മസ്ജിദ്, സിയാം കണ്ടത്തെ പുത്തലം ജ്ജുമാമസ്ജിദ്, മസ്ജിദ് സുന്നിയ പറവൂർ ജുമാമസ്ജിദ്, ചോലക്കോട് ജുമാമസ്ജിദ്, പെരിങ്ങാവ് ജുമാമസ്ജിദ്, പേങ്ങാട് ജുമാമസ്ജിദ് തുടങ്ങി ചെറുതും വലുതുമായ 36-ഓളം പള്ളികൾ ഉണ്ട്. ഇതിൽ പെരിങ്ങാവ് ജുമാമസ്ജിദിന് ഒന്നര

നൂറ്റാണ്ടിലധികം പഴക്കമുണ്ടു് മുസ്ലീം മത വിദ്യാഭ്യാസ സ്ഥാപനങ്ങളായ 25-ഓളം മദ്രസ്സ കളും പുളിക്കൽ കേന്ദ്രമായി മദീനത്തുൽ ഉലും അറബികോളേജും ഉണ്ടു്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ആഘോഷങ്ങളായ ഓണം,വിഷു, ബലിപെരുന്നാൾ. ചെറിയ പെരുന്നാൾ ക്രിസ്തുമസ് തിരുവാതിര, വിജയദശമി, എന്നിവ സാഹ്ലാദം ആഘോഷിക്കുന്നു.

മുസ്ലീം വീടുകളിൽ റംസാൻ മാസപ്പിറവിയോടെ ആരംഭിക്കുന്ന ഖുർആൻ പാരായണം ആത്മ സമർപ്പണത്തിന്റെയും വിശുദ്ധിയുടെയും ഭാഗമായിഇന്നും അഭംഗുരം തുടരുന്നു. അതുപോലെ പഴമക്കാർ കൂടുതലുള്ള ഹിന്ദു കുടുംബങ്ങളിൽ കർക്കിടകമാസം ആരംഭത്തോടെ രാമായണ പാരായണം ആരംഭിച്ച് മാസാന്ത്യത്തോടെ അവസാനിക്കുന്നു വൃശ്ചികം ഒന്നു മുതൽ ഹിന്ദുക്കൾ നാൽപ്പത്തി ഒന്നു് ദിവസം മണ്ഡലവൃതവും അനുഷ്ഠിക്കുന്നു.

അറിയപ്പെടുന്ന കവികൾ ആരും നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുന്നതായി അറിവില്ല. എന്നാലും വിദ്യാഭ്യാസ സാമൂഹ്യ രംഗത്തെ മഹൽ പ്രതിഭയായ ശ്രീ രാധാകൃഷ്ണ മേനോൻ ഇന്ത്യയിൽ ആകെ അറിയപ്പെടുന്ന വ്യക്തിത്വമാണ്. ഗാന്ധിജിയുടെ ആദർശങ്ങളിൽ ആകൃഷ്ടനായി ബേസിക്ക് വിദ്യാഭ്യാസത്തിനും, പോസ്റ്റ് ബേസിക്ക് വിദ്യാഭ്യാസത്തിനും ഇദ്ദേഹം ചെയ്ത സംഭാവനകൾ നിസ്തുലമാണ്.

അവിഭക്ത പഞ്ചായത്തിന്റെ പതിനാറു് വർഷക്കാലം പ്രസിഡൻറും, രാഷ്ട്രീയ സാമൂഹിക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എഴുത്തുകാരനുമായ പി.പി.അബ്ദുൽ ഗഫൂർ മൗലവി, പഞ്ചായത്തിന്റെ ഇപ്പോഴെത്തെ ഭരണ ശിൽപ്പിയും, കവിയുമായ സി.പി.കെ. മാസ്റ്റർ കണ്ണം വെട്ടിക്കാവിലെ യശ്ശശ്ശീരനായ കുട്ട്യാലി ഹാജി പറവൂരിലെ അഹമ്മദുകുട്ടി മൗലവി, പുത്തുപ്പാടത്തെ പരേതനായ കുഞ്ഞീൻ കുട്ടി ഹാജി, പി.വി. മുഹമ്മദ് മൗലവി. തുടങ്ങിയവരും സേതു മാസ്റ്റർ പേങ്ങാട്, പെരിങ്ങാവിലെ ഇ.കെ.ശ്രീധരൻ മാസ്റ്റർ, കോമളം ടീച്ചർ, വേലായുധൻ പന്തീരങ്കാവ്, അസീസ് മാസ്റ്റർ പുത്തുപ്പാടം എന്നിവർ എടുത്തു പറയാവുന്ന വ്യക്തികളാണ്. ഇന്ത്യയിലും വിദേശത്തും മാപ്പിളപാട്ട് രചിക്കുകയും ഗാനമേള സംഘടിപ്പിക്കുകയും ചെയ്ത സുപ്രസിദ്ധ ഗായകൻ V.M.കുട്ടി പഞ്ചായത്തിൽ താമസിക്കുന്നു. ജാതി-മത സ്പർദ്ധ കൂടാതെ വളരെ ഐക്യത്തിൽ ജീവിക്കുന്ന ജനതതിയാണ് ചെറുകാവിലേത്. കേരളമാകെ അറിയപ്പെട്ട സുന്നി വിഭാഗം നേതാവായിരുന്ന യശശ്ശരീരനായ ഇ.കെ. ഹസ്സൻ മുസ്ല്യാർ നമ്മുടെ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനായിരുന്നു,

എഴുത്തുകാരനും ''അൽമനാർമാസികയുടെ'' ചീഫ് എഡിറ്ററും പരേതനുമായ P.K മൂസ്സ മൗലവി പുത്തുപ്പാടത്തെ സ്ഥിരതാമസക്കാരനായിരുന്നു.

കേരളത്തിലെ ഏതാണ്ട് എല്ലാം രാഷ്ട്രീയപ്പാർട്ടികളിലുംപ്പെട്ടവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടു്.

പ്രധാന രാഷ്ട്രീയ പാർട്ടികളായ മുസ്ലീം ലീഗ്, സി.പി.എം. കോൺഗ്രസ് (ഐ) ബി.ജെ.പി. സി.പി.ഐ. ജനതാദൾ, കോൺഗ്രസ് (എസ്) ഐ.എൻ.എൽ. എന്നീവയും, ഇവയുടെയൊക്കെ യുവജനപ്രസ്ഥാനങ്ങളും, പോഷക സംഘടനകളും നിലവിലുണ്ടു്. എങ്കിലും യാതൊരുവിധ വർഗ്ഗീയ രാഷ്ട്രീയ സംഘട്ടനങ്ങൾക്കും നാം ഇട നൽകിയിട്ടില്ലായെന്നതു് ഗ്രാമത്തിനാകെ അഭിമാനിക്കാവുന്ന വസ്തുതയാണ്.

കായികരംഗം

കായിക രംഗത്ത് ധാരാളം പരിമിതികൾ നിലനിൽക്കുന്ന പഞ്ചായത്താണ് നമ്മുടെതു്. എങ്കിലും വിരലിലെണ്ണാവുന്ന പ്രതിഭകളെയെങ്കിലും സംഭാവനചെയ്യാൻ നമുക്കായിട്ടുണ്ടു്.

അന്തർ സർവ്വകലാശാല മത്സരങ്ങളിൽ ജാവലിൽ ത്രോയിൽ വ്യക്തി മുദ്ര പതിപ്പിച്ച ദേവപ്രസാദ്, അന്തർ സർവ്വകലാശാല മീറ്റുകളിൽ മെഡൽ ജേതാവായ പി.രാജൻ, ദേശീയ ഫുട്ബോൾ ടൂർണ്ണമെൻറുകളിൽ കളിച്ച പി.ആൻറു് ടിതാരം കുന്നത്ത് ബാലകൃഷ്ണൻ, ഫുട്ബോൾ റഫറി ഷാജഹാൻ എന്നിവർ നമ്മുടെ പഞ്ചായത്തിന്റെ അമൂല്ല്യ താരങ്ങൾക്ക് ഉദാഹരണമാണ്.

സ്ക്കൂൾ തലത്തിലും, സബ്ജില്ലാ തലത്തിലും, ജില്ലയിലും മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഏതാനും പ്രതിഭകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇവരെ യഥാസമയം പരിശീലനം നൽകി പരിപോഷിപ്പിക്കാൻ പോന്ന ക്ലബ്ബുകളോ, പഞ്ചായത്ത് തല സമിതികളോ നിലവിലില്ല, എന്നതാണ് വലിയ പോരായ്മയായി ഇന്നും നിലനിൽക്കുന്നു. ഈ വിധത്തിലുള്ള

ആലോചനയ്ക്കും വളരെയധികം പ്രസക്തിയും ഉണ്ടു്. പഞ്ചായത്തിലെ മിനിസ്റ്റേഡിയും ഐക്കരപ്പടിയിൽ സ്ഥിതി ചെയ്യുന്നു: ദേശീയ താരങ്ങൾ പങ്കെടുത്ത പരിപാടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ടു്. വെണ്ണായൂർ യൂത്ത് സെൻറർ 1986-ൽ സംഘടിപ്പിച്ച പരിപാടിയിൽ ഇന്ത്യയുടെ സുവർണ്ണ താരം പി.ടി. ഉഷ, ഷൈനി വിൽസൻ, എം.ഡി.വത്സമ എന്നിവർക്ക് സ്വീകരണവും ഉപഹാരങ്ങളും നൽകുകയുണ്ടായി.

ഒരു കായിക സംസ്ക്കാരവും, കായിക സാക്ഷരതയും ഉയർന്നു വരാൻ തടസ്സം നിൽക്കുന്ന ചില പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൈമറിതലം മുതൽ കുട്ടികൾക്ക് കായിക പരിശീലനം ലഭിക്കുന്നില്ല. മിക്ക സ്ക്കൂളുകളിലും നല്ല കളിസ്ഥലമില്ല. കായിക വിദ്യാഭ്യാസത്തിനു് പാഠ്യപദ്ധതിയിൽ മതിയായ പ്രാധാന്യം ലഭിക്കുന്നില്ല.
2. കായിക പരിശീലനം നൽകാനുള്ള അദ്ധ്യാപകർ കുറവാണ്.
3. പഞ്ചായത്ത് തലത്തിൽ സൗകര്യങ്ങളോ, പ്രോത്സാഹനമോ ലഭിക്കുന്നില്ല.
4. കായിക പരിശീലനത്തിന് ക്ലബ്ബുകൾ മുൻകൈ എടുക്കുന്നില്ല.
5. പഞ്ചായത്തിനു് വ്യക്തമായ കായിക നയമോ, പരിപാടിയോ ഇല്ല.

പഞ്ചായത്തിൻെറ സംസ്ക്കാര മണ്ഡലത്തെ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ഗ്രന്ഥ ശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്ത് നൽകിയ പഞ്ചായത്ത് റേഡിയോ പോലും പ്രവർത്തിപ്പിക്കുന്നില്ല.
2. ക്ലബ്ബുകൾക്കും വായനശാലകൾക്കും, സന്നദ്ധസംഘടനകൾക്കും കെട്ടിടമോ-കളിസ്ഥലമോ ഇല്ല.
3. മിക്ക ഗ്രന്ഥശാലകളും ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം പുസ്തകം വിതരണം ചെയ്യുന്നില്ല.
4. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നില്ല.
5. പഞ്ചായത്തിൽ സാംസ്കാരിക നിലയത്തിൻെറയും, കമ്മ്യൂണിറ്റി ഹാളിൻെറയും, മിനി ഓഡിറ്റോറിയത്തിൻെറയും അഭാവമുണ്ട്.
6. ഗ്രന്ഥശാല സ്ഥാപിക്കുന്നതിനും, കെട്ടിട നിർമ്മാണത്തിനും, സാമ്പത്തിക സഹായവും, ആവശ്യപ്പെട്ടുകൊണ്ടു് ചേവായൂർ ചെറാപ്പാടം, പെരിങ്ങാവ്, പുത്തുപാടം, പേങ്ങാട്, കണ്ണം. വെട്ടിക്കാവ് ഐക്കരപ്പടി സിയാം കണ്ടം എന്നിവിടങ്ങളിൽ നിന്നും ആവശ്യങ്ങൾ ഉയർന്നിട്ടുണ്ടു്.
7. 3,5,7,9,10 വാർഡുകൾ ഒഴികെ മറ്റെല്ലാ വാർഡുകളിലും പൊതുകളിസ്ഥലം വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.
8. വാർഡുകളിലെ വായനശാലകളും, ക്ലബ്ബുകളും, സന്നദ്ധസംഘടനകളും T.V Radioഎന്നിവ സ്ഥാപിക്കാനായി ആവശ്യങ്ങൾ ഉയർത്തിയിട്ടുണ്ടു്.

പൊതുനിർദ്ദേശങ്ങൾ:

പഞ്ചായത്ത് കേന്ദ്രമായി ഒരു സാംസ്കാരിക കലാസമിതി രൂപീകരിക്കണം. ഇതിൻെറ ആഭിമുഖ്യത്തിൽ വർഷം തോറും കലാമേളയും ഗ്രാമീണ കായികമേളയും സംഘടിപ്പിക്കണം.

ഗ്രാമീണ കലാകാരന്മാർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകണം. പഞ്ചായത്ത് തലത്തിൽ ഇത്തരം വ്യക്തികൾക്ക് അവാർഡു നല്കാവുന്ന കാര്യം ചർച്ച ചെയ്യണം.

നിലവിലുള്ള വായനശാലകൾക്ക് (മുമ്പ് കൊടുത്തതു് ഒഴിവ്) പത്രം, റേഡിയോ. ടെലിവിഷൻ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, വാർഡിന് ഒന്നു് എന്ന തോതിലെങ്കിലും വായനശാലകളോ ഗ്രന്ഥലയങ്ങളോ സ്ഥാപിക്കാൻ ധനസഹായം നൽകുക. ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്ഥിരം കേന്ദ്രങ്ങളും വായിക്കാനുള്ള ദിനപത്രങ്ങളും വേണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

നിലവിലുള്ള പഞ്ചായത്ത് മിനിസ്റ്റേഡിയം കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കുകയും സൗകര്യം വർദ്ധിപ്പിക്കുകയും വേണം.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പുതുതായി കളിസ്ഥലങ്ങൾ സ്ഥാപിക്കുക.

പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന വായന ശാല സ്ഥാപിച്ചാൽ വായനാശീലം വളർത്തുക എളുപ്പമാകും.

എ.കെ.എം.വായനശാല, വിദ്യാപോഷിണി വായനശാല. അക്ഷര വായനശാല, പൊതുജന വായനശാല അൽമിസ്ബാഹ്വായനശാല, എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന്നു് സാമ്പത്തിക സഹായം അനുവദിക്കുക.

5-ാം വാർഡിലെ പൊതുജന വായനശാലക്ക് ലൈബ്രേറിയനെ നിയമിക്കണം.

പഞ്ചായത്തിലെ മുഴുവൻ ക്ലബ്ബുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം നൽകുക

പേങ്ങാട് 'നവപഥം' പഞ്ചായത്ത് വായനശാലയാക്കി ഉയർത്തുക.

10-ാം വാർഡിലെ കാപ്പിൽ, 8-ാം വാർഡിലെ കൊടപ്പുറം 3-ാം വാർഡിലെ മുളിയോളിൽ എന്നീ കോളനികളിൽ T.V സെറ്റ് സ്ഥാപിക്കുക.

പെരിങ്ങാവ് ജ്ജുമാമസ്ജിദ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വായനശാലക്ക് പുസ്തകം വാങ്ങാൻ സാമ്പത്തിക സഹായം നൽകണം.

പഞ്ചായത്തിലെ സന്നദ്ധസംഘടനകൾക്ക്, പി.എം.ആർ.സി.പുത്തുപാടം, സാർക്ക്, സിയാംകണ്ടം, എം.എം.സി.സി.എ.എം ആർ.സി.ഐക്കരപ്പടി, പി.എം.ആർ.സി. പെരിങ്ങാവ് എന്നിവയ്ക്ക് സ്ഥിരമായി കെട്ടിടവും, വാർത്താമാധ്യമങ്ങളും ലഭ്യമാക്കണം.

പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് സാംസ്കാരിക നിലയവും, അതോടപ്പം ഷോപ്പിങ്ങ് കോപ്ലസും നിർമ്മിക്കുക.

പഞ്ചായത്ത് ധനസഹായത്തോടെ പ്രവർത്തിക്കുന്ന വായനശാലകളുടെ പ്രവർത്തനം വിലയിരുത്താൻ ജനപ്രതിനിധികൾ അടങ്ങുന്ന ജനകീയ സമിതികൾ രൂപീകരിക്കണം.

പഞ്ചായത്തിലെ ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമാണ്. ഇവ സജീവമാകാൻ ഉടൻ പദ്ധതികൾ ആവിഷ്കരിക്കണം.

കലാസാഹിത്യാഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ ഉന്നമനത്തിനു് പഞ്ചായത്ത് തല പ്രോത്സാഹനം ആവശ്യമാണ്.

പ്രൈമറി തലം മുതലുള്ള ഗ്രന്ഥ ശാകകൾ യഥാർത്ഥ അർത്ഥത്തിൽ പ്രവർത്തിപ്പിക്കണം. രക്ഷാകർതൃസമിതി അംഗങ്ങൾക്കുകൂടി പ്രയോജനപ്പെടുത്തുന്ന രൂപത്തിൽ സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം വിപുലമാക്കണം

പഞ്ചായത്തിനെ സംബന്ധിച്ച് വിവരങ്ങൾ വിശദമായി നൽകാവുന്ന ഒരു പഞ്ചായത്ത് ഇൻഫർമാറ്റിക്ക് സെൻറർ ആവശ്യമാണ്.

കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളുടെ ഒത്തുചേരലിനു് അവസരം ഒരുക്കുകയും കലാസാഹിത്യകളരികൾ സംഘടിപ്പിക്കുകയും വേണം.

പഞ്ചായത്തിലെ വായനശാലകൾ ഇല്ലാത്ത ഒന്നു് രണ്ടു് മൂന്നു്,നാലു് 10 വാർഡുകളിൽ സ്ഥിരം ലൈബ്രററിസ്ഥാപിക്കണം.

പതിനൊന്നാം വാർഡിൽ സഞ്ചരിക്കുന്ന ലൈബ്രറി സ്ഥാപിക്കണം.

പഞ്ചായത്തിൽ ഒരു വനിതാ ലൈബ്രറിയും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കണം.

സാംസ്കാരിക സംഘടനകൾക്കും, മഹിളാ സമാജങ്ങൾക്കും സാമ്പത്തിക സഹായം അനുവദിക്കുക.

ക്ലബ്ബുകൾക്കും സ്ക്കൂളുകൾക്കും വാർഷികം നടത്താൻ ഫണ്ട് അനുവദിക്കുക.

പഞ്ചായത്തിൽ ഗായക സംഘവും ബേൻറ് വാദ്യസംഘവും ഉണ്ടാക്കണം.

ഗ്രന്ഥശാലകളുടെ പ്രവർത്തനം മോണിറ്ററിംഗ് നടത്തി പഞ്ചായത്ത് തലത്തിൽ അംഗീകാരം നൽകണം.

1,6,8,11 വാർഡുകൾക്ക് ഉപയോഗപ്രദമാവും വിധം കളിസ്ഥലങ്ങൾ നിർമ്മിക്കണം.

വാർത്താവിനിമയം

വാർത്താവിതരണരംഗത്ത് വലിയൊരു കുതിച്ചു ചാട്ടം നടത്താത്തെ പഞ്ചായത്താണ് നമ്മുടെതു്. ചെറുകാവിൽ പെരിയമ്പലത്തുള്ള പുളിക്കൽ സബ്ബ് പോസ്റ്റ് ഓഫീസും ഐക്കരപ്പടി, കണ്ണംവെട്ടിക്കാവ്, ദാനഗ്രാം എന്നിവടങ്ങളിലായി മൂന്നു് പോസ്റ്റ് ഓഫീസുകളും ഉണ്ടു്. പഞ്ചായത്തിൽ പുളിക്കൽ സബ്ബ് പോസ്റ്റോഫീസിൽ മാത്രമെ കമ്പിസൗകര്യമുള്ളു. ടെലഫോൺ സൗകര്യമാവട്ടെ രാമനാട്ടുകര കൊണ്ടോട്ടി, വാഴയൂർ എന്നിവിടങ്ങളിലാണ് ടെലിഫോൺ എക്സ്ചേഞ്ച് ഉള്ളതു്. ഈയടുത്ത കാലത്താണ് വാഴയൂർ എക്സ്ചേഞ്ചു് നിലവിൽ


വന്നതു്. ഇതാണെങ്കിൽ കോഴിക്കോട് ജില്ലയുമായി ബന്ധപ്പെടുന്നതു് S.T.Dമുഖേനയാണ്. ആധുനിക സൗകര്യങ്ങളായ ഫാക്സ് സൗകര്യം പഞ്ചായത്തിലില്ല. പഞ്ചായത്തിലെ ആദ്യത്തെ ടെലിഫോൺ 1970 കളിലാണ് വന്നതു്. അതിനു് ഭാഗ്യമുണ്ടായതു് പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്ക് കോളേജിന്നാണ്. അതിനു് ശേഷം നമ്മുടെ പഞ്ചായത്ത് ഓഫീസിലുമാണ്. പഞ്ചായത്തിലെ ഉപഭോക്താക്കൾ 3 ടെലിഫോൺ എക്സ്ചേഞ്ചുകളുടെ പരിധിയിലാണ് ധാരാളം അപേക്ഷകർ പണം അടച്ച് കണക്ഷൻ കാത്തിരിക്കുന്നുണ്ടു്: പഞ്ചായത്തിൽ എസ്.ടി. ബൂത്തുകൾ ഐക്കരപ്പടി പെരിയമ്പലം എന്നിവിടങ്ങളിലാണ് ഉള്ളതു്.

പ്രശ്നങ്ങൾ

1. ഗ്രാമീണ ടെലിഫോൺ അപേക്ഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിലെ മുഴുവൻ ടെലിഫോൺ ഉപഭോക്താക്കൾക്കും ലഭിക്കുന്നില്ല.
2. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ പേങ്ങാട്, പെരിങ്ങാവ്, കൊടപ്പുറം, എന്നിവിടങ്ങളിലേ ജനങ്ങൾക്ക് പോസ്റ്റോഫീസുമായി ബന്ധപ്പെടാൻ വിഷമനുഭവപ്പെടുന്നു.
3. കൈതക്കുണ്ടയിൽ തപാൽ പെട്ടിയില്ലാത്തതിനാൽ എഴുത്തുകൾ പോസ്റ്റ് ചെയ്യാൻ വിഷമമനുഭവപ്പെടുന്നു.
4. പഞ്ചായത്തിൽ ഒരു ടെലിഫോൺ എക്സ് ചേഞ്ച് ഇല്ലാത്ത വിഷമം.

നിർദ്ദേശങ്ങൾ

1. ഗ്രാമീണ ടെലിഫോൺ അപേകർക്കു് നൽകുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിലെ മുഴുവൻ ടെലിഫോൺ ഉപഭോക്താക്കൾക്കും നൽകണം.
2. പേങ്ങാട്. പെരിങ്ങാവ്-കൊടപ്പുറം ഭാഗത്തുള്ള ജനങ്ങൾക്ക് ഉപയോഗപ്പെടും വിധം പെരിങ്ങാവിൽ പോസ്റ്റ് ഓഫീസ് സ്ഥാപിക്കണം.
3. കൈതക്കുണ്ടയിൽ തപാൽപെട്ടി സ്ഥാപിക്കണ്
4. പഞ്ചായത്തിൽ ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കണം.
5. മിനി എസ്റ്റേറ്റ് സിയാംകണ്ടം, പുത്തുപാടം, പറവൂർ പെരിങ്ങാവ് അങ്ങാടി. കണ്ണംവെട്ടിക്കാവ്, എന്നിവിടങ്ങളിൽ പബ്ലിക്ക് ടെലിഫോൺ സൗകര്യം വേണം.
6. ഐക്കരപ്പടി ബ്രാഞ്ച് പോസ്റ്റാഫീസ് സബ് പോസ്റ്റാഫീസാക്കി ഉയർത്താൻ വേണ്ട നടപടി സ്വീകരിക്കണം.





വികസനരേഖ പണിപ്പുരയിൽ

പട്ടികജാതി വർഗ്ഗക്ഷേമം

കാർഷികഗ്രാമങ്ങളുടെ ചരിത്രംതന്നെ തിരുത്തികുറിച്ച മണ്ണിന്റെറ യഥാർത്ഥ ഉടമകളാണ് പട്ടികജാതിവിഭാഗം. നിർഭാഗ്യമെന്ന് പറയട്ടെ ഇവർ സാമൂഹ്യസാമ്പത്തിക ചൂഷണത്തിന് വിധേയരായി വെറും അടിമകളുടെ പട്ടികയിലേക്ക് പിന്തള്ളപ്പെടുകയായിരുന്നു. ഉടയാളന്മാരുടെ മണ്ണ് പൊന്നാക്കാൻ പകലന്തിയോളം വിയർപ്പൊഴുക്കിയ വർഗ്ഗത്തിന് കണ്ണീരും കഷ്ടപ്പാടുമല്ലാതെ യാതൊന്നും സംഭാവനചെയ്യാൻ ഇവിടെയുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥിതിയ്ക്ക് കഴിയുമായിരുന്നില്ല. കേരളത്തിൽ നടപ്പായ ഒട്ടേറെ കാർഷികനിയമങ്ങളും - കർഷകതൊഴിലാളി ക്ഷേമനിയമങ്ങളും കൂടി ഈ ജനവിഭാഗങ്ങളുടെ ജീവിതാവസ്ഥയിൽ മാറ്റങ്ങളുണ്ടാക്കി

പട്ടിക I

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	സ്വഭാവം	വീടുകളുടെ എണ്ണം	ആകെ അംഗങ്ങൾ
1	1	മതിലുകളച്ചകണ്ടി (ചേവായൂർ)	അംഗീകൃതം	16	74
2	,,	ചേലക്കാട്കുന്ന്	,,	20	123
3	,,	ചാലാക്കിൽപുറായ്	,,	17	103
4	2	എടമ്പാട്ട് പുറായ്	,,	12	76
5	,,	മലേക്കാട്ട് പുറായ് കുറിയേടം	,,	13	71
6	3	മുളിയോളിൽ	,,	15	68
7	4	സത്യത്തിൽപുറായ്	അംഗീകൃതമല്ല	11	58
8	5	കല്ലറകുന്ന്	അംഗീകൃതം	67	402
	(കൊളക്കാട്ടിൽ, കോട്ടാത്തൊടി, ചെരിയേങ്ങര ഉൾപ്പെടെ) IHDP				
9	6	കോലടവഴി	അംഗീകൃതമല്ല	11	95
10	6	കാഞ്ഞിരക്കുന്ന്	അംഗീകൃതം	13	72
11	,,	നീലങ്ങോത്ത്പുറായ്	അംഗീകൃതമല്ല	9	56
12	7	ദാനഗ്രാം	അംഗീകൃതം	31	168
13	,,	മണിയിൽപുറായ്	,,	15	86
14	,,	മാണിയേടത്ത് പുറായ്	,,	18	100
15	,,	കൊച്ചിലാത്ത്	അംഗീകാരമില്ല	11	105
16	8	കുഴിക്കോട്ടുമൂല	അംഗീകൃതം	14	68
17	,,	കൊടപ്പുറം	,,	22	150
18	9	കണ്ണംവെട്ടിക്കാവ്	അംഗീകൃതംIHDP	21	174
19	10	കൊല്ലത്തടായ്	അംഗീകൃതമല്ല	11	62
20	,,	നവോദയ	അംഗീകൃതം	14	74
21	,,	കീരിക്കുന്ന്	അംഗീകൃതമല്ല	12	68
22	11	ചെറാപ്പാടം	അംഗീകൃതം	15	78
23	,,	കൊല്ലേരിപ്പുറായ്	അംഗീകാരമില്ല	10	52

യിട്ടുണ്ട്.

സാർവ്വത്രികവും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നടപ്പിലാക്കാൻ തുടങ്ങിയപ്പോൾ അനേകംപേർ പാടത്തെചേറിൽനിന്നും 'ചാള'കളിലെ ഇരുട്ടുമുറികളിൽനിന്നും മോചിതരാകാൻ ഇടവന്നു. മണ്ണിൻെറമക്കളെ സമഗ്രമായി ഉയർത്തികൊണ്ടുവരുവാൻ അനേകം ക്ഷേമപദ്ധതികൾ ആസൂത്രണംചെയ്തെങ്കിലും അവയ്ക്കൊന്നും സമഗ്രസ്വഭാവമോ വികേന്ദ്രീകൃത സ്വഭാവമോ കൈവരാഞ്ഞതിനാൽ ഉദ്ദേശിച്ച ഗുണഫലം ലഭിക്കാതെ പോയി. അതുകൊണ്ട് തന്നെ 9-ാം പഞ്ചവത്സരപദ്ധതിപ്രവർത്തനങ്ങളിൽ പട്ടിക ജാതിക്ഷേമത്തിന് മതിയായ പരിഗണനയും; ഗുണഫലവും നമുക്ക് പ്രതീക്ഷിക്കാം.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 25322 ആണ്. ഇതിൽ 1357 പുരുഷന്മാരും 1320 സ്ത്രീകളുമടങ്ങുന്ന 2677പേർ പട്ടികജാതിയിൽപ്പെടുന്നവരാണ്. ഇവരുടെ എണ്ണം ആകെ ജനസംഖ്യയുടെ 10.57 ശതമാനമേ വരു. 18 അംഗീകൃതകോളനികളിലും 5 അംഗീകൃതമല്ലാത്ത കോളനികളിലുമായി ഏതാണ്ട് 400-ൽപരം കുടുംബങ്ങൾ ഈ വിഭാഗത്തിൽപെട്ടവരായുണ്ട്. ഇവരുടെ കോളനികൾ കേന്ദ്രീകരിച്ചുള്ള ജനസംഖ്യ പട്ടിക 1-ൽ കൊടുക്കുന്നു.

കോളനികൾ അല്ലാതെ ഒറ്റപ്പെട്ട് താമസിക്കുന്ന ധാരാളം കുടുംബാംഗങ്ങൾ ഉണ്ട്. ഇവരുടെ യഥാർത്ഥസ്ഥിതി വിവരം ശേഖരിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം. കാരണം ഇത്തരം വിഭാഗങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കാൻ പല പ്രയാസങ്ങളും നേരിടുന്നുണ്ട്.

തൊഴിൽ

കാർഷികവൃത്തിയെ ഉപജീവനമാർഗ്ഗമായി പൂർവ്വികരുടെ കാലംതൊട്ടെ കരുതിപോന്നിരുന്നു. കാർഷികത്തൊഴിലുകളുടെ ഇടവേളകളിൽ ഉപതൊഴിലായി പായനെയ്ത്തും സ്വീകരിച്ചിരുന്നു. കാർഷികമേഖലയുടെ പെട്ടെന്നുള്ള തകർച്ച, അസംസ്കൃതവസ്തുവായ ഓലയുടെ ദൗർലഭ്യം എന്നിവ ഈ വിഭാഗങ്ങളുടെ സ്വാശ്രയ ജീവിതപദ്ധതിയുടെ കനത്ത ആഘാതം ഏല്പിച്ചിരിക്കുന്നു. ജീവിതപ്രയാസങ്ങൾ നേരിടാനാവാതെ ധാരാളംപേർ കാർഷികേതര മേഖലകളായ കെട്ടിടനിർമ്മാണം - കരിങ്കൽക്വാറികൾ ചെറുകിടഫാക്ടറികൾ എന്നിവയിൽ കുറഞ്ഞ വേതനത്തിനുപോലും തൊഴിലെടുക്കേണ്ട ദുസ്ഥിതി ഉണ്ട്. കാർഷികമേഖലയിൽ വേതനഘടന സംബന്ധിച്ച് വ്യക്തമായ അസന്തുലിതാവസ്ഥ. സ്ത്രീപുരുഷന്മാരിൽ നിലനില്ക്കുന്നു. പുരുഷത്തൊഴിലാളിയ്ക്ക് 100 രൂപയും സ്ത്രീയ്ക്ക് 60 രൂപപയുമാണ് ഇപ്പോൾ നിലവിലുള്ളത്. കെട്ടിടനിർമ്മാണരംഗം അല്പംകൂടെ മെച്ചപ്പെട്ടതാണ് പുരുഷന് 125 രൂപ സ്ത്രീയ്ക്ക് 80 രൂപ. എന്നാൽ ചെറുകിട വ്യവസായം, കരിങ്കൽക്വാറി സംരംഭങ്ങളിൽ വേതനസേവന വ്യവസ്ഥകൾ ഒട്ടും തൃപ്തികരമല്ല.

വിദ്യാഭ്യാസവ്യാപനവും, പശ്ചാത്തലസൗകര്യങ്ങളുടെ അഭിവൃദ്ധിയുംമൂലം പുതിയ തലമുറ കാർഷികപ്രവർത്തിയിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുന്നില്ല. ഇതിനാൽ ഞാറുനടൽ, കള പറിക്കൽ, കൊയ്ത്ത്, 'മെതി' തുടങ്ങിയ ജോലികൾക്ക് യഥാസമയം ആളെ കിട്ടാത്ത അവസ്ഥയിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു. തൊഴിലിനെ സംബന്ധിച്ച കാഴ്ചപ്പാടിലും മനോഭാവത്തിലും മാറ്റം അനുപേക്ഷണീയമാണ്. (അനിവാര്യമാണ്.) വരുംനൂറ്റാണ്ടിൻെറ സാധ്യത മനസ്സിലാക്കി ചെറുയന്ത്രങ്ങളുടെ പ്രവർത്തനരീതി കൂടി അഭ്യസിപ്പിച്ചാലെ കാർഷികരംഗത്തെ രക്ഷിക്കാനാകൂ.

പാർപ്പിടം

ഈ നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ ഭൂരിഭാഗം പട്ടികജാതിക്കാർക്കും വീട് ഉണ്ടായിരുന്നില്ല. വീട് എന്ന പദംപോലും ഈ വിഭാഗത്തിന് അന്യമായിരുന്നു എന്ന് പറയുന്നതാകും ശരി. മറിച്ച് ഇവരുടെ വീടുകളെ 'ചാള'എന്നാണ് വിളിച്ചിരുന്നത്. കല്ല് ഉപയോഗിച്ച ഭിത്തിയോ, മരംകൊണ്ട് തീർത്തവാതിലുകളോ മറ്റ് വാതായനങ്ങളോ, കക്കൂസ്, കുളിമുറി, ഓടിട്ട മേൽക്കൂര എന്നിവ ഒന്നും ഇല്ലാത്തവയായിരുന്നു ഇത്തരം വീടുകൾ. സമ്പന്നരുടെ ഔദാര്യത്തിൽ കഴിഞ്ഞ ഇവർക്ക് അല്പമെങ്കിലും പിടിച്ചുനില്ക്കാൻ കഴിഞ്ഞത് 1950-കൾക്ക് ശേഷമാണ്. സ്വപ്രയത്നംകൊണ്ടും സർക്കാർ ഏജൻസികളുടെ ഉദാരനയംമൂലവും പലരും ഭേദപ്പെട്ടവീടുകളിൽ കഴിയാവുന്ന അവസ്ഥ കൈവരിച്ചിട്ടുണ്ട്.

പാർപ്പിടം നിർമ്മിക്കുന്നതിന് ഹരിജനക്ഷേമ വകുപ്പും മറ്റ് ഏജൻസികളും നല്കുന്ന സാമ്പത്തികസഹായം തീരെ അപര്യാപ്തമാണ്. വായ്

പ നല്കുന്ന തുകയും പരിമിതമാണ്. അതിനാൽ പലരും ഭേദപ്പെട്ട വീടുകളും ഭൗതികസാഹചര്യങ്ങളും ഒരുക്കാൻ സാമ്പത്തികമായി നന്നേ പ്രയാസപ്പെടുന്നുണ്ട്. ഒറ്റപ്പെട്ടുതാമസിക്കുന്ന പട്ടികജാതിക്കാർക്ക് ഇത്തരം ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നത് മറ്റൊരു ന്യൂനതയാണ്.

പഞ്ചായത്തിലെ ഒട്ടുമിക്കകോളനികളിലേക്കും ശരിയായ വഴിയോ, വൈദ്യുതിയോ, വേണ്ടത്ര കുടിവെള്ളമോ ഇല്ലെന്നത് മറ്റൊരു വികസനപ്രതിസന്ധിയായി നിലനില്ക്കുന്നു. ഇതിന് അപവാദമാകേണ്ട IHDP കോളനികൾപോലും ആവശ്യത്തിന് കക്കൂസ്സോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്ത ശോചനീയവസ്ഥയിലാണ്.

ഗ്രാമസഭകളിൽനിന്നും, കോളനിനിവാസികളിൽനിന്നും ശേഖരിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചില സൗകര്യങ്ങൾ കൂടെ അടിയന്തിരമായി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം

സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥമൂലം വേണ്ടതുപോലെ പ്രയോജനപ്പെടുത്താൻ പട്ടികജാതിവിഭാഗങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. അതിനാൽ പഴയതലമുറയിലെ നല്ലൊരു ഭാഗവും എഴുത്തുംവായനയും വശമില്ലാത്ത നിരക്ഷരരുടെ വിഭാഗത്തിലാണ്. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ആദ്യഘട്ടത്തിൽ പെൺകുട്ടികൾ ഒഴികെ മറ്റുള്ളവർ പരമാവധി പ്രയോജനപ്പെടുത്തിയപ്പോൾ ഹതഭാഗ്യരായ പെൺകുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസമേ ലഭിച്ചുള്ളു. ആധുനിക വിദ്യാഭ്യാസ വ്യാപനത്തോടെ പട്ടികജാതിയിൽപ്പെട്ട മുഴുവൻകുട്ടികളും സ്ക്കൂളിൽ ചേർന്ന് പഠിക്കാൻ തയ്യാറായി. ഇതുമൂലം 6 വയസ്സിനും 60 വയസ്സിനും ഇടയ്ക്കുള്ളവരിൽ ഇപ്പോൾ നിരക്ഷരർ ഇല്ലെന്ന് തന്നെ പറയാം. എസ്.എസ്.എൽ.സി. പഠനത്തിനുശേഷം ഉന്നതവിദ്യാഭ്യാസം തേടുന്ന കുട്ടികളുടെ എണ്ണത്തിൽ ഇപ്പോഴും കാര്യമായ പുരോഗതി ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. പെൺകുട്ടികളുടെ സ്ഥിതി അതിദയനീയവുമാണ്. രക്ഷിതാക്കളുടെ ബോധമില്ലായ്മ, സാമ്പത്തിക പരാധീനത, ഭൗതികസാഹചര്യങ്ങളുടെ അഭാവം - ബോധവൽക്കരണകുറവ് എന്നിങ്ങനെ ധാരാളം പ്രശ്നങ്ങൾ നിരത്താമെങ്കിലും ആസൂത്രിതവും, ദീർഘവീക്ഷണത്തോടുംകൂടിയ ആസൂത്രണവും ഇവരുടെ കാര്യത്തിൽ അത്യാവശ്യമാണ്. പഞ്ചായത്തിലെ വിവിധസ്ക്കൂളുകളിലായി 335 ആൺകുട്ടികളും 304 പെൺകുട്ടികളും അടക്കം 639 പെൺകുട്ടികൾ ഇപ്പോൾ പഠനം തുടരുന്നുണ്ട്. നാമമാത്രമാണെങ്കിൽപോലും ഇവരുടെ ഇടയിലും കൊഴിഞ്ഞുപോക്കുണ്ട്. എസ്.സി. വിഭാഗം കുട്ടികളുടെ SSLC പഠനനിലവാരം ഉയർത്താൻ ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങളൊന്നും തൃപ്തികരമല്ല. പഞ്ചായത്തിൽ ഉന്നത ഉദ്യോഗങ്ങളും നേതൃസ്ഥാനവും വഹിക്കുന്ന കുറെപ്പേരുണ്ടെങ്കിലും ജനസംഖ്യാനുപാതികമായി ഇനിയും ധാരാളംപേർ ഉയർന്നുവരേണ്ടതുണ്ട്. ഗവ: ജോലികളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകളുടെ എണ്ണവും തുച്ഛമാണ്.

മുഖ്യപ്രശ്നങ്ങൾ

കാർഷികമേഖലയിലും ഉപത്തൊഴിലുകളിലും മുമ്പ് ലഭിച്ചിരുന്ന തൊഴിൽദിനങ്ങൾ കുറഞ്ഞുവരുന്നു. സുരക്ഷിതമായി താമസിക്കാനുള്ള വീട്, അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം,കക്കൂസ്, വൈദ്യുതി, വഴി എന്നീ സൗകര്യങ്ങൾ ഭൂരിഭാഗത്തിനും ഇപ്പോഴില്ല.

സർക്കാർ ഏജൻസികൾ ഇപ്പോൾ നല്കിവരുന്ന പല ക്ഷേമപ്രവർത്തനങ്ങളും അപര്യാപ്തവും കാലോചിതവുമല്ല.

സർക്കാർ ഏജൻസികളുടെ ക്ഷേമപ്രവർത്തനം സംബന്ധിച്ച് വ്യക്തമായ അറിവും ബോധവും ഗുണഭോക്താവിനില്ല.

പട്ടികജാതികോളനികളിലെ ജനങ്ങൾക്ക് പൊതുശ്മശാനമില്ല. ഉള്ള ചിലയിടങ്ങളിൽ അവ അന്യാധീനപ്പെടുന്നതായ പരാതികളുണ്ട്.

ക്ഷേമപെൻഷനുകൾ ലഭിക്കാനുള്ള പല വ്യവസ്ഥകളും വിഷമം ഉണ്ടാക്കുന്നവയാണ്. പരാതികളിൽ തീർപ്പ് കല്പിക്കുന്നതിന് അനാവശ്യമായ കാലതാമസം നേരിടുന്നുണ്ട്.

കോളനികൾ യഥാസമയം അംഗീകരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിൽ ഉദ്യോഗസ്ഥരുടെ പക്ഷത്തുനിന്നും വേണ്ടതുപോലെ സഹായം ലഭിക്കുന്നില്ല. ഇതുവരെ ചെറുകാവ് പഞ്ചായത്തിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല.

നിലവിലുള്ള പട്ടികജാതി സഹകരണസംഘം പ്രവർത്തനം പഞ്ചായത്തിന് ഫലം ചെയ്യുന്നില്ല. പുതിയ തലമുറയ്ക്ക് സാങ്കേതിക പരിജ്ഞാനം

നല്കാൻ ഉതകുന്ന സാങ്കേതിക സ്ഥാപനങ്ങളും വ്യവസായ യൂനിറ്റുകളും പഞ്ചായത്തിൽ ലഭ്യ മല്ല.

കോളനികൾ കേന്ദ്രീകരിച്ച് സ്ഥാപിച്ച പൊ തുകിണറുകളും കുഴൽകിണറുകളും ഉപയോ ഗശൂന്യങ്ങളോ പ്രവർത്തനരഹിതങ്ങളോ ആണ്.

ആരോഗ്യരക്ഷയ്ക്ക് ഉതകുന്ന സൗജന്യസ്ഥാ പനങ്ങളുടെ കുറവുണ്ട്.

ബോധവൽക്കരണത്തിനും വാർത്താവിനിമ യസൗകര്യത്തിനുള്ള കേന്ദ്രങ്ങളുടെ അഭാവ മുണ്ട്. കോളനികളിൽ ഇരുമ്പ് പൈപ്പ് ഇറക്കി നിർമ്മിച്ച കുഴൽകിണറുകളിലെ ജലം അരുചി ഉണ്ടാക്കുന്നവയാണ്. നിലവിലുള്ള നാലുസെൻറ് കോളനികളിൽ കക്കൂസ് ഒഴികെയുള്ള സൗക ര്യങ്ങൾ ഒന്നുംതന്നെയില്ല. (വൈദ്യുതി - കുടി വെള്ളം - റോഡ്).

സാധ്യതകൾ

മിക്ക ഹരിജൻകോളനികളും ഉയരമുള്ള കുന്നുകളിലാണ് സ്ഥിതിചെയ്യുന്നത് എന്നതി നാൽ രൂക്ഷമായ കുടിവെള്ളപ്രശ്നം അഭി മുഖീകരിക്കുന്നവയാണ്. പഞ്ചായത്ത്, ബ്ലോക്ക് എന്നിവയുടെ പൊതുകിണറുകളും കുഴൽകിണ റുകളും ആഴംകൂട്ടുകയോ പ്രവർത്തനക്ഷമമാ ക്കുകയോ ചെയ്യാം. ഡാനിഡ ജലവിതരണപദ്ധ തിമൂലം ഇപ്പോൾ നല്കിയ ടാപ്പ് കണക്ഷനുകൾ വിപുലമാക്കിയാൽ കുറിയേടം എടമ്പാട്ട് പുറാ യ്, ചേലക്കാട്കുന്ന് - ചാലാക്കിൽ പുറായ് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാം - ഒട്ടുപാറ, മുളിയോളിൽ, സത്യത്തിൽ തുടങ്ങിയ പ്രദേശങ്ങൾക്കും കല്ലറകുന്ന് കോളനിയ്ക്കും മിനിവാട്ടർ സപ്ലൈസ്കിം നടപ്പാക്കുന്നത് ഉചി തമായിരിക്കും. ഇതിന് ചിലവാകുന്ന തുകയു ടെ ചെറിയ ഭാഗം ഉപഭോക്താക്കളിൽനിന്നും ഈടാക്കാം - മണിയിൽപുറായ്, മാണിയേടത്ത് പുറായ്, പള്ളിപ്പുറത്ത് പുറായ്, നീലങ്ങോത്ത് എന്നിവിടങ്ങളിലും ഡാനിഡ ടാപ്പ് കണക്ഷൻ കൊടുക്കാൻ സൗകര്യമുണ്ട്. കൊല്ലേരിപ്പുറായ്, കാഞ്ഞിരക്കുന്ന്, ദാനഗ്രാം എന്നിവയ്ക്ക് കുഴൽ കിണറുകളാകും അഭികാമ്യം. കൂടാതെ രൂക്ഷമാ യ കുടിവെള്ളക്ഷാമമുള്ള എല്ലാ കോളനികളി ലും അടിയന്തിരപ്രാധാന്യത്തോടെ കുടിവെള്ളം എത്തിക്കണം. ഇതിലേക്ക് ഗുണഭോക്താക്കളു ടെ സഹകരണത്തോടെ സ്വകാര്യവും പൊതു വായതും ആയ കുളങ്ങളെ മണ്ണുകോരി വൃത്തി യാക്കി - മോട്ടോർ വെച്ച് പ്രയോജനപ്പെടുത്ത ണം. ഹരിജൻകോളനിയിലെ കുഴൽകിണറിൻെറ ഇരുമ്പ് പൈപ്പ്മാറ്റി PVC പൈപ്പാക്കി മാറ്റാൻ ശ്ര മിക്കണം.

മിക്ക കോളനികളെയും അലട്ടുന്ന മറ്റൊരു പ്രശ്നമാണ് ആവശ്യമായ കക്കൂസുകളുടെ അഭാവം. പഞ്ചായത്തിലെ 70% പട്ടികജാതി വീ ടുകൾക്കും ഈ സൗകര്യമില്ലെന്നത് ഏറ്റവും വലിയ ആരോഗ്യപ്രശ്നമാണ്. സന്നദ്ധസംഘട നകളുടെ സേവനവും മനുഷ്യാദ്ധ്വാനശേഷിയും ആസൂത്രിതവും സമയബന്ധിതവുമായി ഏകോ പിപ്പിക്കാൻ സാധിച്ചാൽ വരുന്ന അഞ്ചുവർഷം കൊണ്ട് ലക്ഷ്യം നേടാനാകും.

ഇതിനായി ഗുണ ഉപോഭോക്താക്കളുടെ സഹായവും പരമാവധി പ്രയോജനപ്പെടുത്താ വുന്നതാണ്.

പട്ടികജാതിവിഭാഗങ്ങൾക്കും പൊതുജന ങ്ങൾക്കും പ്രയോജനപ്പെടുന്ന നല്ല ഒരാശു പത്രിയോ പ്രൈമറിഹെൽത്ത് സെൻറോ ഇന്ന് പഞ്ചായത്തിലില്ല.

നിലവിലുള്ള ഹോമിയോ ആശുപത്രി പഞ്ചാ യത്തിൻെറ കേന്ദ്രഭാഗത്ത് ആധുനികസൗകര്യ ങ്ങളോടെ സ്ഥാപിക്കുകയോ അഥവാ പ്രൈമ റി ഹെൽത്ത് സെൻററിൻെറ പ്രവർത്തനം വി പുലീകരിക്കുകയോ ചെയ്യാം. പുതിയ ഒരു സൗജന്യ ആയൂർവ്വേദ ഡിസ്പെൻസറിയ്ക്കും പഞ്ചായത്തിൽ ധാരാളം സാധ്യതയുണ്ട്. സ്ഥലംവിട്ടുതരുന്നതിന് ഗ്രാമസഭകളിൽ കൂടി വാ ഗ്ദാനം ചെയ്തിട്ടുണ്ട്.

കല്ലറകുന്ന്, പറവൂർ, കണ്ണംവെട്ടിക്കാവ്, മു ളിയോളിൽ, കാഞ്ഞിരക്കുന്ന്, ചേലക്കാട് കുന്ന് എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ സംബ ന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ട്. ഇവയ്ക്ക് എത്രയും പെട്ടെന്ന് പരിഹാരം കാണേണ്ടതാണ്. ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ ശ്മശാനങ്ങൾക്കാവശ്യമുള്ള സ്ഥലം അകയ ർചെയ്യണം.

ഇന്നു നിലവിലുള്ള ക്ഷേമപദ്ധതികളെ സംബ ന്ധിച്ച് കാര്യമായ അറിവോ - ബോധമോ പട്ടിക വർഗ്ഗവിഭാഗങ്ങൾക്കില്ല. അതുകൊണ്ട്തന്നെ പ ലരും രാഷ്ട്രീയക്കാരുടേയും മറ്റ് ഇട ത്തട്ടുകാ രുടേയും ചൂഷണത്തിന് ഇരയാകുന്നു.

ഉദ്യോഗസ്ഥരുടെ ചൂഷണത്തിന് വിധേയരാ കുന്നവർവരെ ഉള്ളതായി ഗ്രാമസഭകളിൽനിന്നും അഭിപ്രായം ഉയർന്നിട്ടുണ്ട്. അതിനാൽ ഈ വിഭാ

ഗങ്ങൾക്കായുള്ള ക്ഷേമകാര്യങ്ങളിൽ വിദ്യാഭ്യാസവും ബോധവൽക്കരണവും നടത്തുന്നതിന് പഞ്ചായത്ത് കേന്ദ്രമായി ഒരു സെൽ സംഘടിപ്പിക്കാം - പഞ്ചായത്ത് മെമ്പർ സംവരണവാർഡ് മെമ്പർ - പട്ടികജാതി കോളനിയിലെ ഓരോപ്രതിനിധികൾ സന്നദ്ധ സംഘടനാപ്രതിനിധികൾ CBNP പ്രവർത്തകർ എന്നിവരെ അംഗങ്ങളാക്കാം.

നിലവിലുള്ള ധനസഹായങ്ങൾക്കുള്ള വ്യവസ്ഥകൾ ഉദാരവൽക്കരിക്കുകയും സബ്സിഡിതുക വർദ്ധിപ്പിക്കുകയും ധനസഹായതുക തന്നെ കാലോചിതമായി വർദ്ധിപ്പിക്കുകയും വേണം.

പട്ടികജാതിക്കാരായി 2677 പേർ പഞ്ചായത്തിൽ താമസിക്കുമ്പോൾ നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിന് 50-ൽ താഴെയാണ് അംഗങ്ങൾ എന്നത് തികച്ചും ഖേദകരമാണ്. ഇതിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ച് പഞ്ചായത്തിലാകെ പ്രവർത്തനം വ്യാപിപ്പിച്ചാലെ കൂടുതൽ നേട്ടങ്ങൾ വാങ്ങിയെടുക്കാനും, പ്രയോജനം ലഭിക്കാനും കഴിയും. സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ കല്ലുവെട്ട് മെഷീനും, ട്രാക്റ്ററും വാങ്ങാവുന്നതാണ്. കൂടാതെ ധാരാളം പേർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നേടാനും ഉപകരിക്കും.

പട്ടികജാതിക്ഷേമവകുപ്പിന്റെ പല അധികാരങ്ങളും പഞ്ചായത്ത് തലത്തിലേക്ക് മാറ്റിയാൽ ആവശ്യക്കാർക്ക് ബന്ധപ്പെടാനും, പരിഹാരം തേടാനും എളുപ്പമായിരിക്കും. വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കി പദ്ധതിരൂപീകരണത്തിന്റെ തട്ടിൽനിന്നും പ്രവർത്തിപദത്തിലെത്തിക്കാനും എളുപ്പമാണ്.

ഇവയ്ക്കെല്ലാംപുറമെ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തണം. പായനെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുടെ നിർമ്മാണത്തിന് വ്യക്തികൾക്കും യൂനിറ്റുകൾക്കും ധനസഹായം നല്കണം.

പെൺകുട്ടികൾക്ക് ആധുനിക ഇലക്ട്രോണിക് തൊഴിൽ പരിശീലനത്തിന് സൗകര്യമേർപ്പെടുത്തുകയും അവർക്ക് തൊഴിൽസംരംഭം തുടങ്ങാൻ വായ്പ; ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം എന്നിവ ഏർപ്പെടുത്തണം.

ഭൂരഹിത, ഭവനഹരിത പട്ടികജാതിക്കാർക്കുള്ള ധനസഹായത്തുക വർദ്ധിപ്പിക്കണം. കൂടുതൽപേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കണം.


ഹരിജൻ കോളനിയോട് ബന്ധപ്പെട്ട് മണ്ണൊലിപ്പ് തടയാൻ വാട്ടർഷെഡ് സ്കിം ഫലപ്രദമായി നടപ്പാക്കണം പട്ടികജാതിക്കാരുടെ വീടുകൾ പുനർനിർമ്മിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും സാമ്പത്തികസഹായം നല്കുന്ന പദ്ധതികൾ ഒന്നും നിലവിലില്ല. അതിനാൽ ഇവരുടെ അവസ്ഥ മെച്ചപ്പെടുത്താൻ ഇത്തരം ആനുകൂല്യങ്ങൾ നല്കുന്നതിനെ കുറിച്ച് കാലോചിതമായി ചിന്തിക്കണം.

പഞ്ചായത്തിലെ രണ്ടോമൂന്നോ കോളനികളെ ബന്ധപ്പെടുത്തി ബാലവാടികളും നഴ്സറികളും അനുവദിക്കുന്നത് പ്രൈമറിവിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടാൻ ഉതകും. അപൂർവ്വമാണെങ്കിലും സ്ക്കൂളുകളിൽ നിന്നും പഠനം നിർത്തുന്ന (കൊഴിഞ്ഞുപോകുന്ന) പട്ടികജാതികുട്ടികളുടെ തുടർവിദ്യാഭ്യാസത്തിന് പഞ്ചായത്ത് മുൻകൈ എടുത്ത് പദ്ധതികൾ ആവിഷ്ക്കരിക്കണം.

സാധ്യമായ എല്ലാ കോളനികളിലും ദൃശ്യവാർത്താമാധ്യമങ്ങളായ പത്രം, റേഡിയോ, ടി.വി എന്നിവ സ്ഥാപിക്കുകയും വേണം.

പഞ്ചായത്തിലെ 23 കോളനികൾക്കും കുടിവെള്ളം, കക്കൂസ്, വീട്, റോഡ്, വൈദ്യുതി എന്നിവ ഏറ്റകുറച്ചിലോടെ ആവശ്യമുണ്ട്. ദാനഗ്രാം - കണ്ണംവെട്ടിക്കാവ് എന്നിവിടങ്ങളിൽ ഒഴികെ TV Radio ഇവയുടേയും ആവശ്യമുണ്ട്.

അതിനാൽ അടിയന്തിരമായും വ്യക്തമായ സ്ഥിതിവിവരകണക്ക് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് മുൻഗണന ക്രമത്തിൽ പരിഹാരം തേടേണ്ടതുണ്ട്.



വനിത



പഞ്ചായത്തിലെ ജനസംഖ്യ 25322 ആണ്. ഇതിൽ 12652 പേർ സ്ത്രീകളാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 49.96 ശതമാനം വരുന്ന ഈ സംഖ്യ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. കൊണ്ടോട്ടി ബ്ലോക്കിൽ തന്നെ പുരുഷന്മാരേക്കാൾ കുറഞ്ഞ സ്ത്രീജനസംഖ്യയുള്ള ഏക പഞ്ചായത്തും നമ്മുടേതാണ്. പഞ്ചായത്തിലെ ആകെയുള്ള 4087 കുടുംബങ്ങളിൽ സ്ത്രീകളുടെ പൂർണ്ണനിയന്ത്രണത്തിലുള്ളവ 236 ആണ്. ഇത് മൊത്തം കുടുംബങ്ങളുടെ 5.7 ശതമാനമേ വരു.

ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും ലഭിച്ച കണക്കുകൾ അനുസരിച്ച് വിദ്യാഭ്യാസയോഗ്യതയിൽ പുരുഷന്മാരുടെ വളരെ പുറകിലാണ് സ്ത്രീകൾ. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സമ്പന്നവിഭാഗത്തിലെ പെൺകുട്ടികൾ മാത്രമാണ് വിദ്യാഭ്യാസം നേടിയിരുന്നത്. ദുർബല വിഭാഗങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളെ ലഭിച്ചിരുന്നുള്ളു. പട്ടികജാതിവിഭാഗങ്ങൾക്ക് മോശമായ ഭൗതിക ചുറ്റുപാടുകൾ മൂലം 4-ാംക്ലാസ്സിനപ്പുറമുള്ള വിദ്യാഭ്യാസം സ്വപ്നം മാത്രമായിരുന്നു. മുസ്ലിം പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസസൗകര്യങ്ങൾ ലഭിച്ചവർ വിരലിലെണ്ണാവുന്നവരേ കാണു. പഴയകാലത്ത് ഉന്നതബിരുദങ്ങൾ നേടിയ സ്ത്രീകളെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. ഉദ്യോഗസ്ഥകളായ സ്ത്രീകളും പഞ്ചായത്തിൽ കുറവാണ്. അദ്ധ്യാപികമാരുടെ എണ്ണം മാത്രമാണ് അല്പം ആശ്വാസം നല്കുന്നത് ($^{136}/_{250}$) സ്ത്രീകളുടെ ജോലി പങ്കാളിത്തം ഏറ്റവും കൂടുതൽ അസംഘടിതമേഖലകളായ കൃഷി, കെട്ടിടനിർമ്മാണം, ചുമടെടുപ്പ്, കരിങ്കല്ലുടയ്ക്കൽ എന്നിവയിലാണ്.

സ്ത്രീകളുടെ പഞ്ചായത്തിലെ തൊഴിൽപങ്കാളിത്തം താഴെ കാണുന്ന പട്ടികയിൽനിന്ന് കൂടുതൽ വ്യക്തമാകും.

തൊഴിൽമേഖല	പുരുഷൻ	സ്ത്രീ
കർഷകൻ	680	32
കർഷകത്തൊഴിലാളി	150	172
മൃഗസംരക്ഷണം	86	29
മത്സ്യബന്ധനം	75	-
ഖനനം	335	545
കുടിൽവ്യവസായം	21	28
കെട്ടിടനിർമ്മാണം	590	473
വ്യാപാരം	519	25
ഗതാഗതം	466	5
വാർത്താവിനിമയം	25	15
അദ്ധ്യാപകർ	114	136
മറ്റുള്ളവ	492	584

ആകെ

അവലംബം - സെൻസസ് റിപ്പോർട്ട്

പായനെയ്ത്ത്, കളപറിക്കൽ, കൊയ്ത്ത്, മെതി, ചകിരിപിരിക്കൽ, ഖനനം, കെട്ടിടനിർമ്മാണം എന്നീ രംഗങ്ങളിൽ ധാരാളം സ്ത്രീകൾ ആദ്യകാലം മുതലെ തൊഴിലെടുത്തിരുന്നു.

കൃഷി ആദായകരമല്ലാതെ ആയതോടെ ഇവർക്ക് പുതിയ മേഖലകളിലേക്ക് ചേക്കേറേണ്ടിവന്നു. ഇപ്പോൾ തീപ്പെട്ടിക്കമ്പനികൾ, കട്ടക്കമ്പനികൾ; തുടങ്ങിയ മേഖലകളിലും ധാരാളം പേർ ജോലിതേടിയിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിലായി 3714 പെൺകുട്ടികൾ പഠിക്കുന്നുണ്ട്. ഇവരുടെ അംഗസംഖ്യയിൽ അടുത്തകാലത്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ പെൺകുട്ടികൾ വളരെ പുറകിലാണ്. വിദ്യാഭ്യാസ വ്യാപനത്തോടെ സ്ത്രീകൾ കാർഷികരംഗത്ത് നിന്ന് വളരെ അകലു

കയും ടൈപ്പ്റൈറ്റിംഗ്, എംബ്രോയിഡറി, തുന്നൽപരിശീലനം, അച്ചടിപ്രസ്സ്, ചെരുപ്പ്കമ്പനി, ടെലിഫോൺ ബൂത്ത്, ബേക്കറി എന്നീ രംഗങ്ങളോട് അടുക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനമേഖലകളെ ക്രോഡീകരിച്ച് ആധുനിക ഇലക്ട്രോണിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനുള്ള പരിശീലനം അത്യാവശ്യമാണ്. ജനവിദ്യാകേന്ദ്രം, വെണ്ണായൂർ യൂത്ത്സെൻറർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു വനിതാതയ്യൽ പരിശീലനകേന്ദ്രം ഐക്കരപ്പടിയിൽ പ്രവർത്തിക്കുന്നുണ്ട്.

ജനങ്ങളിൽ നിക്ഷേപ സമാഹരണപ്രവണത പ്രോത്സാഹിപ്പിക്കാൻ 15ഓളം മഹിളാപ്രധാൻ ഏജൻറുമാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യാപനരംഗത്ത് അദ്ധ്യാപികമാരും സ്തുത്യർഹമായ സേവനം കാഴ്ചവെയ്ക്കുന്നുണ്ടെങ്കിലും ഇവരാരുംതന്നെ സാമൂഹ്യപ്രവർത്തനരംഗത്ത് മികച്ച സേവനം നടത്തുന്നില്ല.

മഹിളാസമാജം പ്രവർത്തനം പഞ്ചായത്തിൽ വളരെ വിപുലമായൊന്നും നടന്നിരുന്നില്ലെങ്കിലും ദാനഗ്രാം പ്രദേശത്ത് വനിതകളിൽ സ്വാശ്രയബോധം വളർത്താൻ പരേതയായ വിമലാ മേനോൻ (ബാബി) നടത്തിയ ശ്രമങ്ങൾ മാതൃകാപരമായിരുന്നു. അഞ്ജലി മഹിളാസമാജത്തിന് നേതൃത്വം നല്കിയ നാണിക്കുട്ടിടീച്ചർ, (ബഹു: ബ്ലോക്ക് പ്രതിനിധി) പുത്തൂപ്പാടം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രിയദർശിനി മഹിളാസമാജം പ്രവർത്തകർ എന്നിവർ സ്ത്രീകൾക്കിടയിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നു.

പഞ്ചായത്തിൽ ജനാധിപത്യമഹിളാഫെഡറേഷൻ, മഹിളാകോൺഗ്രസ്സ്, വനിതാലീഗ്, കേരളാമഹിളാസംഘം, മഹിളാമോർച്ച, മുസ്ലീം ഗേൾസ് മൂവ്മെൻറ് എന്നീ സംഘടനകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

വനിതകൾ മാത്രമായി നടത്തുന്ന ഏകസഹകരണ സ്ഥാപനം നവോദയ ദാനഗ്രാമിൽ പ്രവർത്തിക്കുന്ന മഹിളാ കുടിൽവ്യവസായ സഹകരണസംഘമാണ്. ഇതിൽ 25-ൽ അധികം പേർജോലി ചെയ്യുന്നു. അഭ്യസ്തവിദ്യരായ ധാരാളം യുവതികൾ പഞ്ചായത്തിലുണ്ടെങ്കിലും DWCRA പദ്ധതിപ്രകാരം വ്യവസായയൂനിറ്റുകൾ തുടങ്ങാൻ പലരും താല്പര്യം പ്രകടിപ്പിക്കുന്നില്ല. പെരിയമ്പലത്തെ സാഗർ ചുക്കപ്പ നിർമ്മാണത്തിൽ 40ഓളം വനിതകൾ തൊഴിൽചെയ്യുന്നു. ഏത് പ്രവർത്തിയും ആത്മാർത്ഥതയോടെയും കൃത്യനിഷ്ഠമായും ഏറ്റെടുക്കുന്ന വനിതകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്ന ചെറുകിടയൂനിറ്റുകൾ സ്ഥാപിക്കുവാൻ ബോധപൂർവ്വമായ ആസൂത്രണവും ബോധവൽക്കരണവും ആവശ്യമാണ്. ഇങ്ങനെയായാൽ പ്രതിശീർഷ ദേശീയവരുമാനങ്ങൾ ഉയർത്താനും സ്ത്രീകളിൽ ആത്മവിശ്വാസം വളർത്താനും കഴിയും. സുരക്ഷിതത്വവും കുടുംബഭദ്രതയും ഇതോടെ കൈവരുത്താം.

1990-91-ലെ ഒന്നാംഘട്ടസാക്ഷരതപ്രവർത്തനത്തിലും തുടർന്നും ധാരാളം വനിതകൾ പൊതുപ്രവർത്തനരംഗത്ത് വരുകയുണ്ടായി. CBNP പ്രവർത്തകരുടെ പ്രവർത്തനം വളരെ മാതൃകാപരമാണ്. 41അയൽകൂട്ടസമിതികളിലായി 500ഓളം സ്ത്രീകളെ അംഗങ്ങളാക്കാനും ത്രിഫ്റ്റ് നിക്ഷേപസമാഹാരണത്തിലൂടെ ഒരുലക്ഷത്തിൽ അധികം പിരിച്ചെടുക്കുകയും 50,000രൂപവരെ നാമമാത്രപലിശയ്ക്ക് വായ്പ നല്കാനും കഴിഞ്ഞു.

അംഗൻവാടികളിലെ മാതൃയോഗങ്ങളിലും, സ്കൂൾ മാതൃസംഗമങ്ങളിലും അടുത്തകാലത്തായി വർദ്ധിച്ച സ്ത്രീപങ്കാളിത്തം കാണുന്നത് ആശാവഹമാണ്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ ധാരാളം കാണാറുണ്ടെങ്കിലും ഇവയ്ക്കെതിരെ ബഹുജനാഭിപ്രായം വളർത്തികൊണ്ടുവരുവാൻ കാര്യമായ ശ്രമങ്ങൾ നടന്നുകാണുന്നില്ല. സ്ത്രീകൾക്കെതിരെയുള്ള ആക്രമണസംഭവങ്ങൾ കാര്യമായൊന്നും പഞ്ചായത്ത്തലത്തിൽ റിപ്പോർട്ട് ചെയ്ത തായി അറിവില്ല.

ഗ്രാമസഭായോഗങ്ങളിലെ ചർച്ചകളിൽ നിന്നും ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ

1. പൊതുപ്രവർത്തനരംഗത്തേക്ക് സ്ത്രീകൾ കടന്നുവരാൻ മടിക്കുന്നു.
2. തൊഴിൽമേഖലകളിൽ സ്ത്രീകൾക്ക് മതിയായ പരിഗണനയും അവസരവും ലഭിക്കുന്നില്ല. കൂലിയിൽ സ്ത്രീപുരുഷ അന്തരം നിലനില്ക്കുന്നുണ്ട്.
3. സ്ത്രീകളുടെ തൊഴിൽ യൂനിറ്റ് സ്ഥാപിക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നില്ല.
4. സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഒരു രംഗങ്ങളിലും ലഭിക്കുന്നില്ല.
5. സ്ത്രീകളിൽ നേതൃഗുണവും ആത്മവിശ്വാസവും വളർത്താൻ ഉതകുന്ന പരിപാടികൾ ഒന്നും ഇപ്പോൾ നിലവിലില്ല.

6. തുന്നൽപരിശീലനം ലഭിച്ച വനിതകൾക്കു പോലും തൊഴിലുപകരണങ്ങൾ നല്കാൻ നിലവിൽ സംവിധാനമില്ല.
7. താല്പര്യമുള്ളവർക്കെങ്കിലും ആയോധന മുറകൾ പഠിപ്പിക്കാൻ പഞ്ചായത്ത്തലത്തിൽ സ്ഥാപനങ്ങൾവേണം
8. പെൺകുട്ടികൾക്ക് ടൈലറിംഗ്, ഫുഡ്കേറ്ററിംഗ്, കൗതുകവസ്തുനിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് പ്രത്യേക പാഠ്യപദ്ധതികൾ നിലവിലില്ല.
9. പഞ്ചായത്തിലെ മുഴുവൻ സ്ത്രീകൾക്കും പ്രയോജനപ്പെടുന്ന തരത്തിലുള്ള വനിതാസഹകരണസംഘങ്ങൾ നിലവിലില്ല.
10. ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം സ്ത്രീകൾ കൂടുതലായി വഞ്ചിക്കപ്പെടുന്നു.
11. ശാസ്ത്രബോധത്തിന്റെ കുറവ്മൂലം സ്ത്രീകൾക്കിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനില്ക്കുന്നുണ്ട്.

പരിഹാരനിർദ്ദേശങ്ങൾ

1. പൊതുരംഗത്തേക്ക് സ്ത്രീകളെ ആകർഷിക്കാൻ സംഘടനാതലങ്ങളിലും ഗവ:തലത്തിലും ബോധപൂർവ്വമായ ഇടപെടൽ ആവശ്യമാണ്.
2. കൂലിവ്യവസ്ഥ ഏകീകരിക്കുകയും സ്ത്രീകൾക്ക് മാത്രമായുള്ള വ്യവസായ സംരംഭങ്ങളിൽ ക്രഷെയും - മൂത്രപ്പുരകളും പ്രത്യേകം നിർമ്മിക്കണം.
3. സ്ത്രീകൾക്ക് വ്യവസായമേഖലയിൽ തൊഴിൽ സംവരണം വേണം. വനിതകൾക്ക് വ്യവസായ'ങ്ങൾ ആരംഭിക്കാൻ പ്രത്യേകം സാമ്പത്തികസഹായം നല്കണം.
4. ഗ്രാമപഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങളും വ്യവസായയൂനിറ്റുകളും ആരംഭിക്കണം.
5. ഇറച്ചിക്കോഴി, മുട്ടക്കോഴി, അലങ്കാരതയ്യൽ, കരകൗശലവസ്തു നിർമ്മാണം, ഉദ്യാനകൃഷി (കുറ്റിമുല്ല; ഓർക്കിഡ്) അച്ചാർനിർമ്മാണം, സോപ്പ് പപ്പടം, മെഴുകുതിരി എന്നീ വ്യവസായയൂനിറ്റുകൾ ആരംഭിക്കാൻല സഹകരണസംഘങ്ങൾ രൂപീകരിക്കണം.
6. ബാലവാടി അംഗൻവാടി ജീവനക്കാരുടെ വേതനവും പദവിയും ഉയർത്തണം.
7. തൊഴിലുപകരണങ്ങൾ വാങ്ങാനും, തൊഴിലുപകരണങ്ങൾ റിപ്പയർചെയ്യാനും ഉദാരവ്യവസ്ഥയിൽ സാമ്പത്തികസഹായം ലഭ്യമാക്കണം.
8. അഭ്യസ്ഥവിദ്യരായ അനേകം യുവതികൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ഇവർക്ക് ആധുനിക ഇലക്ട്രോണിക് രംഗത്ത് പരിശീലനം നല്കണം. ഇലക്ട്രോണിക് അസംബ്ളിംങ്ങ്, ഗൃഹോപകരണറിപ്പയറിംഗ്, കളിക്കോപ്പ് നിർമ്മാണം എന്നിവ ആരംഭിക്കാം.

സാമൂഹ്യ-സാംസ്ക്കാരിക തൊഴിൽമേഖലകളിൽ കാര്യമായ സംഭാവന നല്കാതെ ഗൃഹസ്ഥജീവിതം നയിക്കുന്ന സ്ത്രീജനങ്ങളെ ഉദ്ധരിക്കാൻ മേൽകാണിച്ച നിർദ്ദേശങ്ങൾക്ക് കഴിയുമെന്ന് പ്രത്യാശിയ്ക്കാം.



സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമമേഖലയിൽ കേരളത്തിന്റെ മുന്നേറ്റം വികസിതരാജ്യങ്ങളെ കവച്ചു വെക്കുന്നതാണ്. ജീവിതഗുണമേൻമയിൽ കേരളം കൈവരിച്ച നേട്ടങ്ങളാണ് ''കേരളവികസനമാതൃക'' എന്ന ആശയത്തിലേക്ക് നയിച്ചത്. ഏറിയും കുറഞ്ഞും പല മേഖലകളിലായി സാമൂഹ്യക്ഷേമ പദ്ധതികൾ ഈ പഞ്ചായത്തിലും നടപ്പിലായിട്ടുണ്ട്.

ദാരിദ്രരേഖക്ക് താഴെയുള്ള ഗ്രാമീണജനതയെ ഉദ്ധരിക്കാനുള്ള വിവിധപദ്ധതികൾ നമ്മുടെ പഞ്ചായത്തിലും ലഭിക്കുന്നുണ്ട്. സംഘടിത-അസംഘടിതമേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ഇത്തരം പദ്ധതികൾ സംസ്ഥാനകേന്ദ്രസർക്കാറുകളുടെ പൂർണ്ണനിയന്ത്രണത്തിലാണ് തൊഴിലാളി -തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ പദ്ധതികൾ കെട്ടിടനിർമ്മാണരംഗത്തും കാണാം.

സമൂഹത്തിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതിവർഗ്ഗങ്ങളുടെ ക്ഷേമത്തിനും വനിതകളുടെ പുരോഗതിക്കും വേണ്ടി യഥാക്രമം പട്ടികജാതി ക്ഷേമവകുപ്പും വനിതാവികസനകോർപ്പറേഷനും പ്രവർത്തിക്കുന്നു.

ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കിയുള്ള IRDP പദ്ധതിക്കാണ് ഇതിൽ മുൻതൂക്കം. മറ്റുപദ്ധതികൾ പഞ്ചായത്തിലെ ജനതക്ക് നാമമാത്രമായ സഹായസഹകരണങ്ങളേ നൽകുന്നുള്ളു.

വിവിധ പദ്ധതി സംബന്ധിച്ച ബോധമില്ലായ്മ അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാനുള്ള കാലതാമസം, അർഹതപ്പെട്ടവർക്ക് സഹായം ലഭിക്കാനുള്ള താമസം, സാങ്കേതികത്വം നിറഞ്ഞ നിബന്ധനകൾ സഹായം നൽകാൻ ബാങ്കുകൾ കാണിക്കുന്ന താല്പര്യമില്ലായ്മ ഇവയെല്ലാം പരാമർശവിധേയമാക്കേണ്ടിയിരിക്കുന്നു.

കെട്ടിടനിർമ്മാണരംഗത്തെ തൊഴിലാളി മാത്രമാണ് തൊഴിലാളി-തൊഴിലുടമ സഹകരണമുള്ള ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടുള്ളത്. ഇവരിൽ പകുതിയിലധികം പേരും ഈ പദ്ധതിയെക്കുറിച്ച് അജ്ഞരോ പ്രവർത്തനം സംബന്ധിച്ച് സംശയം ഉള്ളവരോ ആണ്. കർഷകത്തൊഴിലാളികൾ ഉൾപ്പെടെ മറ്റു വിഭാഗങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്തുകയും പദ്ധതിയുടെ ഗുണദോഷങ്ങളെ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുകയും വേണം.

പട്ടികജാതിക്കാർക്കായുള്ള ക്ഷേമപദ്ധതികൾ പലതുണ്ടെങ്കിലും ഇവയെല്ലാം ലഭിക്കുന്നതിന് ഇതിന്റെ മുഖ്യ ഓഫീസ് പാലക്കാട് സ്ഥിതിചെയ്യുന്നതാണ് ഒരു കാരണം. രണ്ടാമതായി പട്ടികജാതി ജനസംഖ്യ പഞ്ചായത്തിൽ കുറവായതിനാൽ പല ക്ഷേമപദ്ധതികൾക്കും പഞ്ചായത്തിനെ തെരഞ്ഞെടുക്കാൻ കഴിയുന്നില്ല. പൊതുരംഗത്തുള്ള പ്രവർത്തകർക്ക് പോലും ഈ വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവില്ല.

കൊണ്ടോട്ടി ബ്ലോക്കിനു കീഴിൽ ചെറുകാവ് പഞ്ചായത്തിന് രണ്ട് VEO മാരാണ് ഉള്ളത്. ഇതിൽ ഒരാൾക്ക് ചെറുകാവ് സർക്കിളും മറ്റൊരാൾക്ക് പേങ്ങാട് സർക്കിളുമാണ്. ഇവരിൽനിന്നും ലഭിച്ച കണക്കുകൾമാത്രം അവലംബിച്ചാൽ ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച വ്യക്തമായ ചിത്രം ലഭിക്കുകയില്ല. മറിച്ച് ഉപഭോക്താക്കളിൽനിന്നും വിവരങ്ങൾ ശേഖരിക്കുക സമയക്കുറവുമൂലം വിഷമമാണ്.

1992ലെ IRDP സർവ്വേയിൽ 1204 കുടുംബങ്ങളും അഡീഷണൽസർവ്വേയിൽ 96 കുടുംബങ്ങളും ഉൾപ്പെടെ 1300 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളതായി കണ്ടെത്തുകയുണ്ടായി. ഈ കുടുംബാംഗങ്ങൾക്കായി, 320,000 രൂപ വായ്പയും 1,60,000 രൂപ സബ്സിഡിയുമായി മൊത്തം 4,80,000 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിലെ പെരിമ്പലത്ത് പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് ഈ സംഖ്യകൾ വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

IRDP പദ്ധതിപ്രകാരം ലഭ്യമാക്കിയ സഹായ

ലഭ്യതാകണക്ക്

1992ലെ IRDP സർവ്വെയിലൂടെ വെളിവാക്കപ്പെട്ട കുടുംബാഗംങ്ങളിൽ പലരും ദാരിദ്ര്യ രേഖക്ക് താഴെ ആണെങ്കിലും ഇവരെ തുടർന്ന് നടത്തിയ സർവ്വെയിൽ ദാരിദ്ര്യരേഖക്ക് മുകളിലായാണ് സർവ്വെ ചെയ്തത്. അതിനാൽ ഇപ്പോൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം യഥാർത്ഥത്തിലുള്ളതിലും വളരെ കുറവാണ് എന്ന സത്യം നാം മനസ്സിലാക്കണം. യഥാർത്ഥത്തിൽ ദാരിദ്ര്യരേഖക്ക് നൽകുന്ന നിർവ്വചനത്തിൽ കാലോചിതമായ മാറ്റം അനിവാര്യമാണ്. അല്ലെങ്കിൽ കടലാസ്സിൽമാത്രം ഒതുങ്ങുന്ന സാമ്പത്തിക വികസനമാകും ഫലം.

IRDP സ്കീം വായ്പ അതനുവദിക്കുന്നതിൽ ദേശസാൽകൃതബാങ്കുകൾ കുറ്റകരമായ അനാസ്ഥ കാണിക്കുന്നു. എന്നാണ് ഗുണഭോക്താക്കളിൽനിന്നും മനസ്സിലാവുന്നത്. അതിനാൽ ഇത്തരം ലോണുകളുടെ കാര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വളരെയധികം സഹായിക്കാനാകും. ഇത്തരം സ്കീമുകൾ പ്രാഥമികസഹകരണസംഘങ്ങൾക്ക് വളരെയധികം സഹായിക്കാനാകും. ഇത്തരം സ്കീമുകൾ പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ നൽകിയാൽ സംഘങ്ങളും രക്ഷപ്പെടും. ഗുണഭോക്താക്കൾക്കും ഫലം ലഭിക്കും.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള സംരംഭമാണ് DWCRA. പത്തോ അതിലധികമോ സ്ത്രീകൾ ചേർന്ന് നടത്തുന്ന ഇത്തരം സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിലും നാമമാത്രമായെങ്കിലും പ്രവർത്തിക്കുന്നുണ്ട് ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

DWCRA പദ്ധതിപ്രകാരം സഹായം ലഭിച്ചതിന്റെ കണക്ക് പട്ടികയിൽ കാണാം.

വർഷം	സ്കീമുകളുടെ എണ്ണം	സബ്സിഡി	റിവോൾവിങ് ഫണ്ട്	വായ്പ
1989-90	10	20,000	-	20,000
90-91	-	-	-	-
91-92	10	48,500	15200	48500
92-93	10	26750	15200	26750
93-94	-	-	-	
94-95	10	75,000	15,200	75,000
95-96	-	-	-	-
	40	1,70250	45,600	1,70,250

ഇതിൽ 3-ാം വാർഡിൽ അനുവദിച്ച അവിൽ, കായവറുത്തത്, അച്ചാർനിർമ്മാണം എന്നിവയിലായി 10 അംഗങ്ങൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇന്ന് അത് പ്രവർത്തനത്തിലില്ല.

V, VI വാർഡുകളിൽ 1992-93ൽ 10 പേർക്ക് ആടുവളർത്തൽ, പായ നെയ്ത്ത് എന്നിവക്കായി സഹായം കൊടുത്തെങ്കിലും ഇന്ന് അത് ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ.

VI-ാംവാർഡിലെ 10 പേരുടെ പശുവളർത്തൽ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

IV-ാം വാർഡിലെ 1991-92ൽ 10 പേർ ചേർന്ന് ഒരു ഗ്രൂപ്പ് ഉണ്ടാക്കിയെങ്കിലും ഇതും പ്രവർത്തനരഹിതമാണ്.

പഞ്ചായത്തിൽ DWCRAയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ലെന്ന് മേൽ സൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നു. അതിനാൽ ധാരാളം വനിതായൂണിറ്റുകൾ തുടങ്ങാൻ സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ ഗ്രാമസേവകർ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം.

ട്രൈസം

ഗ്രാമീണയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണല്ലോ TRYSEM ഈ പദ്ധതി മുഖാന്തിരം പഞ്ചായത്തിൽ പരിശീലനം ലഭിച്ചവർ ആകെ 10 ആണ്. ഇതിൽ ഒരാൾ പോലും സ്വയം തൊഴിൽ സ്വീകരിച്ചിട്ടില്ല.

അതിനാൽ ഈ പരിശീലനം ഒരു പാഴ്വേലയാണെന്ന് VEO മാർ നൽകിയ TRYSEM തൊഴിൽ പരിശീലനം നേടിയവരുടെ കണക്ക് പട്ടികയിൽ സൂചിപ്പിക്കുന്നു.

രൂപയുടെ തൊഴിലുപകരണങ്ങൾ വിതരണം ചെയ്തതായി കണക്കുകൾ കാണിക്കുന്നു. ടൂൾ കിറ്റിന്നു് അനേകം പേർ അപേക്ഷിക്കാൻ താൽപര്യം കാണിക്കുന്നു എന്ന് ഗ്രാമസഭാറിപ്പോ

വാർഡ്	പരിശീലന വിഷയം	പരിശീലനം ലഭിച്ചവരുടെ എണ്ണം	ഇതരതൊഴിൽ സ്വീകരിച്ചവർ	സ്വയംതൊഴിൽ കണ്ടെത്തിയവർ	അവശേഷിച്ചവർ
III	പ്രിൻറിംഗ്	1	1	-	-
IV	കമ്പോസിങ്	3	3	-	-
VI	ടൈലറിംഗ്	1	1	-	-
VII	പ്രിൻറിംഗ്	1	1	-	-
X	പ്രിൻറിംഗ്	1	1	-	-
IV	ബൈൻഡിങ്	2	2	-	
	കമ്പോസിങ്	1	1	-	
ആകെ		10	10	10	

മേൽസൂചിപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിയുടെയും അഭിരുചിക്ക് അനുസരിച്ചുള്ള തൊഴിൽ പരിശീലനമല്ല നല്കുന്നത് എന്നത് വ്യക്തമാണ് കൂടാതെ പരിശീലനം ലഭിച്ചവർക്ക് സാമ്പത്തികസഹായം നല്കാനും പുതിയ തൊഴിൽസംരംഭങ്ങൾ തുടങ്ങാനും താൽപര്യമെടുത്തു കാണുന്നില്ല. ട്രൈസംപരിശീലനത്തിന് തിരഞ്ഞെടുക്കുമ്പോൾ വ്യാപകമായ പ്രചരണം ആവശ്യമാണ്. VEO മാർ അവരുടെ ഓഫീസ്സുകളിൽ മാത്രം ഒതുങ്ങാതെ ജനങ്ങൾക്കിടയിൽ ആഴ്ചയിൽ ചില നിശ്ചിതദിവസങ്ങളിൽ എങ്കിലും വാർഡ് തലത്തിൽ സന്ദർശനം നടത്തണ്. ട്രൈസം പരിശീലനത്തിന്ന് ഇന്നുള്ള സ്റ്റൈപ്പൻറ് വർദ്ധിപ്പിക്കുകയാണെങ്കിൽ ധാരാളം പേരെ ഇതിലേക്കാകർഷിക്കാം. സന്നദ്ധസംഘടനാപ്രവർത്തകരുടെ സഹകരണത്തോടെ പുതിയ ഗുണഭോക്താക്കളെയും കണ്ടെത്തണം. കഴിഞ്ഞ അഞ്ചു വർഷക്കാലം പരിശീലനം കിട്ടിയവരുടെ എണ്ണം 10 ആണ് എന്ന് പറയുമ്പോൾ പരിശീലനത്തിന്റെ തിരഞ്ഞെടുപ്പിലോ-പരിശീലനത്തിലോ കാര്യമായ എന്തോ തകറാറു് ഉണ്ട് എന്ന് വ്യക്തമാകും.

ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പഞ്ചായത്തിലെ 4 കൈതൊഴിലുകാർക്കു് 8000 ർട്ടുകളിലൂടെ അറിയാൻ കഴിഞ്ഞു. എന്നാൽ ഇതിനെ കുറിച്ച് ഇവരുടെ ഇടയിൽ കാര്യമായ ബോധവൽക്കരണം നടന്നിട്ടില്ല.

ദാരിദ്ര്യരേഖക്കു് താഴെയുള്ള ദരിദ്രരെ സഹായിക്കുന്ന കക്കൂസ് നിർമ്മാണപദ്ധതിയാണ് CRSP. 1992-96 കാലയളവിൽ പഞ്ചായത്തിൽ 40 കക്കൂസുകളാണ് പൂർത്തീകരിച്ചത്. യഥാർത്ഥത്തിൽ പഞ്ചായത്തിലാകെ 1204 വീടുകളാണ് കക്കൂസുകൾ ഇല്ലാത്തതായി IRDP സർവ്വേയിലൂടെ കണ്ടെത്തിയത്. ഇതിൽ തന്നെ ഇനിയും 1164 എണ്ണം പണികഴിപ്പിക്കേണ്ടതുണ്ട്.

ഗ്രാമീണജനതയെ സംബന്ധിച്ച് അവരുടെ ഏറ്റവും വലിയ അഭയ കേന്ദ്രങ്ങളാണ് വില്ലേജ് ഓഫീസ്സുകൾ. പഞ്ചായത്ത് തലത്തിൽ നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളെ വിവാഹം ചെയ്യിക്കുന്നതിന്നു് വിവാഹധനസഹായം നൽകുന്നുണ്ട്. അത്പോലെ സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂവകുപ്പ് പലവിധപെൻഷനുകളും നൽകി സഹായിക്കുന്നു. യഥാർത്ഥത്തിൽ അർഹരായ ചിലർ തഴയപ്പെടുകയും അനർഹരായകുറേ ആളുകൾ അനുകൂല്യങ്ങൾ കൈപറ്റുന്നതായും ഈ രംഗത്ത് പരാതിയുണ്ട്. അത് കൊണ്ട് തന്നെ ക്ഷേമപദ്ധതികളുടെ വിതരണം സംബന്ധിച്ച് ആഴത്തിലുള്ള വിലയിരുത്തലുകൾ ആവശ്യമാണ്.

വില നിലവാരവും മറ്റുപ്രയാസങ്ങൾ മൂലവും നരക ജീവിതം നയിക്കുന്ന ദുർബല വിഭാഗങ്ങൾക്ക് സമയത്തിന്നുകൃത്യമായി പെൻഷനുകൾ ലഭിക്കുന്നില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. അർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നില്ല എന്നും പതിനൊന്ന് ഗ്രാമസഭകളിൽ നിന്നും പരാതിവന്നിട്ടുണ്ട്. അതിനാൽ ബന്ധപ്പെട്ട അധികൃതർ ഈ പ്രശ്നം ഗൗരവമായി പരിശോധിക്കുകയും എത്രയും പെട്ടെന്ന് ഇവ ലഭ്യമാക്കാൻ ശ്രമം നടത്തുകയും വേണം. മറ്റു പല പദ്ധതികളും പോലെ ഇതിന്റെ ചുമതലയും ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുന്നത് ആശ്വാസകരമാകും.

കർഷകതൊഴിലാളിപെൻഷൻ

കർഷകതൊഴിലാളിപെൻഷൻ സംബന്ധിച്ച് ധാരാളം പരാതികളാണ് ഗ്രാമസഭയിലൂടെ ഉയർന്നുവന്നിട്ടുള്ളത്. അർഹരായ ധാരാളംപേർക്ക് നിസ്സാരകാരണങ്ങൾ പറഞ്ഞ് പെൻഷൻ തടയുമ്പോൾ തന്നെ ധാരാളം അനർഹർ ഇവ വാങ്ങുകയും ചെയ്യുന്നു. പെൻഷൻ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് ഗ്രാമപഞ്ചായത്താവണം. കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കണം എന്നീ ആവശ്യങ്ങളും ഉയർന്നിട്ടുണ്ട്.

	ചെറുകാവ്	വാഴയൂർ
1992-93	142	142
93-94	154	123
94-95	150	106
94-95	140	105

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനം കൈപറ്റുന്ന ധാരാളം ഗുണഭോക്താക്കൾ ചെറുകാവിലുണ്ട്. ഇവരിൽ നല്ലൊരു പങ്കും ഇതിന്ന് അർഹതയില്ലാത്ത മറ്റ് അസംഘടിത മേഖലയിലെ തൊഴിലാളികളാണ്. ഇവരുടെ യഥാർത്ഥ കണക്ക് ഇവിടെ സൂചിപ്പിക്കുക പ്രയാസമാണെങ്കിലും ഇത് വസ്തുതയായി നിലനില്ക്കുന്നു.

ചെറുകാവ് വില്ലേജിൽനിന്ന് 140ഉം വാഴയൂർ വില്ലേജിൽനിന്നും 50 പേരും അടക്കം 190 പേർ തൊഴിലില്ലായ്മ വേതനം പറ്റുന്നവരാണ്. എംപ്ലോയ്മെൻറ് എക്സേഞ്ചുകളിലെ കണക്കുകൾ വ്യക്തമാക്കുന്നു.

വിധവാപെൻഷൻ

ഭർത്താവ് മരിച്ച നിരാലംബരായ വനിതക

വാർഡ്	കക്കൂസ് ഇല്ലാത്തവീട്	വിവിധപദ്ധതികളിലായി അനുവദിച്ച കക്കൂസ്	പൂർത്തീകരിച്ചവ	ഇനിയും വേണ്ടവ
1	133	-	-	133
2	71	2	2	69
3	83	-	-	83
4	116	12	12	104
5	109	2	2	107
6	149	1	1	148
7	140	15	15	125
8	111	-	-	111
9	124	8	8	116
10	87	-	-	87
11	81	-	-	81
Total	1204	40	40	1164

ളെ സഹായിക്കുന്ന പദ്ധതിയാണ് വിധവാപെൻഷൻ. ഈ പദ്ധതി അനുസരിച്ച് പഞ്ചായത്തിൽ ആകെ 42 പേർക്കാണ് സഹായം ലഭിക്കുന്നത്. പെൻഷൻ കിട്ടാൻ ഇന്ന് ധാരാളം കടമ്പകൾ കടക്കേണ്ടിയിരിക്കുന്നു. അതിനാൽ അത്തരം നിബന്ധനകൾ ഉദാരമാക്കിയാലെ ഇതിന്റെ യഥാർത്ഥഗുണം ലഭിക്കൂ. നിയമങ്ങളുടെ നൂലാമാല ഭയന്ന് ധാരാളം പേർ ഇത്തരം ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാത്ത അവസ്ഥയും ഇന്നുണ്ട്.

വികലാംഗപെൻഷൻ

നമ്മുടെ പഞ്ചായത്തിൽ 8 പേർക്കാണ് ഇപ്പോൾ വികലാംഗപെൻഷൻ ലഭിക്കുന്നത്. ആകെ പഞ്ചായത്തിലുള്ള വികലാംഗരുടെ എണ്ണം 30 ആണ്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് കിട്ടാൻ ഇന്ന് വളരെ പ്രയാസമുണ്ട്. മഞ്ചേരിയിലെ ജില്ലാ ആശുപത്രിയിൽ എത്തിപ്പെടാൻ തന്നെ പലരും പ്രയാസപ്പെടുന്നു. സർട്ടിഫിക്കറ്റ് കിട്ടാനും വളരെ കാലതാമസം നേരിടുന്നു. വികലാംഗർക്ക് ഇന്ന് ക്ഷേമപദ്ധതികളെ കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്. ഏതെങ്കിലും റോട്ടറിക്ലബ്ബിന്റെയോ സന്നദ്ധസംഘടനകളുടെയോ സഹകരണത്തോടെ നിർബന്ധമായും ഒരു ക്യാമ്പ് പഞ്ചായത്ത് തലത്തിൽ നടത്തണം.

അംഗൻവാടികൾ

ചെറുകാവ്പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലായി ആകെ 16 അംഗൻവാടികൾ ഉണ്ട്. 1000 ജനസംഖ്യക്ക് ഒന്ന് എന്ന തോതിലാവുമ്പോൾ ഇനിയും 9 എണ്ണം നമ്മുടെ ആവശ്യമാണ്. നിലവിലുള്ളവയിൽ രണ്ടെണ്ണം ക്രഷ് ആയി പ്രവർത്തിക്കുന്നു. സാമൂഹ്യസേവനരംഗത്ത് മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന അംഗൻവാടികൾ അടിസ്ഥാനസൗകര്യങ്ങളുടെ

പഞ്ചായത്തിലെ അംഗൻവാടികളുടെ പൊതുവിവരണം താഴെ പട്ടികയിൽ

നമ്പർ	വാർഡ്	പേര്	കുട്ടികൾ			ബിൽഡിംഗ്	ഇല്ലാത്തവ ഉള്ളത്	കളിപ്പാട്ടം	സ്ഥലം
			M	F	T				
1	1	ചേലക്കാട്	27	31	58	✓		✓	✓
2	4	ചേവായൂർ	20	23	43		✓		
3	4	ചാലക്കൽപുറായ്	29	25	54	✓		✓	✓
4	2	പുത്തൂപ്പാടം	26	25	51		✓		
5	2	സിയാംകണ്ടം	21	23	44		✓		
6	3	കുവ്വയിൽ	15	20	45	✓			✓
7	4	വെണ്ണായൂർ	29	35	64	✓		✓	✓
8	5	കല്ലറകുന്ന്	30	25	55	✓		✓	✓
9	6	പേങ്ങാട്	34	32	66		✓		
10	7	മാണിയേടത്ത്പുറായ്	20	22	42		✓		✓
11	7	ദാനഗ്രാം	18	22	40	✓		✓	✓
12	8	പെരിങ്ങാവ്	31	33	64		✓		
13	9	കണ്ണംവെട്ടിക്കാവ്	18	19	37		✓		✓
14	10	പറവൂർ	30	38	68		✓		
15	11	ചെറാപ്പാടം	20	23	43		✓		✓
16	11	പുത്തൂപ്പാടം	20	22	42	✓			✓
			398	418	816				

അഭാവവും കുട്ടികളുടെ ബാഹുല്യവും കൊണ്ട് പ്രയാസം നേരിടുന്നവയാണ്. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവംമൂലം ജീവനക്കാരും രക്ഷിതാക്കളും ഒരുപോലെ നിരാശരും അസന്തുഷ്ടരുമാണ്. ഇത്മൂലം പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിൽ ആകൃഷ്ടരായി വളരെപേർ സമീപപ്രദേശങ്ങളിലെ "ഇംഗ്ലീഷ്" വിദ്യാലയങ്ങളിൽ ശരണം തേടുന്നു.

പൊതുപ്രയാസങ്ങൾ

1. കെട്ടിട നിർമ്മാണത്തിന്നാവശ്യമായ സ്ഥലമില്ല
2. സ്വന്തമായ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമില്ലായ്മ
3. കളിപ്പാട്ടങ്ങളുടെ അപര്യാപ്തത
4. രക്ഷിതാക്കളുടെ താല്പര്യക്കുറവ്
5. ജീവിക്കാനാവശ്യമായ വേതനം കിട്ടായ്ക. ജീവനക്കാരുടെ തുച്ഛമായ സേവനവേതന വ്യവസ്ഥ.
6. അധികജോലി സാദ്ധ്യത
7. ജോലി സ്ഥിരതയില്ലായ്മ.

വർക്കർ, ഹെൽപ്പർ എന്നീ രണ്ടുതരം തസ്തികകളാണ് അംഗൻവാടിയിലുള്ളത്. ഇവരുടെ പ്രവർത്തി സമയം 930 to 3.30 വരെയും പിന്നീടുള്ള സമയം ഗൃഹസന്ദർശനവുമാണ്. തുച്ഛമായി കിട്ടുന്ന വേതനഘടനയിൽ കാലോചിതമായ മാറ്റം വരുത്തണം. പ്രീപ്രൈമറി വിദ്യാഭ്യാസ രംഗത്തേക്ക് കൂടുതൽ പേരെ ആകർഷിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയാലെ മൊത്തത്തിലുള്ള വിദ്യാഭ്യാസപുരോഗതി കൈവരിക്കാൻ കഴിയൂ.

അംഗൻവാടികളുടെ ഇന്നത്തെ അവസ്ഥകൾ നിർബന്ധമായും മാറ്റം ആവശ്യമാണ്. താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നു.

1. ജീവനക്കാരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തി സേവനവേതനഘടന പുതുക്കുക. സ്വകാര്യപൊതു ഏജൻസികൾ മുഖാന്തിരമോ JRY പോലുള്ള ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കുക. അറ്റകുറ്റപണികൾ നടത്താൻ സംവിധാനമുണ്ടാക്കുക. മതിയായ കളിപ്പാട്ടങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. പോഷകാഹാരത്തിന്നുള്ള സംഖ്യയുടെ പരിധി ഉയർത്തുക.

ക്ഷേമനിധികൾ

കെട്ടിടനിർമ്മാണക്ഷേമനിധി

പഞ്ചായത്തിൽ തൊഴിലെടുക്കുന്നവരിൽ ഏതാണ്ട് 60%പേർ കെട്ടിടനിർമ്മാണതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഏതാണ്ട് 50% പേർ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ബാക്കിയുള്ളവരിൽ ബോധവൽക്കരണം അത്യാവശ്യമാണ്. കഠിനാദ്ധ്വാനികളായ ഇവർ 50-55 വയസ്സോടെ ജോലിയിൽനിന്നും പുറത്താവുന്നു. ഇവരുടെ പെൻഷൻപ്രായം 55 ആക്കുകയും കൂടുതൽ പേരെ ആകർഷിക്കാൻ സർക്കാർതലത്തിൽ ആവശ്യമായ പദ്ധതികളും പ്രചരണങ്ങളും അത്യാവശ്യമാണ്. പഠനം, വിവാഹം, മരണശേഷമുള്ള ആനുകൂല്യങ്ങൾ ഇവ ലഭിക്കുന്നതിന്നുള്ള കാലതാമസം ഒഴിവാക്കണം.

ആഭരണതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ മൊത്തം ജോലിക്കാരുടെ വളരെ ചുരുങ്ങിയ എണ്ണമാണ് ആഭരണനിർമ്മാണമേഖലയിൽ ജോലിചെയ്യുന്നത്. നാമമാത്രമായ അംഗങ്ങളെ ക്ഷേമനിധിയിൽ അംഗങ്ങളായുള്ളൂ. പഞ്ചായത്ത് കേന്ദ്രമായി ബോധവൽക്കരണം അത്യാവശ്യമാണ്. കൈതൊഴിലാളി, വിദഗ്ദതൊഴിലാളി ക്ഷേമനിധി, കൊല്ലന്മാർ, തെങ്ങുകയറ്റക്കാർ, തയ്യൽജോലിക്കാർ, ബാർബർമാർ, വാച്ച് സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ തുടങ്ങിയ വിഭാഗങ്ങൾക്കും വിവിധ ക്ഷേമനിധികൾ ഇന്ന് നിലവിലുണ്ട്. എണ്ണത്തിൽ വളരെ കുറവുള്ള ഇവരിൽ കുറച്ചുപേർ മാത്രമേ ക്ഷേമനിധിയിൽ ചേർന്നിട്ടുള്ളൂ.

പഞ്ചായത്ത്തലത്തിൽ സാമൂഹ്യക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാൻ പഞ്ചായത്ത്തല ഉദ്യോഗസ്ഥരും സന്നദ്ധസംഘടനകളും CBNP പ്രവർത്തകരുമടങ്ങുന്ന ഒരു സെൽ രൂപീകരിച്ചാൽ ഗൃഹസന്ദർശനങ്ങളിലൂടെയും അയൽകൂട്ട സമിതികളിലൂടെയും ഇത്തരം കാര്യങ്ങൾ ജനങ്ങളിലെത്തിക്കാൻ എളുപ്പമാകും. പെൻഷൻ അർഹതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കൽ, അപേക്ഷകൾ പരിശോധിക്കൽ എന്നിവയും ഈ സെല്ലുകളെ ഏൽപിച്ചാൽ നന്നായിരിക്കും.

പൊതുവിതരണം

ഗ്രാമീണരിൽ ഏതാണ്ട് 80%പേരും പൊതു

11 റേഷൻഷാപ്പുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെയും പലവ്യഞ്ജനങ്ങളുടെയും കണക്ക്

ഷാപ്പ് നമ്പർ	കാർഡുകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ)							മണ്ണെണ്ണ		
	NE	E	Total	മേജർ	മൈനർ	ആകെ	അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	ആകെ	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ് വഴി വിതരണം ചെയ്തത്	കാർഡ് വഴി വിതരണം ചെയ്തത്
84			350	1455	260	1715	243840	-	-	-	20580	-	35	4848	8232	
252	297	280	577	2971	652	3623	24000	10100	360	1800	-	37	5112	24540		
83	273	355	628	3104	886	3990	340512	17400	-	600	2100	-	-76	1365	710	
490	156	09	165	796	205	1901	74934	20831	602	2560	4141	-	-	5	270	6988
80	360	345	705	2828	843	3671	211952	311952	-	-	44052	-	-	69	9960	29880
486	76	92	168	806	233	1039	1845	-	-	-	400	-	-	3	404	560
81	165	209	374	1818	443	2261	21247214	135200	700	900	27132	-	-	20	2592	14916
264	346	227	573	2243	642	2885	61536	250	30	60	138	-	-	70	9156	21924
231	180	177	357	1988	590	2578	1560	1000	5	10	108	-	-	17	2088	12648
82	146	106	252	1246	394	1640	1560	260	52	70	-	-	5	60	11520	
396	228	199	427	1938	501	2439	2100	2100	-	-	117	-	-	33	4320	18516
	2227	1999	4576	21193	5649	27638	22311053	499093	1749	5982	119538	-	-	370	40175	150434

വിതരണ കേന്ദ്രങ്ങളെ ആശ്രയിച്ച് ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുന്നവരാണ്. 12 റേഷൻകടകളും പെരിയമ്പലത്ത് പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുമാണ് പഞ്ചായത്തിലുള്ളത്. മാവേലിസ്റ്റോർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായാണ് അറിവ്. ഉത്സവകാലങ്ങളിലെങ്കിലും വിലപിടിച്ചു നിർത്തുന്നതിൽ ഈ സ്റ്റോറുകൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഈ സ്റ്റോറിന്റെ ശാഖകൾ തുടങ്ങുന്നത് ഗ്രാമീണർക്ക് വളരെ ആശ്വാസപ്രദമായിരിക്കും. ആഘോഷകാലങ്ങളിൽ ചെറുകാവ് പഞ്ചായത്ത് സഹകരണബാങ്ക് സഹകരണസ്റ്റോറുകൾ തുറന്ന് പ്രവർത്തിച്ചിരുന്നു. എന്നാൽ ഈയിടെയായി ഇത്തരം പ്രവർത്തനം കാണുന്നില്ല. പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ സഹകരണസംഘത്തിന്റെ കീഴിൽ മെച്ചപ്പെട്ട സ്റ്റോറുകളും ചന്തകളുംഗ സംഘടിപ്പിക്കണമെന്ന് ഗ്രാമസഭാചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്. പറ്റുമെങ്കിൽ പഞ്ചായത്ത് തലത്തിൽ ഒരു ഉപഭോക്തൃ സഹകരണസംഘം തുറന്നുപ്രവർത്തിപ്പിക്കുന്നതിനെ കുറിച്ച് കൂടുതൽ ചിന്തിക്കുകയും ചർച്ചകൾ സ്വരൂപിക്കുന്നതും നന്നായിരിക്കും.

റേഷൻഷാപ്പുകൾ

പൊതുവിതരണരംഗത്ത് റേഷൻഷാപ്പുകളുടെ പ്രാധാന്യം മേൽകണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. പക്ഷെ ഇവയിൽ പലതിന്റെയും പ്രവർത്തനം കാര്യക്ഷമമല്ല. പലതിലും വ്യാപകമായ ക്രമക്കേടുകൾ നിലനില്ക്കുന്നതായി സംശയിക്കുന്നു. റേഷൻഷാപ്പുകൾക്ക് മേൽപഞ്ചായത്തുകൾക്ക് ഒരു അധികാരം ഉണ്ടാവുന്നത് പരാതികൾ പരിഹരിക്കാൻ അല്പമെങ്കിലും സഹായിച്ചേക്കും.


റേഷൻകാർഡുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ പൊതുജനങ്ങൾക്ക് ഇനിയും അവശേഷിക്കുന്നുണ്ട്. ഇവയുടെ പരിഹാരമെന്നോണം പഞ്ചായത്ത്തലത്തിൽ അദാലത്തുകൾ ഏർപ്പെടുത്താവുന്നതാണ്.

താലൂക്ക്സപ്ലൈ ഓഫീസുകളെ കുറിച്ചും ജനങ്ങൾക്ക് ധാരാളം പരാതികളുണ്ട്. ഇവയുടെ പ്രവർത്തനം മോണിറ്ററിങ്ങ് നടത്തുന്നതിന് ജനങ്ങൾക്കുകൂടി അവസരം നൽകുന്ന ജനകീയ സമിതികൾ വേണം.

പുതിയ റേഷൻകാർഡുകൾ ലഭിക്കാൻ ഇന്ന് വളരെയധികം കാലതാമസം നേരിടുന്നുണ്ട്. അതിനാൽ അത്തരം കാര്യങ്ങൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാനുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

പൊതുവിതരണരംഗത്ത് ഏറ്റവും കൂടുതൽ കബളിപ്പിക്കപ്പെടുന്നത് സ്ത്രീകളും കുട്ടികളുമാണ്. അതിനാൽ ഉപഭോക്തൃസംരക്ഷണ നിയമത്തെ സംബന്ധിച്ച വ്യാപകമായ ബോധവൽക്കരണം എല്ലാ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടിയും വ്യാപകമായി പ്രചരിപ്പിക്കണം. കൂടാതെ സ്കൂൾ പാഠപുസ്തകങ്ങളിൽ ഇവകൾ ഉൾപ്പെടുത്തുകയും പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ഉപഭോക്തൃ സംരക്ഷണസമിതികൾ രൂപീകരിക്കുകയും വേണം.

സാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാരനിർദ്ദേശങ്ങൾ ഉന്നയിക്കുകയും ചെയ്യുമ്പോൾ അവഗണിക്കാനാവാത്ത ഒരു പ്രശ്നമാണ് - എത്രമാത്രം സ്ഥായിയാണ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ എന്നത്. കാർഷിക വ്യാവസായികമേഖലകളിലെ മുന്നേറ്റവുമായി ബന്ധപ്പെട്ടാവണം ഈ മേഖലയിലെ വളർച്ച കൊണ്ടുപോവേണ്ടത്.



സഹകരണം



അവിഭക്ത ചെറുകാവ് പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം 1964-ൽ ആരംഭിച്ചു. 1963-ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞശേഷം നിലവിൽവന്ന ഭരണസമിതി കർഷകരെ ഹുണ്ടിക പലിശക്കാരിൽനിന്നും രക്ഷിക്കുന്നതിന്നുവേണ്ടിയാണ് സഹകരണസംഘം രൂപീകരിക്കാൻ തീരുമാനിച്ചത്. കോ-ഓപറേറ്റീവ് ഇൻസ്പെക്ടർ ശ്രീമാൻ-വിക്രമൻ എന്നവരുടെ നേതൃത്വത്തിൽ കാരാട് പത്മാ എ.യു.പി.സ്കൂളിൽ വിപുലമായ ഒരുയോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽവെച്ച് ഇ. ബാലകൃഷ്ണപണിക്കർ കൺവീനറായി പതിനെട്ടംഗപ്രമോട്ടിങ്ങ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഓഹരിസംഖ്യ 5 രൂപയും പ്രവേശനഫീസ് 25 പൈസയും 5000രൂപയും പിരിച്ചുജില്ലാ ബാങ്കിൽ അടക്കാൻ തീരുമാനിച്ചു. പ്രസ്തുത പ്രവർത്തനത്തിൽ ടി.പി. വാസുവൈദ്യർ, ടി.കെ. ബാലകൃഷ്ണൻനായർ, എ.അബു, പി.പി. അബ്ദുൾഗഫൂർ മൗലവി, പി.ഡി. ബീരാൻകുട്ടി, ഭാസ്കരകുറുപ്പ്, ഇ. ബാലകൃഷ്ണപണിക്കർ, പി.വി. അഹമ്മദ്കോയ, ഇ.കെ. പരമേശ്വരൻനായർ, അമോത്ത് ശ്രീധരൻനായർ, പി. കൃഷ്ണൻകുട്ടിമാസ്റ്റർ, എച്ച്.കെ. ഗോപാലൻ, കെ.വി. ഗോവിന്ദവാരിയർ, പുരുഷോത്തമൻനായർ, അറമുഖൻ എന്ന ചിന്നപ്പൻ, തുടങ്ങിയവർ സഹകരിച്ചു. അഴിഞ്ഞിലം കേന്ദ്രമാക്കി 13-4-64-ന് ചെറുകാവ് സഹകരണബാങ്ക് ക്ലിപ്തം D 18898-ാം നമ്പറായി റജിസ്റ്റർ ചെയ്തു. 1964 മെയ് 31-ന് മെമ്പർമാരുടെ യോഗം അഴിഞ്ഞിലം AUP സ്കൂളിൽവെച്ച് ചേർന്നു. ആ യോഗത്തിൽ കോ-ഓപറേറ്റീവ് ഇൻസ്പക്ടർ, ജില്ലാബാങ്ക് മാനേജർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വെച്ച് ആദ്യത്തെ ഒമ്പതംഗ ഡയറക്ടർ ബോഡിനെ തിരഞ്ഞെടുത്തു. പ്രസിഡണ്ടായി ടി.പി. വാസുവൈദ്യരെയും, ഓണറ്റിസെക്രട്ടറിയായി ഭാസ്ക്കരകുറുപ്പിനെയും തിരഞ്ഞെടുത്തു. പി.ഡി. വീരാൻകുട്ടി, പി.വി. അഹമ്മദ്കോയ, സി. ഹുസൈൻഹാജി, ഇ.കെ. പരമേശ്വരൻനായർ, ഇ. ബാലകൃഷ്ണൻ പണിക്കർ, എ. അബു, ശ്രീകുമാരൻ ഏറാടി എന്നിവർ അംഗങ്ങളുമായി. പ്രാരംഭഘട്ടത്തിൽ ഇരുന്നൂറോളം മെമ്പർമാരുണ്ടായിരുന്നു. ഇതിന്റെ പ്രവർത്തനം ആരംഭത്തിൽ വളരെ കാര്യക്ഷമമായി നടന്നിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ മെമ്പർമാരുടെ സൗകര്യാർത്ഥം പെരിങ്ങാവ്, ഐക്കരപ്പടി, പെരിയമ്പലം, തുടങ്ങിയ സ്ഥലങ്ങളിൽ ക്യാമ്പ് സംഘടിപ്പിച്ചു വായ്പ നൽകുകയായിരുന്നു പതിവ്. കാർഷിക വായ്പക്കുപുറമെ കെട്ടുതെങ്ങുലോൺ, ഭവനനിർമ്മാണലോൺ, വസ്തുജാമ്യലോൺ തുടങ്ങിയവ നൽകിയിരുന്നു. അതിന്റെ പുറമെ റേഷൻഷാപ്പ്, വളംഡിപ്പോ, എന്നിവയും നടത്തിയിരുന്നു. 1970-വരെ നല്ലനിലയിൽ പ്രവർത്തനം നടന്നിരുന്നു.

ചെറുകാവ് പഞ്ചായത്ത് വിസ്തൃതിയിലും ജനസംഖ്യാപരമായും വലിയ പഞ്ചായത്തായിരുന്നതിനാൽ ഭരണസൗകര്യാർത്ഥം വിഭജിക്കപ്പെട്ടപ്പോൾ സഹകരണബാങ്ക് വാഴയൂർ പഞ്ചായത്തിലാവുകയും അതിന്റെ സഹായം ചെറുകാവ് പഞ്ചായത്തിൽ കിട്ടാതാവുകയും ചെയ്തപ്പോൾ 1980-ൽ ചെറുകാവ് പഞ്ചായത്തിൽ സഹകരണസംഘം രൂപീകരിക്കാൻ വേണ്ട പ്രാരംഭപ്രവർത്തനം കോ-ഓപറേറ്റീവ് ഇൻസ്പെക്ടർ ശ്രീ. മുഹമ്മദലിയുടെ നേതൃത്വത്തിൽ വെണ്ണായൂർ യു.പി.സ്കൂളിൽവെച്ച് ഒരു യോഗം ചേരുകയും വാസുവിനെ ചീഫ് പ്രമോട്ടറായി ഏഴംഗസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ടി.കെ. ബാലകൃഷ്ണൻനായർ, എ. അബു, ടി. പി. രവീന്ദ്രൻ, സി. രാധാകൃഷ്ണൻമാസ്റ്റർ, കെ. അപ്പുട്ടി, എ.പി. ഹുസൈൻ കുട്ടിമാസ്റ്റർ എന്നിവർ അംഗങ്ങളായിരുന്നു. സി. രാധാകൃഷ്ണൻമാസ്റ്റർ ഓണററി സെക്രട്ടറിയായി പ്രവർത്തിച്ചു. 10 രൂപപ്രകാരമുള്ള ഓഹരിപിരിച്ചു 5000 രൂപ ജില്ലാബാങ്കിൽ അടക്കാൻ തീരുമാനിച്ചു. നിലവിലുണ്ടായിരുന്ന ചെറുകാവ് സർവ്വീസ് സഹകരണബാങ്ക് വാഴയൂർ സർവ്വീസ്സഹകരണബാങ്കായി അംഗീകരിക്കുവാനും ചെറുകാവ് പഞ്ചായത്തിനെ അതിന്റെ അധികാരപരിധിയിൽ നിന്ന് ഒഴിവാക്കിതരുവാനും ആവശ്യപ്പെടാൻ തീരുമാനിച്ചു. എന്നാൽ പ്രസ്തുതബാങ്കിന്റെ ഭര

ണസമിതിയുടെ ഭാഗത്തുനിന്നും അനുകൂലമായ തീരുമാനം ഉണ്ടാവാത്തതിന്റെ അടിസ്ഥാനത്തിൽ കോ-ഓപറേറ്റീവ് ഇൻസ്പെക്ടർ മുഹമ്മദലിസാറിന്റെ നേതൃത്വത്തിൽ ചെറുകാവ് പഞ്ചായത്ത് അധികാരപരിധിയായും ഐക്കരപ്പടി കേന്ദ്രമായും ഒരു കാർഷിക സഹകരണസംഘം രൂപീകരിക്കാൻ മഞ്ചേരി അസി: റജിസ്ട്രാർക്ക് അപേക്ഷ നൽകുകയും ചെയ്തു. ആദ്യപ്രവർത്തനം ഫലവത്താകാത്തതിന്റെ ഫലമായി വീണ്ടും അപേക്ഷിക്കേണ്ടിവരികയും ചെയ്തു. പ്രസ്തുത പ്രവർത്തനത്തിൽ കുന്നത്ത് വാസു, എ. അബു, കുന്നത്ത് അപ്പുട്ടി, സി. രവീന്ദ്രൻ എന്നിവർ സ്തുത്യർഹമായ സേവനം നടത്തിയതിന്റെ ഭാഗമായി 1981 മെയ് 31-ന് ചെറുകാവ് സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ M 285 ആയി റജിസ്റ്റർ ചെയ്തു. 1981 ആഗസ്റ്റ് 30-ന് ഐക്കരപ്പടിസ്കൂളിൽ ചേർന്ന മെമ്പർമാരുടെ യോഗത്തിൽവെച്ച് 455 മെമ്പർമാർ അടങ്ങിയ ലിസ്റ്റ് വായിച്ചംഗീകരിച്ചു. കുന്നത്ത് വാസു പ്രസിഡണ്ടായി ഏഴംഗ ഭരണസമിതി ഭരണമേറ്റു. സി. രാധാകൃഷ്ണൻമാസ്റ്ററായിരുന്നു ഓണറിസെക്രട്ടറി. പ്രസ്തുത കമ്മറ്റിയുടെ കാലാവധിയായ മൂന്ന്മാസം കഴിയുന്നതിന്നു മുമ്പ് കാലാവധി നീട്ടിതരുവാൻ അപേക്ഷിച്ചെങ്കിലും സഹകരണഡിപ്പാർട്ട്മെൻറ് അപേക്ഷ പരിഗണിക്കാതെ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ചെയ്തു. ആദ്യത്തെ പെയ്ഡ് സെക്രട്ടറി എ.കെ. ഉണ്ണികൃഷ്ണനും അറ്റൻഡർ എ.കെ. കുഞ്ഞിമുഹമ്മദുമായിരുന്നു. കോടതിവിധി അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടക്കുകയും കുന്നത്ത് വാസു പ്രസിഡണ്ട് ആയി അഞ്ചംഗ ഭരണസമിതിനിലവിൽ വരികയും ചെയ്തു. എ. അബു, കള്ളിയിൽ അബ്ദുല്ല, കപ്പുറത്ത് ബാലൻ, എ. പി. ഹുസൈൻകുട്ടി മാസ്റ്റർ എന്നിവർ അംഗങ്ങളായിരുന്നു. പൂവന്നൂർ മരക്കാർ - നക്കോട്ടിൽ അഹമ്മദ് എന്നിവരും അംഗങ്ങളായിരുന്നു. ആ കാലഘട്ടത്തിൽ ഡപ്പോസിറ്റ് സ്വീകരിക്കുകയും കാർഷികലോൺ, കെട്ടുതെങ്ങ്ലോൺ, നൽകി ജനങ്ങളെ വിശ്വാസം ആർജ്ജിക്കുകയും ചെയ്തിരുന്നു. ഒരുകാലത്ത് ഓണച്ചന്തകൾ വളരെ വിപുലമായി നടത്തുകയും ചെയ്തിരുന്നു.

എന്നാൽ പിന്നീട് ഇലക്ഷനോടെ ഭരണസമിതി മാറുകയും എ. കമ്മദ് പ്രസിഡണ്ടായും മുഹമ്മദലി പത്തായക്കണ്ടി, പി.ഡി. വീരാൻകുട്ടി, എ. അബു, പി.ടി. ശിവശങ്കരൻ, പി. മരക്കാർ, പി.വി. മുഹമ്മദ്കുട്ടി എന്നിവർ അംഗങ്ങളായും ഭരണസമിതി നിലവിൽവരുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ബാങ്ക് കണ്ണംവെട്ടിക്കാവിലേക്ക് മാറ്റുകയും ചെയ്തു. മുൻകാലങ്ങളിലെപോലെ കാർഷിക വായ്പ, കെട്ടുതെങ്ങ്വായ്പ, കാർഷികേതരവായ്പ എന്നീ വായ്പകൾ നൽകിയിരുന്നു. ഡപ്പോസിറ്റ് സ്വീകരിക്കുകയും ചെയ്തിരുന്നു. പി.ഡി. വീരാൻകുട്ടി സാഹിബ് പ്രസിഡണ്ടായശേഷം ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെട്ടു. അധികൃതരുടെ സഹായത്തോടെ അവധി ബാക്കി പിരിച്ചെടുക്കുകയും ജില്ലാബാങ്കിന്റെ അവധി ബാക്കി ഒരു പരിധിവരെ ഒഴിവാക്കാനും സാധിച്ചു. ഇതിന്റെ ഫലമായി കുറച്ചുമെച്ചപ്പെട്ട രീതിയിൽ വായ്പകൾ നൽകാൻ കഴിഞ്ഞു. എന്നാൽ ഇപ്പോൾ കാർഷികലോൺ, ഗോൾഡ്ലോൺ നാമമാത്രമായി IRDP ലോണും മാത്രമാണ് നൽകുന്നത്. സെക്രട്ടറി, ക്ലാർക്ക് അറ്റൻഡർ എന്നീ മൂന്ന് ജീവനക്കാരാണുള്ളത്. ഒരു നിത്യപിരിവുകാരനുമുണ്ട്. 1993-94 കാലത്തെ ഓഡിറ്റ്പ്രകാരം ബാങ്ക് 10,55961.50 (പത്ത്ലക്ഷത്തി അൻപത്തിഅയ്യായിരത്തി തൊള്ളായിരത്തി അറുപത്തിഒന്ന് രൂപ അൻപത് പൈസ) നഷ്ടത്തിലാണെന്ന് കാണുന്നു. 93-94 വർഷത്തെ മാത്രംനഷ്ടം 1,25,000 രൂപയോളം വരും.

കാർഷിക മേഖലയിൽ അംഗങ്ങൾക്ക് വാഴ, പൂള എന്നിവക്ക് 3000രൂപ പ്രകാരം വായ്പ നൽകുന്നുണ്ട്. യഥാസമയം തിരിച്ചടവ് വരുന്നില്ല. അത്പോലെ ഗോൾഡ്ലോൺ ജില്ലാബാങ്കിന്റെ പണം ഉപയോഗിച്ചാണ് കൊടുക്കുന്നത്. സ്വന്തം ഫണ്ടില്ലാത്തതിനാലും യഥാസമയം ഗോൾഡ് ലോൺ തിരിച്ചടക്കാത്തതിനാൽ അവധി ബാക്കിയായി മാറുകയും ചെയ്യുന്നതിനാൽ ബാങ്ക് വർഷംതോറും ബാങ്ക് നഷ്ടത്തിലേക്ക് നീങ്ങുന്നു. ചിലവിന്നനുസരിച്ചുള്ള വരവ് ഉണ്ടാക്കാൻ സമഗ്രപദ്ധതി ഉണ്ടാക്കിയാൽ മാത്രമേ ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ.

സഹകരണബാങ്കിന്ന് ആവശ്യമായ സാമ്പത്തിക ഭദ്രതയില്ലാത്തതിനാൽ കർഷകർക്ക് ആവശ്യമായ സഹായംചെയ്യുവാൻ കഴിയുന്നില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഐക്കരപ്പടി അഗ്രിക്കൾച്ചറൽ ശാഖയും സൗത്ത്മലബാർ ഗ്രാമീണബാങ്കിന്റെ പുളിക്കൽ ശാഖയുമാണ് കർഷകർക്ക് ആവശ്യമായ സഹായം ഒരു പരിധിവരെ നൽകുന്നത്. മലപ്പുറം സഹകരണബാങ്കിന്റെ ഒരു ശാഖയും ഐക്കരപ്പടിയിൽ പ്രവ

ർത്തിക്കുന്നുണ്ട്. കാർഷികേതര വായ്പകൾ മാത്രമേ അവിടെനിന്ന് വിതരണംചെയ്യുന്നുള്ളൂ.

സഹകരണമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. വ്യക്തികളിൽ ഒതുങ്ങിനിൽക്കുന്നു എന്നതാണ് ഇതിന്നുകാരണം. ഉദാഹരണത്തിന്ന് ഈ പഞ്ചായത്തിലെ ക്ഷീരോൽപാദകവിതരണസഹകരണസംഘവും പേങ്ങാട്ട് പ്രവർത്തിക്കുന്ന ഹരിജൻ സഹകരണസംഘം, ദാനഗ്രാമിൽ പ്രവർത്തിക്കുന്ന ചെറുകാവ് പഞ്ചായത്ത് കല്ല്വെട്ട് തൊഴിലാളിവ്യവസായ സഹകരണസംഘം, ദാനഗ്രാം ജോയന്റ് ഫാമിങ്ങ് സഹകരണസംഘം, നവോദയമഹിളാ കുടിൽ വ്യവസായസഹകരണസംഘം തുടങ്ങിയവയും സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കികൊണ്ടാണ് പ്രവർത്തിപദത്തിൽ വന്നതെങ്കിലും ലക്ഷ്യപ്രാപ്തിയിലെത്തിയെന്ന് പറഞ്ഞുകൂടാ.

പദ്ധതികൾ

1. നഷ്ടത്തിൽനിന്നും നഷ്ടത്തിലേക്കു കുതിക്കുന്ന നമ്മുടെ സഹകരണബേങ്കിനെ നബാഡിന്റെയും ജില്ലാ ബേങ്കിന്റെയും സഹായത്തോടെ ഉദ്ധരിക്കാൻ സമഗ്രപദ്ധതി തയ്യാറാക്കുക.

2. എല്ലാ കർഷകരെയും അംഗങ്ങളാക്കി മൂലധനം വർദ്ധിപ്പിച്ച് കർഷകർക്ക് ആവശ്യമായ വായ്പനൽകുക.

3. നിക്ഷേപ സമാഹരണം വർദ്ധിപ്പിച്ച് ലാഭകരമായ തോതിൽ വായ്പകൾ വിതരണംചെയ്യുക. കൺസ്യൂമർ വായ്പ കച്ചവടവായ്പ, സ്വർണ്ണപണ്ടവായ്പ, സ്വത്തുപണയവായ്പ, ഭവന നിർമ്മാണവായ്പ, വിദ്യാഭ്യാസ വായ്പ തുടങ്ങിയവ വിതരണം ചെയ്യുക. വായ്പ മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.

4. അവധി ബാക്കി പിരിച്ചെടുക്കാൻ ജനസമ്പർക്കപരിപാടി സംഘടിപ്പിക്കുക. അതിനുപുറമെ സത്വരനിയമ നടപടികളും സംഘടിപ്പിക്കുകയും ചെയ്യുക.

5. ജില്ലാബേങ്കുകൾ നല്കുന്ന വായ്പമേൽ 4% മാർജിനെങ്കിലും പ്രാഥമികബേങ്കുകൾക്ക് കിട്ടത്തക്കവണ്ണം നിയമനിർമ്മാണം നടത്തുക.

6. സഹകരണബേങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങളോടുകൂടിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതിനനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പ തിട്ടപ്പെടുത്തുകയും ചെയ്യുക.

7. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷികവായ്പ വർഷാരംഭത്തിനുമുമ്പുതന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

8. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷനൽ ഫിനാൻസ് കൃത്യമായി അനുവദിച്ചുകിട്ടുന്നതിനുള്ള നടപടി എടുക്കുക.

9. സർക്കാരിൽനിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർതലത്തിലും ബേങ്കുതലത്തിലും ചെയ്യേണ്ടതാണ്.

10. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷികവായ്പയുടെ പരിധി ഉയർത്തേണ്ടതാണ്.

11. കൃഷിഭവനുകൾ മുഖേന കർഷകർക്ക് നല്കുന്ന കിണർകുഴിക്കാനും പമ്പ്സെറ്റ് വെക്കാനുമുള്ള മദ്ധ്യകാലവായ്പകൾ സഹകരണ ബാങ്കിനും വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാവണം.

12. IRDP വായ്പകൾ വിപുലമായ തോതിൽ വിതരണംചെയ്യാൻ സംവിധാനമുണ്ടാവണം.

13. വളവും കാർഷികോപകരണങ്ങളും വിതരണം ചെയ്യുന്നതിനും കർഷകരുടെ ഉൽപന്നങ്ങൾ സംഭരിക്കാനുമുള്ള സംവിധാനം ഉണ്ടാവണം. കൊപ്ര, കശുവണ്ടി തുടങ്ങിയവ

14. ബേങ്കിന്റെ സഹായം ചില വാർഡുകളിൽ കിട്ടുന്നില്ല എന്ന പരാതിയും, അതുപോലെ കേന്ദ്രം ഐക്കരപ്പടിയിലേക്ക് മാറ്റണമെന്ന ആവശ്യവും ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അതു കണ്ണംവെട്ടിക്കാവിൽ തന്നെ നിലനില്ക്കണമെന്ന ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്. ബ്രാഞ്ച് സിയാംകണ്ടം തുടങ്ങുവാനും ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

മദ്ധ്യകാലവായ്പ

കാർഷികമേഖലയിൽ 3 കൊല്ലം മുതൽ അഞ്ചുകൊല്ലംവരെ നടപ്പിലാക്കേണ്ട പദ്ധതികൾ സ്വരൂപിച്ച് കർഷകർക്ക് ആവശ്യമായ വായ്പകൾ നല്കാൻ സഹകരണബേങ്കുകൾ പദ്ധതികൾ തയ്യാറാക്കാൻ സംവിധാനമുണ്ടാവണം.

പട്ടിക - I കാർഷികവായ്പസംഘം

No.	പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	ഓഹരി മൂലധനം	കടം	നിക്ഷേപം	വ്യക്തി അംഗങ്ങൾ	വായ്പകൾ		പ്രവർത്തന മൂലധനം	നഷ്ടം	ജീവനക്കാർ		സർക്കാർ ഓഹരി	വായ്പ പരിധി
								കാർഷികം	കാർഷികേതരം			സ്ഥിരം	മറ്റ് ഇനം		
1	ചെറുകാവ് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം M 285	31-8-91	ചെറുകാവ് പഞ്ചായത്ത്	2,68,795	21,61,922	12,79,386	2851	AST 474831	NAST- 14100 IRDP- 3593 GOLD- 1548383	37,22,00	93-94 ഓഡിറ്റ് 10,55,961 രൂപ 50 പ	3	1	1,50,000	ജാമ്യം - 3000 സ്വന്തംജാമ്യം - 50000

ജില്ലാസഹകരണബേങ്ക്

നമ്പർ	പേര്	സ്ഥാപിതം	പരിധി	നിക്ഷേപം	കടം	വിവിധയിനം വായ്പകൾ		പലിശ	
						ഇനം	പരിധി	നിക്ഷേപം	വായ്പ
1	മലപ്പുറം ജില്ലാസഹരണ ബേങ്ക് ഐക്കരപ്പടി	31-7-81	ചെറുകാവ് പുളിക്കൽ	44,00,000	6,80,000	ഗോൾഡ്	40000	11 1/2% to 15%	18.5%
						ഭവനം	3 ലക്ഷം		
						വാഹനം	3,00,000		
						ഗൃഹോപകരണം	250000		

പാൽസൊസൈറ്റി

നമ്പർ	പേര്	പരിധി	സ്ഥാപിതം	പ്രവർത്തന മൂലധനം	ശേഖരിക്കുന്ന പാൽ	വില്പനക്കാർ	ജീവനക്കാർ	നഷ്ടം	പാൽ എടുക്കുന്നവില	വില്പന	മിൽമ സഹായം
	പുളിക്കൽ പരസ്പര സഹകരണ പാൽവിതരണ സംഘം	പുളിക്കൽ ചെറുകാവ് പഞ്ചായത്ത്	1-8-65	2395/-	25ലി.	ഇല്ല	ഇല്ല	93-94 ഓഡിറ്റ് 3159 രൂപ 86 പ	11/-	12/-	ഇല്ല

ഭവനവായ്പസംഘങ്ങൾ

	ക്രമ നമ്പർ	പേര്	പരിധി	പ്രവർത്തനം ആരംഭിച്ചത്	അംഗങ്ങൾ	ഓഹരി മൂലധനം	സർക്കാർ ഓഹരി	വായ്പ പരിധി	നിക്ഷേപം സ്വീകരിച്ചത്	വായ്പ ഇനം	വായ്പ	ചെറുകാവ് പഞ്ചായത്തിന് നല്കിയ വായ്പ		എണ്ണം	എസ്റ്റാബ്ലിഷ്മെന്റ്	കണ്ടിജൻസി
												സംഖ്യ	എണ്ണം			
	1	കൊണ്ടോട്ടി റൂറൽ കോ ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി	14 പഞ്ചായത്തുകൾ	23-6-95	1622	153456	3,30,000	3 ലക്ഷം	145128	ഭവനനിർമ്മാണ വായ്പ റിപ്പയർ, എക്സ്റ്റൻഷൻ	1,23,9878.50	1217600	39	3	120224	54394

ദീർഘകാലവായ്പ

കാർഷികമേഖലയിൽ ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് കർഷകർക്ക് ദീർഘകാല വായ്പകൾ നല്കുന്ന ഏറനാട് താലൂക്ക് കാർഷിക വികസനബേങ്കിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ മെച്ചപ്പെടുത്താൻ സംവിധാനമുണ്ടാവണം. പഞ്ചായത്തുകൾ തോറും വായ്പമേളകൾ സംഘടിപ്പിക്കണം.

ക്ഷീരവ്യവസായ സഹകരണസംഘം

കാർഷികമേഖലയുടെ വളർച്ചക്കും നമ്മുടെ പഞ്ചായത്തിലെ സാമ്പത്തികവും ആരോഗ്യപരവുമായ ഉന്നമനത്തിനുവേണ്ടി പുളിക്കൽ, ചെറുകാവ് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് 1965 ഓഗസ്റ്റ് 17-നു 30 അംഗങ്ങളുള്ള പുളിക്കൽ പരസ്പര സഹായപാൽവിതരണസംഘം രൂപീകൃതമായി. അതിന്റെ ആദ്യത്തെ പ്രസിഡൻറ് മായക്കര കാദർകോയയായിരുന്നു. പള്ളിയാളി മുഹമ്മദ് മാസ്റ്റർ, കറപ്പൻ, കുന്നത്ത് ദാമോദരൻ, പള്ളിയാളി അബ്ദുറഹിമാൻ മൗലവി പാണ്ടികശാല അബ്ദുൾ അലി എന്നിവരുടെ പ്രവർത്തനഫലമായി ആദ്യകാലത്ത് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഇപ്പോൾ കൂട്ടായ പ്രവർത്തനം നടക്കുന്നില്ല. 93-94 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 3159.36 രൂപ നഷ്ടത്തിലാണ്. പ്രവർത്തനമൂലധനം 2395 രൂപയാണുള്ളത്. പാൽ വിതരണസഹകരണസംഘമെന്ന നിലയിലുള്ളയാതൊരു പ്രവർത്തനവും നടക്കുന്നില്ല. ഇപ്പോൾ 7 അംഗങ്ങളുള്ള ഭരണസമിതിയുണ്ട്. പ്രസിഡൻറ് ജ. പി.എം. അബ്ദുള്ളയാണ്. സെക്രട്ടറിയില്ല.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള പുളിക്കൽ പരസ്പരസഹായപാൽവിതരണ സഹകരണസംഘത്തിന്റെ പരിധിയിൽ നിന്നും ചെറുകാവ് പഞ്ചായത്തിനെ ഒഴിവാക്കി മുന്നോ നാലോ വാർഡുകൾ കേന്ദ്രീകരിച്ച് മിൽമയുടെ സഹായത്തോടെ പുതിയ സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാൻ സംവിധാനം ഉണ്ടാവണം. എന്നാൽ മാത്രമെ നമ്മുടെ പഞ്ചായത്തിനാവശ്യമായ പാലും അതിന്റെ മറ്റുല്പന്നങ്ങളും നമ്മുടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിച്ച് സ്വയം പര്യാപ്തമാക്കാൻ സാധിക്കുകയുള്ളു. അതിനു പഴയകാലത്തെ സഹകാരികളെപോലെ സന്നദ്ധസ്വഭാവമുള്ള സഹകാരികളെ വളർത്തിയെടുത്താൽ മാത്രമെ സാധിക്കുകയുള്ളു.

2. കാലിത്തീറ്റ വിതരണത്തിനായി സംഘം സംവിധാനമുണ്ടാക്കണം. മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റക്ക് നികുതി ഒഴിവാക്കി സബ്സിഡി നല്കണം.

3. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് നല്കുന്നതിന് സംവിധാനം വേണം.

4. കന്നുകാലി സംരക്ഷണത്തിനു മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്താൻ സംവിധാനംവേണം.

5. ക്ഷീരവികസനത്തിനു ലഭിക്കുന്ന ധനസഹായം സംഘങ്ങൾമുഖേന നല്കാൻ സംവിധാനം വേണം.

6. പുൽകൃഷി വികസിപ്പിക്കുവാൻ വിത്തും വളവും നല്കുവാൻ സംഘം സംവിധാനമുണ്ടാക്കണം.

കയർസംഘങ്ങൾ

കയർസംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. കയർസംഘങ്ങൾ രൂപീകരിക്കുവാൻ ഗ്രാമസഭയിൽ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അത്തരം സംഘങ്ങൾ രൂപീകരിക്കുവാൻ സാധ്യതകൾ പരിഗണിച്ച് സംവിധാനം വേണം. പ്രസ്തുതസംഘങ്ങൾ രൂപീകരിച്ചാൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

കൺസ്യൂമർമേഖല

കൺസ്യൂമർ സഹകരണസംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. നിത്യോപയോഗസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുവാനും ഗുണമേന്മയുള്ള സാധനങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിനും വേണ്ടി സഹകരണബേങ്കിന്റെ കീഴിൽ പ്രധാനകേന്ദ്രങ്ങളിൽ സഹകരണമാവേലിസ്റ്റോർ ആരംഭിക്കുവാൻ സംവിധാനം ഉണ്ടാവണം.

ഹരിജൻ സഹകരണസംഘം

പഞ്ചായത്തിൽ മൂന്നുകൊല്ലത്തോളമായി പേങ്ങാട് കേന്ദ്രീകരിച്ച ഒരു ഹരിജൻ സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. അതിന്റെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ വിപുലീകരിക്കുവാനും കാര്യക്ഷമമാക്കുവാനും സംവിധാനം വേണം.

വനിത സഹകരണസംഘം

ഗ്രാമസഭയിൽ വനിതൾക്ക് കൂടുതൽ തൊഴിലവസകങ്ങൾ സൃഷ്ടിക്കത്തക്ക വിധത്തിൽ വനിതസഹകരണസംഘങ്ങൾ വാർഡുതോറും രൂപീകരിക്കാൻ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. വനിത സഹകരണസംഘങ്ങൾ മുഖേന റെഡി മെയ്ഡ് ഗാർമെൻറ് നിർമ്മാണം, അച്ചാർ, കറി പൗഡർ, നോട്ട്ബുക്ക്, ഫയൽ, മെറ്റൽ അടിക്കുന്ന യൂണിറ്റ്, പൂകൃഷിയൂണിറ്റ് മുതലായവ സംഘടിപ്പിക്കുക വഴി വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. സ്ത്രീകൾക്ക് സമ്പാദ്യശീലം വളർത്താനും സാമ്പത്തികഭദ്രത ഉണ്ടാക്കുവാനും സാധിക്കണം.

സ്കൂൾ സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൽ അത്യാവശ്യം നല്ല നിലയിൽ നടക്കുന്ന സഹകരണസ്ഥാപനങ്ങളാണ് സ്കൂൾ സഹകരണസംഘങ്ങൾ. പുളിക്കൽ ഹൈസ്കൂളിലും രാമനാട്ടുകരഹൈസ്കൂളിലും പെരിങ്ങാവ് യു.പി. സ്ക്കൂളിലും പേങ്ങാട് എ. എം.യു.പി. സ്കൂളിലുമാണ് സഹകരണസംഘങ്ങളുള്ളത്.

1. കണ്ണുംവെട്ടിക്കാവിലെ ചെറുകാവ് എ.എം. യു.പി. സ്കൂളിലും മറ്റു സാധ്യതയുള്ള സ്ക്കൂളുകളിലും സ്കൂൾ സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ സംവിധാനം വേണം.

2. രക്ഷാകർതൃസമിതിയെയും വിദ്യാർത്ഥികളെയും അംഗങ്ങളായികൂട്ടി കൂടുതൽ വികസിപ്പിക്കുവാൻ സംവിധാനം ഉണ്ടാവണം.

3. നിലവിലുള്ള സംഘങ്ങൾ പുസ്തകങ്ങൾ, വിദ്യാർത്ഥികൾക്കാവശ്യമുള്ള പഠനോപകരണങ്ങളും മാത്രമെ വിതരണം ചെയ്യുന്നുള്ളു. അതിനുപുറമെ യൂണിഫോറത്തിനുള്ള തുണിത്തരങ്ങൾ, സ്കൂൾ ബേഗ്, കുട, തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയാണെങ്കിൽ ഭാവിയിൽ ഒരാൾക്ക് ജോലി കൊടുക്കാനും സാധിക്കും. അതിനു നേതൃത്വം കൊടുക്കുന്ന അദ്ധ്യാപകന് അലവൻസ് കൊടുക്കാനും ഏർപ്പാടുണ്ടാക്കണം.

ലേബർ കോൺട്രാക്ട് സഹകരണസംഘം

അസംഘടിതതൊഴിൽ മേഖലയിൽ തൊഴിൽചെയ്യുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കുകയും പഞ്ചായത്ത് നേരിട്ടു നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും മറ്റു പ്രവർത്തനങ്ങളും ഏറ്റെടുത്തുനടത്താവുന്നതുമാണ്. അതിൽനിന്നുള്ള ലാഭം തൊഴിലാളികൾക്കുതന്നെ ലഭിക്കുകയും ചെയ്യും. നിർമ്മാണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനും സാധിക്കും.

കോഴിവളർത്തൽ സഹകരണസംഘം

കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഇറച്ചി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യ സംസ്ഥാനങ്ങളിലേക്കു ഒഴുകുകയാണ്. ഒരു കോഴിവളർത്തൽ സഹകരണസംഘം സ്ഥാപിക്കുകയും ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകൾതോറും ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനവും സാമ്പത്തികസഹായവും ലഭ്യമാക്കേണ്ടതാണ്.

ഖാദിവ്യവസായ സഹകരണസംഘം

മേൽപറഞ്ഞ തരത്തിലുള്ള സഹകരണസ്ഥാപനം പഞ്ചായത്തിൽ നിലവിലില്ല. സാധ്യതകൾക്കനുസരിച്ച് പഞ്ചായത്തിൽ അത്തരം സഹകരണസംഘങ്ങൾ രൂപീകരിക്കണം.

നാളികേര ഉല്പാദന, ശേഖരണ സംസ്ക്കരണ സഹകരണസംഘം

നാളികേരകൃഷിക്കാരെ സഹായിക്കാനും അവരുടെ ഉല്പന്നങ്ങൾ നല്ല വിലകിട്ടുന്നതിനും വേണ്ടി നാളികേര ഉല്പാദന, ശേഖരണ സംസ്ക്കരണ സഹകരണസംഘം രൂപീകരിക്കുവാൻ സാധിക്കണം.

പരമ്പരാഗതവ്യവസായ സഹകരണസംഘം

പരമ്പരാഗത കുടിൽവ്യവസായങ്ങളായ പായനെയ്ത്ത് കൊട്ട, ഓല മെടച്ചിൽ തുടങ്ങിയ പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം തൊ

ഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി പരമ്പരാഗത വ്യവസായസഹകരണ സംഘങ്ങൾ രൂപീകരിക്കണം.

ഭവനനിർമ്മാണസഹകരണസംഘം

പ്രസ്തുത സഹകരണസംഘം പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നില്ല. നമ്മുടെ പഞ്ചായത്ത് കുണ്ടോട്ടി റൂറൽ ഹൗസിങ്ങ് സൊസൈറ്റിയുടെ പരിധിയിലാണുള്ളത്. അവർക്ക് അവരുടെ പരിധിയിലുള്ള എല്ലാ പഞ്ചായത്തുകളിലെയും എല്ലാ ആവശ്യക്കാർക്കും വായ്പ നല്കുവാൻ സാധിക്കുന്നില്ല. അതിനുള്ള സാമ്പത്തികസഹായം സംഘങ്ങളിൽ നിന്നും ലഭിക്കുന്നില്ല. എന്നാൽ എല്ലാ ആവശ്യക്കാർക്കും വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം വേണം.

അതിനുപുറമെ ചെറുകാവ്, വാഴയൂർ, ചേലേമ്പ്ര എന്നീ പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി കാരാട് കേന്ദ്രീകരിച്ച് ഒരു ഭവനനിർമ്മാണസഹകരണ സംഘം രൂപീകരിച്ചിരുന്നെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ആ സ്ഥാപനം കാര്യക്ഷമമാക്കാൻ നടപടികളുണ്ടാവണം.

മേൽപ്രസ്താവിച്ച സഹകരണസ്ഥാപനങ്ങളെപറ്റി പഠിക്കുവാനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി പഞ്ചായത്തിലെ സഹകാരികളെയും വിദഗ്ദരെയും ഉൾകൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണവിദഗ്ദ സമിതി രൂപീകരിക്കുകയും സഹകരണസംഘങ്ങൾക്കാവശ്യമായി ഉപദേശങ്ങളും നിർദ്ദേശങ്ങളും സമിതി നല്കുകയും അവയുടെ പ്രവർത്തനം അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണരംഗത്തെ വിവിധമേഖലകളിലെ വളർച്ചക്കായി ചെറുകാവ് പഞ്ചായത്തിൽ സുമാർ 650 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. അത്രയും തുക മുതൽ മുടക്കുകവഴി സുമാർ 750 പേർക്ക് പ്രത്യക്ഷമായും 1000 പേർക്ക് പരോക്ഷമായും തൊഴിൽ നല്കുവാനും 6000 കുടുംബങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്താനും സാധിക്കുകയും ചെയ്യും.

മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഒരു വലിയപങ്ക് സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചവഴി സാധിക്കും.

ജനകീയ ആസൂത്രണപദ്ധതിയുടെ ഭാഗമായി 11 ഗ്രാമസഭകൾ സമർപ്പിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് സ്ഥലത്തെ സഹകാരികളുമായി ചർച്ചചെയ്തു ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയതാണ്.

സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ പ്രസ്താവിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുകവഴി ചെറുകാവ് പഞ്ചായത്തിലെ കാർഷികരംഗത്തു സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതും സാമ്പത്തികമേഖലയിൽ ഒരു കുതിച്ചുചാട്ടത്തിനു ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ സാധിക്കുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സാംസ്ക്കാരികവികസനത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ ചെറുകാവ് പഞ്ചായത്ത് സഹകരണരംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ചർച്ചയും തുടർപ്രവർത്തനവും ആവശ്യമാണ്.

വിഭവസമാഹരണം



നമ്മുടെ സംസ്ഥാനത്തെപ്പോലെ നമ്മുടെ പഞ്ചായത്തും ഗുരുതരമായ വികസനപ്രതിസന്ധി നേരിടുകയാണ്. അടുത്ത കാലംവരെ പഞ്ചായത്തിന്റെ ജനങ്ങളുടെ മുഖ്യവരുമാന മാർഗ്ഗമായ കൃഷി വർദ്ധിച്ചകൂലിച്ചെലവും, രാസവളവില വർദ്ധനവും കുറഞ്ഞ ഉല്പാദനക്ഷമതയും നേരിടുന്നു. കൂടുതൽ കൂടുതൽപേർ കൃഷി ഉപേക്ഷിച്ച് മറ്റ് മേഖലകളിൽ അഭയം തേടാൻ തുടങ്ങിയിരിക്കുന്നു. ഭക്ഷ്യവിളരീതിയ്ക്കു പകരം നാണ്യവിള ഉല്പാദനരീതിയിലേക്ക് അനുദിനം മാറിക്കൊണ്ടിരിക്കുന്നു. കൃഷിയിടങ്ങളെ പാർപ്പിട ആവശ്യങ്ങൾക്കുള്ള വില്പനച്ചരക്കാക്കിമാറ്റിക്കഴിഞ്ഞു. പഴയ കാലത്ത് ജൈവവളങ്ങളെമാത്രം ആശ്രയിച്ചിരുന്ന കർഷകർ പലരും ആവശ്യത്തിനു് ഇവ ലഭിക്കാതെ രാസവളങ്ങളെ ശരണം പ്രാപിയ്ക്കുന്നു. ഇത് തന്നെ ശാസ്ത്രീയമായ മണ്ണുപരിശോധന നടത്തിയോ നിർദ്ദേശിച്ച അനുപാതങ്ങളിലോ അല്ല ഉപയോഗിക്കുന്നത്. അതുകൊണ്ട് തന്നെ ഭൂമിയുടെ തനത് ഘടനനശിച്ച് സാവധാനം മരുഭൂമിയാകുന്ന അവസ്ഥ ഇന്നുണ്ട്. അതിനാൽ കാർഷിക രംഗത്തെ മുരടിപ്പ് പരിഹരിക്കാതെ ഈ മേഖലയിൽ വിഭവസമാഹരണം സാധ്യമല്ല.

മറ്റൊരു മുഖ്യമേഖലയാണ് വ്യവസായം. ആരംഭകാലത്ത് പരമ്പരാഗത കുടിൽ വ്യവസായങ്ങൾ തഴച്ച് വളർന്നിരുന്ന പഞ്ചായത്തിൽ ഇന്ന് ധാരാളം പുതിയ വ്യവസായ യൂനിറ്റുകൾ സ്ഥാപിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. പഞ്ചായത്തിലെ കാർഷിക വിഭവങ്ങളും അസംസ്കൃതവസ്തുക്കളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നും ഇല്ലാത്ത അവസ്ഥനിലനില്ക്കുന്നു. 25 ആയിരത്തിലധികം ജനങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമത്തിൽ ജനങ്ങളുടെ നിത്യോപയോഗവസ്തുക്കളിൽ ഉൾപ്പെടുന്ന വസ്തുക്കളൊന്നും തന്നെ ഉല്പാദിപ്പിക്കുന്നില്ല. എന്നവലിയ പോരായ്മയുണ്ട്. വ്യവസായ മേഖലയിലേക്ക് സന്തോഷപൂർവ്വം കടന്നു വരാൻ പുതിയ വ്യവസായ കുതുകികൾ താല്പര്യം കാണിക്കുന്നുണ്ടെങ്കിലും അവർക്ക് മതിയായ പ്രോത്സാഹനമോ, ഉപദേശനിർദ്ദേശങ്ങളോ സാമ്പത്തിക സ്ഥാപനങ്ങളുടെ പിന്തുണയോ കാര്യമായിലഭിക്കുന്നില്ല.

ഇന്നു് രംഗത്തുള്ള പലർക്കും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളുടെ നീണ്ടപട്ടിക തന്നെ നിരത്താനുണ്ട്. വ്യാവസായത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളിൽ ഒന്നായ ഗതാഗതം നമ്മുടെ പഞ്ചായത്തിൽ വികസിച്ചിട്ടില്ല. വ്യവസായ സ്ഥാപനങ്ങൾക്ക് ഒട്ടാകെആശ്രയിക്കാവുന്ന മാർഗ്ഗം റോഡാണ്. ഇവതന്നെ ശോചനീയാവസ്ഥയിലാണ്. മറ്റ് ഗതാഗതസൗകര്യങ്ങൾ നിലവിലില്ലതാനും. മുഖ്യവ്യവസായങ്ങളായ ഇഷ്ടിക, ചെരിപ്പ്, തടി, തീപ്പെട്ടി, ക്രഷർ എന്നിവയ്ക്കും അതാത് മേഖലയിലെ ഇന്ധനത്തിന്റെറയും അസംസ്കൃതവസ്തുക്കളുടേയും ക്ഷാമമുണ്ട്. പല തീപ്പെട്ടി കമ്പനികളും കടുപ്പം കുറഞ്ഞ മരം കിട്ടാത്തതിന്റെറ അഭാവത്തിൽ പൂട്ടുകയോ മറ്റ് വ്യവസായ യൂനിറ്റുകൾ ആക്കി മാറ്റുകയോ ചെയ്യപ്പെട്ടു. പരിസര-ജല, ശബ്ദ മലീനികരണങ്ങൾ സൃഷ്ടിക്കുന്നവയാണ് സ്റ്റോൺക്രഷർ കൂൾ ഡ്രിംഗ്സ് എന്നിവ ഇതിനെല്ലാം പുറമേ കുനിന്മേൽ കുരു എന്ന രീതിയിലാണ് വൈദ്യുതിരംഗത്തെ പ്രശ്നങ്ങൾ. വ്യവസായത്തിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനേകം കടമ്പകൾ കടക്കണം അവസാനം കണക്ഷൻ ലഭിച്ചാൽ തന്നെ കുറഞ്ഞ വോൾട്ടേജ് ലോഡ് ഷെഡിംഗ്, പവർകട്ട് തുടങ്ങിയ പ്രശ്നങ്ങൾ വേറെയും. ഇത്യാദികാരണങ്ങളാൽ പലരും ഈ രംഗത്തേക്ക് സ്വമേധയാ കടന്നുവരാൻ അറച്ചു നില്ക്കുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാതെ പുതിയവിഭവസമാഹരണത്തിന് വഴികളില്ല.

നമ്മുടെ സേവന തുറകളിൽ ഉൾപ്പെടുന്ന വിദ്യാഭ്യാസം ആരോഗ്യം, എന്നീ മേഖലകളുടെ അവസ്ഥയും ഒട്ടും വിഭിന്നമല്ല. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയാണ് പഞ്ചായത്തിലെ ഭൂരിഭാഗം സ്ക്കൂളും. ഒട്ടു മിക്കസ്ക്കൂളുക

ളിലും ബോധനനിലവാരം മോശമാണ്. അദ്ധ്യാപകരുടെ കുറവ് നേരിടുന്ന സ്വകാര്യ മേഖലാ ഹൈസ്ക്കൂൾ വരെയുണ്ട്. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ ഇൻസർവ്വീസ് കോഴ്സുകളോ, പഠനനിലവാരവും അക്കാദമികകാര്യങ്ങൾ സമയാസമയങ്ങളിൽ മോണിറ്ററിംഗ് നടത്താനുള്ള സംവിധാനമോ ഇന്നില്ല. വികലമായ പരീക്ഷാ സമ്പ്രദായവും മത്സരപരീക്ഷകളെ ഉന്നംവെച്ചുള്ള പഠന - ബോധനരീതികളും ഈ രംഗത്തെ വളർച്ച മന്ദീഭവിക്കാൻ ഇടവരുത്തിയിരിക്കുന്നു പഞ്ചായത്തിലെ സ്ക്കൂളുകൾ പൊതുവേ അനാകർഷകങ്ങളായതിനാൽ അസംതൃപ്തരായ രക്ഷിതാക്കൾ നഗരപ്രദേശങ്ങളിലെ സ്വകാര്യ സ്വാശ്രയവിദ്യാലയങ്ങളുടെ മാസ്മരിക വലയത്തിൽ അകപ്പെടാൻ ഇടവരുന്നു. മൊത്തത്തിൽ ഓരോ സ്ക്കൂളിലും വർഷത്തിൽ ഓരോ ഡിവിഷൻ എന്ന തോതിൽ കുറയുന്നത് പഞ്ചായത്തിന്റെ വിഭവശേഖരണത്തിന് സംഭവിക്കുന്ന വമ്പിച്ച ചോർച്ചയാണെന്ന സത്യം നാം ഓർത്തേ മതിയാകൂ.

ആരോഗ്യരംഗവും വളരെ മെച്ചപ്പെട്ടതാണെന്നു് നമുക്ക് അവകാശപ്പെടാൻ ആകില്ല. കാരണം പഞ്ചായത്തിന്റെ ഒരറ്റത്ത് പ്രവർത്തിക്കുന്ന ഗവ പ്രൈമറി ഹെൽത്ത് സെന്ററും മറ്റൊരു അറ്റത്ത് പ്രവർത്തിക്കുന്ന ഗവ ഹോമിയോ ഡിസ്പെൻസറിയും നല്ലൊരു ശതമാനം ആളുകൾക്കും പ്രയോജനപ്പെടാതെ പോകുന്നു. ഇവയുടെ പ്രവർത്തനം ജനങ്ങൾക്ക് വേണ്ടത്ര ലഭിക്കാത്തത് മൂലം പെരിയമ്പലത്തെ സ്വകാര്യ ആശുപത്രി, പുളിക്കൽ, കൊണ്ടോട്ടി രാമനാട്ടുകര എന്നിവിടങ്ങളിലെ സ്വകാര്യ ആശുപത്രികൾ എന്നിവയെയാണ് ജനങ്ങൾ ആശ്വാസ കേന്ദ്രങ്ങളായികാണുന്നത്. വളരെ കുറച്ചു പേർ ഐക്കരപ്പടി, കണ്ണംവെട്ടിക്കാവ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യക്ലിനിക്കുകളെ സമീപിക്കുന്നുള്ളു. ഇവയിൽ നിന്നെല്ലാം മനസ്സിലാകുന്നത് ആരോഗ്യരംഗത്തെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങൾ വിപുലീകരിക്കുകയും ചെയ്യാതെ ഈ മേഖലയിലും വേണ്ടത്ര വിഭവസമാഹരണം സാധ്യമല്ല എന്നാണ്.

മേൽപറഞ്ഞ മേഖലകളിലെല്ലാം ഫലപ്രദമായി ഗ്രാമപഞ്ചായത്തിന് ഇടപെടാവുന്ന അവസ്ഥ ഉണ്ടായാലേ ചെറിയ തോതിലെങ്കിലുമുള്ള ഗുണഫലം നേടിയെടുക്കാൻ കഴിയൂ.

പഞ്ചായത്തുകൾക്ക് അർഹതപ്പെട്ട പലഗ്രാന്റുകളും അതാത് സമയത്ത് അവ പിരിക്കുന്ന സമയത്ത് തന്നെ കൈമാറാനുള്ള സംവിധാനം ഇന്നില്ല. ഇതുമൂലം ഗവ: ഗ്രാന്റുകൾക്കായി ഭരണാധികാരികളെ സ്വാധീനിക്കേണ്ട സ്ഥിതിവിശേഷം നിലനില്ക്കുന്നു. ഈ ദുരവസ്ഥ അടിയന്തിരമായും മാറണം കാരണം സാമ്പത്തിക സഹായങ്ങൾക്ക് കാലതാമസം നേരിടുമ്പോൾ അവ ദുരുപയോഗം ചെയ്യപ്പെടാൻ ഇടയുണ്ട്. ഗവ:ഗ്രാന്റുകളുടെ വിതരണത്തിന് വ്യക്തമായ മാനദണ്ഡവും മാർഗ്ഗനിർദ്ദേശവും വേണം പഞ്ചായത്തിന്റെ മൊത്തം പിന്നോക്കാവസ്ഥ; ജനസംഖ്യ; പട്ടികജാതി ജനസംഖ്യ സ്ത്രീജനസംഖ്യ ഇത്യാദി മാനദണ്ഡങ്ങൾ സ്വീകരിച്ചാൽ ഗ്രാന്റുകളുടെ വിതരണം ഒരു പരിധിവരെയെങ്കിലും നീതിപൂർവ്വകമാക്കാം. ജനകീയാസൂത്രണസംവിധാനം പ്രാവർത്തികമാകുമ്പോൾ ഈയവസ്ഥമാറുമെന്നു പ്രതീക്ഷിക്കാം.

അന്യദേശങ്ങളിൽ വിശിഷ്യാഗൾഫുനാടുകളിൽ ജോലി ചെയ്യുന്ന അനേകം സഹോദരി-സഹോദരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരുടെ എണ്ണവും വരുമാനവും സംബന്ധിച്ച് കൃത്യമായ കണക്കുകൾ ശേഖരിക്കാൻ സമയക്കുറവ് മൂലം കഴിഞ്ഞിട്ടില്ല. എങ്കിലും ഇതിൽ 50% പേരെങ്കിലും ഒട്ടൊക്കെ ഉയർന്ന സാമ്പത്തിക നിലവാരം നോടുന്നതിൽ വിജയിച്ചിട്ടുണ്ട്. ഈ ധനം നിർമ്മാണ ഉല്പാദന മേഖലയിൽ നിക്ഷേപിപ്പിക്കുവാൻ ബോധപൂർവ്വമായ ശ്രമം അത്യാവശ്യമാണ്. ഈയാവശ്യത്തിനായി ഒരു വിവരശേഖരണത്തിന് പഞ്ചായത്തിന് മുൻകയ്യെടുക്കാം. എക്കാലത്തും ആശ്രയിക്കാവുന്ന ഒരു വിഭവമല്ല ഇതെങ്കിലും പഞ്ചായത്തിന്റെ വിഭവശേഖരത്തിൽ കുറെച്ചെല്ലാം ഈ മാർഗ്ഗത്തിലും പ്രതീക്ഷിക്കാം.

1995-96 ൽ പഞ്ചായത്തിന് ലഭിച്ചവരുമാനം സംബന്ധിച്ച് പട്ടിക I വിശദീകരിക്കുന്നു.

കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീ സായി കഴിഞ്ഞ വർഷം നമ്മുടെ പഞ്ചായത്തിൽ നിന്നും 11519 രൂപ 50 പൈസ പിരിഞ്ഞുകിട്ടുകയുണ്ടായി എന്നാൽ പഞ്ചായത്തിലെ മുഴുവൻ കടക്കാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ ഇതുവരെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്നത് യഥാർത്ഥ്യമാണ് ബാങ്കുകൾ വഴിയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ലൈൻസ് ഫീ നിർബന്ധമാകുമ്പോഴോ വൈദ്യുതി കണക്ഷൻ

പട്ടിക I

S.LNo.	ഇനം	1991-92	1995 -96	വ്യത്യാസം	ശതമാനം
I	തനത്‌വരുമാനം				
	കെട്ടിടനികുതി		156394		
	വിനോദനികുതി		94872		
	തൊഴിൽ നികുതി		72165		
II	ഉപാതിരഹിത നികുതി				
	SCP		328500		
III	JRY		417898		
IV	ഗ്രാൻറുകൾ, സംഭാവനകൾ		1710000		
V	ആകെ വരവ്				
VI	ചെലവ് എസ്റ്റാബ്ലിഷ്‌മെൻറ്				

പോലുള്ള ആവശ്യങ്ങൾക്ക് അപേക്ഷിക്കുമ്പോഴോ മാത്രമാണ് ഇപ്പോൾ ലൈസൻസ് ഫീസ് അടയ്ക്കുന്നത്.

ഇപ്പോൾ നിലവിലുള്ള നികുതികൾ യുക്തിസഹമല്ല എന്നത് പ്രധാന പോരായ്മയാണ്. നികുതി ദായകന് നികുതികൊടുക്കുന്നതിൻെറ പ്രാധാന്യവും ചുമതലാ ബോധവും സംബന്ധിച്ച് ജനങ്ങൾക്ക് ശരിയായബോധവൽക്കരണമുണ്ടാക്കണം എങ്കിലേ സ്വമേധയാനികുതി കൊടുക്കാനും അതുവഴി പഞ്ചായത്തിൻെറ ക്ഷേമ-വികസന കാര്യങ്ങളിൽ നികുതി ദായകന് പങ്കാളിയാകാനും കഴിയു. നിലവിലുള്ളനികുതികൾ യുക്തിസഹമായിരുന്നില്ല ഇപ്പോൾ ആ പോരായ്മ നികത്തിവരുകയാണ്.

നികുതി നിർണ്ണയത്തിന്നും പിരിച്ചെടുക്കുന്ന കാര്യത്തിലും Stadnding committee കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. നികുതിഘടന ഇന്ന് ശാസ്ത്രീയമല്ല അതു മൂലം പലരും നികുതി നല്കാതെ കഴിയാനാണ് ശ്രമിക്കുന്നത്. അതിനാൽ നികുതി കൊടുക്കാൻ പൗരധർമ്മമാണെന്നതോന്നൽ ഉണ്ടാക്കണം. ഓരോരുത്തരുടേയും വരുമാനമനുസരിച്ച് നല്കാൻ സംവിധാനം വേണം. അതുപോലെ പിരിച്ചെടുക്കുന്ന നികുതി പഞ്ചായത്തിൻെറ മൊത്തത്തിലുള്ള വികസനത്തിനായി ചിലവഴിക്കുന്നു എന്ന ബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ നമുക്ക് കഴിയണം സമ്പന്നരും അധികവരുമാനമുള്ളവരിൽനിന്നും കൂടുതൽ നികുതിപിരിയ്ക്കാൻ തക്കവണ്ണം നികുതി ഘടനയിൽ പരിഷ്ക്കരണം ആവശ്യമാണ്. നികുതി പിരിവിൽ നിന്നും ലഭിക്കുന്ന സംഖ്യ സംബന്ധിച്ച് കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും അത് ജനങ്ങളിൽ എത്തിക്കാനും പഞ്ചായത്ത് മുൻകൈ എടുക്കണം.

കെട്ടിടനികുതി

നമ്മുടെ പഞ്ചായത്തിൽ 11 വാർഡുകളിലായി ആകെ 6046 കെട്ടിടങ്ങൾ ഉള്ളതായി പഞ്ചായത്ത് ഓഫീസ് രേഖകൾവ്യക്തമാക്കുന്നു. ഇവയിൽ നിന്നു് ആകെ 156394 രൂപയാണ് കഴിഞ്ഞ ആണ്ടിൽ പിരിച്ചെടുത്തത്. കെട്ടിടനികുതിപ്പിരിവിന് വ്യക്തമയ മാനദണ്ഡങ്ങൾ ഇന്നുണ്ടെങ്കിലും ഇത് തികച്ചും ശാസ്ത്രീയമാണെന്ന് പറയാൻ സാധ്യമല്ല. കെട്ടിടത്തിൻെറ തറവിസ്തീണ്ണം നോക്കുന്ന തോടൊപ്പം, വിലപിടിപ്പുള്ള വീടിൻെറ മൊത്തം ആഡംബരത്തവും കണക്കാക്കിനികുതി നിശ്ചയിക്കുന്നത് പഞ്ചായത്തിൻെറ വരുമാനം വർദ്ധിക്കാൻ ഇടയാക്കും. വീടുകളുടെ നികുതി ചുമത്തലിന് വൈദ്യുതി ഉപയോഗം പോലെ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തിയത് ശ്ലാഘനീയമാണ് ഏത് രൂപത്തിൽ നികുതി ചുമത്തിയാലും അതിൻെറ രൂപം വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ജനപ്രതിനിധികൾ അടങ്ങിയ Standing committee ഇത്തരം നികുതികൾ ചുമത്തുമ്പോൾ

വ്യക്തിപരമായ പാളിച്ചകളും അഴിമതിയും ഉണ്ടാകാൻ പാടില്ല. ആയാസകരമാക്കാനും ശരിയായബോധവൽക്കരണത്തിന്നും ഇന്ന് നിലവിലുള്ള അയൽകൂട്ടസമിതികളുടെ സേവനം പ്രയോജനപ്പെടുത്താം.

തൊഴിൽ നികുതി

നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകൾ, ഗവ ഓഫീസുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് പൂർണ്ണമായും സ്വകാര്യകമ്പനികൾ; വ്യവസായ സംരംഭങ്ങൾ എന്നിവയിൽനിന്ന് ഭാഗികമായും മാത്രമെ തൊഴിൽ നികുതി ഇപ്പോൾ കൃത്യമായി പിരിച്ചെടുക്കുന്നുള്ളു. പല സ്വകാര്യസ്ഥാപനങ്ങളും അവയിലെ യഥാർത്ഥത്തിലുള്ള ജീവനക്കാരുടെ സ്ഥിതിവിവരകണക്ക് നല്കാൻ മടികാണിക്കുന്നതായി ഓരോ സ്ഥാപനങ്ങളും നേരിൽ സന്ദർശിച്ചപ്പോൾ മനസ്സിലായി. അതിനാൽ ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരെ മുഴുവൻ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ എല്ലാ തൊഴിലാളികൾക്കും പ്രയോജനപ്രഥമായ ഒരു ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി ആവിഷ്ക്കരിക്കുകയാണെങ്കിൽ എല്ലാത്തൊഴിലാളികളേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാം. ഇതേ സംവിധാനം കഴിയുമെങ്കിൽ കച്ചവടക്കാർക്കും, നിർമ്മാണത്തൊഴിലാളികൾക്കും ആവിഷ്ക്കരിക്കാവുന്നതേഉള്ളു.

വിനോദനികുതി

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഒരേ ഒരു സിനിമാടാക്കീസ് പെരിയമ്പലത്തെ അമ്പാടിയാണ്. ഇതിൽ നിന്നും കഴിഞ്ഞ വർഷം 57463.56 രൂപ വിനോദനികുതിയിനത്തിലും. 34694.19 അഡീഷണൽ വിനോദനികുതിയിനത്തിലും 2172 രൂപ പ്രദർശന നികുതിയായും ലഭിക്കുകയുണ്ടായി. പള്ളിക്കൽ, ചേലേമ്പ്ര, പുളിക്കൽ-ചെറുകാവിലെ പകുതിയിൽഅധികം വാർഡുകൾ എന്നിവയിലെ ജനങ്ങൾ ബന്ധപ്പെടുന്ന പ്രധാനകേന്ദ്രം എന്നനിലയിൽ ഐക്കരപ്പടിയിൽ ഒരു സിനിമാടാക്കീസ്സിനോ, തിയ്യേറ്ററിനോ ഉള്ളസാധ്യതകൂടുതലാണ്. അതിനാൽ ഐക്കരപ്പടിയിൽ സിനിമാതിയ്യേറ്റർ സ്ഥാപിക്കാൻ താല്പര്യമുള്ള സംരംഭകരെ കണ്ടെത്തി പ്രോത്സാഹനം നല്കേണ്ടതാണ്.

ഐക്കരപ്പടിയിലെ മിനിസ്റ്റേഡിയം സ്ഥിരം ഗാലറി കെട്ടിഉയർത്തിസംരക്ഷിക്കുകയാണെങ്കിൽ ടിക്കറ്റ് വെച്ച് ഫുട്ബാൾ പോലുള്ള മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതും നികുതി ചുമത്താവുന്നതുമാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിൽ ഇന്ന് ധാരാളം ചെങ്കൽപാറ (വെട്ടുകല്ല്)യും കരിങ്കൽപാറയും ചെമ്മണ്ണും ഖനനം ചെയ്യുന്നുണ്ട്. ഇതിനു് ജിയോളജിവിഭാഗത്തിന്റെ ചില നിയന്ത്രണങ്ങൾ ഉണ്ട്. എന്നാൽ പഞ്ചായത്തിനു് യാതൊരുവിധ നിയന്ത്രണമോ അധികാരമോ ഈ മേഖലയിലില്ല. അതിനാൽ ഇത്തരം ഖനന പ്രവർത്തനങ്ങൾക്ക് ചെറിയ രൂപത്തിലുള്ള ഒരു നികുതി പഞ്ചായത്ത് ഏർപ്പെടുത്തിയാൽ നല്ലൊരു വരുമാന മാർഗ്ഗമാകും എന്നതിന് സംശയമില്ല.

പഞ്ചായത്തിന്റെ വ്യാവസായിക കേന്ദ്രമായ ഐക്കരപ്പടിയിൽ. ബഹുനില ഓഫീസ് കം ഷോപ്പിംങ്ങ് സെൻററും കംഫർട്ട്സ്റ്റേഷനും ആരംഭിക്കുകയാണെങ്കിൽ നല്ലൊരുവരുമാനം പഞ്ചായത്തിന് ലഭിക്കും.

പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയത്തിന് വളരെയധികം സാധ്യതയുണ്ട്. രാഷ്ട്രീയപ്പാർട്ടികൾ സന്നദ്ധസംഘടനകൾ; വിവാഹപ്പാർട്ടികൾ തുടങ്ങിയവർക്ക് പ്രയോജനപ്പെട്ടുത്താവുന്ന ഈ സ്ഥാപനം മറ്റൊരു നല്ല വരുമാന മാർഗ്ഗമാകും ഇതിന്ന് ഏറ്റവും സാധ്യതയുള്ള സെൻറർ ഐക്കരപ്പടിയാണ്. പഞ്ചായത്തിൽ ഒന്നു രണ്ടുകേന്ദ്രങ്ങളിലെങ്കിലും സൗകര്യങ്ങളോടുകൂടിയ പൊതുമാർക്കറ്റ് സ്ഥാപിക്കാവുന്നതാണ്. മത്സ്യം മാംസം എന്നിവവിൽക്കാനുള്ള സൗകര്യങ്ങൾക്ക് പ്രത്യേകം ലീസ് ഏർപ്പെടുത്തിയാൽ പഞ്ചായത്തിനു് ഒരു സ്ഥിരവരുമാനമാകും. കച്ചവടക്കാർക്ക് തൊഴിൽകരം ഏർപ്പെടുത്തുക.

ആഴ്ചയിലൊരിക്കൽ പഞ്ചായത്തിലെ ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ ആഴ്ചചന്ത ഏർപ്പെടുത്താൻ തീരുമാനിക്കുകയാണെങ്കിൽ ഉല്പാദകരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നു് മുക്തമാക്കുകയും ഒപ്പം പഞ്ചായത്തിനു് കുറഞ്ഞ വരുമാനവും ലഭിക്കും.- ഐക്കരപ്പടിയിൽ ഒരു ടാക്സിസ്റ്റാൻറ് സ്ഥാപിക്കുന്നതും ചെറിയ തോതിൽ പാർക്കിങ്ങ് ഫീ വാങ്ങുന്നതും ഉചിതമായിരിക്കും.

പണസംബന്ധമായ സ്ഥാപനങ്ങൾ (ബാങ്കുകൾ)

പഞ്ചായത്തിൽ ഒരു സർവ്വീസിസഹകരണ ബേങ്കും (കണ്ണംവെട്ടിക്കാവ്) മലപ്പുറം ജില്ലാസർവ്വീസ് സഹകരണ ബാങ്ക് (ഐക്കരപ്പടി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ - കാർഷികവികസന ശാഖ (ഐക്കരപ്പടി) സൗത്ത് മലബാർ ഗ്രാമീണബാങ്ക് (പെരിയമ്പലം) മഞ്ചേരികോ-ഒപ്പറേറ്റീവ് അർബൺബേങ്ക് ശാഖ. എന്നിങ്ങനെ മൊത്തം 5 ബാങ്കിംങ്ങ്സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിൽ ഒരൊറ്റ വാർഡിലുംസ്വകാര്യ ഫൈനാൻസിംഗ് സ്ഥാപനങ്ങളില്ല. എന്നാൽ ഒട്ടുമിക്കപ്രദേശങ്ങളിലും വ്യക്തികളെ കേന്ദ്രീകരിച്ച് 'ബ്ലേഡ്കമ്പനി' കൾ നിലവിലുണ്ടെന്നാണ് അറിയുന്നത്. പുറം സംസ്ഥാനങ്ങളിലെ മുഖ്യമായും തമിഴ്നാട്ടി

ചെലവ് സംബന്ധിച്ച പൊതുവിവരങ്ങൾ പട്ടിക 2ൽ കാണിക്കുന്നു.

ഇനം 1	തുക 2	ശതമാനം 3
ഭരണം	478632.10	0.48
പൊതുമരാമത്ത്	390121	0.39
വിദ്യാഭ്യാസം	14650	0.01
ജലവിതരണം-ഓട-പൊതുജനാരോഗ്യം	5846	0.005
തെരുവുവിളക്ക് കത്തിക്കുന്നത്	39084	0.03
മറ്റുള്ളവ	46266	0.04
ആകെ	983758.10	-

പഞ്ചായത്തിന്റെ പൊതുസാമ്പത്തികശില പട്ടിക 3ൽ കൊടുക്കുന്നു.

1	പൊതുകണക്ക് 2	മൂലധനകണക്ക് 3	കടംസംബന്ധിച്ച കണക്ക് 4
വരവ്	1299845.50	2274700	23000
ചെലവ്	1105817.10	2058900	18330

പൊതുമാരാമത്ത് പണി സംബന്ധിച്ച് ചിലവഴിച്ച പണത്തിന്റെ കണക്ക് പട്ടിക4ൽ

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാൻറ് തുക	പഞ്ചായത്ത് ഫണ്ട്	ആകെ
റോഡ്	374974.60	356325	18649.60	374974.60
തോട്		-	-	-
കെട്ടിടം	-	-	-	
നടപ്പാലം	-	4403.40	4403.40	
മറ്റുള്ളവ	-	15093	15093	
ആകെ		356325	38146.00	394471.00

ലെ ധാരാളംസ്വകാര്യ വ്യക്തികൾ നമ്മുടെ ഗ്രാമീണവീടുകളെ ആശ്രയിച്ച് ബാങ്കിംഗ് (ബ്ലേഡ്കമ്പനി) സംവിധാനം വിപുലമാക്കിയിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

പഞ്ചായത്തിലെ മൂന്ന് പോസ്റ്റാഫീസുകളെ കേന്ദ്രീകരിച്ച് 15 ഓളം മഹിളാപ്രധാൻ ഏജൻറുമാർ ജനങ്ങളിൽ നിന്നും റിക്കാറിംങ് ഡെപ്പോസിറ്റുകൾ സ്വീകരിച്ച് ജീവിതമാർഗ്ഗം കണ്ടെത്തുകയും ജനങ്ങളിൽ നിക്ഷേപപ്രവണത വളർത്തുകയും ചെയ്യുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച അഞ്ചു ബാങ്കുകളുടേയും നിക്ഷേപതുകയും വായ്പതുകയും താരതമ്യം ചെയ്യുമ്പോൾ വായ്പാകാര്യങ്ങളിൽ വളരെയധികം അന്തരം കാണാം. പഞ്ചായത്ത് കേന്ദ്രമായിപ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ നിക്ഷേപങ്ങളുടെ ഏതാണ്ട് 80% വും വായ്പയായി ഇതേ പഞ്ചായത്തിനുതന്നെ നല്കിയാലേ യഥാർത്ഥ വികസനം സാധ്യമാക്കാനാകൂ. എന്നാൽ ഇപ്പോഴുള്ള അവസ്ഥ ആതരത്തിലല്ല.

പൊതുവ്യയം

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിൻെറ പൊതുചെലവുകൾ പരിശോധിച്ചാൽ ബോധ്യമാകുന്ന ഒരു പ്രധാന കാര്യം ചെലവുകളുടെ ഭൂരിഭാഗവും ഉല്പാദനപരമായരൂപത്തിലല്ല വിനിയോഗിക്കുന്നത് എന്നാണ്. മൊത്തം 5,2,4898 രൂപ ഭരണം മറ്റുചിലവുകൾ ഈ ഇനത്തിലാകുമ്പോൾ 449701 രൂപമാത്രമാണ് വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നത്.

മൺറോഡ് റിപ്പയറിംങ്ങിന് നല്കുന്ന പണം യഥാർത്ഥത്തിൽ നഷ്ടമാണെന്ന് അനുഭവം തെളിയിക്കുന്നു. മഴക്കാലത്തിന് തൊട്ടുമുമ്പ് കുഴികൾ മണ്ണിട്ട് നികത്തുന്നത് മഴപെയ്യുന്നതോടെ അടുത്ത വയലുകളിലോ പറമ്പുകളിലോ മണ്ണ് ചെന്നെത്തുന്നു. റോഡുകൾക്ക് വെള്ളം ഒഴുകിപ്പോകാൻ ഓടകൾ ഇല്ലാത്തതാണ് കാരണം.

പഞ്ചായത്തിന് ഇനിയും വിഭവം സമാഹരിക്കാവുന്ന പദ്ധതിയാണ് നാഷണൽ സേവിംങ്ങ് സ്കീം. മഹിളാപ്രധാൻ ഏജൻറ്മാർ ചേർക്കുന്ന പൊതുജനങ്ങളിൽ നിന്നുള്ള RD.

പഞ്ചായത്തിലെ ഉദ്യോഗസ്ഥരും, അദ്ധ്യാപകരും, കുട്ടികളും CBNP അയൽകൂട്ടങ്ങളും ബോധപൂർവ്വം ശ്രമിച്ചാൽ വലിയ ഒരു തുക ഇന്ദിരാവികാസ് പത്രയിൽ നിക്ഷേപിക്കാനാകും. ഇതിൻെറ 15 മുതൽ 25 ശതമാനംവരെ അതാത് പഞ്ചായത്തുകളുടെ വികസനത്തിന് ഉപയോഗിക്കാവുന്ന ഉപാധി നിലവിലുണ്ട്.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലും വളരെയധികം മനുഷ്യാദ്ധ്വാനം ലഭിക്കാൻ ഇടയുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

കക്ഷിരാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അതീതമായി സ്വന്തം അദ്ധ്വാനശേഷിയെ ഗ്രാമവികസനത്തിന് അർപ്പിക്കാൻ തയ്യാറായ വിഭാഗത്തെ അഭിനന്ദിക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും വേണം.

പ്രധാനമൺറോഡുകളുടെ വശങ്ങളിൽ ഓടകൾ നിർമ്മിക്കാനും സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ കക്കൂസ്സുകൾ നിർമ്മിക്കാനും ദേശീയപുനരർപ്പണദിനപ്രവർത്തനങ്ങളിലൂടെ പുതിയ റോഡുകളും ഫുട്പാത്തുകളും റോഡുകളും നിർമ്മിയ്ക്കാനും അനായാസം കഴിയും-കഴിയണം

പ്രൈമറിസ്ക്കൂളുകളിലെ നിരക്ഷരതമാറ്റാനും, സ്ക്കൂൾ പഠനനിലവാരംമെച്ചപ്പെടുത്താനും SSLC യ്ക്ക് മേൽ വിദ്യാഭ്യാസ മുള്ളവരും അയൽകൂട്ടസമിതികളും ആത്മാർത്ഥതയോടെ തീരുമാനിച്ചാൽ നിഷ്പ്രയാസം സാധിക്കും. ധാരാളം മതസംഘടനകൾക്കും വർഗ്ഗബഹുജന-സന്നദ്ധസംഘടനകൾക്കും വേരോട്ടമുള്ള മണ്ണാണു് നമ്മുടേത്. നമ്മുടെ പഞ്ചായത്തിൽ ഇവർക്കിടയിൽ ചെറിയ ഒരു ബോധവൽക്കരണവും, മാർഗ്ഗനിർദ്ദേശവും നല്കാനായാൽ ഏവരെയും അമ്പരപ്പിക്കുന്ന പുരോഗതി നമുക്ക് നേടാനാകും. ഇതിനെല്ലാം പുറമെ ഗ്രാമസഭാറിപ്പോർട്ടുകൾ വിശദമായിപരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് മിനിവാട്ടർ സ്കിം നടപ്പാക്കാൻ സ്ഥലം വാങ്ങാനും, അംഗൻവാടി, കിണർ, ആശുപത്രി എന്നിവയ്ക്ക് സൗജന്യമായി സ്ഥലം തരാനും, ഏതാനും ചില പദ്ധതികളുടെ നിർമ്മാണത്തിൻെറ പകുതി ചെലവുകൾ വരെ വഹിക്കാനും ജനങ്ങൾ സന്നദ്ധരാണ്. ഈ ആവേശം നിലനിർത്തി അതിനെ പ്രവർത്തിപഥത്തിലെത്തിച്ചാൽ റോഡുകൾ വെട്ടി സംരക്ഷിക്കാനും, പരിസരമലിനീകരണം തടയാനും ആരോഗ്യവിദ്യാഭ്യാസ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താനും അടുത്ത 5 വർഷത്തിനിടയിൽ നമുക്ക് കഴിയും എന്നതിന് വിശദീകരണം ആവ

ശ്യമില്ലല്ലോ.

കച്ചവടക്കാർക്ക് തൊഴിൽകരം-

ഫിലിം സൊസൈറ്റികൾ രൂപീകരിച്ച് ബെനി ഫിറ്റ്ഷോസിനിമാശാലകളിലെ യഥാർത്ഥവരുമാനം ഉറപ്പുവരുത്തുക.

സൈക്കിളുകൾക്ക് നികുതി-

കെട്ടിടനികുതി ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക.

കച്ചവടക്കാരുടെ ലൈസൻസുകൂലി യാഥാർത്ഥ്യമാക്കുക.

ബേക്കറികൾക്ക് നികുതിചുമത്തുക വ്യവസായസ്ഥാപനങ്ങളുടെ നികുതി പുനഃസംഘടിപ്പിക്കുക.

പഞ്ചായത്തിലെ മൊത്തം സമൂഹത്തിന് ഗുണപ്രദമാകുമാറ് കമ്മ്യൂണിറ്റിഹാൾ നിർബ്ബന്ധമായും സ്ഥാപിക്കണം.

ചെറുകാവ് ഗ്രാമപഞ്ചായത്തിൽ 1996-97 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രധാന പരിപാടികൾ


	അൺടൈഡ് ഫണ്ട്	
1	തൊട്ടിയാൻപാറ - ഓട്ടുപാറ റോഡുനിർമ്മാണം	100000.00
2	കൊളക്കാട്ടിൽ താഴം ഫുട്ട്പാത്ത്നിർമ്മാണം	35000.00
3	പറവൂർ കണ്ണംവെട്ടിക്കാവ് റോഡ് ഇംപ്രൂവ്മെൻറ്സ്	100000.00
4	പുത്തൂപ്പാടം-കോഴിക്കോട്കുന്ന് റോഡ് നിർമ്മാണം 3-ാംഘട്ടം	35000.00
5	കളത്തിൽപടി ഫുട്പാത്ത്നിർമ്മാണം	35000.00
6	ഐക്കരപ്പടി പരപ്പ്തോട് ഫുട്പാത്ത്നിർമ്മാണം	15000.00
7	കൈതക്കുണ്ട മില്ലുംവടി മൈലംകുത്ത് ഫുട്പാത്ത് നിർമ്മാണം	25000.00
8	പട്ടലകത്ത്പടി മിനി ഇൻറർസ്ട്രിയൽ റോഡ്നിർമ്മാണം	15000.00
9	പഞ്ചായത്താഫീസ് കെട്ടിടം അറ്റകുറ്റപണി നടത്തൽ	50000.00
10	സിയാംകണ്ടം-അറപ്പോൽപ്പടിറോഡ് ഇംപ്രൂവ്മെൻറ്സ്	217000.00
11.	പറവൂർ-പറവൂർ നവോദയ ഹരിജൻകോളനിറോഡ് ഇംപ്രൂവ്മെൻറ്	70000.00
12	വൈദ്യരങ്ങാടി-ദാനഗ്രാം റോഡ് ടാറിംങ്ങ് വർക്ക്	282169.00
13	പെരിയമ്പലം-പറവൂർ റോഡ് റിപ്പയർ	31500.00
14	ചെറാപ്പാടം ഹരിജൻ കോളനിയിലേക്ക് ഫുട്പാത്ത് നിർമ്മാണം	50000.00
15	എടമ്പാട്ടിൽ പുത്തൂപ്പാടം ഹരിജൻകോളനി ഫുട്പാത്ത് നിർമ്മാണം	45000.00
16	മുളിയോളിൽ ഹരിജൻ കോളനി റോഡ് നിർമ്മാണം	30000.00
17	ആക്കത്തൊടികപടി ഹരിജൻ കോളനി മൂന്നിയൂർകുന്ന് റോഡ് നിർമ്മാണം	50000.00
18	ദുർബല വിഭാഗത്തിൽപെട്ടവർക്ക് കക്കൂസ് നിർമ്മിച്ച് നല്കൽ (94 എണ്ണം)	235000.00
19	ദുർബല വിഭാഗത്തിന് JRY പദ്ധതി പ്രകാരം (47 എണ്ണം)	94000.00
20	കുഴിക്കോട്ടുമൂല ഹരിജൻ കോളനി റോഡ് നിർമ്മാണം	106000.00
21	കൈതക്കുണ്ട് പൂച്ചാൽ റോഡ് ഇംപ്രൂവ്മെൻറ്	62000.00
22	താഴെത്തൊടി ഫുട്പാത്ത് നിർമ്മാണം	31000.00
23	പുളിക്കൽ-കൊടികുത്തിപ്പറമ്പ് റോഡ് ഇംപ്രൂവ്മെൻറ്സ്	31000.00
24	കുളങ്ങരപുറായ് ഫുട്പാത്ത് നിർമ്മാണം	31000.00
25	SC/ST വീടുനിർമ്മാണം 15 എണ്ണം x 15800 =	237000.00
26	കക്കൂസ് നിർമ്മാണം 13 എണ്ണം x 2000	26000.00

വികസന രേഖ തയ്യാറാക്കിയവർ


സർവ്വശ്രീ

സി.പി.കെ. മാസ്റ്റർ
മുഹമ്മദലി പത്തായക്കണ്ടി
ചെറിയക്കൻ ടി.എൻ.
വിനയൻ മാസ്റ്റർ
നാണികുട്ടി ടീച്ചർ
ഉണ്ണിമാസ്റ്റർ
ഹംസക്കോയ കെ.
കുഞ്ഞാലൻകുട്ടി. പി.വി.
ടി.പി. വേലായുധൻകുട്ടി
കെ. വാസു
സി. രവീന്ദ്രൻ
നാരായണൻ നമ്പീശൻ
അലവിക്കുട്ടി മാസ്റ്റർ
പുളിക്കൽ യൂസഫ്
പി.വി. മൂസ്സ
പി. നീലാണ്ഠൻ
കെ. അപ്പുട്ടി
കെ. വിജയകുമാർ
ഇ.കെ. പരമേശ്വരൻനായർ
അബൂബക്കർ നിരൂട്ടിക്കൽ
സി.എൻ. പുരുഷോത്തമൻ
എൻ. ബാലകൃഷ്ണൻമാസ്റ്റർ
പി.കെ. ശിവരാമൻനായർ
പ്രശാന്ത്
പി.വി.എ. ജലീൽ
കെ.കെ. മുഹമ്മദ്


സെക്രട്ടറിയും ജില്ലാതല പരിശീലകരും




ടി.എം. ചെറിയക്കൻ
സെക്രട്ടറിചെറുകാവ് ഗ്രാമപഞ്ചായത്ത്




മുഹമ്മദലി പത്തായക്കണ്ടി
കൺവീനർ



വിനയൻമാസ്റ്റർ
വെണ്ണായൂർ




കെ.പി. ഉണ്ണിമാസ്റ്റർ
ചെറാപാടം




കെ. ഹംസകോയ
പുത്തൂപ്പാടം



പി.വി. കുഞ്ഞാലൻകുട്ടി
പെരിങ്ങാവ്



പി.എൻ. അലവിക്കുട്ടിമാസ്റ്റർ



നാരായണൻ നമ്പീശൻ

ഉപസംഹാരം

രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിരകാലസ്വപ്നം പൂവണിയുകയാണ്. ഭരണഘടനയുടെ 73ഉം 74ഉം വകുപ്പ് ഭേദഗതിയിലൂടെ രൂപകൽപന ചെയ്ത് പിറവിയെടുത്ത ഗ്രാമസ്വരാജ് ചൂടാറുന്നതിനുമുമ്പ് കേരളം നടപ്പിലാക്കികൊണ്ടിരിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണവും, ജനകോടികളുടെ ആശയാഭിലാഷവുമായ സുമോഹന സ്വപ്നസാക്ഷാത്കാരം - അധികാരവികേന്ദ്രീകരണം.

അധികാരത്തിന്റെ ചെങ്കോൽ ജനഹസ്തങ്ങളിൽ ആസൂത്ര പ്രക്രിയ താഴെ തട്ടിൽനിന്നും മുകളിലോട്ട് അതിലൂടെ രൂപപ്പെടുന്ന നൂതന വികസന സംസ്കാരത്തിന്റെ നാളം മേലോട്ടുയരുകയാണ്. മഹത്തും വ്യാഹത്തുമായ ഈ വികസന സാക്ഷാത്കാരം കൊതിച്ച് ആ ശ്രേഷ്ഠ യജ്ഞയാഗാഗ്നിക്ക് തിരി കൊളുത്തിയത് ഇടംപ്രഥമായി കേരളീയർതന്നെ.

ഉദ്ദേശശുദ്ധിയുടെ ആദർശനിഷ്ഠയുടെ നീതിധർമ്മ പാന്ഥാവിൽ ജാതിമത വർഗ്ഗ രാഷ്ട്രീയ ചിന്തകൾ ക്ഷന്തീതായി-പങ്കായം പിടിക്കുന്ന ഭരണകൂടത്തോട് കായില്ലാതെ മറയില്ലാതെ സകലമാന ജനങ്ങളും ഒന്നിച്ചു ലയിച്ചു ചേർന്നിരിക്കുന്നു.

സ്വാതന്ത്ര്യം കിട്ടി ചലിക്കാനും ശബ്ദിക്കാനും തുടങ്ങിയിട്ട് കാലേറെയായെങ്കിലും പ്രാഥമിക ആവശ്യം നിറവേറ്റാൻ കഴിയാതെ യാതനയും വേതനയുമായി കഴിയുന്ന പതിത സമൂഹങ്ങളെ ഉദ്ധരിക്കാൻ വികസനോന്മുഖമാക്കി സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളെ ഐശ്വര്യവത്താക്കാൻ നാമൊന്ന്, നാടൊന്ന്, നാളെക്കിതേയൊന്ന് എന്ന മഹത്തായ ആശയം കരുപ്പിടിപ്പിക്കാൻ ചെറുകാവ് ഗ്രാമപഞ്ചായത്ത് ഒരുങ്ങി കഴിഞ്ഞു. ഇതിലേക്കുള്ള ആത്മാർപ്പണത്തിൽ തിളക്കമാർന്ന കണ്ണികളാവാൻ നമുക്ക് യത്നിക്കാം.

സന്തത സമ്മോഹന സായൂജ്യ സുന്ദരമായ മോഹന വസന്താഗമനം പോലെ നിലാവെളിച്ചവും കനിവും തളിരും ശാന്തിസമാധാനവും വിരിയുന്നതാവട്ടെ വരാനിരിക്കുന്ന നാളുകൾ.

വീരചരിത മുൾക്കൊള്ളുന്ന ധീരരാലും ചരിത്രസ്മൃതിയുൾക്കൊള്ളുന്ന മഹാത്മാക്കളെ കൊണ്ടും മകുടം ചാർത്തുന്ന മലപ്പുറത്തിന്റെ മാനസപുത്രിയായി ക്ഷേമൈശ്വര്യത്തോടെ വളരട്ടെ ചെറുകാവ് ഗ്രാമപഞ്ചായത്ത്.


ത്രിതല പഞ്ചായത്തെന്ന സുവർണ്ണരഥം ജനകീയാസൂത്രണ വികസന സരണിയിലൂടെ പദാനുപദം മുന്നേറുകയാണ്. ഇതിന് പങ്കായം പിടിക്കുന്ന ഭരണകൂടത്തോടും ആത്മാർത്ഥമായി സഹകരിച്ചവരെല്ലാവരോടും ഇത്തരുണത്തിൽ സ്മരിക്കുന്നതോടൊപ്പം ശ്രമകരമായ റിപ്പോർട്ട് നിർമ്മാണത്തിന്റെ പിന്നണിയിലെ പ്രേരണയും പ്രചോദനവും സഹകരണവും സഹായവും നൽകിയ ഡി.ആർ.പി.മാർ, എൽ.ആർ.പി.മാർ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ, വിദഗ്ധന്മാർ, കാരണവന്മാർ, സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ സംഘടനകൾ, പഞ്ചായത്ത് ജീവനക്കാർ, സി.ഡി.എൽ.പി. പ്രവർത്തകർ എന്നിവരെ മുക്തകണ്ഠം പ്രശംസിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

സി.പി.കെ. മാസ്റ്റർ

കവർ: സത്യൻ ചോലപ്പുറം, ലിപിവിന്യാസം ഔവ്വർ ഡി.ടി.പി. കോഴിക്കോട് -2

പ്രിൻറിങ്ങ് ഗീതാഞ്ജലി ഓഫ്സെറ്റ് പ്രിൻറേഴ്സ്, ഫറോക്ക്

കേരളം - ജില്ലകൾ



ആസൂത്രണം ഗ്രാമതലത്തിൽ

അഴിമതിരഹിത വികസനപ്രക്രിയ

9-ാം പദ്ധതി ജനകീയപദ്ധതി





Printed at Geethanjali Offset Printers, Feroke